# KERALA CATHOLIC BIBLE SOCIETY

PASTORAL ORIENTATION CENTRE, P.B. NO.2251,
Palarivattom, Cochin, Kerala, India, - 682 025. Ph/Fax: 0484 - 2805897
E-mail: secretary@keralabiblesociety.com    www:keralabiblesociety.com


## കേരള കാത്തലിക് ബൈബിൾ സൊസൈറ്റിയുടെ 17 – ാം വാർഷിക പൊതുയോഗം 2009 ജൂലൈ 11 ശനിയാഴ്ച 2 p.m

### ക്ഷണക്കത്ത്

പ്രിയ അംഗങ്ങളെ,

കേരള കാത്തലിക് ബൈബിൾ സൊസൈറ്റിയുടെ 17 –ാമത് വാർഷിക പൊതുയോഗം 2009 ജൂലൈ 11 –ാം തിയതി ശനിയാഴ്ച ഉച്ചകഴിഞ്ഞ് 2 മണിക്ക് പി.ഒ.സി. യിൽവച്ച് നടത്തുന്നതാണ്. സൊസൈറ്റി ചെയർമാനായ അഭിവന്ദ്യ ബിഷപ്പ് മാർ ജോർജ്ജ് പുന്നക്കോട്ടിൽ പിതാവിന്റെ അധ്യക്ഷതയിൽ ചേരുന്ന പൊതുയോഗം, ബിഷപ്പ് റൈറ്റ്.റവ.ഡോ. ജോസഫ് കരിയിൽ ഉദ്ഘാടനം ചെയ്യുന്നതാണ്. പ്രോഗ്രാം താഴെക്കൊടുത്തിരിക്കുന്നു. താങ്കളെ ഈ യോഗത്തിലേക്ക് ഹൃദയപൂർവ്വം ക്ഷണിക്കുന്നു.

### കാര്യ പരിപാടി

1. പ്രാർത്ഥന
2. സ്വാഗതം – ശ്രീ. ജോൺസൺ കാഞ്ഞിരത്തിങ്കൽ
   വൈസ് ചെയർമാൻ കെ.സി.ബി.എസ്.
3. അനുസ്മരണാ ശുശ്രൂഷ
4. അദ്ധ്യക്ഷ പ്രസംഗം – **ബിഷപ്പ് മാർ ജോർജ്ജ് പുന്നക്കോട്ടിൽ,**
   ചെയർമാൻ കെ.സി.ബി.എസ്.
5. ഉദ്ഘാടന പ്രസംഗം – **ബിഷപ്പ് റൈറ്റ്.റവ.ഡോ. ജോസഫ് കരിയിൽ**
   കൊച്ചി രൂപത
6. പൊതുയോഗ റിപ്പോർട്ട്, വാർഷിക റിപ്പോർട്ട്
7. വാർഷിക കണക്കുകൾ
8. ചർച്ച
9. ഓഡിറ്ററുടെ നിയമനം
10. നന്ദി. – ശ്രീ. സാബു ജോസ്
    ജോ. സെക്രട്ടറി. കെ.സി.ബി.എസ്.
11. വചനഗാനം

ജൂലൈ 11 –ാം തിയതി കാണാമെന്ന പ്രതീക്ഷയോടെ

**ശ്രീ. ജോൺസൺ കാഞ്ഞിരത്തുങ്കൽ**
വൈസ് ചെയർമാൻ

**റവ. ഡോ. സൈറസ് വേലംപറമ്പിൽ**
സെക്രട്ടറി

**സി. ടീന CTC**
ട്രഷറർ

**ശ്രീ. സാബു ജോസ്**
ജോ. സെക്രട്ടറി

*'ക്രിസ്തുവിന്റെ വചനം നിങ്ങളിൽ സമൃദ്ധമായി വസിക്കട്ടെ' (കൊളോ 3:16)*



# ബൈബിൾ ഞായർ 2009

## കെ.സി.ബി.സി ബൈബിൾ കമ്മീഷൻ ചെയർമാൻ പുറപ്പെടുവിച്ച സർക്കുലർ

കർത്താവായ യേശുവിൽ പ്രിയപ്പെട്ടവരേ,

ഈ വർഷത്തെ ബൈബിൾ ഞായർ ജൂൺ 21 -ാം തീയതി നാം ആഘോഷിക്കുകയാണ്. അതിന് ഒരുക്കമായി ജൂൺ 15 മുതൽ 20 വരെ തിയതികളിൽ ബൈബിൾ വാരമായും ആചരിക്കുന്നു.

ഈ വർഷത്തെ ബൈബിൾ ഞായറിന്റെയും ബൈബിൾ വാരത്തിന്റെയും മുഖ്യവിഷയമായി സ്വീകരിച്ചിരിക്കുന്നത് 'പുരോഹിതർ ദൈവവചന വ്യാഖ്യാനശുശ്രൂഷയ്ക്ക്' എന്നതാണ്. ജ്ഞാനസ്നാനംവഴി ക്രൈസ്തവനും തിരുപ്പട്ടംവഴി പുരോഹിതനും തങ്ങൾക്ക് ലഭിച്ച സവിശേഷാധികാരത്താൽ ദൈവവചനത്തിന്റെ വ്യാഖ്യാതാക്കൾ ആകേണ്ടവരാണ്.

ഈ വിഷയം സ്വീകരിക്കുന്നതിനു പ്രേരിപ്പിച്ച പശ്ചാത്തലത്തിലേക്ക് നിങ്ങളുടെ ശ്രദ്ധ ക്ഷണിക്കട്ടെ. 2009 ജൂൺ 19 മുതൽ 2010 ജൂൺ 19 വരെ സാർവ്വത്രികസഭ പൗരോഹിത്യ വർഷമായി ആചരിക്കുകയാണ്. പുരോഹിതരുടെ മധ്യസ്ഥനായ ആർസിലെ വി. ജോൺ മരിയ വിയാനിയുടെ 150 -ാം ചരമവാർഷികം പ്രമാണിച്ചാണ് ബെനഡിക്ട് 16-ാമൻ മാർപാപ്പാ സാർവ്വത്രികസഭ പൗരോഹിത്യവർഷമായി ആചരിക്കണമെന്ന് പ്രഖ്യാ പിച്ചത്. ഈ പശ്ചാത്തലത്തിൽ പൗരോഹിത്യശുശ്രൂഷയ്ക്ക് നിയുക്തരായവരുടെ പ്രഥമപ്രധാനദൗത്യമായ ദൈവവചനവ്യാഖ്യാന - പ്രഘോഷണ ചുമതലയെക്കുറിച്ച് ചിന്തിക്കുന്നത് ഉചിതമായിരിക്കുമല്ലോ. ആഗോള സഭ പൗരോഹിത്യവർഷത്തിന്റെ ചിന്താവിഷയമായി എടുത്തിരിക്കുന്നത് 'ക്രിസ്തുവിന്റെ വിശ്വസ്തതയും പുരോഹിതരുടെ വിശ്വസ്തതയും' എന്നതാണ്. പുരോഹിതർ വളരെ വിശ്വസ്തതയോടെ നിർവഹിക്കേണ്ട ഒരു ദൗത്യമാണ് നാമിവിടെ വിചിന്തനം ചെയ്യുന്നത്.

കൂടാതെ, ഏറ്റവും വലിയ വചനപ്രഘോഷകനായ വി. പൗലോസിന്റെ 2000-ാം ജന്മദിനം സമുചിതമായി അനുസ്മരിക്കുവാൻ ബനഡിക്ട് 16-ാമൻ മാർപാപ്പ പ്രഖ്യാപിച്ച പൗലോസിന്റെ വർഷം ജൂൺ മാസം 27-ാം തിയതി അവസാനിക്കുകയുമാണല്ലോ. വചനത്തിന്റെ ശക്തിയും മാധുര്യവും മനസ്സിലാക്കി സുവിശേഷപ്രഘോഷണത്തിനായി ജീവിതം സമർപ്പിച്ച പൗലോസിന്റെ മാതൃകയോടു ചേർത്ത് വിചിന്തനം നടത്തുന്നത് സന്ദർഭോ ചിതംതന്നെ.

പ്രേഷിതതീക്ഷ്ണതയാൽ ജ്വലിച്ച പൗലോസിന്റെ സുവിശേഷ പ്രസംഗങ്ങളുടെയെല്ലാം കേന്ദ്രാശയം ക്രിസ്തുവും ക്രിസ്തുവിലൂടെയുള്ള മനുഷ്യരക്ഷയുമാണ്. ജീവിതത്തിന്റെ ആദ്യഘട്ടത്തിൽ സഭാപീഢകനായിരുന്ന പൗലോസ്, ക്രമാനുഗതമായി യേശുക്രിസ്തുവിനെക്കുറിച്ചുള്ള പൂർണ്ണജ്ഞാനം

ആർജ്ജിച്ച് ലോകത്തിന്റെ വിവിധ ഭാഗങ്ങളിലെ സഭാസമൂഹങ്ങളെ കെട്ടിപ്പടുത്തു. നസ്രത്തിലെ യേശു ഉത്ഥിതനായ ക്രിസ്തുവാണെന്ന് പൗലോസ് മനസ്സിലാക്കിയത് ഡമാസ്ക്കസിലേക്കുള്ള യാത്രയിലുണ്ടായ മാനസാന്തരാനുഭവത്തിൽ നിന്നാണ്. അനന്തരം അറേബ്യയിലും ജറൂസലേമിലും താർസൂസിലും യേശുവിനെക്കുറിച്ചുള്ള പഠനത്തിൽ അദ്ദേഹം ചെലവഴിച്ചു. ഈ സന്ദർഭത്തിലാണ് അദ്ദേഹം പത്രോസിനെയും മറ്റ് അപ്പസ്തോലൻമാരെയും കണ്ടുമുട്ടുന്നത്. പഴയനിയമത്തിൽ പ്രവചിക്കപ്പെട്ട മിശിഹായെ യേശുവിൽ കണ്ടുമുട്ടിയ പൗലോസ്, റോമിൽ A.D. 68-ൽ രക്തസാക്ഷിത്വം വരിക്കുന്നതുവരെ ക്രിസ്തുവിന്റെ അപ്പസ്തോലനെന്ന നിലയിൽ തീക്ഷ്ണതയോടെ പ്രവർത്തിച്ചു. അന്ത്യഘട്ടമെത്തിയപ്പോൾ യേശു ഇന്നലെയും ഇന്നും എന്നും ജീവിക്കുന്ന ആദിയും അന്തവുമായ ക്രിസ്തുവാണെന്ന് പൗലോസ് പൂർണ്ണമായും അനുഭവിച്ചറിഞ്ഞു. ക്രൂശിതനായ യേശുവിനെക്കുറിച്ചല്ലാതെ മറ്റൊന്നിനെക്കുറിച്ചും അറിയേണ്ടതില്ലെന്നും പ്രസംഗിക്കേണ്ടതില്ലെന്നും പൗലോസ് തീരുമാനിച്ചു (1 കൊറി 1:23, 2:2).

പൗലോസിന്റെ ദൈവശാസ്ത്രമനുസരിച്ച് സഭയെക്കുറിച്ചുള്ള ജ്ഞാനമില്ലാതെ ദൈവപുത്രനായ ക്രിസ്തുവിനെ അറിയുക സാധ്യമല്ല. സഭ അദ്ദേഹത്തിന് ആത്മീയ വ്യക്തിത്വമുള്ള വിശ്വാസികളുടെ സമൂഹമാണ്. മറ്റു സംഘങ്ങളിൽനിന്നും സമ്മേളനങ്ങളിൽനിന്നും സഭയെ വ്യതിരിക്തമാക്കുന്ന ഘടകം അതിന്റെ ക്രിസ്ത്വനുകരണമാണ്. അനുകരണത്തിലൂടെ ആത്മീയ നന്മകളിലുള്ള ഭാഗഭാഗിത്വം തുടരുന്നു. സഭയിൽ രൂപപ്പെട്ട ബൈബിളിന്റെ സംരക്ഷകയും വ്യാഖ്യാതാവും സഭ തന്നെയാണ്. വി. ഗ്രന്ഥം ആധികാരികമായി വ്യാഖ്യാനിക്കാനുള്ള അധികാരം സഭയുടെ പ്രബോധനാധികാരത്തി (Magisterium) നാണ്.

ക്രിസ്തുവിന്റെ തുടർച്ചയായ സഭയിൽ ക്രിസ്തുവിന്റെ ദൗത്യം നിർവഹിക്കുവാൻ അപ്പസ്തോലൻമാരും അജപാലകരും മൂപ്പന്മാരും ഡീക്കന്മാരുമെല്ലാം ആദിമസഭാകാലഘട്ടത്തിൽ തന്നെ നിയോഗിക്കപ്പെടുന്നുണ്ട്. 'ഞങ്ങൾ ദൈവവചനശുശ്രൂഷയിൽ ഉപേക്ഷകാണിച്ച് ഭക്ഷണമേശകളിൽ ശുശ്രൂഷിക്കുന്നതു ശരിയല്ല' (അപ്പ 6:2) എന്നു വിധിയെഴുതിയ അപ്പസ്തോലന്മാരെയാണ് ആദിമസഭയിൽ നാം കാണുക. ദൈവവചനശുശ്രൂഷ ആദിമസഭയിലെന്നപോലെ ഇന്നും പുരോഹിതരുടെ ദൗത്യനിർവഹണത്തിന്റെ അവിഭാജ്യഘടകമാണ്. ക്രൈസ്തവസന്ദേശം സ്വീകരിക്കാൻ ക്ഷണിക്കപ്പെടുന്നവർക്ക് ശരിയായ രീതിയിൽ വി. ഗ്രന്ഥം വ്യാഖ്യാനിച്ചുകൊടുക്കുക പൗരോഹിത്യ ധർമ്മാനുഷ്ഠാനത്തിന്റെ ഭാഗമാണ്. ജറൂസലേമിൽ ആരാധിക്കാൻ പോയിട്ടു തിരിച്ചു വരികയായിരുന്ന എത്യോപ്യക്കാരൻ ഏശയ്യായുടെ പ്രവചനം വായിക്കുന്നതുകേട്ട്, അവന്റെ രഥത്തെ സമീപിച്ച പീലിപ്പോസ് ചോദിച്ചു: 'വായിക്കുന്നത് നിനക്ക് മനസ്സിലാകുന്നുണ്ടോ?' 'ആരെങ്കിലും വ്യാഖ്യാനിച്ചുതരാതെ എങ്ങനെയാണു ഞാൻ മനസ്സിലാക്കുക' എന്ന എത്യോപ്യക്കാരന്റെ മറുപടി വി. ഗ്രന്ഥം വായിക്കുന്ന ഓരോ സാധാരണക്കാരന്റെയും മനോവികാരമാണ്.

പൗരോഹിത്യശുശ്രൂഷയുടെ ദൗത്യശ്രേണിയിലെ പ്രഥമസ്ഥാനം ദൈവവചന പ്രഘോഷണത്തിനായിരിക്കണം. വി. പൗലോസ് എഴുതുന്നു: "ഞാൻ സുവിശേഷം

പ്രസംഗിക്കുന്നില്ലെങ്കിൽ എനിക്കു ദുരിതം" (1 കൊറി 9:16). ദൈവവചനം ഒഴിവാക്കിയുള്ള സഭാജീവിതമില്ല. ഇന്ന് എല്ലാ ക്രൈസ്തവഭവനങ്ങളിലും സ്വന്തമായൊരു ബൈബിൾ ഉണ്ടെന്നുതന്നെ പറയാം. മാത്രവുമല്ല, ദൈവവചനത്തിനായി ദാഹിക്കുന്ന ദൈവജനമാണ് നമുക്കു ചുറ്റുമുള്ളത്. വിശ്വാസത്തിനു വിരുദ്ധമായി നൽകുന്ന ദുർവ്യാഖ്യാനം കേൾക്കാൻവരെ തയ്യാറാവുന്നതാണ് ദൈവവചനത്തിനായുള്ള ഈ ദാഹം. വി. ലിഖിതങ്ങളെ സമീപിക്കുന്നതിന് നൂറ്റാണ്ടുകളിലൂടെ രൂപപ്പെട്ട ഇച്ഛാശക്തിയും സങ്കേതങ്ങളും നഷ്ടപ്പെട്ട ഒരവസ്ഥയും ഇന്നുണ്ട്. സ്വന്തമായ ഭാഷയിൽ ദൈവവചനം വായിച്ചുകേട്ടാലും അതിന്റെ ശരിയായ അർത്ഥവും സന്ദേശവും ഉൾക്കൊള്ളുന്നതിന് അത് വ്യാഖ്യാനിച്ചു നൽകേണ്ടതാണ്. അപ്പോൾ പരിശുദ്ധാരൂപി ഉദ്ദേശിക്കുന്ന സന്ദേശം വചനം കേൾക്കുന്നവർക്ക് ഹൃദിസ്ഥമാകും.

വി. ഗ്രന്ഥവ്യാഖ്യാനത്തിന് രണ്ടാം വത്തിക്കാൻ കൗൺസിലും കത്തോലിക്കാ സഭയുടെ മതബോധനഗ്രന്ഥവും നമുക്ക് മാർഗ്ഗരേഖകൾ നല്കുന്നുണ്ട്. ചരിത്രപരമായ വസ്തുത ക്രൈസ്തവവിശ്വാസത്തിന്റെ അടിസ്ഥാനപരമായ മാനമാണ്. രക്ഷാകരചരിത്രം ഒരു കെട്ടുകഥയല്ല, യഥാർത്ഥ ചരിത്രമാണ്. യോഹ 1:14 -ലെ "വചനം മാംസമായി നമ്മുടെയിടയിൽ വസിച്ചു" എന്ന വചനത്തിലൂടെ രൂപീകൃതമായ ക്രൈസ്തവതത്വത്തിന്റെ ഫലമാണ് ഈ ആവശ്യം. ദൈവം നസ്രത്തിലെ യേശുവിൽ മനുഷ്യനായി എന്നത് ചരിത്രപരമായ ഒരു യാഥാർത്ഥ്യമാണ്. എന്നാൽ ഈ ചരിത്രത്തിന് മറ്റൊരു മാനമുണ്ട്. അത് ദൈവിക ഇടപെടലാണ്. അതുകൊണ്ട് ഒരേ സമയം മാനുഷികവും ദൈവികവുമായ വചനത്തിന്റെ ശരിയായ വ്യാഖ്യാനത്തിന് രണ്ടാമതൊരു വ്യാഖ്യാനതലം കൂടിയുണ്ടെന്ന് *ദൈവാവിഷ്കരണം* എന്ന വത്തിക്കാൻ കൗൺസിൽ ഡിക്രി പറയുന്നു.

എഴുതപ്പെട്ട വചനം പുരോഹിതർ, എഴുതപ്പെട്ട അരൂപിയാലാവണം വ്യാഖ്യാനിക്കേണ്ടത്. ഇത് വ്യാഖ്യാനത്തിനുള്ള അടിസ്ഥാനപരമായ പ്രമാണമാണ്. സഭയിൽ നിരന്തരം പ്രവർത്തിച്ചുകൊണ്ടിരിക്കുന്നതും വിശുദ്ധരെ സൃഷ്ടിച്ചുകൊണ്ടിരിക്കുന്നതും വി. ഗ്രന്ഥരചയിതാക്കളെ പ്രചോദിപ്പിച്ചതുമായ അതേ ആത്മാവു തന്നെയാണ് വി.ഗ്രന്ഥം വ്യാഖ്യാനിക്കുന്ന പുരോഹിതരുടെ ഹൃദയത്തോടും സംസാരിക്കുന്നത്. അതുകൊണ്ട് ബൈബിളിന്റെ ദൈവികവും പരിശുദ്ധാത്മപരവുമായ മാനങ്ങൾ ശരിക്കും കണക്കിലെടുത്തുള്ള വ്യാഖ്യാനത്തിന് മൂന്ന് അടിസ്ഥാന ഘടകങ്ങൾ ഉണ്ടാവണം.

1. വി.ഗ്രന്ഥത്തിന്റെ ആകമാനമുള്ള സമ്പൂർണ്ണതയും യോജിപ്പും കണക്കിലെടുത്താണ് ഓരോ ഭാഗവും വ്യാഖ്യാനിക്കേണ്ടത്. ഈ രീതിയെയാണ് ഇക്കാലത്ത് കാനോനിക്കൽ വ്യാഖ്യാനം എന്നു വിളിക്കുന്നത്.
2. സഭയുടെ ജീവിക്കുന്ന പാരമ്പര്യം കണക്കിലെടുക്കണം.
3. വിശ്വാസവുമായുള്ള പൊരുത്തം പരിഗണിക്കണം.

വ്യാഖ്യാനങ്ങളുടെ ഈ മൂന്നു ഘടകങ്ങൾ പ്രകടമാക്കുന്ന വ്യാഖ്യാനത്തെ മാത്രമാണ് പുസ്തകത്തിനുചേർന്ന വ്യാഖ്യാനമെന്നു വിളിക്കാനാവുന്നത്.

ബൈബിൾ വ്യാഖ്യാനത്തിൽ ഈ മൂന്നു തലങ്ങളുടെ അസാന്നിധ്യം സൃഷ്ടിക്കുന്ന ന്യൂനതകൾ വളരെ പ്രത്യാഘാതങ്ങൾ സൃഷ്ടിക്കുന്നുണ്ട്. പലപ്പോഴും പ്രാരംഭതലത്തിൽ നിന്നുകൊണ്ടു മാത്രം വ്യാഖ്യാനിക്കുമ്പോൾ ബൈബിൾ വെറും ചരിത്രപുസ്തകമായി വായിക്കപ്പെടുന്നു. ഇവിടെ ബൈബിൾ ഭൂതകാലചരിത്രമായിമാത്രം നിലനിൽക്കുന്നു. എന്നാൽ ബൈബിളിനെ കേവലം ചരിത്രം വിവരിക്കുന്ന ഒന്നായിമാത്രം കരുതാതെ, അതിൽനിന്ന് രക്ഷാകരവും ധാർമ്മികവുമായ സന്ദേശങ്ങൾകൂടി ഉൾക്കൊള്ളുന്ന ജീവൽഗ്രന്ഥമായി കാണാൻ സാധിക്കണം.

മറ്റൊരു പ്രശ്നം ചരിത്രസംഭവങ്ങളെല്ലാം വെറും മാനുഷികം മാത്രമായി കണക്കാക്കപ്പെടുന്നു എന്നതാണ്. വിശ്വാസപരമായ വ്യാഖ്യാനം അപ്രത്യക്ഷമാകുന്നു. മാനവചരിത്രത്തിൽ ദൈവികത പ്രത്യക്ഷപ്പെടുന്നില്ല. അല്ലെങ്കിൽ ദൈവിക ഘടകങ്ങളുടെ ചരിത്രപരത നിഷേധിക്കുന്ന വ്യാഖ്യാനമായി ഇതു പരിണമിക്കുന്നു. ഉദാഹരണമായി ചിലർ ക്രിസ്തു വി. കുർബാന സ്ഥാപിച്ചതിനെ നിഷേധിക്കുന്നു. വിശ്വാസത്തിന്റെ വ്യാഖ്യാനം ഇല്ലാതാകുന്നതിന്റെ ഫലമാണിത്. ഇത് ചരിത്രത്തിലെ ദൈവത്തിന്റെ ഇടപെടലും സാന്നിധ്യവും നിഷേധിക്കുന്ന ദൈവദൂഷണപരമായ ദാർശനിക വ്യാഖ്യാനങ്ങൾക്ക് ഇടനൽകുന്നു. അതുകൊണ്ട് സഭയുടെ ജീവിതത്തിനും ദൗത്യത്തിനും വിശ്വാസത്തിന്റെ ഭാവിക്കും വ്യാഖ്യാനം വി.ഗ്രന്ഥപരമായ വ്യാഖ്യാനമാകണം. അത് സുവിശേഷപ്രസംഗങ്ങളുടെ അടിത്തറയാകണം.

പുരോഹിതരുടെ സുവിശേഷപ്രസംഗങ്ങളും വ്യാഖ്യാനങ്ങളും ഈ മൂന്നു ഘടകങ്ങൾ ഉൾക്കൊള്ളുന്നതാകണം. മിക്ക വിശ്വാസികൾക്കും ദൈവ വചനവുമായുള്ള ഏക സമ്പർക്കബിന്ദു ഞായറാഴ്ച ദിവ്യബലിമധ്യേയുള്ള സുവിശേഷപ്രസംഗമാണ്. ദൈവവചനത്തിന്റെ വ്യാഖ്യാനം പുരോഹിതർ എത്രമാത്രം വിശ്വസ്തതയോടെയും ഗൗരവബോധത്തോടെയും നിർവഹിക്കണമെന്ന് ഇത് നമ്മെ ബോധ്യപ്പെടുത്തുന്നു. വി. ലിഖിതങ്ങളെക്കുറിച്ചുള്ള ജ്ഞാനം വിശ്വാസത്താൽ നയിക്കപ്പെടണം. 'വിശ്വാസം കേൾവിയിൽനിന്നും കേൾവി ക്രിസ്തുവിനെപ്പററിയുള്ള പ്രസംഗത്തിൽനിന്നുമാണ്' (റോമ10:17). ഏതൊരു ബൈബിൾ ഭാഗവും വായിക്കപ്പെടുന്നത് വി.ലിഖിതത്തിന്റെ ആന്തരിക ഐക്യത്തിന്റെ പശ്ചാത്തലത്തിൽ ആയി രിക്കണം. കേവല വിജ്ഞാനത്തിൽ ബൈബിൾ വായന അവസാനിക്കരുത്. അത് മാനസാന്തരത്തിനും മനഃസാക്ഷി രൂപവത്ക്കരണത്തിനുമുള്ള ഒരു വിളിയാണ്.

വ്യാഖ്യാനത്തിന്റെ ഈ മൂന്നു ഘടകങ്ങളോടൊപ്പം നാലാമതൊരു ഘടകംകൂടി ചേർക്കാനാഗ്രഹിക്കുന്നു. വി.ഗ്രന്ഥവ്യാഖ്യാനം നമ്മെ പ്രാർത്ഥനയിലേക്കും പ്രവൃത്തിയിലേക്കും നയിക്കണം. വി. അഗസ്തീനോസിന്റെ വാക്കുകളനുസരിച്ച് 'ഏതൊരുവൻ വി. ഗ്രന്ഥങ്ങളോ അവയുടെ ഏതെങ്കിലും ഭാഗമോ മനസ്സിലാക്കുന്നുവെന്ന് ചിന്തിക്കുകയും എന്നാൽ ദൈവത്തോടും സഹോദരനോടുമുള്ള ബഹുമുഖ സ്നേഹത്തെ പടുത്തുയർത്തുന്നതിലേക്ക് നയിക്കാതെ അതിനെ വ്യാഖ്യാനിക്കുകയും ചെയ്താൽ അവയെ അവൻ മനസ്സിലാക്കേണ്ടവിധം ഗ്രഹിക്കുന്നില്ല.' ദൈവവചനം വെറുതെ വായിക്കാനോ സംസാരിക്കാനോ മാത്രമുള്ളതല്ല. മറിച്ച് പ്രവർത്തിക്കാനുള്ള ക്ഷണവും (ലൂക്ക 8:21) അടങ്ങിയതാണ്. വചനവായന നവജീവിതം സ്വീകരിക്കാൻ വിശ്വാസികളെ

പ്രാപ്തമാക്കണം. പ്രായോഗിക തീരുമാനമെടുക്കാൻ കരുത്തുള്ളവരാക്കണം. ശ്രവിക്കപ്പെട്ട വചനം ഹൃദയത്തിലെത്തുകയും മാനസാന്തരം ഉളവാക്കുകയും ജീവിതത്തിന്റെ നിയമമായിത്തീരുകയും ചെയ്തില്ലെങ്കിൽ അത് സ്വീകരിക്കപ്പെട്ടിട്ടില്ല. "എന്റെ ഈ വചനങ്ങൾ ശ്രവിക്കുകയും അവ അനുസരിക്കുകയും ചെയ്യുന്നവൻ പാറമേൽ ഭവനം പണിത വിവേകമതിയായ മനുഷ്യനു തുല്യനായിരിക്കും. എന്നാണ് യേശു അരുളിചെയ്യുന്നത്. കൂടാതെ വി. ഗ്രന്ഥത്തിലൂടെ നമ്മോടു സംസാരിക്കുന്ന ക്രിസ്തുവിനുള്ള പ്രത്യുത്തരമായി അത് നമ്മെ പ്രാർത്ഥനയിലേക്കും നയിക്കണം.

ബൈബിൾ വായിക്കുന്നതിനും അത് ജീവിതത്തിൽ പ്രായോഗികമാക്കുന്നതിനും വിവിധ രീതികൾ കേരള സഭ സംവിധാനം ചെയ്തിട്ടുണ്ട്. പി.ഒ.സി. കേന്ദ്രമായി പ്രവർത്തിക്കുന്ന കെ.സി.ബി.സി. ബൈബിൾ കമ്മീഷൻ ഓഫീസുമായോ രൂപതാ ബൈബിൾ അപ്പസ്തോലേറ്റുമായോ ബന്ധപ്പെട്ട് ഈ സംവിധാനങ്ങൾ പ്രയോജനപ്പെടുത്തണമെന്ന് അഭ്യർത്ഥിക്കുന്നു. കമ്പ്യൂട്ടറും ഇന്റർനെറ്റും നമ്മുടെ കാലഘട്ടത്തിൽ ആശയ വിനിമയ രംഗത്ത് വിപ്ലവകരമായ മാറ്റങ്ങൾ വരുത്തിയിട്ടുണ്ട്. ദൈവം ഉദ്ദേശിക്കുന്ന രീതിയിൽ ദൈവവചനം മറ്റുള്ളവർക്ക് എത്തിച്ചുകൊടുക്കണമെങ്കിൽ ഈ പുതിയ വാർത്താവിനിമയ സാങ്കേതികവിദ്യയിൽ ഇന്ന് സംഭവിച്ചുകൊണ്ടിരിക്കുന്ന മാറ്റങ്ങളെ അവഗണിക്കാൻ നമുക്ക് കഴിയുകയില്ല. ദൈവവചനത്തിന് ഇത് തുറക്കുന്ന സാധ്യതകൾ അനന്തമാണ്. ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ താമസിക്കുന്ന മലയാളികൾക്ക് ദൈവവചനം മലയാളത്തിൽ വായിക്കുന്നത് എളുപ്പത്തിൽ ലഭ്യമാക്കാൻ www.pocbible.com എന്ന പേരിൽ ഒരു വെബ്സൈറ്റ് ഉണ്ടെന്ന കാര്യം അറിയിക്കട്ടെ. ദൈവവചനം വീട്ടിലിരുന്ന് പഠിക്കുന്നതിന് ബൈബിൾ കറ സ്പോണ്ടൻസ് കോഴ്സ് ബൈബിൾ കമ്മീഷന്റെ നേതൃത്വത്തിൽ വർഷ ങ്ങളായി നടക്കുന്നുണ്ട്. പരിശുദ്ധ പിതാവ് ബനഡിക്ട് 16-ാമൻ മാർപാപ്പാ വി. ഗ്രന്ഥപഠനത്തിന് ഊന്നൽ നൽകി അവതരിപ്പിക്കുന്ന ഫലപ്രദമായ ഒരു രീതിയാണ് ദിവ്യവായനയെന്ന് തർജ്ജമ ചെയ്യാവുന്ന Lectio Divina. വി. ഗ്രന്ഥത്തിന്റെ വായനയിലേക്കും, വ്യാഖ്യാനത്തിലേക്കും സന്ദേശങ്ങൾ പ്രവർത്തിപഥത്തിലേക്കും പ്രാർത്ഥനയിലേക്കും നയിക്കുന്ന 'ദിവ്യവായന'യെ പരിചയപ്പെടുത്തുന്ന, ബൈബിൾ സൊസൈറ്റി പ്രസിദ്ധീകരിച്ച 'ദൈവവചനവും ദിവ്യവായനയും' എന്ന പുസ്തകത്തിലേക്കും നിങ്ങളുടെ ശ്രദ്ധയെ ക്ഷണിക്കുകയാണ്.

ബൈബിൾ വാരത്തിൽ നമ്മുടെ ദേവാലയങ്ങളിലും കുടുംബങ്ങളിലും ഉപയോഗിക്കേണ്ട വായനകളും വിചിന്തനങ്ങളും പ്രാർത്ഥനകളുമടങ്ങിയ ലഘുലേഖ കെ.സി.ബി.സി. ബൈബിൾ കമ്മീഷൻ തയ്യാറാക്കിയിട്ടുണ്ട്. രൂപതാ ബൈബിൾ അപ്പസ്തോലേറ്റ് കേന്ദ്രങ്ങളിൽനിന്ന് അവ ലഭ്യമാണ്. ബൈബിൾ വാരത്തിലെ എല്ലാ ദിവസവും ദേവാലയങ്ങളിൽ ദിവ്യബലിയർപ്പണത്തിനുശേഷം വിശ്വാസികൾചേർന്നും കുടുംബങ്ങളിൽ സന്ധ്യാപ്രാർത്ഥനയിൽ കുടുംബാംഗങ്ങളൊന്നിച്ചും ബൈബിൾ വായിക്കാനും പ്രാർത്ഥിക്കാനും അവ ഉപയോഗിക്കണം. ബൈബിൾ ഞായറിനോടനുബന്ധിച്ച് ബൈബിൾ ശുശ്രൂഷ, പ്രഭാഷണങ്ങൾ, റാലി, ക്ലാസ്സുകൾ, കലാസാഹിത്യമത്സരങ്ങൾ, പ്രദർശനങ്ങൾ, വീടുകളിൽ ബൈബിൾ പ്രതിഷ്ഠകൾ തുടങ്ങിയവ സംഘടിപ്പിക്കാവുന്നതാണ്. കെ.സി.ബി.സി. ബൈബിൾ കമ്മീഷനും

രൂപതാ ബൈബിൾ അപ്പസ്തോലേറ്റിനുംവേണ്ടി ബൈബിൾ ഞായറാഴ്ച ഓരോ ഇടവകയിലും നടത്തുന്ന പിരിവ് രൂപതാ കേന്ദ്രത്തിൽ എത്തിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

കേരളസഭയിലെ അല്മായ പങ്കാളിത്തത്തോടെയുള്ള ബൈബിൾ പ്രഘോഷണ പ്രചരണ വേദിയായ കേരള കാത്തലിക് ബൈബിൾ സൊസൈറ്റിയിൽ കഴിയുന്നിടത്തോളം പേർ അംഗത്വമെടുക്കണം. 'ഓരോ ഭവനത്തിനും ഒരു ബൈബിൾ' എന്ന പദ്ധതിപ്രകാരം കേരള കാത്തലിക് ബൈബിൾ സൊസൈറ്റി 22 ലക്ഷം രൂപ കഴിഞ്ഞ ദൈവവചനവർഷത്തിൽ ബൈബിൾ സബ്സിഡി നൽകുവാനായി ചെലവഴിച്ചു. 3, 85000 പേർ പങ്കെടുത്ത ലോഗോസ് ക്വിസ്, ബൈബിൾ വിതരണം, ബൈബിൾ പഠനപുസ്തകങ്ങളുടെ പ്രസിദ്ധീകരണം തുടങ്ങിയവയ്ക്കും നേതൃത്വം നൽകുന്ന കെ.സി.ബി.സി. ബൈബിൾ കമ്മീഷനും കേരള കാത്തലിക് ബൈബിൾ സൊസൈറ്റിയ്ക്കും തുടർന്നും കൂടുതൽ സജീവത്വത്തോടുകൂടി പ്രവർത്തിക്കുന്നതിന് നിങ്ങളുടെ പ്രാർത്ഥനയും സഹകരണവും സംഭാവനകളും നൽകണമെന്ന് അഭ്യർത്ഥിക്കുന്നു. നിങ്ങളുടെ സംഭാവനകളും കേരള കാത്തലിക് ബൈബിൾ സൊസൈറ്റി അംഗത്വഫീസും 'സെക്രട്ടറി, കേരള കാത്തലിക് ബൈബിൾ സൊസൈറ്റി, പി.ഒ.സി, പാലാരിവട്ടം – 682025' എന്ന വിലാസത്തിലാണ് അയയ്ക്കേണ്ടത്. കഴിഞ്ഞ സാമ്പത്തികവർഷം ഏറ്റവും കൂടുതൽ തുക ബൈബിൾ സൊസൈറ്റിക്കായി സംഘടിപ്പിച്ചു നൽകി ബിഷപ്പ് മാർ ജോസഫ് പള്ളിയ്ക്കാപറമ്പിൽ അവാർഡിന് അർഹമായത് മാവേലിക്കര രൂപതയാണെന്ന കാര്യവും അറിയിക്കട്ടെ.

ഈ വർഷത്തെ ബൈബിൾ ഞായർ ആചരണം കേരളസഭയ്ക്ക് ക്രിസ്തുവിന്റെ പ്രതിപുരുഷന്മാരായ പുരോഹിതരിലൂടെ ദൈവവചനത്തിന്റെ വിവിധ മാനങ്ങൾ കണ്ടെത്തുന്നതിനുമുള്ള അവസരമാകട്ടെയെന്ന് പ്രാർത്ഥിക്കുന്നു. 'ക്രിസ്തുവിന്റെ വചനം നിങ്ങളിൽ സമൃദ്ധമായി വസിക്കട്ടെ' (കൊളോ 3:16) യെന്ന് ആശംസിച്ചുകൊണ്ട്,

സ്നേഹത്തോടെ

**ബിഷപ്പ് മാർ ജോർജ്ജ് പുന്നക്കോട്ടിൽ**
ചെയർമാൻ, കെ.സി.ബി.സി. ബൈബിൾ കമ്മീഷൻ

**കെ.സി.ബി.സി. ബൈബിൾ കമ്മീഷൻ അംഗങ്ങൾ:**
ബിഷപ്പ് ഗീവർഗീസ് മാർ ദിവന്ന്യാസിയോസ്
ബിഷപ്പ് മാർ ജോസഫ് പൊരുന്നേടം

---

*ഈ സർക്കുലറിൻെറ മലയാളം മാറ്റർ ലഭിക്കുവാൻ സന്ദർശിക്കുക:*
**www.keralabiblesociety.com**

# കേരള കാത്തലിക് ബൈബിൾ സൊസൈറ്റിയുടെ 2007-2008-ലെ വാർഷിക പ്രവർത്തന റിപ്പോർട്ട്

2008 കേരളസഭ ദൈവവചനവർഷമായി ആചരിക്കുകയാണല്ലോ. വചന വർഷത്തിലേതെന്ന പ്രത്യേകത ഈ വർഷത്തെ ബൈബിൾ സൊസൈറ്റിയുടെ പൊതുയോഗത്തിനുണ്ട്. കേരളസഭയിൽ വചനത്തിനുള്ള പ്രധാന്യവും പ്രസക്തിയും ആഴമായി മനസ്സിലാക്കുവാനും ദൈവസാന്നിദ്ധ്യത്തിന്റെ അടയാളമായി വചനത്തെ അനുഭവിച്ചറിയാനുള്ള ഒരു സുവർണ്ണാവസരമായി വചനവർഷം മാറിയിരിക്കുന്നു. 1990-ൽ സ്ഥാപിതമായ കേരള കാത്തലിക് ബൈബിൾ സൊസൈറ്റിക്ക് ബൈബിളും ബൈബിൾ സന്ദേശങ്ങളും പ്രചരിപ്പിക്കുന്നതിനുള്ള പലവിധ പ്രവർത്തനങ്ങളിലൂടെ വചനവർഷത്തിൽ കേരളസഭയിലെ സജീവസാന്നിദ്ധ്യമായി തീർന്നിട്ടുണ്ട്. ഇനിയും കൂടുതൽ വചനത്തിന് ശുശ്രൂഷ ചെയ്യുവാനുള്ള പ്രതിബദ്ധതയോടെ ദൈവതൃക്കരങ്ങളിൽ സൊസൈറ്റിയെ സമർപ്പിച്ചുകൊണ്ട് ഈ 17-ാം വാർഷിക റിപ്പോർട്ടിൽ 2007 ഏപ്രിൽ മുതൽ 2008 മാർച്ച് വരെയുള്ള കാലഘട്ടത്തിലെ പ്രധാനപ്രവർത്തനങ്ങൾ വിവരിക്കട്ടെ.

## യോഗങ്ങൾ

സൊസൈറ്റി പ്രവർത്തന വർഷത്തിൽ 3 മാനേജിംഗ് കൗൺസിൽ എക്സിക്യൂട്ടിവ് യോഗങ്ങളും ഒരു വാർഷിക പൊതുയോഗവും ഒരു പൊതുസമ്മേളനവും സംഘടിപ്പിച്ചു.

1. കേരള കാത്തലിക് ബൈബിൾ സൊസൈറ്റിയുടെ എക്സിക്യൂട്ടിവ് മാനേജിംഗ് കൗൺസിലിന്റെ യോഗം 2007 ജൂൺ 5ാം തീയതി ഉച്ചകഴിഞ്ഞ് 3.00 മണിക്ക് ബൈബിൾ സൊസൈറ്റി ചെയർമാൻ ആർച്ച് ബിഷപ്പ് സൂസൈപാക്യം പിതാവിന്റെ അദ്ധ്യക്ഷതയിൽ ചേർന്നു. സി. ആഗ്നസ് ജോർജ്ജ് സി.ടി.സി. നയിച്ച പ്രാർത്ഥനയോടെ യോഗം ആരംഭിച്ചു. സൊസൈറ്റി വൈസ് ചെയർമാൻ ശ്രീ. അഗസ്റ്റിൻ മാസ്റർ യോഗത്തിൽ ംകടുത്ത എല്ലാവർക്കും സ്വാഗതം ആശംസിച്ചു. സൊസൈറ്റി സെക്രട്ടറി റവ. ഡോ. സൈറസ് വേലംപറമ്പിൽ 2007 ജനുവരി 25ന് നടന്ന എക്സിക്യൂട്ടിവ് മാനേജിംഗ് കൗൺസിൽ മീറ്റിംഗിന്റെ റിപ്പോർട്ടും, 2006-2007ലെ വാർഷിക റിപ്പോർട്ടും അവതരിപ്പിച്ചു. യോഗം അത് പാസാക്കി.

അഭിവന്ദ്യ പിതാവ് തന്റെ അദ്ധ്യക്ഷപ്രസംഗത്തിൽ ദൈവവചനത്തിന്റെ പ്രസക്തിയെക്കുറിച്ചും അവ ജീവിതത്തിൽ പ്രാവർത്തികമാക്കേണ്ടതിനെക്കുറിച്ചും സംസാരിച്ചു. വചനത്തിന് വേണ്ടി വർദ്ധിച്ച ദാഹമുള്ള സമൂഹത്തെ ഇന്ന് കാണാൻ സാധിക്കുന്നു എങ്കിലും വചനം തെറ്റായി വ്യഖ്യാനിക്കുന്നതുവഴി അഴുക്കുവെള്ളം പകർന്നുകൊടുക്കുന്നതിന് തുല്യമാണ്, ചില സ്ഥലങ്ങളിലെങ്കിലും സംഭവിക്കുന്നത് എന്നും പിതാവ് അഭിപ്രായപ്പെട്ടു.

ബൈബിൾ സൊസൈറ്റി പലവിധതിലും വളർന്നതിൽ അഭിമാനമുണ്ടെന്നും പിതാവ് പറഞ്ഞു. വിചാരിച്ചതിനേക്കാൾ കൂടുതൽ അംഗങ്ങൾ ചേരുവാൻ ശ്രമിക്കുന്നു. ഏറ്റവും കൂടുതൽ ആളുകളെ ചേർക്കുന്ന രൂപതയ്ക്ക് അവാർഡുകൾ നൽകുന്നു. രൂപതകളിൽനിന്നും കൂടുതൽ സഹകരണമുണ്ടായിരുന്നെങ്കിൽ ഏറെ വളരുവാനും അതുവഴി ഒത്തിരി നല്ല കാര്യങ്ങൾ സൊസൈറ്റിക്ക് ചെയ്യുവാനും സാധിക്കും. ബൈബിൾ വിതരണത്തേക്കാൾ ബൈബിൾ എങ്ങിനെ അവതരിപ്പിക്കുന്നു എന്ന് കാണണം. ഇന്ന

ത്തെ സമൂഹത്തിൽ കച്ചവട സംസ്കാരം വളർന്നുകൊണ്ടിരിക്കുന്ന ഈ സാഹചര്യത്തിൽ ദൈവവചനത്തിന്റെ പ്രസക്തി നഷ്ടപ്പെടാതെ വളർത്തിക്കൊണ്ട് വരണമെന്ന് പിതാവ് പ്രത്യേകം ഓർമ്മിപ്പിച്ചു.

പി.ഒ.സി. ഡയറക്ടറായി പുതുതായി ചാർജെടുത്ത റവ. ഡോ. സ്റ്റീഫൻ ആലത്തറയെ എക്സിക്യൂട്ടീവ് - മാനേജിംഗ് കൗൺസിൽ അഭിനന്ദിക്കുകയും സൊസൈറ്റിയുടെ പ്രവർത്തനങ്ങളിൽ കൂടുതലായി അച്ചന്റെ സഹകരണം അഭ്യർത്ഥിക്കുകയും ചെയ്തു.

സൊസൈറ്റിയുടെ എക്സിക്യൂട്ടീവ് മെമ്പർ ആയിരുന്ന ചീക്കുട്ടി മാസ്റ്ററിന്റെ നിര്യാണത്തിൽ അനുശോചനം നടത്തുകയും അദ്ദേഹത്തിന്റെ ആത്മശാന്തിക്കായി പ്രത്യേകം പ്രാർത്ഥിക്കുകയും ചെയ്തു.

23006-07 വർഷത്തെ വരവ് ചെലവ് കണക്കുകൾ ഓഡിറ്റർ, പി.സി. വർഗീസ് അവതരിപ്പിച്ചു.

പാലയ്ക്കൽ തോമാ മല്പാന്റെ സ്മരണയ്ക്കായി ഒരു എൻഡോവ്മെന്റും ട്രോഫിയും പാലയ്ക്കൽ കുടുംബത്തിന്റെ വകയായി ലോഗോസ് ക്വിസ് 2007 മുതൽ ഏർപ്പെടുത്തുന്ന കാര്യം ചർച്ചയിൽ അവതരിപ്പിച്ചു. ചർച്ചകൾക്ക്ശേഷം താഴെ പറയുന്ന തീരുമാനങ്ങൾ എടുത്തു.

1. 2007 ആഗസ്റ്റ് 11-ന് സൊസൈറ്റിയുടെ വാർഷിക പൊതുയോഗം നടത്തുക.
2. ആഗസ്റ്റ് 11-ലെ പൊതുയോഗത്തിൽ പാലയ്ക്കൽ കുടുംബയോഗത്തിനുവേണ്ടി പാലയ്ക്കൽ തോമാ മല്പാന്റെ പേരിലുള്ള 1,25,000/- രൂപയുടെ എൻഡോവ്മെന്റ് ഏർപ്പെടുത്തുക. അതുപയോഗിച്ച് ലോഗോസ് ക്വിസിന് എല്ലാ വിഭാഗങ്ങളിലും വച്ച് ഏറ്റവും കൂടുതൽ മാർക്ക് ലഭിക്കുന്ന വ്യക്തിക്ക് 10000/- രൂപ സമ്മാനമായി എല്ലാവർഷവും നൽകുക.
3. പ്രസ്തുത വ്യക്തിയുടെ രൂപതയ്ക്ക് കുടുംബയോഗം നൽകുന്ന പാലയ്ക്കൽ തോമാ മല്പാൻ എവർ റോളിംഗ് ട്രോഫി നൽകുക.
4. ലോഗോസ് ക്വിസ് 2008ന്റെ വിഷയം പുതിയ നിയമത്തിലെ ലേഖനങ്ങളിൽ ഒന്നും പഴയ നിയമത്തിലെ ഒരു ഭാഗവും എന്ന് തീരുമാനിച്ചു. ബൈബിൾ ഡയറക്ടേഴ്സിന്റെ മീറ്റിംഗിൽ പുസ്തകം ഏതെന്ന് തീരുമാനിക്കുന്നതാണ്.
5. കേരളത്തിൽ ദാരിദ്ര്യരേഖയ്ക്ക് താഴെ ഉള്ളവർക്ക് സൗജന്യ വിലക്ക് ബൈബിൾ നൽകുന്നതിനുവേണ്ടി Church in need-മായി സഹകരിച്ച് POC -നടപ്പാക്കുന്ന പദ്ധതിക്കായി 500000/- രൂപ സൊസൈറ്റിയുടെ ഷെയർ ആയി നൽകുക.
6. 2008ലെ ബിഷപ്പ്സ് സിനഡ് ദൈവവചനം വിഷയമായി എടുത്തിരിക്കുന്നതുകൊണ്ട് ദൈവവചനവർഷമായി അടുത്ത വർഷം പ്രഖ്യാപിക്കാൻ കെ.സി.ബി.സി.യിൽ ആവശ്യപ്പെടുക.
7. ദൈവവചനവർഷത്തിൽ പ്രത്യേകം കോഴ്സും സെമിനാറും സംഘടിപ്പിക്കുക.
8. സൊസൈറ്റിയുടെ ആവശ്യത്തിന് ഒരു വാഹനം വാങ്ങുക.

പി.സി. കുരിയപ്പൻ യോഗത്തിൽ പങ്കെടുത്ത എല്ലാവർക്കും നന്ദി പറഞ്ഞു. 5.00 മണിക്ക് ചായ സൽക്കാരത്തിനുശേഷം യോഗം അവസാനിച്ചു.

**II** കേരളകാത്തലിക് ബൈബിൾ സൊസൈറ്റിയുടെ എക്സിക്യൂട്ടിവ്-മാനേജിംഗ് കൗൺസിലിന്റെ യോഗം 2007 ആഗസ്റ്റ് 11-ാം തീയതി രാവിലെ 10.30ന് ബൈബിൾ സൊസൈറ്റി ചെയർമാൻ ആർച്ച്ബിഷപ്പ് സൂസൈപാക്യം പിതാവിന്റെ അദ്ധ്യക്ഷതയിൽ ചേർന്നു. സി. ആഗ്നസ് ജോർജ്ജ് സി.ടി.സി. നയിച്ച പ്രാർത്ഥനയോടെ യോഗം

ആരംഭിച്ചു. സൊസൈറ്റി വൈസ് ചെയർമാൻ ശ്രീ അഗസ്റ്റിൻ മാസ്റ്റർ യോഗത്തിൽ പങ്കെടുത്ത എല്ലാവർക്കും സ്വാഗതം ആശംസിച്ചു.

അഭിവന്ദ്യപിതാവ് തന്റെ അദ്ധ്യക്ഷ പ്രസംഗത്തിൽ കേരളസഭ ഇന്ന് പ്രതിസന്ധികളിലൂടെ കടന്നുപോകുകയാണെന്നും വചനത്തോടുള്ള ആഗ്രഹംകൊണ്ട് നാം ജ്വലിക്കേണ്ടവരാണെന്നും വചനം ജീവിതത്തിൽ സ്വാംശീകരിക്കാത്തതുകൊണ്ടാണ് പ്രശ്നങ്ങൾ ഉണ്ടാകുന്നതെന്നും അഭിപ്രായപ്പെട്ടു. ഇന്നത്തെ സാഹചര്യങ്ങളിൽ ആത്മാവിന്റെ വെളിച്ചം നമുക്കാവശ്യമുണ്ട്. പ്രഗ്തഭരായവരെയല്ല ദൈവം വിളിച്ചിരിക്കുന്നത്, ബലഹീനരെയും കഴിവ് കുറഞ്ഞവരെയും ആണ്. വചനപ്രഘോഷണരംഗത്ത് ഇനി ഏറെ നമുക്ക് ചെയ്യുവാനുണ്ട്. ബൈബിൾ സൊസൈറ്റി വളരെ വളർന്നിട്ടുണ്ട്. പ്രഘോഷണരംഗത്തും ഒത്തിരി ചെയ്യുന കമ്മീഷനാണിത്. അത് നിലനിർത്തുവാൻ ഓരോരുത്തരും ശ്രമിക്കണം എന്ന് പിതാവ് ഉദ്ബോധിപ്പിച്ചു.

സൊസൈറ്റി സെക്രട്ടറി ഡോ. സൈറസ് വേലംപറമ്പിൽ വാർഷിക റിപ്പോർട്ടും എക്സിക്യൂട്ടിവ് മാനേജിംഗ് കൗൺസിൽ റിപ്പോർട്ടും അവതരിപ്പിച്ചു. യോഗം അത് പാസാക്കി.

Lineamenta യുടെ ചോദ്യങ്ങളോട് സഹകരിച്ചുകൊണ്ട് കേരളസഭ നല്ല ഒരു സഹകരണം നൽകണമെന്ന് പിതാവ് ആവശ്യപ്പെട്ടു. ലോഗോസ് ക്വിസ് വിജയിപ്പിക്കുന്നതിനെക്കുറിച്ചും വചനവർഷം എങ്ങനെ ആചരിക്കാം എന്നുള്ളതിനെക്കുറിച്ചും ചർച്ചകൾ നടന്നു.

2007 മുതൽ ലോഗോസ് പ്രതിഭയ്ക്കായി പാലയ്ക്കൽ കുടുംബയോഗം ഏർപ്പെടുത്തുന്ന തോമാ മല്പാൻ എൻഡോവ്മെന്റിനെ സംബന്ധിച്ച ധാരണയുടെ രേഖകൾ യോഗത്തിൽ അവതരിപ്പിച്ചു. യോഗം അത് പാസാക്കുകയും ചെയ്തു. ചർച്ചകൾക്ക് ശേഷം താഴെ പറയുന്ന തീരുമാനങ്ങൾ എടുത്തു.

1. ദൈവവചന വർഷത്തിൽ ബൈബിൾ ക്ലാസുകൾ പല സ്ഥലങ്ങളിൽ നടത്തുക.
2. ലോഗോസ് ക്വിസ് 2008 പതിവുപോലെ നടത്തുക. രൂപതാതലപരീക്ഷ 2008 ഒക്ടോബർ 12-നും സംസ്ഥാനതലത്തിൽ നവംബർ 23നും നടത്തുക.
3. ലോഗോസ് ക്വിസിന് 2008 മുതൽ വിജയികൾക്ക് സമ്മാനങ്ങൾ നിശ്ചയിക്കുന്നതിനായി ഒരു സബ്കമ്മിറ്റി തിരഞ്ഞെടുത്തു. താഴെ പറയുന്നവരാണ് കമ്മിറ്റി അംഗങ്ങൾ.

   1. ഫാ. സൈറസ് വേലംപറമ്പിൽ 2. ജോൺസൺ കാഞ്ഞിരത്തിങ്കൽ
   3. സാബു ജോസ് 4. തോമസ് ജോൺ
4. വചനവർഷത്തിൽ പ്രത്യേകം കോഴ്സും സെമിനാറുകളും സംഘടിപ്പിക്കുക
5. രൂപതകളിലെബൈബിൾ അപ്പോസ്തലേറ്റ് ഡയറക്ടർമാർ സൊസൈറ്റിയുടെ പ്രവർത്തനങ്ങളിൽ സഹകരിക്കുകയും പുതിയ അംഗങ്ങളെ ചേർക്കുവാനുള്ള നടപടികൾ എടുക്കുകയും ചെയ്യുക.

ശ്രീ ജോൺസൺ കാഞ്ഞിരത്തിങ്കൽ യോഗത്തിൽ പങ്കെടുത്ത എല്ലാവർക്കും നന്ദി പറഞ്ഞു. 1.00 മണിക്ക് പ്രാർത്ഥനയോടെ യോഗം അവസാനിപ്പിച്ചു.

**III** കേരള കാത്തലിക് ബൈബിൾ സൊസൈറ്റിയുടെ എക്സിക്യൂട്ടിവ്-മാനേജിംഗ് കൗൺസിലിന്റെറ യോഗം 2007 നവംബർ 7ാം തീയതി രാവിലെ 10.30ന് ബൈബിൾ സൊസൈറ്റി ചെയർമാൻ ആർച്ച്ബിഷപ്പ് സൂസൈപാക്യം പിതാവിൻെറ അദ്ധ്യക്ഷതയിൽ ചേർന്നു. സി. ആഗ്നസ് ജോർജ്ജ് നയിച്ച പ്രാർത്ഥനയോടെ യോഗം ആരംഭിച്ചു. സൊസൈറ്റി വൈസ് ചെയർമാൻ ശ്രീ ജോൺസൺ കാഞ്ഞിരിത്തിങ്കൽ യോഗത്തിൽ പങ്കെടുത്ത എല്ലാവർക്കും സ്വാഗതം ആശംസിച്ചു.

അഭിവന്ദ്യപിതാവ് അദ്ധ്യക്ഷ പ്രസംഗത്തിൽ, കേരളസഭ വചന വർഷമായി ആചരിക്കുന്ന ഈ കാലയളവിൽ വചനത്തിന്റെ ആവശ്യകതയെയും അത് എങ്ങനെ യാഥാർത്ഥ്യമാക്കാൻ സാധിക്കുമെന്നും വചനത്തിൻെറ ചൈതന്യം നമ്മുടെ ഉള്ളിലേക്ക് കടക്കുവാൻ ശ്രമിക്കണമെന്നും പറയുകയുണ്ടായി. വചനം അറിവ് പകർന്നാൽ മാത്രം പോരാ, അത് അനുഭവമായിത്തീരണം. വചനവർഷം ജീവനുള്ളതാക്കാൻ ശ്രമിക്കണം. സഭയുടെ നിർമ്മിതിയിൽ വചനം എങ്ങിനെ സ്വാധീനിക്കുന്നുവെന്നും പരസ്പരം പങ്കവച്ച് സ്നേഹകൂട്ടായ്മയിൽ വളരുവാൻ ശ്രമിക്കാം എന്നും പിതാവ് അഭിപ്രായപ്പെട്ടു. വചനവർഷ പരിപാടികൾ നടപ്പിലാക്കുന്നതിനെപ്പറ്റിയും വചനം ഭവനങ്ങളിലും ചെറിയ സമൂഹങ്ങളിലും കുടുംബക്കൂട്ടായ്മയിലും പങ്കുവയ്ക്കുന്നതിനെപ്പറ്റിയും പിതാവ് ഓർമ്മിപ്പിച്ചു. ബൈബിൾ ഇല്ലാത്ത ഒരു ഭവനം പോലും ഉണ്ടാകുവാൻ പാടില്ല. എന്ന അവസ്ഥയിലേക്ക് വരണമെന്നും വചനപാരായണശീലം കുട്ടികളിൽ വളർത്തുവാൻ ശ്രമിക്കുകയും ഓരോ കുട്ടിക്കും ഓരോ ബൈബിൾ ഉണ്ടായിരിക്കണമെന്നും വായിക്കുന്ന വചനം വായനയിൽ ഒതുങ്ങാതെ 2 പേരോടെങ്കിലും പറയാൻ കഴിയണം എന്നു പിതാവ് അഭിപ്രായപ്പെട്ടു. വചനംകൊണ്ട് വിശുദ്ധീകരിക്കുന്ന നാളുകളാകട്ടെ എന്ന ആശംസയോടെ പിതാവ് തന്റെ അദ്ധ്യക്ഷപ്രസംഗം അവസാനിപ്പിച്ചു.

സൊസൈറ്റി സെക്രട്ടറി ഡോ. സൈറസ് വേലംപറമ്പിൽ ആഗസ്റ്റ് 11-ന് നടന്ന എക്സിക്യൂട്ടിവ് മാനേജിംഗ് കൗൺസിൽ റിപ്പോർട്ട് അവതരിപ്പിച്ചു. യോഗം അത് പാസാക്കി.

റിപ്പോർട്ടിനുശേഷം വചനവർഷാചരണത്തെക്കുറിച്ചും അതിന്റെ മറ്റു കർമ്മ പദ്ധതികളെക്കുറിച്ചും, അച്ചടി വിതരണം എന്നിവയെക്കുറിച്ചും ചർച്ചകൾ നടന്നു. ചർച്ചകൾക്കുശേഷം താഴെ പറയുന്ന തീരുമാനങ്ങൾ എടുത്തു.

1. ബൈബിൾ വർഷാചരണത്തോടനുബന്ധിച്ച് എല്ലാ പള്ളികളിലും സ്ഥാപനങ്ങളിലും വീടുകളിലും ബൈബിൾ പ്രതിഷ്ഠ നടത്തുക.
2. ദൈവവചന വർഷാചരണ പ്രാർത്ഥന വചനവർഷ ഫ്ളാഗ്, വചനവായന കലണ്ടർ, പോസ്റ്റർ, ഇന്റർനെറ്റ് ബൈബിൾ സി.ഡി., പരിഷ്ക്കരിച്ച പുതിയ നിയമത്തിന്റെ പതിപ്പ് എന്നിവ തയ്യാറാക്കുന്നതിനെക്കുറിച്ച് തീരുമാനിച്ചു.
3. ദൈവവചനം തെറ്റിദ്ധരിക്കപ്പെടുന്ന വേദികളിൽ പ്രത്യേക വിഷയങ്ങൾ തയ്യാറാക്കി അച്ചടിപ്പിക്കുവാൻ തീരുമാനിച്ചു.
4. ദൈവവചന വർഷ പദ്ധതികളെക്കുറിച്ച് അറിയിക്കുന്നതിന് ബ്രോഷർ അച്ചടിപ്പിക്കുവാൻ തീരുമാനിച്ചു.
5. ലോഗോസ് ക്വിസ് വിജയികൾക്ക് ബൈബിൾ വർഷത്തിൽ സമ്മാനമായി മെമന്റോ നൽകുക.

ചർച്ചകൾക്കുശേഷം ദൈവവചന വർഷാചരണത്തോടനുബന്ധിച്ച് കെ.സി.ബി.സി. ബൈബിൾ കമ്മീഷൻ തയ്യാറാക്കിയ ലോഗോയുടെ പ്രകാശനം ആർച്ച് ബിഷപ്പ് സൂസൈപാക്യം ശ്രീ ജോൺസൺ കാഞ്ഞിരത്തിങ്കലിന് നൽകിക്കൊണ്ട് പ്രകാശനം നടത്തി.

ശ്രീ സാബു ജോസ് യോഗത്തിൽ പങ്കെടുത്ത എല്ലാവർക്കും നന്ദി പറഞ്ഞു. 1.00 മണിക്ക് പ്രാർത്ഥനയോടെ യോഗം അവസാനിച്ചു.

## പൊതുസമ്മേളനം : ലോഗോസ് ക്വിസ് സമ്മാനദാനം

കേരള കാത്തലിക് ബൈബിൾ സൊസൈറ്റിയുടെ ആഭിമുഖ്യത്തിൽ ഒരു പൊതുസമ്മേളനം ലോഗോസ് ക്വിസ് സമ്മാനദാനത്തിനായിട്ടും അനുദിന ബൈബിൾ വാ

യന കലണ്ടറിന്റെ പ്രകാശത്തിനായിട്ടും 2007 നവംബർ 25-ന് ഞായറാഴ്ച വൈകുന്നേരം 5.00 മണിക്ക് പി.ഒ.സി. ഓഡിറ്റോറിയത്തിൽ കൂടുകയുണ്ടായി. ഈ പൊതുസമ്മേളനം കോട്ടപ്പുറം രൂപതാദ്ധ്യക്ഷൻ റൈറ്റ് റവ. ഡോ. ഫ്രാൻസീസ് കല്ലറക്കൽ ഉദ്ഘാടനം ചെയ്തു. റവ.ഡോ. സഖറിയാസ് പറനിലം, റവ.ഡോ. ജോസ് പുതിയേടത്ത്, റവ. ഫാ. പോൾ കരിയാറ്റി എന്നിവർ ആശംസകൾ നേർന്നുകൊണ്ട് സംസാരിച്ചു. ലോഗോസ് ക്വിസ് 2007-നെപ്പറ്റി റവ. ഡോ. സൈറസ് വേലംപറമ്പിൽ അവലോകനം നടത്തി. ഈ സമ്മേളനത്തിൽവച്ച് ലോഗോസ് സമ്മാനങ്ങളും ഏറ്റവും കൂടുതൽ ആളുകളെ പങ്കെടുപ്പിച്ച 6 രൂപതകൾക്കും 3 ഇടവകകൾക്കുമുള്ള സമ്മാനങ്ങളും വിതരണം ചെയ്തു. ബൈബിൾ സൊസൈറ്റി തയ്യാറാക്കിയ അനുദിന ബൈബിൾ വായന കലണ്ടറിന്റെ പ്രകാശനം സൗത്ത് ഇന്ത്യൻ ബാങ്ക് ചെർമാൻ ശ്രീ അലക്സ് മാത്യുവിന് നൽകിക്കൊണ്ട് ബിഷപ്പ് ഫ്രാൻസീസ് കല്ലറക്കൽ നിർവ്വഹിക്കുകയുണ്ടായി.

# വളർച്ചയുടെ പാതയിൽ

## ബൈബിൾ വിതരണം

നടപ്പു സാമ്പത്തിക വർഷം സമ്പൂർണ്ണ ബൈബിൾ 97491 എണ്ണവും പുതിയ നിയമം ബൈബിളുകൾ 94194 എണ്ണവും പി.ഒ.സി. നിന്നും വിതരണം ചെയ്തു. 85/- രൂപ നിലയുള്ള സമ്പൂർണ്ണ ബൈബിൾ 60/- രൂപ, 50/- രൂപ സബ്സിഡി നിരക്കിലും 25/- രൂപ വിലയുള്ള പോക്കറ്റ് ബൈബിൾ 20/- രൂപ നിരക്കിലും നൽകുവാനായി ആകെ 6,65,279/- രൂപ ചെലവഴിച്ചു. കൂടാതെ 500/- രൂപയ്ക്ക് 2 സമ്പൂർണ്ണ ബൈബിൾ എന്ന അനുപാതത്തിൽ ഈ വർഷം പുതിയതായി മെമ്പർഷിപ്പ് എടുത്തവർക്ക് സമ്മാനബൈബിൾ നൽകുവാനായി 94260/- രൂപ ചെലവഴിച്ചു. 2008 മാർച്ച് 31-ന്

**അംഗത്വനില**

| അംഗത്വം | പുതുക്കിയ നിരക്ക് | 11-12-90 മുതൽ 31-3-07 വരെ | 1-4-07 മുതൽ 31-3-08 വരെ | ആകെ |
|---|---|---|---|---|
| **ഓർഡിനറി** | 500 | 5557 | 214 | 5771 |
| **സ്പെഷ്യൽ** | 1000 | 572 | 47 | 619 |
| **ലൈഫ്** | 2000 | 2060 | 41 | 2101 |
| **സ്പെഷ്യൽ ലൈഫ്** | 10000 | 129 | 3 | 132 |
| **സ്പോൺസർ ലൈഫ്** | 20000 | 44 | 1 | 45 |
| **ഇൻസ്റ്റിറ്റ്യൂഷൻ** | 20000 | 161 | 1 | 162 |
| **പാരിഷ് ഓർഡിനറി** | 5000 | 171 | – | 171 |
| **പാരിഷ് ലൈഫ്** | 20000 | 23 | – | 23 |
| **ആകെ** | | 8717 | 307 | 9024 |

നടപ്പ് വർഷം ഏറ്റവും കൂടുതൽ അംഗങ്ങളെ ചേർപ്പിച്ച് ബിഷപ്പ്
മാർ ജോസഫ് പള്ളിയ്ക്കാപറമ്പിൽ അവാർഡിന് എറണാകുളം രൂപത അർഹമായി

സൊസൈറ്റിയുടെ ആസ്തി 1,61,16619/- രൂപയാണ്.

31-3-2008-ൽ സൊസൈറ്റിയുടെ അംഗത്വനില താഴെ കൊടുത്തിരിക്കുന്ന പ്രകാരമാണ്. ജീവിതത്തിന്റെ വിവിധ മണ്ഡലങ്ങളിൽ പ്രവർത്തിക്കുന്നവരെ കർത്താവ് ഈ ഗണത്തിൽ പ്രതിദിനം ചേർത്തു കൊണ്ടിരിക്കുന്നു. 500/- രൂപയക്ക് 2 ബൈബിൾ എന്ന അനുപാതത്തിൽ കഴിഞ്ഞ വർഷം പുതിയ അംഗത്വമെടുത്തവർക്ക് ബൈബിൾ സൗജന്യമായി നൽകിയിരുന്നു.

## ദൈവവചനവർഷാചരണം

കെ.സി.ബി.സി. ബൈബിൾ കമ്മീഷന്റെയും കേരള കാത്തലിക് ബൈബിൾ സൊസൈറ്റിയുടെയും നിർദ്ദേശം കൂടി കണക്കിലെടുത്ത് 2007 ജൂൺ 6,7 തീയതികളിൽ പാലാരിവട്ടം പി.ഒ.സി.യിൽ കൂടിയ കെ.സി.ബ.സി. സമ്മേളനം 2008 ദൈവവചനവർഷമായി പ്രഖ്യാപിച്ചു. 2007 ഡിസംബർ 25-ന് ആരംഭിച്ച് 2008 ഡിസംബർ 25-ന് അവസാനിക്കുന്ന വചനവർഷത്തിൽ കുടുംബം, ഇടവക, രൂപത സംസ്ഥാനതലങ്ങളിൽ നടപ്പിലാക്കുന്ന കർമ്മപദ്ധതികളിലെല്ലാം കേരള കാത്തലിക് ബൈബിൾ സൊസൈറ്റിയുടെ സഹകരണമുണ്ട്. പാലാരിവട്ടം പി.ഒ.സി.യിൽ ചേർന്ന കേരളത്തിലെ 29 രൂപതകളുടെയും ബൈബിൾ അപ്പോസ്തലേറ്റ് ഡയറക്ടർമാരുടെയും കേരള കാത്തലിക് ബൈബിൾ സൊസൈറ്റി എക്സിക്യൂട്ടീവ് മാനേജിംഗ് കൗൺസിൽ അംഗങ്ങളുടെയും യോഗത്തിൽ ദൈവവചനവർഷം 2008-ന്റെ ലോഗോ ബൈബിൾ കമ്മീഷന്റെയും സൊസൈറ്റിയുടെയും ചെയർമാൻ ആർച്ച് ബിഷപ്പ് ഡോ. എം.സൂസൈപാക്യം വൈസ് ചെയർമാൻ ജോൺസൺ കാഞ്ഞിരത്തിങ്കലിന് നൽകി പ്രകാശനം ചെയ്തു. ഈ വചനവർഷാചരണം വഴി വചനത്തെ അതർഹിക്കുന്ന കേന്ദ്രസ്ഥാനത്ത് പ്രതിഷ്ഠിക്കുവാനും വചനം നൽകുന്ന വെളിച്ചത്തിൽ എല്ലാറ്റിനേയും നോക്കിക്കാണുവാനും കഴിയണമെന്ന് തദവസരത്തിൽ ആർച്ച് ബിഷപ്പ് ഡോ. സൂസൈപാക്യം ആഹ്വാനം ചെയ്തു.

ദൈവവചനം ജീവന്റെ നിറവിന് എന്ന ആപ്തവാക്യത്തോടുകൂടി തയ്യാറാക്കിയ ലോഗോ ആലേഖനം ചെയ്ത വചനവർഷ ഫ്ളാഗ് ഒരു വർഷം മുഴുവൻ കേരളത്തിലെ എല്ലാ ദേവാലയങ്ങളിലും വിശുദ്ധവേദിയിൽ ഉത്ഘാടനദിവസം മുതൽ പ്രതിഷ്ഠിക്കുന്നതിനായി രൂപതാ ബൈബിൾ അഗപ്പാസ്തലേറ്റ് ഡയറക്ടർമാർ വഴി വിതരണം ചെയ്തു. എല്ലാ ദേവാലയങ്ങളിലും ഭവനങ്ങളിലും ചൊല്ലുന്നതിനുള്ള പ്രാർത്ഥന, കൂടാതെ വചനവായന കലണ്ടർ (4 തരം) പ്രഭാഷണ സഹായി, സ്റ്റിക്കർ, പോസ്റ്റർ, സ്റ്റാമ്പ്, പോസ്റ്റ് കാർഡ്, തിരി, ബൈബിൾ കവർ, പഠന ലഘുലേഖകൾ തുടങ്ങിയവ വചനവർഷ വിഭവങ്ങളായി തയ്യാറാക്കി വിതരണം ചെയ്തുവരുന്നു. ദൈവവചനവർഷത്തിലെ വിവിധങ്ങളായ മറ്റു പദ്ധതികൾ ഏറ്റവും ജനപ്രീതി പിടിച്ചു പറ്റിയ പദ്ധതിയാണ് കേരളത്തിലെ എല്ലാ ഭവനങ്ങളിലുംഒരു സമ്പൂർണ്ണ ബൈബിൾ ഉണ്ടെന്ന് ഉറപ്പുവരുത്തുന്ന 'ഓരോ ഭവനത്തിനും ഒരു ബൈബിൾ' എന്ന പദ്ധതി. ഇതനുസരിച്ച് 25 ലക്ഷം രൂപ മുടക്കി 70000 ബൈബിളുകൾ 50 രൂപയ്ക്ക് രൂപതാ ബൈബിൾ അപ്പോസ്തലേറ്റ് ഡയറക്ടർമാർ വഴി കേരളത്തിലെ 29 രൂപതകളിലും വിതരണം ചെയ്യും. ബൈബിൾ വിതരണം, ലോഗോസ് ക്വിസ്, ബൈബിൾ ഞായർ, ബൈബിൾ വാരാചരണം, ബൈബിൾ കലോത്സവം തുടങ്ങി നിരവധി പരിപാടികളും ആവിഷ്ക്കരിച്ചിട്ടുണ്ട്. രൂപതാ-ഇടവക-വ്യക്തിതലങ്ങളിൽ വചനത്തിന് പ്രാമുഖ്യം നൽകുന്ന വിവിധ പദ്ധതികളും തയ്യാറാക്കി നടപ്പിലാക്കുന്നു.

## ലോഗോസ് ക്വിസ് 2007

കേരള കാത്തലിക് ബൈബിൾ സൊസൈറ്റിയുടെ നേതൃത്വത്തിൽ നടത്തിവരുന്ന ലോഗോസ് ക്വിസ് 2007 ഈ വർഷവും വളരെ വിജയകരമായി നടത്തപ്പെട്ടു. കേരളത്തിലെ 27 രൂപതകളും മഹാരാഷ്ട്രയിലെ കല്യാൺരൂപതയും ഉൾപ്പെടെ 28 രൂപതകളിൽ നിന്നും ആകെ 356075 പേർ രജിസ്റ്റർ ചെയ്യുകയുണ്ടായി. വി.യോഹന്നാൻ എഴുതിയ സുവിശേഷം തിമോത്തിയോസിനെഴുതിയ ഒന്നും രണ്ടും ലേഖനങ്ങളും ആയിരുനു പഠനഭാഗങ്ങൾ. രജിസ്റ്റർ ചെയ്ത എല്ലാവർക്കും ലഘുപഠനത്തിന്റെ കോപ്പികൾ സൗജന്യമായി നൽകി. രൂപതാതലത്തിൽ ഒക്ടോബർ 14-ാം തീയതിയും സംസ്ഥാനതലത്തിൽ നവംബർ 25-ാം തീയതിയും പരീക്ഷകൾ നടത്തി. വിവിധ തലങ്ങളിൽ വിജയികളായവർക്ക് ക്യാഷ് അവാർഡുകൾ, സ്വർണ്ണ മെഡലുകൾ, വെള്ളി മെഡലുകൾ, സർട്ടിഫിക്കറ്റുകൾ, പുസ്തകങ്ങൾ എന്നിവ വിതരണം ചെയ്തു.

## സംസ്ഥാനതലത്തിൽ രൂപതകൾക്കും ഇടവകകൾക്കുമുള്ള സമ്മാനങ്ങൾക്ക് അർഹരായവർ

**1. ഏറ്റവും കൂടുതൽ അംഗങ്ങളെ ചേർത്ത രൂപതകൾ**

1. എറണാകുളം അതിരൂപത - 51066
2. തൃശൂർ അതിരൂപത - 34500
3. പാലാ രൂപത - 30120

**2. അംഗസംഖ്യക്ക് ആനുപാതികമായി ഏറ്റവും കൂടുതൽ ആളുകളെ ചേർത്ത രൂപതകൾ**

1. പാലക്കാട് രൂപത
2. കണ്ണൂർ രൂപത
3. ഇരിങ്ങാലക്കുട രൂപത

**3. ഏറ്റവും കൂടുതൽ അംഗങ്ങളെ ചേർത്ത ഇടവകകൾ**

1. സെന്റ് ജോർജ്ജ് ഫൊറോന പള്ളി - അങ്കമാലി
2. സെന്റ് മേരീസ് ഫൊറോന പള്ളി - തൃപ്പൂണിത്തുറ
3. സെന്റ് ജോസഫ്സ് ചർച്ച്, പാവർട്ടി - തൃശ്ശൂർ

ലോലോസ് ക്വിസിന്റെ വിജയത്തിനായി യത്നിക്കുന്ന ബൈബിൾ സൊസൈറ്റി എക്സിക്യൂട്ടിവ് - മാനേജിംഗ് കൗൺസിൽ ഭാരവാഹികൾ, രൂപതാ കോ-ഓഡിനേറ്റർമാരായ ബഹു. ഡയറക്ടർമാർ, ബഹു. ഇടവക വികാരിമാർ, ബഹു. സിസ്റ്റേഴ്സ്, ടീം ലീഡേഴ്സ് മതാദ്ധ്യാപകർ, വിവിധ സംഘടനാ ഭാരവാഹികൾ അത്മായ സഹോദരങ്ങൾ എന്നിവരെ നന്ദിയോടെ സ്മരിക്കുന്നു.

## പാലയ്ക്കൽ തോമാമല്പാൻ എൻഡോവ്മെന്റ്

കേരള കാത്തലിക് ബൈബിൾ സൊസൈറ്റിയുടെ 2006- 2007-ലെ ജനറൽബോഡി യോഗത്തിൽ പാലയ്ക്കൽ കുടുംബയോഗം നൽകിയ 1,25,000/- രൂപ ഉപയോഗിച്ച് പാലയ്ക്കൽ തോമാ മല്പാൻ എൻഡോവ്മെന്റ് ഏർപ്പെടുത്തി. ലോഗോസ് ക്വിസിന് 5 പ്രായവിഭാഗങ്ങളിൽ നിന്നുമായി ഏറ്റവും കൂടുതൽ മാർക്ക് വാങ്ങുന്ന ഒരു ജേതാവിന് പാലയ്ക്കൽ തോമാ മല്പാന്റെ ഓർമ്മ നിലനിർത്തുന്നതിനായി 10000/- രൂപയുടെ

പാലയ്ക്കൽ തോമാ മല്പാൻ മെമ്മോറിയൽ ക്യാഷ് അവാർഡും ആ വ്യക്തിയുടെ രൂപതയ്ക്ക് പാലയ്ക്കൽ തോമാ മല്പാൻ എവർ റോളിംഗ് ട്രോഫിയും ഇനിയുള്ള വർഷങ്ങളിൽ സൊസൈറ്റി നൽകുന്നതാണ്. ഈ എൻഡോവ്മെന്റ് ഏർപ്പെടുത്തുന്നതിന് സഹായിച്ച പാലയ്ക്കൽ കുടുംബാഗങ്ങൾക്ക് നന്ദിയും പ്രാർത്ഥനയും.

ഇതുപ്രകാരം 2007-ലെ ലോഗോസ് പരീക്ഷയിൽ 3,56,000/- പേരിൽ നിന്ന് ഏറ്റവും കൂടുതൽ മാർക്ക് നേടി സംസ്ഥാന തലത്തിൽ ലോഗോസ് പ്രതിഭ എന്ന സ്ഥാനം കരസ്ഥമാക്കിയ ഡി പ്രായവിഭാഗത്തിലെ ലീനാ മാത്യു പുത്തേത്തുകുന്നേൽ ക്യാഷ് അവാർഡിനും, എറണാകുളം അതിരൂപതാ എവർറോളിംഗ് ട്രോഫിക്കും അർഹമായി.

## ലോഗോസ് ക്വിസ് 2008

9-ാമത് അഖില കേരള ലോഗോസ് ക്വിസ് മത്സപരീക്ഷയ്ക്കായി നിശ്ചയിച്ചിരിക്കുന്ന പാഠഭാഗങ്ങൾ ഉൽപ്പത്തി 1-26 വരെ അദ്ധ്യായങ്ങളും എഫേസോസുകാർക്ക് എഴുതിയ ലേഖനവുമാണ്. ഈ വർഷത്തെ രൂപതാതല  പരീക്ഷ ഒക്ടോബർ 5-ാം തീയതിയും സംസ്ഥാനതല പരീക്ഷ നവംബർ 23-ാം തീയതിയും ആയിരിക്കും. ഈ വചനവർഷത്തിൽ എല്ലായിടത്തും സജീവമായ ബൈബിൾ പഠനമുന്നേറ്റം ദൃശ്യമാണ്.

## സൊസൈറ്റി പ്രസിദ്ധീകരണങ്ങൾ

ബൈബിൾ പ്രചാരണത്തിന്റെ ഭാഗമായി ബൈബിൾ സൊസൈറ്റി പുതിയ നിയമം, വലിയ അക്ഷരത്തിലുള്ള പുതിയ നിയമം എന്നിവ അച്ചടിപ്പിച്ച് വിതരണം ചെയ്യുന്നു. സൊസൈറ്റിയുടെ മറ്റു പ്രസിദ്ധീകരണങ്ങളാണ് അനുദിന ബൈബിൾ വായനാ കലണ്ടർ, ലോഗോസ് സഹായി, ബൈബിൾ കൂട്ടുകാർ, പഴയനിയമത്തിന് ആമുഖം, പാലസ്തീനയുടെ മാപ്പ്, ഗലീലി അത്ഭുതങ്ങൾ, മർക്കോസിന്റെ സുവിശേഷം - ഒരു വ്യാഖ്യാനം, നമ്മുടെ മാർപാപ്പമാർ എന്നിവ. യേശുക്രിസ്തു എന്ന പുസ്തകം സൊസൈറ്റി അംഗങ്ങൾക്കെല്ലാവർക്കും സൗജന്യമായി അച്ചടിച്ച് വിതരണം ചെയ്യുകയും ലോഗോസ് ക്വിസിന് രൂപതാതല സമ്മാനമായി നൽകുകയും ചെയ്തു.

## ബൈബിൾ വായനാ കലണ്ടർ

സൊസൈറ്റി കഴിഞ്ഞ 6 വർഷങ്ങളിലായി പ്രസിദ്ധീകരിച്ച ബൈബിൾ കലണ്ടർ 2007-ലും പ്രസിദ്ധീകരിച്ചു. 2007 നവംബർ 25-ന് ലോഗോസ് ക്വിസ് സമ്മാനദാന വേദിയിൽവച്ച് സൗത്ത് ഇന്ത്യൻ ബാങ്ക് ജനറൽ മാനേജർ ശ്രീ അലക്സ് മാത്യുവിന് കലണ്ടറിന്റെ ആദ്യ കോപ്പി നൽകികൊണ്ട് കോട്ടപ്പുറം ബിഷപ്പ് റൈറ്റ് റവ. ഡോ. ഫ്രാൻസീസ് കല്ലറക്കൽ പിതാവ് പ്രകാശനം നടത്തി.

ഇടവകകളിലും കുടുംബങ്ങളിലും വ്യക്തി ജീവിതത്തിലും ബൈബിൾ വായനയ്ക്ക് ഈ കലണ്ടറിൽ നൽകിയിരിക്കുന്ന ബൈബിൾ ഭാഗങ്ങൾ ഉപയോഗിക്കാവുന്നവയാണ്. മൾട്ടി കളർ ചിത്രങ്ങളോടുകൂടി 6 പേജുകളിലായി ആർട്ട് പേപ്പറിൽ 28000 കലണ്ടറുകൾ അച്ചടിപ്പിച്ചു. ഈ കലണ്ടറുകൾ അച്ചടിപ്പിക്കുന്നതിന് സഹായ സഹകരണങ്ങൾ ചെയ്ത സൗത്ത് ഇന്ത്യൻ ബാങ്ക് അധികാരികളെ നന്ദിയോടെ സ്മരിക്കുന്നു.

## വചനവർഷ പ്രസിദ്ധീകരണങ്ങൾ

ദൈവവചനവർഷാചരണം പ്രമാണിച്ച് ദൈവവചനം പഠിക്കുന്നതിനായി കേരള കാത്തലിക് ബൈബിൾ സൊസൈറ്റി പ്രസിദ്ധീകരിച്ച വചനവർഷ പഠനലഘുലേഖകളുടെ സീരീസിലെ ആദ്യപുസ്തകമാണ് ദൈവവചനപ്രഭാഷണ സഹായി. പള്ളികളിലും ബി.സി.സി.കളിലും കുടുംബകൂട്ടായ്മകളിലുമെല്ലാം ഇത് വളരെ പ്രയോജനപ്പെടുത്തുന്നു. ദൈവവചനം, യേശു ഏകരക്ഷകൻ, ദൈവവചനം ദൈനംദിനജീവിതത്തിൽ,

ഞായറാഴ്ചയാചരണം, ശിശുസ്നാനം, മരിച്ചവർക്കുവേണ്ടിയുള്ള പ്രാർത്ഥന, മാതാവിനോടുള്ള വണക്കം എന്നീ വിഷയങ്ങൾ ഈ പുസ്തകത്തിൽ ഉണ്ട്.

ബൈബിൾ സൊസൈറ്റി പ്രസിദ്ധീകരിച്ച വചനവർഷ പഠനലഘുലേഖകളുടെ സീരിസിലെ രണ്ടാമത്തെ പുസ്തകമാണ് ഡോ. സൈറസ് വേലംപറമ്പിൽ തയ്യാറാക്കിയ ദൈവവചനം ദൈവദാനം. വി. ഗ്രന്ഥത്തിലെ പുസ്തകങ്ങളെയും അതിലെ സന്ദേശങ്ങളെയും പരിചയപ്പെടുത്തുന്ന ഈ ലഘുപുസ്തകം വചനം അനുസരിച്ച് അനുദിന ജീവിതം നയിക്കുന്നതിന് സഹായകമായി മാർഗ്ഗനിർദ്ദേശങ്ങളും നൽകുന്നുണ്ട്.

വചനവർഷാചരണത്തിന്റെ ഭാഗമായി പള്ളികളിലും സ്ഥാപനങ്ങളിലും ഉപയോഗിക്കുന്നതിനായി വചനവർഷ ഫ്ളാഗ് അച്ചടിച്ച് വിതരണം ചെയ്തു. വീടുകളിലും വാഹനങ്ങളിലും ഉപയോഗിക്കുന്നതിനുള്ള സ്റ്റിക്കർ, വചനവർഷ സ്റ്റാമ്പ്, വചനവർഷതിരി, വചനവർഷ പോസ്റ്റ് കാർഡ്, എല്ലാ ഭവനങ്ങളിലും സ്ഥാപനങ്ങളിലും ചൊല്ലുന്നതിനായുള്ള വചനവർഷ പ്രാർത്ഥന, ബൈബിൾ കവർ എന്നിവയും അച്ചടിച്ച് വിതരണം ചെയ്തുകൊണ്ടിരിക്കുന്നു.

വചനവർഷത്തോടനുബന്ധിച്ച് 4 തരത്തിൽ ബൈബിൾ വായിക്കുവാൻ സഹായകരമായ രീതിയിൽ അനുദിന ബൈബിൾ വായനാ കലണ്ടറും പ്രസിദ്ധീകരിച്ചിട്ടുണ്ട്.

## ജറുസലേം തീർത്ഥാടനം

ബൈബിൾ നാടുകൾ സന്ദർശിക്കുന്നതിനായി 3 വർഷമായി ബൈബിൾ സൊസൈറ്റി നടത്തിക്കൊണ്ടിരിക്കുന്ന പദ്ധതിയാണ് ജറുസലേം തീർത്ഥാടനം. ബൈബിളിലെ പുണ്യസ്ഥലങ്ങളായ ജറുസലേം, ബത്ലെഹം, നസ്രത്ത്, കാന, ഗലീലി, താബോർ, ജെറീക്കോ, സീനായ്മല തുടങ്ങിയവ സന്ദർശിച്ച് പ്രാർത്ഥിക്കുന്നതിന് ബഇതുവഴി സുവർണാവസരം ലഭിക്കുന്നു. 10 ദിവസത്തെ പാക്കേജിൽ ഇസ്രായേൽ, ഈജിപ്റ്റ്, ജോർദാൻ എന്നീരാജ്യങ്ങൾ സന്ദർശിക്കുന്നു. കഴിഞ്ഞ വർഷങ്ങളിൽ 7 തവണകളിലായി സൊസൈറ്റി സംഘടിപ്പിച്ച ഈ തീർത്ഥാടന പാക്കേജിൽ ആകെ 453 പേർ പങ്കെടുക്കുകയുണ്ടായി.

## നന്ദി

തന്റെ സഹായ ഹസ്തങ്ങൾ നീട്ടി സൊസൈറ്റിയുടെ എല്ലാ പ്രവർത്തനങ്ങളെയും അനുഗ്രഹിക്കുന്ന സർവ്വശക്തനായ ദൈവത്തിന് ആദ്യം നന്ദി പറയുന്നു. സൊസൈറ്റിയുടെ എല്ലാ മീറ്റിംഗുകൾക്കും തിരക്കും ദൂരവും പരിഗണിക്കാതെ സന്നിഹിതനായിക്കൊണ്ട് എല്ലാ നിർദ്ദേശങ്ങളും പ്രോത്സാഹനങ്ങളും നല്കുന്നതിന് സൊസൈറ്റി ചെർമാൻ അഭിവന്ദ്യ സൂസൈപാക്യം പിതാവിന് സ്നേഹപൂർവ്വം നന്ദി പറയുന്നു. സൊസൈറ്റിയുടെ എല്ലാ മീറ്റിംഗുകൾക്കും തിരക്കും ദൂരവും പരിഗണിക്കാതെ സന്നിഹിതനായിക്കൊണ്ട് എല്ലാ നിർദ്ദേശങ്ങളും പ്രോത്സാഹനങ്ങളും നൽകുന്നതിന് സൊസൈറ്റി ചെയർമാൻ അഭിവന്ദ്യ സൂസൈപാക്യം പിതാവിന് സ്നേഹപൂർവ്വം നന്ദി പറയുന്നു. സൊസൈറ്റിയുടെ ലക്ഷ്യങ്ങൾക്കനുസരിച്ചുള്ള പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തു അവ നടപ്പിൽ വരുത്തുവാൻ എല്ലാ സഹായ സഹകരണങ്ങളും നല്കിക്കൊണ്ടിരിക്കുന്ന എക്സിക്യൂട്ടിവ് മാനേജിംഗ് കൗൺസിൽ ഭാരവാഹികളെ നന്ദിയോടെ അനുസ്മരിക്കുന്നു. പ്രത്യേകിച്ച് വൈസ് ചെയർമാൻ ശ്രീ. ജോൺസൺ കാഞ്ഞിരത്തിങ്കൽ, ജോ. സെക്രട്ടറി ശ്രീ. സാബു ജോസ്, ട്രഷറർ സി. ആഗ്നസ് ജോർജ്ജ്, ഓഡിറ്റർ പി.ഒ.സി.യിലെ സ്റ്റാഫ് അംഗങ്ങൾ, ഏകവർഷ ദൈവശാസ്ത്ര വിദ്യാർത്ഥികൾ എന്നിവർക്ക് ഹൃദയംഗമമായ നന്ദി രേഖപ്പെടുത്തുന്നു.

**ഉപസംഹാരം**

ബൈബിൾ സൊസൈറ്റിയുടെ എല്ലാ ഭാവി പ്രവർത്തനങ്ങളെയും ദൈവപരിപാലനയ്ക്ക് സമർപ്പിച്ചുകൊണ്ട് സുവിശേഷ സന്ദേശത്തിന്റെ പ്രഘോഷകരാകാം. പുതിയ കർമ്മപദ്ധതികൾ ആവിഷ്ക്കരിക്കാം. സൊസൈറ്റിയുടെ എല്ലാ പ്രവർത്തനങ്ങൾക്കും എല്ലാവരുടെയും സഹകരണം അഭ്യർത്ഥിച്ചുകൊണ്ട്,

ഈ റിപ്പോർട്ട് സവിനയം സമർപ്പിക്കുന്നു.

**റവ. ഡോ. സൈറസ് വേലംപറമ്പിൽ**
സെക്രട്ടറി

**ബിഷപ്പ് റൈറ്റ് റവ. ഡോ. സൂസൈ പാക്യം**
ചെയർമാൻ

## വാർഷിക പൊതുയോഗ റിപ്പോർട്ട്
## 2007 ആഗസ്റ്റ് 11

കേരള കാത്തലിക് ബൈബിൾ സൊസൈറ്റിയുടെ 16-ാം വാർഷിക പൊതുയോഗം 2007 ആഗസ്റ്റ് 11-ാം തീയതി ഉച്ചകഴിഞ്ഞ് 2.30ന് സൊസൈറ്റി ചെർമാൻ അഭിവന്ദ്യ സൂസൈപാക്യം തിരുമേനിയുടെ അദ്ധ്യക്ഷതയിൽ ചേരുകയുണ്ടായി. സി. ആഗ്നസ് ജോർജ് നയിച്ച പ്രാർത്ഥനയോടെ യോഗം ആരംഭിച്ചു. സൊസൈറ്റി വൈസ് ചെയർമാൻ ശ്രീ അഗസ്റ്റിൻ മാസ്റ്റർ യോഗത്തിലേക്ക് എല്ലാവർക്കും സ്വാഗതം ആശംസിച്ചു. അഭിവന്ദ്യ പിതാവിന്റെ നേതൃത്വത്തിൽ പരേതരായ സൊസൈറ്റി അംഗങ്ങൾക്കുവേണ്ടി പ്രത്യേകം പ്രാർത്ഥന നടത്തി.

എറണാകുളം - അങ്കമാലി അതിരൂപത ഇവാഞ്ചലൈസേഷൻ ഡയറക്ടർ ഫാ. ജോസഫ് താമരവള്ളി ബൈബിൾ സന്ദേശം നൽകുകയുണ്ടായി. ദൈവവചനത്തിനുവേണ്ടി പരക്കം പായുന്ന ഇന്നത്തെ ജനത്തിന് 4 സുവിശേഷങ്ങൾ മാത്രമല്ല 5-ാമത് ഒരു സുവിശേഷം കൂടി നൽകണം. അത് നമ്മുടെതന്നെ ജീവിതമാണെന്നും, ജീവിക്കുന്ന സുവിശേഷമായി നാം മാറണമെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു.

അഭിവന്ദ്യപിതാവ് തന്റെ അദ്ധ്യക്ഷപ്രസംഗത്തിൽ കത്തോലിക്കാസഭ നേരിടുന്ന എല്ലാ പ്രശ്നങ്ങൾക്കും ഒരു പരിഹാരമേയുള്ളൂ - കർത്താവിന്റെ വചനം അനുസരിച്ച് ജീവിക്കുക എന്ന് ഓർമ്മിപ്പിച്ചു. എല്ലാ പ്രശ്നങ്ങൾക്കും കാരണം വചനം നേരായ രീതിയിൽ സ്വീകരിക്കാത്തതുകൊണ്ടാണെന്ന് പിതാവ് വ്യക്തമാക്കി. 2008 ഒക്ടോബറിലെ ബിഷപ്സ് സിനഡ് ദൈവവചനത്തിന് കൊടുക്കുന്ന പ്രാധാന്യം മനസിലാക്കിക്കൊണ്ട് ഈ വചനവർഷം ആചരിക്കുന്നതിന്റെ ആവശ്യകത പിതാവ് ചൂണ്ടിക്കാട്ടി.

സൊസൈറ്റി സെക്രട്ടറി റവ. ഡോ. സൈറസ് വേലംപറമ്പിൽ പൊതുയോഗ റിപ്പോർട്ടും വാർഷികറിപ്പോർട്ടും അവതരിപ്പിച്ചു. യോഗം അത് പാസാക്കി.

ബൈബിൾ സൊസൈറ്റിയിലേക്ക് ഏറ്റവും കൂടുതൽ തുക മെമ്പർഷിപ്പ് ഇനത്തിൽ സ്വരൂപിക്കുന്ന രൂപതയ്ക്ക് കൊടുക്കുന്ന ബിഷപ്പ് മാർ ജോസഫ് പള്ളിക്കാപറമ്പിൽ അവാർഡിന് എറണാകുളം അതിരൂപത അർഹമായി.

പാലയ്ക്കൽ തോമാ മല്പാൻ സ്മരണ നിലനിർത്തുന്നതിനുവേണ്ടി പാലയ്ക്കൽ കുടുംബയോഗം ഏർപ്പെടുത്തിയ തോമാ മല്പാൻ എൻഡോവ്മെന്റ് തുകയായി 1,25000/- രൂപയുടെ ചെക്ക് പാലയ്ക്കൽ കുടുംബങ്ങളിൽനിന്നും അഭിവന്ദ്യ പിതാവ് സ്വീകരിച്ചു. ലോലോഗോസ് ക്വിസ് സംസ്ഥാനതല പരീക്ഷയിൽ ഏറ്റവും കൂടുതൽ മാർക്ക് വാങ്ങുന്ന ലോഗോസ് പ്രതിഭയ്ക്ക് 10000/- രൂപ എല്ലാവർഷവും സമ്മാനമായി കൊടുക്കും.

റവ. ഫാ. ജോസഫ് പാലയ്ക്കൽ സി.എം.ഐ. റവ. ഡോ. ജോസ് പുതിയേടത്ത്, പി.ഒ.സി. ഡയറക്ടർ റവ. ഡോ. സ്റ്റീഫൻ ആലത്തറ എന്നിവർ ആശംസകൾ അർപ്പിച്ചു സംസാരിച്ചു.

സൊസൈറ്റിയുടെ ട്രഷറർ സി.ആഗ്നസ് ജോർജ്ജ് അഭ്യർത്ഥിച്ചതനസരിച്ച് ഓഡിറ്റർ പി.സി. വർഗ്ഗീസിനു വേണ്ടി പി.ഒ.സി. അക്കൗണ്ടന്റ് അലോഷ്യസ് എ.ജെ. ഓഡിറ്റ് ചെയ്ത കണക്കുകൾ അവതരിപ്പിച്ചു. യോഗം അത് പാസാക്കി. 2007-2008 വർഷത്തേക്ക് ഓഡിറ്റർ ആയി ശ്രീ. പി.സി. വർഗീസിനെത്തന്നെ വീണ്ടും നിയമിച്ചു.

*തുടർന്ന നടന്ന ചർച്ചയിൽ താഴെ പറയുന്ന തീരുമാനങ്ങൾ എടുത്തു.*

1. സൗജന്യ നിരക്കിൽ ലൈബ്രറികൾക്ക് ബൈബിൾ കൊടുക്കുന്ന മുൻരീതി തുടരുക.
2. പുതിയതായി അംഗത്വം എടുക്കുന്നവർക്ക് 500/- രൂപയ്ക്ക് 2 ബൈബിൾ എന്ന അനുപാതത്തിൽ നൽകുക.
3. വർഷംതോറും അംഗങ്ങൾക്ക് സബ്സിഡി നിരക്കിൽ ബൈബിളും ബൈബിൾ സംബന്ധമായ ഒരു പുസ്തകവും സൊസൈറ്റിയുടെ ബുള്ളറ്റിനും മുൻവർഷങ്ങളിലെപ്പോലെ ലഭ്യമാക്കുക.
4. ബൈബിൾ സൊസൈറ്റിയുടെ ആഭിമുഖ്യത്തിൽ നടത്തുന്ന ലോഗോസ് ക്വിസ്, ജെറുസലേം തീർത്ഥാടനം, ബൈബിൾ കലണ്ടർ എന്നീ പദ്ധതികൾ നടപ്പിലാക്കുക.
5. തോമാ മല്പാൻ എൻഡോവ്മെന്റ് തുകയായ 10000/- രൂപ ലോഗോസ് ക്വിസിന് എല്ലാ വിഭാഗങ്ങളിലും വച്ച് ഏറ്റവും കൂടുതൽ മാർക്ക് വാങ്ങുന വ്യക്തിക്ക് നൽകുക.
6. പ്രസ്തുത വ്യക്തിയുടെ രൂപതയ്ക്ക് തോമാ മല്പാൻ എവർറോളിങ് ട്രോഫിയും നൽകുക.
7. വചനവർഷം പ്രമാണിച്ചുള്ള പദ്ധതികൾ ആസൂത്രണം ചെയ്യുക.

*പിന്നീട് നടന്ന തെരഞ്ഞെടുപ്പിൽ മാനേജിംഗ് കൺസിലിലേക്ക് താഴെ പറയുന്നവർ തിരഞ്ഞെടുക്കപ്പെട്ടു.*

1. ആർബ്ബ്ബിഷപ്പ് റൈറ്റ് റവ. ഡോ. സൂസൈപാക്യം, 2. റവ. ഡോ് സൈറസ് വേലംപറമ്പിൽ, 3. റവ. ഡോ. സ്റ്റീഫൻ ആലത്തറ, 4. സി. ആഗ്നസ് ജോർജ്ജ് സി.ടി.സി., 5. ശ്രീ. ജോൺസൺ കാഞ്ഞിരത്തിങ്കൽ, 6. ശ്രീ. സാബു ജോസ്, 7. റവ. ഫാ. ജോൺ വടക്കേൽ, 8. എം.പി. അഗസ്റ്റിൻ മാസ്റ്റർ, 9. റവ.ഫാ. പയസ് ആറാട്ടുകുളം, 10. ശ്രീ. ജോണി കിഴക്കൂടൻ, 11. ശ്രീ. കെ.പി. പൈലി, 12. ശ്രീ. ജോർജ്ജ് ചിറമ്മേൽ, 13. ശ്രീ. പൗലോസ് എൽ. പള്ളത്ത്, 14. ശ്രീ. പി.വി. സെബാസ്ററിൻ, 15. ശ്രീ. കുര്യപ്പൻ പി.സി., 16. ശ്രീ. കെ.ജെ. ചാണ്ടി, 18. സി. മേഴ്സി പാറേക്കാട്ടിൽ,

19. ശ്രീമതി മേഴ്സി വിൻസെൻറ്, 20. ശ്രീ. ഇ.എഫ്. ഫ്രാൻസിസ്, 21. ശ്രീ. ജോസഫ് തോമസ്, 22. ശ്രീമതി ഗ്രേസി റാഫേൽ, 23. പ്രൊഫ. കെ.പി. ഫിലോമിന, 24. ശ്രീ.പി.ജി. ജോസഫ്, 25. ശ്രീ. മാത്യു മണക്കാട്ട്, 26. ശ്രീമതി എൽസി വി.എ., 27. ശ്രീ. ഫ്രാൻസിസ് സേവ്യർ, 28. ശ്രീ. ജോർജ്ജ് ജോസ്, 29. ശ്രീ. കെ.പി. ജോസഫ്, 30. ശ്രീമതി എം.സി. ഏലിക്കുട്ടി, 31. റവ.ഫാ. ഷാജൻ തേർമഠം, 32. റവ.ഫാ. സ്റ്റാൻലി മാതിരപ്പിള്ളി, 33. റവ.ഫാ. ജോസഫ് പുതുകുളങ്ങര, 34. അഡ്വ. റോയി ചാക്കോ.

സൊസൈറ്റി നിയമാവലിയനുസരിച്ച് ഉടനെതന്നെ പുതിയതായി തിരഞ്ഞെടുക്കപ്പെട്ട എക്സിക്യൂട്ടീവ് കമ്മിറ്റി കൂടി ശ്രീ ജോൺസൺ കാഞ്ഞിരത്തിങ്കലിനെ വൈസ് ചെയർമാനായും ശ്രീ. സാബു ജോസിനെ ജോയിൻറ് സെക്രട്ടറിയായും തിരഞ്ഞെടുത്തു.

***താഴെ പറയുന്നവരാണ് എക്സിക്യൂട്ടീവ് കമ്മിറ്റിയംഗങ്ങൾ:***

| | | |
|---|---|---|
| ചെയർമാൻ | : | ആർച്ച്ബിഷപ്പ് ഡോ. സൂസൈപാക്യം |
| വൈസ് ചെയർമാൻ | : | ശ്രീ. ജോൺസൺ കാഞ്ഞിരത്തിങ്കൽ |
| സെക്രട്ടറി | : | റവ.ഡോ. സൈറസ് വേലംപറമ്പിൽ |
| ജോയിൻറ് സെക്രട്ടറി | : | ശ്രീ. സാബു ജോസ് |
| ട്രഷറർ | : | സി. ആഗ്നസ് ജോർജ്ജ് സി.ടി.സി. |
| ഡയറക്ടർ പി.ഒ.സി. | : | റവ.ഡോ. സ്റ്റീഫൻ ആലത്തറ |
| | | ശ്രീ. എം.പി. അഗസ്റ്റിൻ |
| | | സി. മേഴ്സി പാറേക്കാട്ടിൽ |
| | | ശ്രീ. സെബാസ്റ്റിൻ പി.വി. |
| | | ശ്രീമതി ഗ്രേസി റാഫേൽ |
| | | അഡ്വ. റോയ് ചാക്കോ |

ശ്രീ. ജോൺസൺ കാഞ്ഞിരത്തിങ്കൽ യോഗത്തിൽ പങ്കെടുത്ത എല്ലാവർക്കും കൃതജ്ഞതയർപ്പിച്ചു. പാപ്പാമംഗളത്തിനുശേഷം ചായസൽക്കാരത്തോടെ 5.00 മണിക്ക് പൊതുയോഗം അവസാനിച്ചു.



*കേരള കാത്തലിക് ബൈബിൾ സൊസൈറ്റിയുടെ എക്സിക്യൂട്ടീവ് മാനേജിംഗ് കൗൺസിൽ അംഗങ്ങൾ ചെയർമാൻ മാർ ജോർജ്ജ് പുന്നക്കോട്ടിൽ പിതാവിനോടൊപ്പം.*



## നന്ദി

# നന്ദി



കെ.സി.ബി.സി. ബൈബിൾ കമ്മീഷന്റെയും കേരള കാത്തലിക് ബൈബിൾ സൊസൈറ്റിയുടെയും ചെയർമാൻ സ്ഥാനത്തുനിന്ന് 3 വർഷക്കാലത്തെ സ്തുത്യർഹമായ ദൗത്യനിർവ്വഹണത്തിനുശേഷം മാറിയ തിരുവനന്തപുരം അതിരൂപത ആർച്ചുബിഷപ്പ് റൈറ്റ് റവ. ഡോ. സൂസൈപാക്യം പിതാവിന് സൊസൈറ്റി അംഗങ്ങളുടെ കൃതജ്ഞതാനിർഭരമായ കൂപ്പുകൈ. ഞങ്ങളുടെ വിജയാശംസകൾ പ്രാർത്ഥനാപൂർവ്വം നേരുന്നു.

# സ്വാഗതം

കെ.സി.ബി.സി. ബൈബിൾ കമ്മീഷന്റെയും കേരള കാത്തലിക് ബൈബിൾ സൊസൈറ്റിയുടെയും ചെയർമാൻ സ്ഥാനത്തേക്ക് ഒരു ഇടവേളയ്ക്കുശേഷം വീണ്ടും നിയമിതനായ ബിഷപ്പ് മാർ ജോർജ്ജ് പുന്നക്കോട്ടിൽ പിതാവിന് സൊസൈറ്റി അംഗങ്ങളുടെ ഹൃദയംഗമമായ സ്വാഗതം. ഞങ്ങളുടെ പ്രാർത്ഥനകളും വിജയാശംസകളും നേരുന്നു.





*ബൈബിൾ സൊസൈറ്റിയുടെ 2008 -ലെ വാർഷിക പൊതുയോഗം ചെയർമാൻ ബിഷപ്പ് മാർ ജോർജ്ജ് പുന്നക്കോട്ടിൽ ഉത്ഘാടനം ചെയ്യുന്നു. വൈസ് ചെയർമാൻ ബിഷപ്പ് ഗീവർഗ്ഗീസ് മാർ ദിവാന്ന്യാസിയോസ്, സെക്രട്ടറി ഡോ. സൈറസ് വേലംപറമ്പിൽ, ഫാ. ഷാജൻ തേർമഠം, സി. ബോനിഫസ് എഫ്. ഐ.എച്ച്., ശ്രീ. കെ.പി. പൈലി, ശ്രീ ജോൺസൺ കാഞ്ഞിരത്തിങ്കൽ, ശ്രീ. സാബു ജോസ് എന്നിവർ സന്നിഹിതരായിരുന്നു.*




*കേരള കാത്തലിക് ബൈബിൾ സൊസൈറ്റിയുടെ 2007-2008 ലെ വാർഷിക പൊതുയോഗത്തിൽ കരിസ്മാറ്റിക് കമ്മീഷൻ സെക്രട്ടറി ഫാ. ഷാജൻ തേർമഠം പ്രസംഗിക്കുന്നു.*



*കേരള കാത്തലിക് ബൈബിൾ സൊസൈറ്റിയുടെ 2007-2008 വാർഷിക പൊതുയോഗത്തിൽ എഫ്. ഐ. എച്ച്. കോൺഗ്രിഗേഷൻ സുപ്പീരിയർ ജനറൽ സിസ്റ്റർ ബോനിഫസ് ആശംസാപ്രസംഗം നടത്തുന്നു.*



*കെ.സി.ബി.എസിന്റെ എക്സിക്യൂട്ടീവ് മാനേജിംഗ് കൗൺസിൽ അംഗങ്ങൾക്കുവേണ്ടിയും രൂപതാ ബൈബിൾ അപ്പസ്തോലേറ്റ് ഡയറക്ടേഴ്സിനുവേണ്ടിയും കെ.സി.ബി.സി. വൈസ് ചെയർമാൻ ജോഷ്വാ മാർ ഇഗ്നാത്തിയൂസ് പ്രഭാഷണം നല്കിയപ്പോൾ ബിഷപ്പ് മാർ ജോർജ്ജ് പുന്നക്കോട്ടിൽ, ഡോ. സൈറസ് വേലംപറമ്പിൽ, ഡോ. സ്റ്റീഫൻ ആലത്തറ എന്നിവർ വേദിയിൽ.*



*കേരള കാത്തലിക് ബൈബിൾ സൊസൈറ്റി എക്സിക്യൂട്ടീവ് മാനേജിംഗ് കൗൺസിൽ അംഗങ്ങളുടെയും രൂപതാ ബൈബിൾ അപ്പസ്തോലേറ്റ് ഡയറക്ടേഴ്സിന്റെയും സംയുക്തയോഗത്തിൽ ബിഷപ്പ് മാർ ജോർജ്ജ് പുന്നക്കോട്ടിൽ പ്രസംഗിക്കുന്നു.*



*2007–2008 വർഷത്തിൽ ഏറ്റവും കൂടുതൽ തുക സമാഹരിച്ച് ബിഷപ്പ് മാർ ജോസഫ് പള്ളിക്കാപറമ്പിൽ അവാർഡിന് അർഹമായ എറണാകുളം അതിരൂപതയ്ക്കുവേണ്ടി ബൈബിൾ അപ്പോസ്തലേറ്റ് ഡയറക്ടർ ഡോ. ജോസഫ് പുതിയേടത്ത്, ബൈബിൾ കമ്മീഷൻ വൈസ് ചെയർമാൻ ബിഷപ്പ് ഗീവർഗീസ് മാർ ദിവന്ന്യാസിയോസിൽനിന്ന് അവാർഡ് ഏറ്റുവാങ്ങുന്നു.*

# വചനാനുസൃതം ജീവിതം ക്രമീകരിക്കണം

*-കർദ്ദിനാൾ മാർ വർക്കി വിതയത്തിൽ*

കൊച്ചി: ദൈവചനനം ആഴത്തിൽ പഠിക്കുകയും ധ്യാനിക്കുകയും ചെയ്യുന്നതോടൊപ്പം വചനാനുസ്യതം ജീവിതം ക്രമീകരിക്കണമെന്ന് കർദ്ദിനാൾ മാർ വർക്കി വിതയത്തിൽ അഹ്വാനം ചെയ്തു. ഒരിക്കൽ നാം ദൈവത്തിൽ ലയിക്കേണ്ടവരാണെന്ന ബോധ്യത്തോടെ ഏതു മേഖലയിൽ പ്രവർത്തിക്കുന്നവരും ജീവിതം ക്രമീകരിക്കണം. സുഖം, സന്തോഷം, അധികാരം, സമ്പത്ത് എന്നിവ വിനിയോഗിക്കുമ്പോൾ നിത്യരക്ഷയെ നഷ്ടപ്പെടുത്താതിരിക്കാൻ ശ്രമിക്കണമെന്ന് അദ്ദേഹം പറഞ്ഞു. ദൈവവചനം ദൈവം തന്നെയാണ്. വിശ്വാസജീവിതത്തിൽ നമ്മെ വഴിനടത്തുന്നത് തിരുവചനം ആണ്. വിശ്വാസത്തിൽ നിന്നാണ് പ്രത്യാശ ഉദയം ചെയ്യുന്നത്. കേരളസഭ ഈ വർഷം ദൈവവചനവർഷമായി ആചരിക്കുന്നതിന്റെ ഭാഗ മായി കെ.സി.ബി.സി. ബൈബിൾ കമ്മീഷന്റെയും കേരള കാത്തലിക് ബൈബിൾ സൊസൈറ്റിയുടെയും ആഭിമുഖ്യത്തിൽ പാലാരിവട്ടം പി.ഒ.സി.യിൽ സംഘടിപ്പിച്ച വചനസംഗമം ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു കർദ്ദിനാൾ മാർ വർക്കി വിതയത്തിൽ.

സ്നേഹത്തോടെയുള്ള പരസ്നേഹപ്രവർത്തനങ്ങൾ വഴി മുഴുവൻ മനുഷ്യരേയും നന്മയിലേയ്ക്ക് നയിക്കാനും, നാടിന്റെ പുരോഗതിയിൽ പങ്കാളികളാകാൻ തിരുവചനം പഠിക്കുന്ന വിശ്വാസികൾ തയ്യാറാകണമെന്ന് കർദ്ദിനാൾ പറഞ്ഞു.കത്തോലിക്ക സഭ ബൈബിൾ പഠനത്തിനും പാരമ്പര്യത്തിനും തുല്യപ്രാധാന്യം നൽകുന്നു. സഭയിൽ നിന്ന് വ്യത്യസ്തമായി ബൈബിൾ വ്യഖ്യാനിക്കുന്നത് ഉചിതമല്ലെന്നും അദ്ദേഹം വ്യക്തമാക്കി.

ബൈബിൾ വായിച്ച് പഠിക്കാൻ മാത്രമുള്ള പുസ്തം അല്ല. ധ്യാനിച്ച് ജീവിതത്തിൽ പകർത്താനുള്ള ദൈവിക ആഹ്വാനമാണെന്ന് പൊതുസമ്മേളനത്തിൽ അധ്യക്ഷത വഹിച്ച കെ.സി.ബി.സി. ബൈബിൾ കമ്മീഷൻ വൈസ് ചെയർമാൻ മാർ ജോസഫ് പൊരുന്നേടം പറഞ്ഞു. പരിസ്ഥിതി സംരക്ഷിക്കാനും, നാടിന്റെ വളർച്ചയ്ക്കായി പരിശ്രമിക്കാനും ഒരോ ക്രൈസ്തവനും ബാധ്യതയുണ്ടെന്ന് അദ്ദേഹം പറഞ്ഞു. കെ. സി.ബി.സി. ബൈബിൾ കമ്മീഷൻ വൈസ് ചെയർമാൻ ബിഷപ്പ് ഗീവർഗീസ് മാർ ദിവന്ന്യാസിയോസ്, കേരള പൊതുമരാമത്ത് വകുപ്പ് മന്ത്രി അഡ്വ. മോൺസ് ജോസഫ്, പി.ഒ.സി. ഡയറക്ടർ ഡോ. സ്റ്റീഫൻ ആലത്തറ എന്നിവർ ആശംസാ സന്ദേശങ്ങൾ നൽകി. സമ്മേളനത്തിൽ കേരള കാത്തലിക് ബൈബിൾ സൊസൈറ്റി പൊതുജനങ്ങ ളുടെ സഹായസഹകരണത്തോടെ തുടങ്ങുന്ന 'ഓരോ ഭവനത്തിനും ഒരു ബൈബിൾ' എന്ന പദ്ധതിയുടെ ഉദ്ഘാടനം കർദ്ദിനാൾ വിതയത്തിൽ പുനലൂർ രൂപതാ ബൈബിൾ അപ്പോസ്റ്റലേറ്റ് ഡയറക്ടർ ഫാ.ജോസഫ് സേവ്യറിനു ബൈബിൾ കോപ്പി നൽകി നിർവഹിച്ചു. അതിനുശേഷം ബിഷപ്പ് റൈറ്റ്. റവ. ഡോ. വർഗീസ് ചക്കാലക്കലിനു സി ഡി നൽകി പി.ഒ.സി. ആന്തത്തിന്റെ പ്രകാശനവും കർദ്ദിനാൾ നടത്തി.

ബിഷപ്പ് ഡോ. വർഗീസ് ചക്കാലക്കലും (ദൈവഹിതം വെളിപ്പെടുത്തുന്ന ദൈവ വചനം ബൈബിളിലൂടെ) ഫാ. ജോസ് കോട്ടയിലും (വി.പൗലോസിന്റെ വർഷവും

ബൈബിളിന്റെ ദിവ്യവായനയും) ജസ്റ്റിസ് കുര്യൻ ജോസഫും (ദൈവവചനം ഇന്നിന്റെ പ്രശ്നങ്ങൾക്ക് ഉത്തമ പരിഹാരം) വചനപ്രഭാഷണങ്ങൾ നടത്തി.. വചന സംഗമത്തോടനുബന്ധിച്ച് വിശ്വോത്തര ചലച്ചിത്രകാരനായ ഫാങ്കോ സെഫിറേല്ലിയുടെ വിശ്വപ്രസിദ്ധമായ ചലച്ചിത്രം ജീസസ് ഓഫ് നസറത്ത് പുത്തനങ്ങാടി ഡിവൈൻ ക്രിയേഷൻസിന്റെ ബാനറിൽ മലയാളത്തിലേക്ക് മൊഴിമാറ്റം നടത്തിയതിന്റെ മോഡൽ പ്രദർശനവും, ഫാ. പോൾ ചെറുപിള്ളി നേതൃത്വം നൽകിയ ഗാനശുശ്രൂഷയും ഉണ്ടായിരുന്നു.

ഉച്ചകഴിഞ്ഞു ബിഷപ് ഗീവർഗീസ് മാർ ദിവന്ന്യാസിയോസിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന, കേരള കാത്തലിക് ബൈബിൾ സൊസൈറ്റിയുടെ 2006 – 2007ലെ വാർഷി കപൊതുയോഗം സൊസൈറ്റി ചെയർമാൻ ബിഷപ്പ് മാർ ജോർജ്ജ് പുന്നക്കോട്ടിൽ ഉദ്ഘാടനം ചെയ്തു.. കെ.സി.ബി.സി. കരിസ്മാറ്റിക് കമ്മീഷൻ സെക്രട്ടറി ഫാ. ഷാജൻ തേർമഠവും കൊല്ലം എഫ്.ഐ.എച്ച്. സന്ന്യാസസഭാ മദർ ജനറൽ സിസ്റ്റർ ബോനിഫാസ് മേരി എഫ്.ഐ.എച്ചും ആശംസകൾ നേർന്നു. വാർഷിക പൊതുയോഗത്തിൽവച്ച് ഏറ്റവും കൂടുതൽ തുക സൊസൈററിയിലേക്ക് സ്വരൂപിക്കുന്ന രൂപതക്ക് ഏർപ്പെടുത്തിയിട്ടുള്ള ബിഷപ്പ് മാർ ജോസഫ് പള്ളിക്കാപ്പറമ്പിൽ അവാർഡ് ഈ വർഷം എറണാകുളം-അങ്കമാലി അതിരൂപതക്ക് നൽകി. ബൈബിൾ സൊസൈറ്റി സെക്രട്ടറി ഡോ. സൈറസ് വേലംപറമ്പിൽ വാർഷിക റിപ്പോർട്ട് അവതരിപ്പിച്ചു. വൈസ് ചെയർമാൻ ജോൺസൺ കാഞ്ഞിര ത്തിങ്കൽ ജോ. സെക്രട്ടറി, സാബു ജോസ്. ട്രഷറർ സിസ്റ്റർ ആഗ്നസ് ജോർജ്ജ് സിറ്റിസി എന്നിവർ പ്രസംഗിച്ചു.



ബൈബിൾ സൊസൈറ്റിയുടെയും ബൈബിൾ കമ്മീഷന്റെയും സംയുക്താഭിമുഖ്യത്തിൽ ദൈവവചനവർഷത്തിന്റെ ഭാഗമായി സംഘടിപ്പിച്ച വചനസംഗമം സീറോ മലബാർ മേജർ ആർച്ച് ബിഷപ്പ് കർദ്ദിനാൾ മാർ വർക്കി വിതയത്തിൽ ഉദ്ഘാടനം ചെയ്തപ്പോൾ. ബിഷപ്പ് മാർ ഗീവർഗ്ഗീസ് ദിവന്ന്യാസിയോസ് ബിഷപ്പ് മാർ ജോസഫ് പൊരുന്നേടം, ബിഷപ്പ് റവ. ഡോ. വർഗ്ഗീസ് ചക്കാലയ്ക്കൽ, മന്ത്രി അഡ്വ. മോൻസ് ജോസഫ്, ഡോ. സൈറസ് വേലംപറമ്പിൽ, ഡോ. സ്റ്റീഫൻ ആലത്തറ, ഫാ. ജോണി കൊച്ചുപറമ്പിൽ എന്നിവർ സമീപം.



*വചനവർഷത്തോടനുബന്ധിച്ച് പി.ഒ.സി. യിൽ സംഘടിപ്പിച്ച വചനസംഗമത്തിൽ പങ്കെടുത്ത സദസ്സ്.*



*വചനവർഷത്തോടനുബന്ധിച്ച് പി.ഒ.സി. യിൽ നടത്തിയ വചനസംഗമത്തിൽ ബിഷപ്പ് ജോസഫ് പൊരുന്നേടം ആശംസകൾ അർപ്പിച്ച് സംസാരിക്കുന്നു.*





വചനസംഗമത്തിൽ കേരള ചീഫ് ജസ്റ്റിസ് കുര്യൻ ജോസഫ് പ്രഭാഷണം നടത്തിയ പ്പോൾ.

വചനസംഗമത്തിൽ കെ.സി.ബി.സി. ഫാമിലി കമ്മീഷൻ സെക്രട്ടറി ഫാ. ജോസ് കോട്ടയിൽ പ്രഭാഷണം നടത്തിയപ്പോൾ.





വചനസംഗമത്തിൽ കണ്ണൂർരൂപത ബിഷപ്പ് റവ. ഡോ. വർഗ്ഗീസ് ചക്കാലയ്ക്കൽ പ്രഭാഷണം നടത്തിയപ്പോൾ .

വചനസംഗമത്തിൽ ബത്തേരി രൂപത ബിഷപ് ഗീവർഗീസ് മാർ ദിവന്ന്യാസിയോസ് ആശംസ നേർന്നു സംസാരിക്കുന്നു.



വചനവർഷത്തോടനുബന്ധിച്ച് നടത്തിയ വചനസംഗമത്തിൽ പൊതുമരാമത്ത് വകുപ്പ് മന്ത്രി മോൻസ് ജോസഫ് ആശംസ നേരുന്നു.

# ദൈവവചനവർഷം
# വചനംകൊണ്ടു ജീവിച്ച വർഷം



***ഡോ. സൈറസ് വേലംപറമ്പിൽ***
*സെക്രട്ടറി, കെ.സി.ബി.സി ബൈബിൾ കമ്മീഷൻ*

മനുഷ്യവംശത്തിന്റെ മഹത്തായ രചനയായി ബൈബിൾ എന്നും കരുതപ്പെടുന്നു. ബൈബിൾ പുസ്കതങ്ങളിലെ കഥകളിൽ ജീവിതത്തിന്റെ ബഹുവിധ ഭാവങ്ങളെ നവമായി എന്നും അതിന്റെ അനുവാചകർ കണ്ടെത്തുമ്പോൾ, ബൈബിൾ അതിന്റെ പരിവർത്തനശക്തി വെളിപ്പെടുത്തുന്നു, ജീവന്റെയും പ്രത്യാശയുടെയും സന്ദേശം അനുഭവേദ്യമാകുന്നു.

വത്തിക്കാൻ കൗൺസിലിന്റെ 'ദൈവാവിഷ്ക്കരണം' എന്ന ഡിക്രി ബൈബിളിന്റെ പ്രാധാന്യത്തെക്കുറിച്ചുള്ള ബോധ്യങ്ങൾ സഭാമക്കളിൽ വളർത്തുവാൻ വളരെയേറെ സഹായിച്ചു. ബൈബിളിന്റെ ശരിയായ ഉപയോഗത്തിൽ വിശ്വാസികളെ രൂപീകരിക്കുന്നതിനും ബൈബിളധിഷ്ഠിത അജപാലനശുശ്രൂഷയുടെ മണ്ഡലത്തിൽ ദൂരവ്യാപകമായ സ്വാധീനം ചെലുത്തുന്നതിനും ഇതിനു കഴിഞ്ഞിട്ടുണ്ട്.



ലോകത്തിൽ ദൈവവചനത്തിന്റെ ഫലപ്രദമായ പ്രഘോഷണത്തിനുള്ള വേദിയായി ബൈബിൾ അപ്പോസ്റ്റലേറ്റിനെ നമുക്കു പരിഗണിക്കാം. വചന ശുശ്രൂഷയുടെ ത്രിവിധ രൂപങ്ങളായ സുവിശേഷവൽക്കരണം, മതബോധനം, പ്രബോധനങ്ങൾ എന്നിവ പ്രാവർത്തികമാക്കാൻ ബൈബിൾ അപ്പോസ്റ്റലേറ്റ് അനിവാര്യമാണ്.

**കെ.സി.ബി.സി ബൈബിൾ കമ്മീഷൻ**

ഒരു ബൈബിളധിഷ്ഠിത അജപാലന ശുശ്രൂഷയുടെ ആവശ്യകതയെക്കുറിച്ച് നാമെല്ലാം ബോധവാന്മാരണ്. ഇതു സാധ്യമാക്കേണ്ടത് ബൈബിളിന്റെ പരിഭാഷയും വിതരണവും പ്രോത്സാഹിപ്പിച്ചുകൊണ്ടും അതോടൊപ്പം ദൈവവചനവുമായി ജീവിതഗന്ധിയായ സംഭാഷണത്തിലേക്ക് കടന്നുവരത്തക്കവിധം സാഹചര്യങ്ങളും വിഭവങ്ങളും ഒരുക്കിയുമാണ്. കേരള കത്തോലിക്കരുടെ ബൈബിൾ പ്രേഷിതരംഗത്തെ സുപ്രധാനമായ ഒരു നാഴികക്കല്ലാണ് കേരള കാത്തലിക് ബിഷപ്പ്സ് കൗൺസിൽ 1976-ൽ രൂപീകരിച്ച കെ.സി.ബി.സി ബൈബിൾ കമ്മീഷൻ. പി.ഒ.സി. ആസ്ഥാനമാക്കിയാണ് ബൈബിൾ കമ്മീഷൻ അതിന്റെ പ്രവർത്തനങ്ങൾ നടത്തുന്നത്. ഒരു ബിഷപ്പ് ചെയർമാനും, രണ്ട് ബിഷപ്പമാർ കമ്മീഷൻ അംഗങ്ങളും സെക്രട്ടറിയും രൂപതാ ബൈബിൾ അപ്പോസ്റ്റലേറ്റ്/ കമ്മീഷൻ ഡയറക്ടർമാർ അംഗങ്ങളായുള്ള ഒരു സംഘമാണ് കെ.സി.ബി.സി ബൈബിൾ കമ്മീഷൻ. രൂപതാ ബൈബിൾ അപ്പോസ്റ്റലേറ്റ് ഡയറക്ടർമാരുടെ മീറ്റിംഗുകൾ വർഷത്തിൽ പലപ്രാവശ്യം പി.ഒ.സി.യിൽ ചേരുന്നു. അപ്പോൾ ഡയറക്ടർമാർ തങ്ങളുടെ അനുഭവങ്ങളും ആശയങ്ങളും വീക്ഷണങ്ങളും പങ്കുവയ്ക്കുകയും ബൈബിൾ മേഖലയിൽ ചെയ്യേണ്ട കാര്യങ്ങളെക്കുറിച്ച് പ്രായോഗിക തിരുമാനങ്ങളെടുക്കുകയും ചെയ്യുന്നു. അതുവഴി അവർക്ക് ദൈവവചനശുശ്രൂ

ഷയിൽ കൂടുതൽ സജീവമായും ഫലപ്രദമായും വ്യാപൃതരാകുന്നതിനു സാധിക്കുന്നു.

കെ.സി.ബി.സി ബൈബിൾ കമ്മീഷൻ സ്ഥാപിതമായതു സഭാജീവിതത്തിന്റെ എല്ലാ തലങ്ങളിലും വി. ഗ്രന്ഥത്തിന്റെ അതിവിശിഷ്ടമായ പ്രാമുഖ്യത്തെപ്പറ്റിയുള്ള അവബോധം പ്രോത്സാഹിപ്പിക്കാനും പരിപോഷിപ്പിക്കാനുമാണ്. കെ.സി.ബി.സി ബൈബിൾ കമ്മീഷൻ 3 സഭകളിലായി ബൈബിൾ പ്രസദ്ധികരണം, ബൈബിൾ പഠനങ്ങൾ, ബൈബിളധിഷ്ഠത അജപാലനശുശ്രൂഷ എന്നീ മണ്ഡലങ്ങളിൽ പ്രവർത്തനം വ്യാപൃതമാണ്. ഇന്ന് കമ്മീഷന്റെ പ്രഥമ ദൗത്യം ബൈബിൾ സന്ദേശങ്ങൾ മനുഷ്യജീവിതത്തിന്റെ വ്യക്തിപരവും സാമൂഹ്യവുമായ സാഹചര്യങ്ങളിലേക്ക് പരിഭാഷപ്പെടുത്തുന്നതിനുള്ള ശ്രമങ്ങളാണ്. ദൈവവചനത്തിന്റെ ജീവദായകമായ സന്ദേശങ്ങളെ അനാവരണം ചെയ്യുന്ന ബൈബിൾ വായനരീതിയെ അത് പരിപോഷിപ്പിക്കുന്നു. അതു വഴി മതമൗലികവാദികളുടെ ദുർവ്യാഖ്യാനങ്ങളുടെ അപകടങ്ങളെ പ്രതിരോധിക്കാനും സാധിക്കുന്നു. ക്രിസ്തീയമൂല്യങ്ങൾ സമൂഹജീവിതത്തിന്റെ അടിത്തറയെന്ന നിലയിൽ സുദൃഢമാക്കപ്പെടുകയും വീണ്ടും കണ്ടെത്തപ്പെടുകയും ചെയ്യണം. ക്രിസ്തീയ മൂല്യസംഹിത മനുഷ്യാവകാശങ്ങളുടെയെല്ലാം അടിസ്ഥാനവും ക്രിസ്ത്യാനികൾക്ക് ഉത്തരവാദിത്വപ്പെട്ട അന്തർസംസ്ക്കാരത്തിന്റെയും മതാന്തരസംവാദത്തിന്റെയും അടിത്തറയുമാകണം.

കെ.സി.ബി.സി ബൈബിൾ കമ്മീഷൻ കേരളത്തിലെ സീറോ മലബാർ, ലത്തീൻ, മലങ്കര സഭകളേയും ഏകോപിപ്പിച്ചുള്ള പ്രവർത്തനങ്ങളിലൂടെ കത്തോലിക്കാ വിശ്വാസത്തിന്റെ വൈവിധ്യത്തെ പ്രതിനിധീകരിക്കുന്നു. 29 രൂപതകളിൽ വ്യാപിച്ചു കിടക്കുന്ന ബൈബിൾ അപ്പോസ്റ്റലേറ്റ് ഡിപ്പാർട്ടുമെന്റും ബൈബിൾ കമ്മീഷനും അനുദിനജീവിതത്തിൽ ബൈബിളിന്റെ ജീവദായകമായ സന്ദേശങ്ങൾ ദൈവജനത്തിന് അനുഭവേദ്യമാക്കുന്നത് ഉറപ്പുവരുത്താൻ പ്രതിജ്ഞാബന്ധമാണ്. സുവിശേഷത്തോടുള്ള പ്രതിജ്ഞാബദ്ധതയിലൂടെ, കെ.സി.ബി.സി ബൈബിൾ കമ്മീഷൻ ദൈവസ്നേഹത്തിന്റെയും സഹോദര സ്നേഹത്തിന്റെയും മൂല്യങ്ങൾ രാഷ്ട്രീയവും, സാമൂഹ്യവും വ്യക്തിപരവുമായ പ്രവർത്തനങ്ങളുടെ അന്തസത്തയായിക്കൊണ്ട് ഒരു സമൂഹത്തെ പടുത്തുയർത്തുന്നതിന് ക്രിയാത്മകമായ പങ്കുവഹിക്കുന്നു.

### കേരള കാത്തലിക് ബൈബിൾ സൊസൈറ്റി

കേരള സഭയുടെ ചരിത്രത്തിലെ മറ്റൊരു സുപ്രധാനനാഴികക്കല്ലാണ്, വിശ്വാസികളുടെ ജീവിതത്തിൽ ബൈബിളധിഷ്ഠിതമായ സന്ദേശങ്ങളുടെ പ്രചാരണവും മിതമായ നിരക്കിൽ ബൈബിളിന്റെ വിപുലമായ വിതരണവും ലക്ഷ്യമാക്കിയുള്ള കേരള കാത്തലിക് ബൈബിൾ സൊസൈറ്റിയുടെ സ്ഥാപനം. സഭയുടെ ഏറ്റവും മുഖ്യ ദൗത്യമായ സുവിശേഷ പ്രഘോഷണ പ്രചാരണ ദൗത്യത്തിൽ പങ്കുചേരാൻ സൊസൈറ്റി വിവിധതരത്തിലുള്ള മെമ്പർഷിപ്പുകൾ വഴി ദൈവജനത്തിനു അവസരമൊരുക്കുന്നു.




സൊസൈറ്റിയുടെ പ്രവർത്തനങ്ങളടങ്ങിയ ബുള്ളറ്റിനും ബൈബിൾ സംബന്ധമായ ഒരു പുസ്തകവും എല്ലാ വർഷവും സൊസൈറ്റിയുടെ അംഗങ്ങളായ 9000 പേർക്കും

സൗജന്യമായി അയച്ചു കൊടുക്കുന്നു. ബൈബിൾ സൊസൈറ്റിയുടെ വാർഷികം എല്ലാ വർഷവും ജൂലൈയിൽ നടത്തപ്പെടുന്നു.

കെ.സി.ബി.സി ബൈബിൾ കമ്മീഷനും സൊസൈറ്റിയും 29 രൂപതകളിലെ ബൈബിൾ അപ്പോസ്തലേറ്റും ചേർന്ന് സ്പഷ്ടമായും വൈവിധ്യമാർന്ന ലക്ഷ്യങ്ങൾ പിന്തുടരുന്നു. വിവിധതലങ്ങളിൽ പ്രവർത്തനങ്ങളിൽ വ്യാപിരിക്കുന്നു. ലോകമെമ്പാടുനിന്നും ബൈബിൾ പ്രേഷിതരംഗത്ത് പ്രവർത്തിക്കുന്നവരുടെ പൊതുവേദിയായ, ജർമ്മനിയിലെ സ്റ്റൂഡ്ഗാർട്ടിലുള്ള കാത്തലിക് ബിബ്ലിക്കൽ ഫെഡറേഷനിൽ കെ.സി.ബി.സി ബൈബിൾ കമ്മീഷനും അംഗത്വമുണ്ട്. കാത്തലിക് ബിബ്ലിക്കൽ ഫെഡറേഷൻ സംഘടിപ്പിക്കുന്ന അന്താരാഷ്ട്ര കോൺഗ്രസ്സുകളിൽ കെ.സി.ബി.സി ബൈബിൾ കമ്മീഷനും സ്ഥിരം ക്ഷണിതാവാണ്. ബൈബിൾ സൊസൈറ്റിയുടെയും ബൈബിൾ കമ്മീഷന്റെയും വിവിധങ്ങളായ പ്രവർത്തനങ്ങളെ വിവരിക്കുന്ന www.keralabiblesociety.com എന്നു പേരുള്ള ഒരു വെബ്സൈറ്റുണ്ട്.

**ബൈബിൾ വിതരണം.**

1976-ൽ കെ.സി.ബി.സി ബൈബിൾ കമ്മീഷനെ ബിഷപ്സ് കൗൺസിൽ ഏല്പിച്ച ആദ്യ ദൗത്യം മലയാളത്തിൽ ഒരു ബൈബിൾ പരിഭാഷ തയ്യാറാക്കുക എന്നതായിരുന്നു. വിവർത്തനപദ്ധതി വിജയകരമായി പൂർത്തിയാക്കി 1981-ൽ മലയാള ഭാഷയിൽ ഒരു സമ്പൂർണ്ണ ബൈബിൾ തയ്യാറാക്കി.

അങ്ങനെ ദൈവവചനത്തിന്റെ ലളിതവും, സുഗ്രഹവും വിശ്വസ്തവുമായ ഒരു സമ്പൂർണ്ണ, മലയാളബൈബിൾ പരിഭാഷയാൽ കേരളസഭ ധന്യയായി. കെ.സി.ബി.സി. ഔദ്യോഗികമായി അംഗീകരിച്ചിട്ടുള്ള ബൈബിൾ പരിഭാഷയാണ് പി.ഒ.സി. സമ്പൂർണ്ണ ബൈബിൾ. ഇതിനു പുറമെ മററു വിവിധ തരത്തിലുള്ള ബൈബിളുകളും കമ്മീഷൻ പ്രസിദ്ധീകരിക്കുന്നുണ്ട്. ഡീലക്സ് ബൈബിൾ, സാധാരണ പുതിയ നിയമം, വലിയ അക്ഷരത്തിലുള്ള പുതിയ നിയമം, പോക്കററ് ബൈബിൾ, യൂത്ത് ബൈബിൾ, സുവിശേഷങ്ങൾ, ലേഖനങ്ങളും വെളിപാടുകളും എന്നിവയാണവ. ബൈബിൾ പ്രചാരണത്തിനും ദൈവവചന പ്രഘോഷണത്തിനുമായി ബൈബിൾ കമ്മീഷൻ വിവിധങ്ങളായ പ്രവർത്തനങ്ങൾ നടത്തുന്നുണ്ട്. പി. ഒ. സി ബൈബിളിന്റെ റിവിഷൻ നന്നെ ശ്രമകരമെങ്കിലും ശ്രേഷ്ഠമായ ദൗത്യം കമ്മീഷനേറ്റടുത്തിട്ടുള്ള മറ്റൊരു പ്രവർത്തനമാണ്. തെരെഞ്ഞടുക്കപ്പെട്ട 7 ബൈബിൾ പണ്ഡിതരുടെ കോർ ടീം എല്ലാമാസവും സമ്മേളിച്ച് റിവൈസ്ഡ് ടെക്സ്റ്റുകൾ പഠിച്ച് തയ്യാറാക്കുന്നുണ്ട് .

ബൈബിളധിഷ്ഠിത അജപാലനശുശ്രൂഷക്ക് ഉപകാരപ്രദമായ നൂതനസംവിധാനങ്ങളാണു ആധുനിക വാർത്താവിനിമയ ഉപാധികളായ കംപ്യൂട്ടർ, ഇന്റർനെറ്റ്, ഈ-മെയിൽ തുടങ്ങിയവ. പുതിയനിയമത്തിന്റെ ഓഡിയോ ബൈബിൾ സിഡികൾ 3 ഫോർമാറ്റിൽ (25 സാധാരണ സിഡി കളിൽ, പുതിയനിയമം എം.പി 3 സിഡികളിൽ, പുതിയനിയമം കംപ്യൂട്ടർ പതിപ്പ് 1 സിഡിയിൽ) പ്രസദ്ധീകരിച്ചുണ്ട്. ബൈബിൾ സൊസൈറ്റിയുടെ മുഖ്യദൗത്യങ്ങളിലൊന്നാണ് ബൈബിളുകളുടെ അച്ചടിയും മിതമായ നിരക്കിലുള്ള വിതരണവും. അംഗങ്ങൾക്ക് അംഗത്വമനുസരിച്ച് കുറഞ്ഞവിലക്ക് എല്ലാവർഷവും ബൈബിൾ നൽകുന്നു. കൂടാതെ മെമ്പർഷിപ്പ് പുതിയതായി എടുക്കുന്നവർക്ക് അംഗത്വനിരക്കിന് ആനുപാതികമായി ആദ്യ വർഷം ഉടനെതന്നെ സമ്പൂർണ്ണ ബൈബിൾ പൂണ്ണമായും സൗജന്യമായി നൽകുന്നു.

2008 ദൈവവചനവർഷമായി പ്രഖ്യാപിക്കുകയും ആചരിക്കുകയും ചെയ്തുവെന്നത് കേരള സഭയിൽ എല്ലായിടത്തും ബൈബിളധിഷ്ഠിത അജപാലന

ശുശ്രൂഷയ്ക്ക് പുത്തൻ ഉണർവ് നൻകുന്നതിന് വഴിതെളിച്ചു. താഴെ കൊടുത്തിരിക്കുന്ന ദൈവവചനം എല്ലാവർക്കും ലഭ്യമാക്കുന്നതിന് കെ.സി.ബി.സി ബൈബിൾ കമ്മീഷൻ പ്രകാരം പ്രവർത്തിക്കുന്നു.

**ദൈവവചനവർഷം**

2007 ജൂണിൽ പാലാരിവട്ടം പിഒസിയിൽ ചേർന്ന കേരള കത്തോലിക്കാ മെത്രാൻസമിതി, 2008 ഒക്ടോ 5 മുതൽ 20 വരെ തീയതികളിൽ വി.ഗ്രന്ഥത്തെക്കുറിച്ച് റോമിൽ ബിഷപ്പ്സ് സിനഡ് നടക്കുന്നതിന്റെ പശ്ചാത്തലത്തിൽ, കേരള കത്തോലിക്കാ സഭ 2008 ദൈവവചനവർഷമായി ആചരിക്കണമെന്ന് തീരുമാനിച്ചു. 2007 ഡിസം 25 മുതൽ 2008 ഡിസം 25 മുതൽ വരെയുള്ള ഒരു വർഷക്കാലം ദൈവവചനവർഷമായി ആചരിക്കണമെന്ന് പ്രഖ്യാപിച്ചു. കേരളത്തിലെ 29 രൂപതകളുടെ ബൈബിൾ അപ്പോസ്റ്റലേറ്റ് ഡയറക്ടർമാരുടെയും കേരള കാത്തലിക് ബൈബിൾ സൊസൈറ്റി എക്സിക്യൂട്ടീവ് മാനേജിംഗ് കൗൺസിൽ അംഗങ്ങളുടെയും പിഒസിയിൽ ചേർന്ന യോഗത്തിൽ ദൈവവചനവർഷം 2008 ന്റെ ലോഗോ പ്രകാശനം ചെയ്തു.




കേരളസഭ 2008 ദൈവവചനവർഷമായി ആചരിക്കുന്നതിനോടനുബന്ധിച്ച് കേരള കത്തോലിക്ക മെത്രാൻ സമിതിക്കുവേണ്ടി കെ.സി.ബി.സി. ബൈബിൾ കമ്മീഷൻ ചെയർമാനായിരുന്ന ആർച്ച്ബിഷപ്പ് സൂസൈ പാക്യം പുറപ്പെടുവിച്ച സർക്കുലർ 2007 ഡിസംബർ 16 ാം തിയതി ദിവ്യബലി മദ്ധ്യേ കേരളത്തിലെ എല്ലാ കത്തോലിക്കാ പള്ളികളിലും സ്ഥാപനങ്ങളിലും വായിച്ചു. ദൈവസാന്നിദ്ധ്യത്തിന്റെ സജീവ അടയാളമായി വചനത്തെ അനുഭവിച്ചറിയുകയും പാദങ്ങൾക്ക് വിളക്കും പാതയിൽ പ്രകാശവുമായി (സങ്കീ. 119:105) വചനത്തെ അവതരിപ്പിക്കുകയുമാണ് വചനവർഷാചരണത്തിന്റെ ലക്ഷ്യമെന്ന് സർക്കുലർ ചൂണ്ടിക്കാട്ടി. നാമോരുത്തരുടെയും അനുദിനജീവിതത്തിൽ വചനത്തിനുള്ള പ്രാധാന്യവും പ്രസക്തിയും ഒന്നുകൂടി ആഴമായി മനസ്സിലാക്കുവാനും കേരളസഭയിൽ വചനത്തിന്റെ സ്വാധീനം എത്രമാത്രം സജീവവും ഊർജ്ജസ്വലവുമാണെന്ന് വിലയിരുത്തുവാനും ഇന്നു നാം നേരിടുന്ന എല്ലാ പ്രശ്നങ്ങൾക്കും ഉത്തരമായി ദൈവവചനത്തെ ഉൾക്കൊള്ളുവാനും നമുക്കു ലഭിക്കുന്ന ഒരു സുവർണ്ണ അവസരമാണിതെന്ന് സർക്കുലർ ആഹ്വനംചെയ്തു.

എല്ലാ പ്രാദേശിക സഭകളിൽ നിന്നും പ്രതിനിധികൾ പങ്കെടുത്ത റോമിൽ വച്ചു മെത്രാന്മാരുടെ സിനഡിന്റെ ചർച്ചാവിഷയം ദൈവവചനം സഭയുടെ ജീവിതത്തിലും ദൗത്യത്തിലും എന്നതായിരുന്നു. ഈ പശ്ചാത്തലത്തിലാണ് 2008 ദൈവവചനവർഷമായി ആചരിക്കണമെന്ന് കേരള മെത്രാൻ സമിതി തീരുമാനിച്ചത്. വചനത്തെക്കുറിച്ചുള്ള കേരളസഭയുടെ ആഗ്രഹാഭിലാഷങ്ങൾ അവതരിപ്പിച്ചുകൊണ്ട് സിനഡിലെ ചർച്ചകളെ ഫലപ്രദമായ രീതിയിൽ സഹായിക്കുവാനും സഭാപിതാക്കന്മാരോടൊത്തു ചിന്തിക്കുവാനും സിനഡിന്റെ തീരുമാനങ്ങൾ ഉൾക്കൊള്ളുവാനും ജീവിതത്തിൽ പകർത്തുവാനും ഈ ദൈവവചനവർഷാചരണം നമ്മെ സംബന്ധിച്ചിടത്തോളം ഒരു നല്ല ഒരുക്കമായിരുന്ന. രൂപത-ഇടവക-കുടുംബ-വ്യക്തി തലങ്ങളിൽ വചനത്തിന് പ്രാമുഖ്യം നല്കുന്ന വിവിധ പരിപാടികൾ നടപ്പിലാക്കിക്കൊണ്ടായിരുന്നു നാം ഈ ദൈവവ

ചനവർഷം ആചരിച്ചത്. ആദ്യഘട്ടത്തിൽ ആർച്ച്ബിഷപ്പ് എം. സൂസൈ പാക്യവും അനാരോഗ്യത്തെത്തുടർന്ന് അദ്ദേഹം ഒഴിവായ സാഹചര്യത്തിൽ ബിഷപ്പ് മാർ ജോർജ്ജ് പുന്നക്കോട്ടിൽ ചെയർമാനും ബിഷപ്പ് ഗീവർഗീസ് മാർ ദിവന്ന്യാസിയോസ്, ബിഷപ്പ് മാർ ജോസഫ് പെരുന്തോടം എന്നിവർ വൈസ് ചെയർമാനമാരും ഡോ. സൈറസ് വേലംപറമ്പിൽ സെക്രട്ടറിയുമായുള്ള കെ.സി.ബി.സി. ബൈബിൾ കമ്മീഷനും കേരള കാത്തലിക് ബൈബിൾ സൊസൈറ്റിയുമാണ് ദൈവവചനവർഷാചരണ പരിപാടികൾ ഏകോപിപ്പിച്ചത്. ഓരോ രുപതയിലും രൂപതാ ബൈബിൾ അപ്പോസ്റ്റലേറ്റ് ഡയറക്ടർ രൂപതാ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകി.

കേരളസഭ ദൈവവചനവർഷത്തിന്റെ ആപ്തവാക്യമായി സ്വീകരിച്ചത് 'ദൈവവചനം ജീവന്റെ നിറവിന്' എന്നതാണ്. 'ഞാൻ നിങ്ങളോട് പറഞ്ഞ വചനങ്ങൾ ആത്മാവും ജീവനുമാണ്' (യോഹ. 6,63) എന്നരുൾചെയ്ത യേശു തുടർന്ന് ഉപദേശിക്കുന്നത്, അവിടുന്ന് വന്നിരിക്കുന്നത് നമുക്കു ജീവനുണ്ടാകുവാനും അതു സമൃദ്ധമായി ഉണ്ടാകുവാനും എന്നാണല്ലോ (cfr.യോഹ. 10,10). ദൈവവചനവർഷാചരണത്തിലൂടെ അറിവിനെ അതിശയിക്കുന്ന ക്രിസ്തുവിന്റെ സ്നേഹം ഗ്രഹിക്കുവാനും അതുവഴി ദൈവത്തിന്റെ സമ്പൂർണ്ണതയാൽ പൂരിതരാകുവാനും നമുക്കു കഴിയണം. (cfr. എഫേ. 3,19). വചനാധിഷ്ഠിത ജീവിതത്തിനാവശ്യമായ മൂന്നു സുപ്രധാന കാര്യങ്ങൾ എല്ലാവരുടെയും മനസ്സിൽ പതിപ്പിക്കുവാനാണ് ഈ ആപ്തവാക്യത്തിലൂടെ ലക്ഷ്യം വച്ചത്; അതായത്, വചനം സ്വീകരിക്കുക, വചനം ജീവിക്കുക, വചനം പങ്കുവയ്ക്കുക.




വചനവർഷത്തിൽ ദൈവവചനമെന്ന ദിവ്യദാനം ഫലദായകമാക്കുവാനും ഈ വർഷാചരണം കൂടുതൽ സജീവമാക്കുവാനും സുവിശേഷ പ്രഘോഷണത്തിന്റെ പ്രാധാന്യം എടുത്തു കാണിക്കാനും ബൈബിളധിഷ്ഠിതമായ ദൈവവചനവർഷാചരണ പദ്ധതികൾ വർഷാചരണത്തിന്റെ തുടക്കത്തിൽത്തന്നെ നടപ്പിലാക്കി. ദൈവവചന വർഷത്തിൽ പ്രത്യേകം തയ്യാറാക്കി വചനവർഷ ഫ്ളാഗ്, പ്രാർത്ഥന, പോസ്റ്റർ, സ്റ്റിക്കർ, ബൈബിൾ വായനകലണ്ടർ, ബൈബിൾ ശുശ്രൂഷ, സ്റ്റാമ്പുകൾ, വചനവർഷ പഠനലഘുലേഖകൾ, എന്നിവ പി.ഒ.സി.യിലെ കേരള കാത്തലിക് ബൈബിൾ സൊസൈറ്റി വിതരണം ചെയ്തു. വർഷം മുഴുവാനും ദൈവവചനത്തിന്റെ പ്രാധാന്യത്തെക്കുറിച്ചുള്ള ഓർമ്മ നിലനിറുത്തുവാനായി വചനവർഷ ഉദ്ഘാടനദിവസം (25/12/2007) ദിവ്യബലി മദ്ധ്യേ വിശുദ്ധ ഗ്രന്ഥം അലങ്കരിച്ച ഒരു പീഠത്തിൽ ആഘോഷപൂർവ്വം പ്രതിഷ്ഠിച്ചു. ആപ്തവാക്യമെഴുതിയ ആകർഷണിയമായ വചനവർഷ ഫ്ളാഗ് വിശുദ്ധ വേദിയിൽ സ്ഥാപിച്ചു. അന്നുമുതൽ ദൈവവചനവർഷ പ്രാർത്ഥനഎല്ലാ ദൈവാലയങ്ങളിലും ഭവനങ്ങളിലും ചൊല്ലി. ഇടവക വികാരിയും അവരുടെ സഹപ്രവർത്തകരും വീടുകൾ സന്ദർശിച്ച് ബൈബിൾ വെഞ്ചരിച്ച് പ്രതിഷ്ഠിക്കുകയും ഫലപ്രദമായ രീതിയിൽ ബൈബിൾ പാരായണം നടത്തുവാൻവേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ നൽകുകയും ചെയ്യണം. കേരളസഭയിൽ ദൈവവചനത്തിനു മഹത്വം നൽകുന്ന ഈ പദ്ധതികളിൽ സന്ന്യാസസഭകളുടെയും സംഘടനകളുടെയും സഹായത്തോടെ ബൈബിൾ കൺവെഷനുകൾ, പ്രഭാഷണങ്ങൾ, ധ്യാനങ്ങൾ, സെമിനാറുകൾ, ചർച്ചകൾ,

കുട്ടികൾക്കായുള്ള പ്രത്യേക ക്ലാസുകൾ, ടെലിവിഷൻ പരിപാടികൾ വചനവർഷജ്യോതി തുടങ്ങി നിരവധി പദ്ധതികൾ ആസൂത്രണം ചെയ്തു.

**പിഒസി ബൈബിളിന്റെ ഇന്റർനെറ്റ് എഡിഷൻ**

പാലാരിവട്ടം പി. ഒ. സി. യിൽ ചേർന്ന ഒരു സമ്മേളനത്തിൽ കേരള കത്തോലിക്കാ സഭയുടെ ഔദ്യോഗിക മലയാള ബൈബിൾ പരിഭാഷയായ പിഒസി ബൈബിളിന്റെ ഇന്റർനെറ്റ് എഡിഷൻ www.pocbible.com എന്ന പേരിൽ തുറന്നതോടെ മലയാള ബൈബിൾ ആഗോളതലത്തിൽ വളരെ എളുപ്പത്തിൽ ലഭ്യമായി. ക്രൈസ്തവർക്കും അക്രൈസ്തവർക്കും എല്ലാ പ്രായവിഭാഗത്തിൽപ്പെട്ടവർക്കും എല്ലാ രാജ്യങ്ങളിലുമുള്ള മലയാളികൾക്കും പി. ഒ. സി. ബൈബിൾ ഇനി വിരൽത്തുമ്പിലാണ്. ബൈബിൾ ഇന്റർനെറ്റിലെത്തിക്കുന്നതുവഴി കേരള സഭ ലോകത്തിന് വലിയൊരു സംഭാവന നൽകുകയാണെന്ന് ബിഷപ്പ് മാർ ജോർജ് പുന്നക്കോട്ടിൽ വെബ്സൈറ്റിന്റെ സ്വിച്ച് ഓൺ കർമ്മം നിർവ്വഹിച്ച് പറഞ്ഞു. ഈ പദ്ധതിയിലൂടെ സഭയുടെ ഔദ്യോഗിക ബൈബിൾ ഇനി ലോകം മുഴുവൻ വായിക്കുവാൻ സാധിക്കും. ഈ വെബ്സൈറ്റ് മലയാളി സമൂഹത്തിന് ഒരു മുതൽകൂട്ടായിരിക്കുമെന്നും ഈ മാധ്യമത്തിലൂടെ ക്രിസ്തുവിനെയും ക്രിസ്തുവിന്റെ വചനങ്ങളെയും മഹത്വീകരിക്കാൻ സാധിക്കുന്നത് ദൈവനിയോഗമാണെന്നും ബിഷപ്പ് പറഞ്ഞു. ആഗോളതലത്തിലേക്കുള്ള മലയാള ബൈബിളിന്റെ ഈ തുറവിയുടെ ഭാവാത്മകമായ നന്മകൾ നിരവധിയും വളരെ ദൂരവ്യാപകവുമാണ്. ബൈബിളിന്റെ ഇന്റർനെറ്റ് എഡിഷൻ തയ്യാറാക്കിയത് കെ.സി. ബി. സി. ബൈബിൾ കമ്മീഷനും ജീസസ് യൂത്ത് ഇന്റർനാഷണലും ചേർന്നാണ്.

പഴയനിയമത്തിൽ നിന്നും പുതിയനിയമത്തിൽ നിന്നും ഒരു പുസ്തകമോ അദ്ധ്യായമോ വാക്യമോ തിരിയുന്നതിനും ബ്രൗസ് ചെയ്യുന്നതിനും സാധിക്കും. സെറ്റിൽ പ്രത്യേകമായി തന്നിട്ടുള്ള കോളങ്ങളിൽ അവയെഴുതി ക്ലിക്ക് ചെയ്താൽ അവ സ്ക്രീനിൽ തെളിയുകയായി. ബൈബിളിലെ ഏതെങ്കിലും ഒരു വാക്ക്, ആളുകൾ, സ്ഥലങ്ങൾ, അതുപോലെ ബൈബിളിനെ സംബന്ധിച്ച് നിങ്ങൾ കണ്ടുപിടിക്കാൻ ആഗ്രഹിക്കുന്ന ഏതു പദത്തിന്റെയും ബൈബിൾഭാഗങ്ങൾ എന്നിവയും കണ്ടെത്താമെന്ന പ്രത്യേകതയുമുണ്ട്. ഉദാ : കരുണ എന്ന പദം അടിച്ചുകൊടുത്താൽ പഴയനിയമ പുതിയനിയമ പുസ്തകങ്ങളിൽ കരുണയെപ്പറ്റിയുള്ള അധ്യായ വാക്യങ്ങളും വചനവും ലഭിക്കും. കൂടാതെ എല്ലാ പേജിലും എല്ലാ ദിവസവും മാറി മാറി വരുന്ന ഒരു വചനവും നൽകുന്നുണ്ട്. കംപ്യൂട്ടറിൽ വായിക്കുന്നതിന് ഇതിനായി തയാറാക്കിയ തിരുവചനം എന്ന ലിപി ഡൗൺലോഡ് ചെയ്യേണ്ടതുണ്ട്. വെബ്സൈറ്റിൽ ലിപി ഡൗൺലോഡ് ചെയ്യുന്നതിനുള്ള സൗകര്യവും ക്രമീകരിച്ചിട്ടുണ്ട്. വിശ്വോത്തര ചലച്ചിത്രകാരനായ ഫാങ്കോ സെഫിറേല്ലിയുടെ വിശ്വപ്രസിദ്ധമായ ചലച്ചിത്രം ജീസസ് ഓഫ് നസറത്ത് മലയാളത്തിലേക്ക് മൊഴിമാറ്റം തുടങ്ങിയെന്നത് മറ്റൊരു സവിശേഷതയാണ്. ഹോളിവുഡിലെയും ലോകത്തിലെ മറ്റു വിവിധ രാജ്യങ്ങളിലുമുള്ള പ്രഗത്ഭരും പ്രശസ്തരുമായ അഭിനേതാക്കളെ ഉൾക്കൊള്ളിച്ച ആറു മണിക്കൂർ ദൈർഘ്യമുള്ള ഈ ചിത്രം പുത്തനങ്ങാടി ഡിവൈൻ ക്രിയേഷൻസിന്റെ ബാനറിലാണ് ഈ ചിത്രം മലയാളത്തിലെത്തുന്നത്.

**ബൈബിൾ വാരവും ബൈബിൾ ഞായറും**

ബൈബിളിനോടുള്ള ആദരവും ബഹുമാനവും പ്രകടിപ്പിക്കുന്നതിനു പ്രത്യേക മായി ഈ വർഷം ബൈബിൾ ഞായർ ജൂൺ 22 -ന് ആഘോഷിച്ചു. അതിന് ഒരുക്ക മായി ജൂൺ 16 മുതൽ 21 വരെ ബൈബിൾ വാരമായി ആചരിച്ചു. ഈ വർഷത്തെ

ബൈബിൾ ഞായറിനോടനുബന്ധിച്ച് ജൂൺ 22 ാംതിയതി ഞായറാഴ്ച ദിവ്യബലി മദ്ധ്യേ എല്ലാ പള്ളികളിലും സ്ഥാപനങ്ങളിലും കെ.സി.ബി.സി. ബൈബിൾ കമ്മീഷൻ ചെയർമാൻ ആർച്ച് ബിഷപ്പ് റവ. ഡോ.സൂസൈപാക്യം, ദൈവവചനവർഷത്തിന്റെ ആപ്തവാക്യമായി സ്വീകരിച്ച 'ദൈവവചനം ജീവന്റെ നിറവിന്' എന്ന വിഷയത്തെ അടിസ്ഥാനമാക്കി പുറപ്പെടുവിച്ച സർക്കുലറും വായിച്ചു. ബൈബിൾ വാരത്തിലെ എല്ലാ ദിവസവും പള്ളികളിലും ഭവനങ്ങളിലും ഉപയോഗിക്കുന്നതിന് വായനകളും വിചിന്തനങ്ങളും പ്രാർത്ഥനകളുമടങ്ങിയ ലഘുലേഖകൾ ഉപയോഗിച്ചു. ഇടവകകളിൽ ബൈബിൾ അധിഷ്ഠിതമായ മറ്റു പ്രോഗ്രാമുകൾ ബൈബിൾ പ്രതിഷ്ഠ, ബൈബിൾ സെമിനാറുകൾ, ബൈബിൾ സാഹിത്യമത്സരങ്ങൾ, ബൈബിൾ എകസിബിഷൻ, ബൈബിൾ പ്രഭാഷണങ്ങൾ എന്നിവയെല്ലാം അന്നേദിവസം തന്നെ സംഘടിപ്പിക്കപ്പെട്ടു.

## ഓരോ ഭവനത്തിനും ഒരു ബൈബിൾ

സാമ്പത്തിക കാരണംകൊണ്ട് ബൈബിൾ വാങ്ങാൻ ബുദ്ധിമുട്ടുള്ളവർക്ക് ബൈബിൾ വിലകുറച്ച് നൽകുവാനായി, കേരള കാത്തലിക് ബൈബിൾ സൊസൈറ്റി ഉദാരമതികളുടെ സഹായസഹകരണത്തോടെ തുടങ്ങിയ ഒരു പദ്ധതിയാണ് 'ഓരോ ഭവനത്തിനും ഒരു ബൈബിൾ'. "വചനവർഷത്തിൽ കേരളത്തിലെ എല്ലാ ക്രിസ്തീയഭവനങ്ങളിലും സമ്പൂർണ്ണ ബൈബിളിന്റെ ഒരു കോപ്പി ഉണ്ടെന്നു നാം ഉറപ്പു വരുത്തണം. ബൈബിളില്ലാത്ത ഒരു ഭവനവും കേരളത്തിൽ ഉണ്ടായിരിക്കരുത്" 2008 - ലെ ബൈബിൾ ഞായറിനോടനുബന്ധിച്ച് പുറപ്പെടുവിച്ച ഒരു സർക്കുലറിൽ കെ. സി.ബി.സി ബൈബിൾ കമ്മീഷൻ ചെയർമാൻ നിർദ്ദേശിച്ചിരുന്നു. ഇനിയും ബൈബിൾ വാങ്ങാൻ സാധിക്കാത്ത പാവപ്പെട്ട കുടുംബങ്ങൾക്ക് കേരള കാത്തലിക്ക് ബൈബിൾ സൊസൈറ്റി എഴുപതിനായിരം ബൈബിളുകൾ കേരളസഭയിൽ 50 രൂപയ്ക്ക് വിതരണം ചെയ്തു. കേരളത്തിലെ 29 രൂപതകളിലെയും രൂപതാ ബൈബിൾ അപ്പോസ്തലേറ്റ് കേന്ദ്രങ്ങൾ വഴിയാണ് 70000 ബൈബിളുകൾ വിതരണം ചെയ്തത്.



*വചനവർഷ സംഗമത്തോടനുബന്ധിച്ച് 'ഓരോ ഭവനത്തിനും ഒരു ബൈബിൾ' എന്ന വചനവർഷപദ്ധതി കർദ്ദിനാൾ മാർ വർക്കി വിതയത്തിൽ പുനലൂർ രൂപതാ ബൈബിൾ അപ്പോസ്തലേറ്റ് ഡയറക്ടർ ഫാ. ജോസഫ് ഫ്രാൻസിസിന് ഒരു ബൈബിൾ നൽകി പദ്ധതി ഉത്ഘാടനം ചെയ്തപ്പോൾ.*

**കോഴ്സ്കൾ**

ദൈവവചനം പഠിക്കുന്നതിനും പങ്കുവയ്ക്കുന്നതിനുമായി കെ.സി.ബി.സി. ബൈബിൾ കമ്മീഷന്റെ ആഭിമുഖ്യത്തിൽ റസിഡൻഷ്യൽ ബൈബിൾ ആനിമേറ്റേഴ്സ് കോഴ്സ് നടത്തപ്പെടുന്നുണ്ട്. പ്രഗൽഭരായ ബൈബിൾ പണ്ഡിതന്മാരാണ് ഈ കോഴ്സുകൾക്ക് ക്ലാസുകളെടുക്കുന്നത്. വി.ഗ്രന്ഥത്തിന്റെ ധ്യാനാത്മകമായ വായനയിലൂടെയും പ്രാർത്ഥനാപൂർവ്വകമായ പഠനത്തിലൂടെയും ആഴമേറിയ ക്രിസ്താനുഭവം സാധ്യമാക്കുവാൻ ഈ കോഴ്സുകൾ അവസരമൊരുക്കുന്നു. ബൈബിൾ വിജ്ഞാനിയത്തിലേക്ക് വിശ്വാസികളെ കൈപിടിച്ചുയർത്തുന്നതിൽ വലിയൊരു മുന്നേററം നടത്താൻ കമ്മീഷന് ഇതിനോടകം സാധിച്ചിട്ടുണ്ട്. ദൈവജനത്തിനിടയിൽ ബൈബിൾ പഠനത്തെ പ്രോത്സാഹിപ്പിക്കുവാനും സഹായിക്കുവാനുമുള്ള ബൈബിൾ കമ്മീഷന്റെ രണ്ടു മുഖ്യസംരംഭങ്ങളാണ് ബൈബിൾ ആനിമേറ്റേഴ്സ് കോഴ്സുകളും ബൈബിൾ കറസ്പോണ്ടൻസ് കോഴ്സും. ബൈബിൾ സംബന്ധമായ വിവിധ വിഷയങ്ങളെക്കുറിച്ച് പഠിച്ചും ധ്യാനിച്ചും പ്രാർത്ഥിച്ചും ചിലവഴിക്കുന്ന ഈ ക്യാമ്പിൽ അൽമായരും സന്യസ്തരും പങ്കെടുക്കുന്നു. രൂപതാ ബൈബിൾ അപ്പോസ്തലേററ് പ്രവർത്തകർ, കുടുംബകൂട്ടായ്മ ഭാരവാഹികൾ, സൺഡേ സ്കൂൾ അദ്ധ്യാപകർ, സംഘടനാ ഭാരവാഹികൾ തുടങ്ങി ബൈബിൾ പഠിക്കുവാൻ താൽപര്യമുള്ള എല്ലാവരും ഇതിൽ പങ്കെടുത്തുവരുന്നു. കോഴ്സ് പൂർത്തിയാക്കിയവർക്ക് സർട്ടിഫിക്കററുകൾ നൽകുന്നു.

ശാസ്ത്രീയമായ ബൈബിൾ കോഴ്സുകളിൽ സംബന്ധിച്ച് പഠിക്കാൻ സാധിക്കാത്തവർക്ക് വീട്ടിലിരുന്നു കിട്ടുന്ന സമയം ചെലവഴിച്ച് ബൈബിൾ പഠിക്കാനുള്ള അവസരമാണ് ബൈബിൾ കറസ്പോണ്ടൻസ് കോഴ്സിലൂടെ ലഭിക്കുന്നത്. വീട്ടിലിരുന്നു ബൈബിൾ പഠിക്കാനഗ്രഹിക്കുന്നവർക്ക് പേര് രജിസ്റ്റർ ചെയ്തു കഴിയുമ്പോൾ കോഴ്സിന്റെ പുസ്തകങ്ങൾ തപാലിൽ അയച്ചുകൊടുക്കുന്നു. ബൈബിളിലെ എല്ലാ പുസ്തകങ്ങളെയും ഉൾപ്പെടുത്തി തയ്യാറാക്കിയ ഈ കോഴ്സിന് മൊത്തം അഞ്ചു യൂണിറ്റുകൾ ഉണ്ട്. ആദ്യത്തെ മൂന്നു യൂണിറ്റുകൾ പുതിയ നിയമപഠനത്തിനും നാല്, അഞ്ച് യൂണിറ്റുകൾ പഴയ നിയമ പഠനത്തിനുമായി നീക്കി വച്ചിരിക്കുന്നു. ഓരോ യൂണിറ്റിലും ഏഴോ, എട്ടോ പാഠപുസ്തകങ്ങളുണ്ട്. ആദ്യ യൂണിറ്റിൽ മാർക്കോസ്,




*കെ.സി.ബി.സി. ബൈബിൾ കമ്മീഷന്റെ ആഭിമുഖ്യത്തിൽ പി.ഒ.സിയിൽ സംഘടിപ്പിക്കുന്ന ബുധൻ സായാഹ്ന ബൈബിൾ ക്ലാസിലെ 2008 ബാച്ച് തലശേരി അതിരൂപത ആർച്ച് ബിഷപ്പ് മാർ ജോർജ് വലിയമറ്റം ഉദ്ഘാടനം ചെയ്ത് സന്ദേശം നൽകുന്നു.*

ലൂക്കാ സുവിശേഷങ്ങളെ അധികരിച്ചുള്ള പാഠപുസ്തകങ്ങളാണ്. വി.മർക്കോസിന്റെ സുവിശേഷത്തോടെ പഠനം ആരംഭിക്കുന്നു. കോഴ്സ് പൂർത്തിയാക്കിയവർക്ക് കെ. സി.ബി.സി. സർട്ടിഫിക്കറ്റുകളും വിതരണം ചെയ്യും. അത്മായരും സിസ്റ്റേർസും പ്രത്യേകിച്ച് സൺഡേ സ്കൂൾ അദ്ധ്യാപകരും കുടുംബകൂട്ടായ്മാഭാരവാഹികളും ചില വിദേശ മലയാളികളും ഈ പഠനത്തിൽ ആത്മാർത്ഥമായ താൽപര്യം കാണിക്കുന്നു.

**ലോഗോസ് ക്വിസ്**

കെ.സി.ബി.സി ബൈബിൾ കമ്മീഷന്റെയും കേരള കാത്തലിക്ക ബൈബിൾ സൊസൈറ്റിയുടെയും ആഭിമുഖ്യത്തിൽ വിജയപ്രദമായി നടപ്പിലാക്കുന്ന ഒരു പദ്ധതിയെന്ന ദൈവവചനവർഷത്തിലെ 9-ാമത് അഖിലകേരള ലോഗോസ് ബൈബിൾ ക്വിസിന് പ്രത്യേക പ്രാധാന്യമുണ്ട്. കേരളത്തിലെ എല്ലാ രൂപതകളേയും പങ്കെടുപ്പിച്ചുകൊണ്ട് മലയാളത്തിലും ഇംഗ്ലീഷിലുമായി നടത്തപ്പെടുന്ന വ്യക്തിഗത ബൈബിൾ ക്വിസ് എഴുത്ത് പരീക്ഷയാണിത്.




വിശ്വാസികളുടെ ഇടയിൽ വി.ഗ്രന്ഥത്തിന്റെ ധ്യാനാത്മകമായ വായനയും പഠനവും പ്രോത്സാഹിപ്പിക്കുക എന്ന ലക്ഷ്യത്തോടെ ഈ ബൈബിൾ ക്വിസ് എൻട്രൻസ് മോഡൽ എഴുത്തു പരീക്ഷ നടത്തി. ബൈബിളിലെ പുസ്തകങ്ങളെ അടിസ്ഥാനമാക്കിയും മത്സരാർത്ഥികളെ 5 ഗണങ്ങളായി തിരിച്ചുമാണ് ഇടവകതലത്തിലും സംസ്ഥാനതലത്തിലും പരീക്ഷകൾ നടത്തി വിജയികളെ നിശ്ചയിക്കുന്നത്. ഇടവകതലത്തിലും രൂപതാതലത്തിലും അഖില കേരളതലത്തിലുമായി ബൈബിളുകൾ, ക്യാഷ് അവാർഡുകൾ, ഷീൽഡുകൾ, ട്രോഫികൾ, ബൈബിൾ കമ്മീഷന്റെ സർട്ടിഫിക്കറ്റുകൾ തുടങ്ങി നിരവധി ആകർഷകമായ സമ്മാനങ്ങൾ നൽകി. 385000 പേർ ചേർന്ന കഴിഞ്ഞ 9-ാം മത് ലോഗോസ് ക്വിസിൽ 57000 പേരെ പങ്കെടുപ്പിച്ച് എറണാകുളം-അങ്കമാലി അതിരൂപതയും 4500 പേരെ പങ്കെടുപ്പിച്ച് അങ്കമാലി ഫൊറോനാ പള്ളിയും ഒന്നാം സ്ഥാനത്തെത്തി. ജൂലൈ 31-ന് റജിസ്ട്രേഷൻ കഴിയുന്നതോടെ തുടർന്നുള്ള മാസങ്ങളിൽ മത്സരപരീക്ഷവരെ ഇത്രയുംപേർ ബൈബിൾ വായനയക്കും പഠനത്തിനുമായി ചിലവഴിക്കുന്നുവെന്നതാണ് ലോഗോസ് ക്വിസിനെ വചനവർഷത്തിലെ വസന്തകാലമെന്ന് വിശേഷണത്തിന് ഉടമയാക്കുന്നത്. രക്ഷകനും നാഥനുമായ യേശുക്രിസ്തുവിനെആഴത്തിൽ അറിയുക, വി.ഗ്രന്ഥം പ്രാർത്ഥനാപൂർവ്വം പഠിക്കുക എന്നീ ലക്ഷ്യങ്ങളോടെ ആവിഷ്കരിച്ചിരിക്കുന്ന ഒരു പദ്ധതിയാണ് ലോഗോസ് ക്വിസ്. ഈ പദ്ധതിയിൽ പങ്കുചേരുന്നതിലൂടെ ദൈവവചനം മത്സരബുദ്ധിയോടെ എന്നവണ്ണം പഠിക്കാനും അതിലൂടെ ഈശോയെ അനുഭവിച്ചറിയുവാനും മറ്റുള്ളവർക്ക് പകർന്നു കൊടുക്കുവാനുമുള്ള ഒരു സുവർണ്ണാവസരമാണ് ലഭിക്കുക. ഈ അനുഗ്രഹം പ്രാപിക്കാനുള്ള സുവർണ്ണമാർഗമാണ് ഈ വചനവർഷം നമുക്കു നൽകിയത്.




**ദൈവവചനത്തെക്കുറിച്ച് ഗാനമത്സരം**

2008 കേരള സഭ ദൈവവചനവർഷമായി ആചരിക്കുന്നതിന്റെ പശ്ചാത്തലത്തിൽ, കെ.സി.ബി.സി ബൈബിൾ കമ്മീഷന്റെ ആഭിമുഖ്യത്തിൽ ദൈവവചനത്തെ



*ബൈബിൾ സൊസൈറ്റി പ്രസിദ്ധീകരിച്ച "ദൈവവചനവും ദിവ്യവായനയും" എന്ന പുസ്തകം ബൈബിൾ സൊസൈറ്റി ചെയർമാൻ ബിഷപ്പ് ജോർജ്ജ് പുന്ന ക്കോട്ടിൽ, ഡയറക്ടർ ഡോ. സ്റ്റീഫൻ ആലത്തറയ്ക്കു നല്കി പ്രകാശനം ചെയ്യു ന്നു. ഡോ. സൈറസ് വേലംപറമ്പിൽ, ഫാ. ജോസ് അറയ്ക്കൽ, ശ്രീ. സാബു ജോസ്, ശ്രീ. മാത്യു, സി. ആഗ്നസ് ജോർജ്ജ് എന്നിവർ സമീപം*



ബൈബിൾ സൊസൈറ്റിയിൽ നിന്ന് പ്രസിദ്ധീകരിച്ച 'ലോഗോസ് ക്വിസ് 2000 - 2008 ചോദ്യങ്ങളും ഉത്തരങ്ങളും' എന്ന പുസ്തകം ബിഷപ്പ് മാർ ജോർജ്ജ് പുന്നക്കോട്ടിൽ ഫാ.ജോസ് കോട്ടയിലിന് നല്കിക്കൊണ്ട് പ്രകാശനം ചെയ്ത പ്പോൾ.



ബൈബിൾ സൊസൈറ്റി പ്രസിദ്ധീകരിച്ച 'വി. പൗലോസ് അപ്പസ്തോലൻ' എന്ന പുസ്തകം ബിഷപ്പ് മാർ ജോർജ്ജ് പുന്നക്കോട്ടിൽ, ബിഷപ്പ് മാർ ജോഷ്വാ ഇഗ്നാത്തിയൂസിന് നല്കി പ്രകാശനം ചെയ്തപ്പോൾ. ഡോ. സൈറസ് വേലംപറമ്പിൽ, ഡോ. സ്റ്റീഫൻ ആലത്തറ, ജോൺസൺ കാഞ്ഞിരത്തിങ്കിൽ എന്നിവർ സമീപം.

ക്കുറിച്ച് ഒരു അഖില കേരള ഗാനരചനാമത്സരം സംഘടിപ്പിച്ചിരുന്നു. മത്സരത്തിൽ വിജയികളായവർക്ക് ക്യാഷ് അവാർഡുകളും ബൈബിൾ കമ്മീഷന്റെ സർട്ടിഫിക്കറ്റുകളും നൽകി. ദൈവവചനം എന്ന വിഷയം ആസ്പദമാക്കി എഴുതിയ ഭക്തിമയവും താളത്തോടുകൂടിയതുമായ 10 ഗാനങ്ങൾ സമ്മാനങ്ങൾക്കായി തിരഞ്ഞെടുത്തു. പ്രഗത്ഭരായവർ ഈണം നൽകുകയും പാടുകയും ചെയ്ത് ഒരു കാസറ്റ് കെ.സി.ബി.സി ബൈബിൾ കമ്മീഷൻ 'ലോഗോസ്' എന്നപേരിൽ പ്രസദ്ധീകരിച്ചു.

## ബൈബിൾ നാട് തീർത്ഥാടനം

ബൈബിൾ നാടുകൾ സന്ദേർശിക്കുന്നതിനായി രണ്ടു പക്കേജുകൾ ബൈബിൾ സൊസൈറ്റി നടത്തിക്കൊണ്ടിരിക്കുന്നു. ബൈബിളിലെ പുണ്യസ്ഥലങ്ങളായ ജെറുസലേം, ബത്ലെഹം, നസ്രത്ത്, കാന, ഗലീലി, താബോർ, ജെറീക്കോ, സീനായ് മല തുടങ്ങിയവ സന്ദർശിച്ച് പ്രാർത്ഥിക്കുന്നതിന് ബഹു. വൈദികർക്കും ബഹു.സിസ്റ്റേഴ്സിനും അത്മായ സഹോദരങ്ങൾക്കും ഇതുവഴി സുവർണ്ണാവസരം ലഭിക്കുന്നു. 10 ദിവസം ദീർഘിക്കുന്ന പാക്കേജിൽ ഇസ്രായേൽ, ഈജിപ്ത്, ജോർദ്ദാൻ, സീനായ്, പാലസ്തീൻ എന്നീ രാജ്യങ്ങൾ സന്ദർശിക്കുന്നു.

## ബൈബിളധിഷ്ഠിത പുസ്തകങ്ങൾ




സൊസൈറ്റി ദൈവവചനം പ്രചരിപ്പിക്കുക ബൈബിളുകൾ വിതരണം ചെയ്തു കൊണ്ടുമാത്രമല്ല ബൈബിളധിഷ്ഠിത പുസ്തകങ്ങൾ കൂടി അച്ചടിപ്പിച്ച് വിതരണം ചെയ്താണ്. സൊസൈറ്റി എല്ലാ അംഗങ്ങൾക്കും ബൈബിൾ സന്ദേശങ്ങൾ ഉൾക്കൊള്ളുന്ന ഒരു പുസ്തകം സൗജന്യമായി തപാലിൽ അയച്ചു കൊടുക്കുന്നുണ്ട്. സൊസൈറ്റി ഇപ്പോൾ അച്ചടിപ്പിച്ച് വിതരണം ചെയ്യുന്നവ താഴെപ്പറയുന്നവയാണ്: പഴയനിയമത്തിനു ഒരു ആമുഖം (ബിഷപ്പ് മാർ ജോർജ്ജ് പുന്നക്കോട്ടിൽ) ലോഗോസ് സഹായി, മർക്കോസിന്റെ സുവിശേഷം - ഒരു വ്യാഖ്യാനം, ദൈവവചനം ദൈവദാനം, ദിവ്യവായന (റവ.ഡോ.സൈറസ് വേലംപറമ്പിൽ) ബൈബിൾ കൂട്ടുകാർ (ഡോ. അഗസ്റ്റിൻ മുള്ളൂർ) യേശുവിന്റെ കാലത്തെ പാലസ്തീന (ഭൂപടം) ഗലീലിയിലെ അത്ഭുതങ്ങൾ (ഭൂപടം) നമ്മുടെ മാർപ്പാപ്പാമാർ (ചിത്രങ്ങൾ) വിശുദ്ധ അൽഫോസാമ്മ,

## ദൈവവചനവർഷം സമാപനവും ബൈബിൾ കലോത്സവവും

ദൈവവചനവർഷത്തിന്റെ സംസ്ഥാനതലത്തിലുള്ള സമാപനം ഡിസംബർ 27, 28 തീയതികളിൽ പാലാരിവട്ട ത്തുള്ള പാസ്റ്ററൽ ഓറിയന്റേഷൻ സെന്ററിൽ നടക്കുന്നു. വചനവർഷത്തിന്റെ ഭാഗമായി ബൈബിൾ സന്ദേശങ്ങളും മൂല്യങ്ങളും കലാരൂപങ്ങളിലൂടെ അവതരിപ്പിക്കുന്നതിനും യുവപ്രതിഭകളെ കണ്ടെത്തി പ്രോത്സാഹിപ്പിക്കുന്നതിനും വേണ്ടി രണ്ടുദിവസത്തെ അഖിലകേരള ബൈബിൾ കലോത്സവം സംഘടിപ്പിച്ചുകൊണ്ടാണ് ദൈവവചനവർഷം സമാപിച്ചു.



27 -ാം തിയതി രാവിലെ 9-ന് പിഒസി ഓഡിറ്റോറിയത്തിൽ ചേരുന്ന പൊതുസമ്മേളനം കെസിബിസി പ്രസിഡന്റ് റൈറ്റ്. റവ ഡോ. ഡാനിയേൽ അച്ചാരുപറമ്പിൽ ദൈവവചനവർഷ സമാപനപരിപാടികളും ബൈബിൾ കലോത്സവവും ഉദ്ഘാടനം ചെയ്തു. ആർച്ച്ബിഷപ്പ് വചനവർഷജ്യോതി തെളിക്കും. കേരളത്തിലെ 29 കത്തോലിക്കാ രൂപതകളിൽ നിന്നുള്ളവർ വചനവർഷജ്യോതി ഏറ്റുവാങ്ങി. വചനഗീതം ആലപിച്ചു.

രണ്ടുദിവസം ദീർഘിച്ച കലോത്സവത്തിൽ ആയിരത്തിലധികം കലാപ്രതിഭകൾ ഇരുപത്തിയൊന്ന് ഇനങ്ങളിലായി പങ്കെടുത്തു രചനാമത്സരങ്ങളും അവതരണ മത്സരങ്ങളും ഉണ്ടായിരുന്നു. അവതരണ മത്സരങ്ങൾ ലളിതഗാനം, കവിതാപാരായണം, ശാസ്ത്രീയ സംഗീതം, പ്രസംഗം, സിംഗിൾ ഡാൻസ്, ബൈബിൾ ക്വിസ്, കഥാപ്രസംഗം, സമൂഹനൃത്തം, മാർഗ്ഗംകളി, തെരുവുനാടകം, നാടകം എന്നിവയാണ്. അവതരണ മത്സരങ്ങൾക്ക് ജൂനിയർ സീനിയർ തിരിവുണ്ടായിരിക്കും. ഓരോ ഇനത്തിലും വിജയികളാകുന്നവർക്ക് ക്യാഷ് അവാർഡും സർട്ടിഫിക്കററും നൽകി. ഒന്നാം സമ്മാനാർഹർക്ക് ട്രോഫിയും ലഭിച്ചു. ഏററവും കൂടുതൽ പോയിൻറുകൾ നേടി ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങൾ നേടിയ രൂപതകൾക്ക് എവർ റോളിംഗ് ട്രോഫികളും പ്രഖ്യാപിച്ചു. മത്സരഫലങ്ങൾ മത്സരദിവസങ്ങളിൽതന്നെ പ്രഖ്യാപിച്ചു. കലോത്സവ നടത്തിപ്പിനായി രൂപതാ ബൈബിൾ അപ്പോസ്റ്റലേറ്റ് ഡയറക്ടറർമാർ കോ ഒർഡിനേറ്റർമാരായി വിവിധ കമ്മറ്റികൾ പ്രവത്തിച്ചു. ബൈബിൾ വിഷയങ്ങളെ അധികരിച്ചുള്ള ഏതാനും മത്സങ്ങൾ എന്നിനേക്കാൾ സംസ്ഥാനതലത്തിലുള്ള ഒരു ആത്മീയ-സാംസ്കാിക മേള എന്ന രീതിയിലാണ് കലോത്സവ പരിപാടികൾ രൂപകൽപ്പനചെയ്തത്. കേരളത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള കലാപ്രതിഭകൾ ഒരു കൂടാരത്തിനു കീഴിൽ വിശ്വാസം പങ്കുവച്ചും പ്രാർത്ഥനയിൽ ഐക്യപ്പെട്ടും കലാവേദിയിൽ ആത്മപ്രകാശനം നടത്തിയും മുന്നേറി.

28 -ാം തീയതി വൈകുന്നേരം 5 മണിക്ക് പിഒസി ഓഡിറ്റോറിയത്തിൽ ചേർന്ന സമ്മേളനത്തോടെ ദൈവവചനവർഷത്തിനും കലോത്സവത്തിനും സംസ്ഥാനതല സമാപനമായി. പ്രസ്തുത സമ്മേളനത്തിൽ കെ.സിബി.സി ബൈബിൾ കമ്മീഷൻ ചെയർമാൻ ബിഷപ്പ് മാർ ജോർജ്ജ് പുന്നക്കോട്ടിൽ സമാപനസന്ദേശം നൽകി. ബിഷപ്പ് ദൈവവചനവർഷപ്രതിജ്ഞ

39



വചനവർഷ സമാപനത്തിൻെറ ഭാഗമായി ആർച്ച്ബിഷപ്പ് റൈറ്റ്.റവ. ഡോ. ഡാനിയേൽ അച്ചാരുപറമ്പിൽ വചനവർഷജ്യോതി തെളിയിച്ചു. കേരളത്തിലെ 29 കത്തോലിക്കാ രൂപതകളിൽ നിന്നുള്ളവർ ഏറ്റുവാങ്ങി വചനഗീതം ആലപിക്കുന്നു.

## ദൈവവചനവർഷ സമാപനത്തിൽ 28, 29 ഡിസംബർ 2008 – ാം തീയതി ബൈബിൾ കമ്മീഷൻ ചെയർമാൻ ബിഷപ്പ് മാർ ജോർജ്ജ് ചൊല്ലിക്കൊടുത്ത

# വചനവർഷ പ്രതിജ്ഞ

സ്നേഹപിതാവായ ദൈവമേ/ വചനവർഷമാചരിച്ച കേരളസഭയിലെ അംഗങ്ങളായ ഞങ്ങൾ/ അങ്ങയെ ആരാധിക്കുകയും സ്തുതിക്കുകയും ചെയ്യുന്നു. പൂർവ്വകാലങ്ങളിൽ പ്രവാചകന്മാരിലൂടെയും/ അവസാനനാളുകളിൽ വചനം മാംസമായ ഈശോമിശിഹായിലൂടെയും/ ഞങ്ങളോട് സംസാരിക്കുവാൻ തിരുമനസ്സായ പിതാവേ/ അങ്ങേയ്ക്ക് ഞങ്ങൾ നന്ദി പറയുന്നു.

നല്ല ദൈവമേ/ ജീവദായകമായ അങ്ങയുടെ വചനം/ ശ്രവിക്കുന്നതിനും ഗ്രഹിക്കുന്നതിനും/ പരിശുദ്ധാത്മാവിന്റെ ചൈതന്യത്താൽ/ ഞങ്ങളുടെ ബുദ്ധിയേയും മനസ്സിനേയും പ്രകാശിപ്പിക്കണമേ. ഞങ്ങളടെ സ്വർഗ്ഗീയ മാതാവായ പരിശുദ്ധ കന്യകാമറിയത്തെ അനുകരിച്ച്/ വചനം ഹൃദയത്തിൽ സംഗ്രഹിച്ച് ധ്യാനിക്കുവാനും/ അങ്ങ് അരുൾചെയ്ത കാര്യങ്ങൾ/ നിറവേറുമെന്ന വിശ്വാസത്തിലൂടെ/ അനുഗ്രഹീതരായിത്തീരുവാനും ഞങ്ങളെ സഹായിക്കണമെ.

സ്നേഹപിതാവേ, 'ഞാൻ സുവിശേഷം പ്രസംഗിക്കുന്നില്ലെങ്കിൽ എനിക്ക് ദുരിതം'/ എന്നു പറഞ്ഞ പൗലോസ് ശ്ലീഹായുടെ തീക്ഷ്ണതയോടെ/ എപ്പോഴും എവിടെയും എല്ലാവരോടും/ ഞങ്ങൾക്കു ലഭിക്കുന്ന വചനാനുഭവം പങ്കുവച്ചുകൊണ്ട്/ സുവിശേഷസാക്ഷികളായി ജീവിക്കുവാൻ/ ഞങ്ങളെ അനുഗ്രഹിക്കണമെ. പാദങ്ങൾക്ക് വിളക്കും/ പാതയിൽ പ്രകാശവുമായ വചനാനുഭവത്താൽ/ കേരള സഭാംഗങ്ങളെയെല്ലാം വിശുദ്ധീകരിക്കണമെന്ന് ഞങ്ങൾ പ്രാർത്ഥിക്കുന്നു.

സ്വർഗ്ഗീയ പിതാവേ/ ദൈവവചനത്തിലൂടെ ഞങ്ങൾക്കു സ്വയം വെളിപ്പെടുത്തുന്ന അങ്ങയെ/ കൂടുതൽ കൂടുതൽ അറിയുന്നതിനുള്ള അനുഗ്രഹം/ ഞങ്ങൾക്കു നൽകേണമേ. അങ്ങു ഞങ്ങൾക്കു കാണിച്ചുതന്ന/ സ്നേഹത്തിന്റെയും സേവനത്തിന്റെയും മാർഗ്ഗത്തിലൂടെ ചരിക്കുന്നതിന/ ഞങ്ങളെ അനുഗ്രഹിക്കണമേ.

അങ്ങയുടെ ദിവ്യവചസ്സുകൾ ഉൾക്കൊള്ളുന്ന വിശുദ്ധഗ്രന്ഥത്തെ/ ഏറ്റവും ബഹുമാനത്തോടെ വണങ്ങുന്നതാണെന്ന്/ ഞങ്ങൾ പ്രതിജ്ഞ ചെയ്യുന്നു. വിശുദ്ധ ഗ്രന്ഥത്തിലൂടെ ഞങ്ങളോട് സംസാരിക്കുന്ന/ അങ്ങയുടെ സ്വരം ശ്രവിക്കുന്നതാണെന്നും/ അതിൽ അടങ്ങിയിരിക്കുന്ന സത്യം ഗ്രഹിച്ച്/ അങ്ങയുടെ പ്രബോധനങ്ങൾക്കനുസൃതം/ ഞങ്ങൾ ജീവിക്കുന്നതാണെന്നും ഞങ്ങൾ പ്രതിജ്ഞ ചെയ്യുന്നു.

കാർമ്മികൻ: കരുണാനിധിയായ പിതാവേ, വിശ്വാസത്തോടും പ്രത്യാശയോടുംകൂടെ അവിടുത്തെ സന്നിധിയിൽ അണഞ്ഞിരിക്കുന്ന ഈ ഭക്തജനത്തിന്റെ പ്രാത്ഥന അങ്ങ് ചെവിക്കൊള്ളണമെ. അവിടുത്തെ സ്നേഹവും വാത്സല്യവും അനുഭവിച്ചറിയുവാൻ ഇവരെ യോഗ്യരാക്കണമെ. നിത്യം പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ എന്നേക്കും.

സമൂഹം: ആമ്മേൻ.

---

38 ചൊല്ലിക്കൊടുത്തു. 29 രൂപതകളിൽനിന്ന് പ്രതിനിധികൾ വചനവർഷജ്യോതികളേന്തി പ്രതിജ്ഞ ഏറ്റുചൊല്ലും. തുടർന്ന് കലോത്സവ ജേതാക്കൾക്കുള്ള സമ്മാനങ്ങളും ബിഷപ്പ് വിതരണം ചെയ്തു. തദവസരത്തിൽ കെസി.ബി.സി ബൈബിൾ കമ്മീഷൻ വചനവർഷത്തിൽ നടത്തിയ സാഹിത്യ രചനാമത്സരങ്ങൾക്കും അവതരണമത്സരങ്ങൾക്കും വചനവർഷഗാനരചനാമത്സരങ്ങൾക്കുമുള്ള സമ്മാനങ്ങളും ബിഷപ്പ് വിതരണം ചെയ്തതോടെ ദൈവവചനവർഷത്തിന് തിരശ്ശീല വീണു.

# മലയാള ബൈബിൾ ഇന്റർനെറ്റിലേക്ക്
# മലയാള ബൈബിൾ ഇനി വിരൽത്തുമ്പിൽ

## *ആഗോള സദസ്സിന്റെ കൈകളിൽ മലയാള ബൈബിൾ എത്തുന്നു*

ബൈബിളിലെ ദൈവവചനമെന്ന അപ്പത്തിന്റെ മാധുര്യം മനസ്സിലാകാൻ അവ എളുപ്പത്തിൽ ലഭ്യമാകണം. മനുഷ്യനോടുള്ള ബന്ധത്തിൽ മനുഷ്യനെ നിലനിർത്താൻ ഉപയോഗപ്പെടുത്താവുന്ന ഫലപ്രദമായ ധാരാളം ആധുനിക വാർത്താവിനിമയ മാർഗ്ഗങ്ങളുണ്ട്. ഉദാ : റേഡിയോ, റ്റി.വി., സിനിമ, പത്രം, കലകൾ, തുടങ്ങിയവ കൂടാതെ ആധുനിക വിനിമയ മാധ്യമങ്ങളായ സി ഡി, ഇന്റർനെറ്റ്, മൊബൈൽ, പെൻഡ്രൈവ് തുടങ്ങിയവയും. അഞ്ചു ഭൂഖണ്ഡങ്ങളിലായി വ്യാപിച്ചു കിടക്കുന്ന മനുഷ്യനെ ഐക്യപ്പെടുത്തുന്ന ഈ ശക്തമായ ഉപകരണങ്ങളുടെ നന്മകളെ സഭ പ്രയോജനപ്പെടുത്തേണ്ടത് കാലഘട്ടത്തിന്റെ അനിവാര്യതയാണ്. ജനക്കൂട്ടത്തെ അഭിസംബോധന ചെയ്യാൻ വചനം നൽകാൻ ഫലപ്രദവും നവീനവുമായ വേദികളാണത്. ആധുനിക ദൃശ്യശ്രാവ്യ മാധ്യമങ്ങളിലൂടെ സംജാതമാകുന്ന പുത്തൻ സംസ്ക്കാരങ്ങളിലേക്ക് ഈ നവമായ മാർഗ്ഗങ്ങളിലൂടെ സുവിശേഷ സന്ദേശങ്ങൾ സന്നിവേശിക്കപ്പെടണം.

പാലാരിവട്ടം പി. ഒ. സി. യിൽ ചേർന്ന സമ്മേളനത്തിൽ മലയാള ബൈബിളിന്റെ ഇന്റർനെറ്റ് എഡിഷൻ തുറന്നു. പുതിയ ബൈബിൾ വെബ്സൈറ്റിന്റെ സ്വിച്ച് ഓൺ





പാലാരിവട്ടം പി. ഒ. സി. യിൽ ചേർന്ന സമ്മേളനത്തിൽ പി. ഒ. സി. ബൈബിളിന്റെ വെബ്സൈറ്റിന്റെ സ്വിച്ച് ഓൺ കർമ്മം കെ. സി. ബി. സി. ബൈബിൾ കമ്മീഷൻ ചെയർമാൻ ബിഷപ്പ് മാർ ജോർജ് പുന്നക്കോട്ടിൽ നിർവ്വഹിക്കുന്നു. ഡോ. സ്റ്റീഫൻ ആലത്തറ, ഡോ. സൈറസ് വേലംപറമ്പിൽ, ഡോ. ജോൺസൺ പതുശ്ശേരി സി എസ് റ്റി, പ്രൊഫ. എഡ്വേർഡ് എടേഴത്ത്, ശ്രീ. മനോജ് സണ്ണി, ശ്രീ. വിന്നി എന്നിവർ സമീപം.

കർമ്മം കെ. സി. ബി. സി. ബൈബിൾ കമ്മീഷൻ ചെയർമാൻ ബിഷപ്പ് മാർ ജോർജ് പുന്നക്കോട്ടിൽ നിർവ്വഹിച്ചു. ഈ വെബ്സൈറ്റ് മലയാളി സമൂഹത്തിന് ഒരു മുതൽകൂട്ടായിരിക്കുമെന്നും ജഡികമായ ധാരാളം കാര്യങ്ങൾ അവതരിപ്പിക്കാൻ ഉപയോഗിക്കുന്ന ഈ മാധ്യമത്തിലൂടെ ക്രിസ്തുവിനെയും ക്രിസ്തുവിന്റെ വചനങ്ങളെയും മഹത്വീകരിക്കാൻ ഉപയോഗിക്കാൻ സാധിക്കുന്നത് ദൈവനിയോഗമാണെന്ന് ബിഷപ്പ് പറഞ്ഞു. ഇന്റർനെറ്റിനെ ബൈബിൾ പഠനത്തിനുള്ള ഉപാധിയാക്കാനും യേശുവിനുവേണ്ടി ഈ ശുശ്രൂഷ നടത്താനും കെ. സി. ബി. സി. ബൈബിൾ കമ്മീഷനും ജീസസ് യൂത്തും നടപ്പാക്കിയ ഈ പദ്ധതിയെ പിതാവ് പ്രത്യേകം അഭിനന്ദിച്ചു. കാലത്തിന്റെ പുരോഗതിയ്ക്കൊത്ത് ഉയരുവാൻ സാധിക്കുന്നതിൽ പിതാവ് സന്തുഷ്ടി രേഖപ്പെടുത്തി. ഈ സൈറ്റ് സന്ദർശിക്കുന്നവരെ ദൈവം അനുഗ്രഹിക്കട്ടെയെന്ന് ബിഷപ്പ് ആശംസിച്ചു.

ആഗോളതലത്തിൽ മലയാള ബൈബിൾ ഈ വെബ്സൈറ്റിലൂടെ വളരെ എളുപ്പത്തിൽ ലഭ്യമാക്കുന്നു. ക്രൈസ്തവർക്കും അക്രൈസ്തവർക്കും എല്ലാ പ്രായവിഭാഗത്തിൽപ്പെട്ടവർക്കും എല്ലാ രാജ്യങ്ങളിലുമുള്ള മലയാളികൾക്ക് ഇനി പി.ഒ.സി. ബൈബിൾ ഇനി വിരൽത്തുമ്പിലാണ്. ആഗോളതലത്തിലുള്ള മലയാള ബൈബിളിന്റെ ഈ തുറവിയുടെ നവാത്മകനായ നന്മകൾ നിരവധിയും വളരെ ദൂരെ വ്യാപകവുമാണെന്ന് ബിഷപ്പ് മാർ ജോർജ് പുന്നക്കോട്ടിൽ തന്റെ അധ്യക്ഷപ്രസംഗത്തിൽ പറഞ്ഞു.

കേരള കത്തോലിക്കാ സഭയുടെ ഔദ്യോഗിക മലയാള ബൈബിൾ പരിഭാഷയായ പി. ഒ. സി. ബൈബിളിന്റെ ഇന്റർനെറ്റ് എഡിഷൻ തയ്യാറാക്കിയത് പി. ഒ. സി. യും, കെ.സി. ബി. സി. ബൈബിൾ കമ്മീഷനും ജീസസ് യൂത്ത് ഇന്റർനാഷണലും ചേർന്നാണ്. ബൈബിൾ വെബ്സൈറ്റിന്റെ പേര് www.pocbible.com എന്നാണ്. വെബ്സൈറ്റ് ഡിസൈൻ ചെയ്ത് ജീസസ് യൂത്ത് ഇന്റർനാഷണലിന്റെ മി. വിന്നിയും ടീമുമാണ്.




*പി.ഒ.സി. ഓൺലൈൻ ബൈബിളായ www.pocbible.com എന്ന വെബ് സൈറ്റിൻെറ ഹോം പേജ്*

### ലോഗോസ് പ്രതിഭ 2008 സംസ്ഥാനല സമ്മാനദാനം

# വചനവായന ധ്യാനത്തിലേക്കു നയിക്കണം

***ബിഷപ്പ് മാർ ജോർജ് പുന്നക്കോട്ടിൽ***

ദൈവവചനത്തിന്റെ വായന ധ്യാനത്തിലേക്കും പ്രാർത്ഥനയിലേക്കും നയിക്കണമെന്ന് കെ. സി. ബി. സി ബൈബിൾ കമ്മീഷൻ ചെയർമാൻ ബിഷപ്പ് മാർ ജോർജ് പുന്നക്കോട്ടിൽ പ്രസ്താവിച്ചു. വായന ആദ്യപടി മാത്രമേ ആകുന്നുള്ളൂ. ബൈബിൾ വായിച്ച് മനപാഠമാക്കുന്നതുവഴി അതു ധ്യാനവിഷയമാക്കാൻ സാധിക്കുന്നു. വായിച്ച് അർത്ഥങ്ങളിലേക്ക് ഇറങ്ങിച്ചെല്ലുമ്പോൾ പ്രാർത്ഥനയിലേക്കും നയിക്കുന്നു. പ്രാർത്ഥനക്കും ദൈവൈക്യത്തിനുമുള്ള അടിസ്ഥാനം വായനയാണ്. കെ.സി.ബി.സി. ബൈബിൾ കമ്മീഷനും കാത്തലിക് ബൈബിൾ സൊസൈറ്റിയും ചേർന്ന് സംയുക്തമായി അഖില കേരളാ തലത്തിൽ നടത്തിയ ലോഗോസ് ക്വിസ് മത്സരത്തിന്റെ സമ്മാനദാനസമ്മേളനം പാലാരിവട്ടം പിഒസിയിൽ ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു അദ്ദേഹം.

വചനവായനയ്ക്കും സ്വാംശീകരണത്തിനും വഴിയൊരുക്കുന്ന ലോഗോസ് ക്വിസിലൂടെ സാധിക്കുന്ന ഏറ്റവും വലിയ കാര്യം അത് ബൈബിൾ വായനയെ പ്രോത്സാഹിപ്പിക്കുന്നു ബിഷപ്പ് തുടർന്നു. വളരെ അഭിമാനകരമായ പ്രോഗ്രാമാണെന്ന് ലോഗോസ് ക്വിസ് എന്നു സൂചിപ്പിച്ച ബിഷപ്പ് മത്സരത്തിലൂടെ വലിയൊരു ദൗത്യമാണ് സഭ ഇക്കാര്യത്തിൽ നിർവഹിക്കുന്നതെന്നുംപറഞ്ഞു.

കേരളത്തിലെ 29 രുപതകളിലെ പള്ളികളിലും സ്ഥാപനങ്ങളിലും നിന്നുമായി ഒക്ടോബർ 5-ാം തീയതി സംഘടിപ്പിച്ച മത്സരപരീക്ഷയിൽ എ. ബി. സി. ഡി. ഈ. എന്നീ അഞ്ച് പ്രായവിഭാഗങ്ങളിൽ ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങൾ നേടിയ 450




*കേരള കാത്തലിക് ബൈബിൾ സൊസൈറ്റിയുടെ ആഭിമുഖ്യത്തിൽ നടത്തപ്പെടുന്ന ലോഗോസ് കവിസ് 2008ൻെറ സമാപനസമ്മേളനം ബൈബിൾ കമ്മീഷൻ ചെയർമാൻ ബിഷപ് മാർ ജോർജ്ജ് പുന്നക്കോട്ടിൽ ഉദ്ഘാടനം ചെയ്തപ്പോൾ. ഡോ. സ്റ്റീഫൻ ആലത്തറ, ഡോ.സൈറസ് വേലംപറമ്പിൽ, ഫാ. ജോസ് കോട്ടയിൽ, ഫാ. ജോസഫ് കല്ലറയ്ക്കൽ, ശ്രീ.ജോൺസൺ കാഞ്ഞിരത്തിങ്കൽ, ശ്രീ. സാബുജോസ് എന്നിവർ സമീപം.*



*പി.ഒ.സി.യിൽവച്ച് നടന്ന ലോഗോസ് ക്വിസ് 2008 -ന്റെ സമ്മാനദാന സമ്മേളന സദസ്*

പേർക്കായാണ്പി.ഒ.സി.യിൽ വച്ച് സംസ്ഥാനതലപരീക്ഷ നടത്തിയത്. രാവിലെ എഴുത്തുപരീക്ഷയിൽ ഓരോ ഗ്രൂപ്പിൽ നിന്നും ഏറ്റവും കൂടുതൽ മാർക്കുള്ള 50 പേരെ തിരഞ്ഞെടുത്ത് അവർക്ക് ഉച്ചകഴിഞ്ഞ് എഴുത്ത്, ഓഡിയോ, വീഡിയോ, ഓറൽ എന്നീ ദൃശ്യശ്രാവ്യ മാധ്യമങ്ങളിലുടെയുള്ള പരീക്ഷയായിരിന്നു. ഈ പരീക്ഷയിൽനിന്ന് അഖിലകേരള തലത്തിൽ വിജയികളെ കണ്ടെത്തി. സമ്മാനങ്ങൾ ഉച്ചകഴിഞ്ഞ് 5 മണിക്ക് നടന്ന സമാപനസമ്മേളനത്തിൽവച്ച വിതരണം ചെയ്തു മൂന്നു ലക്ഷത്തി എൺമ്പത്തി അയ്യായിരം പേരിൽ നിന്ന് ഏറ്റവും കൂടുതൽ മാർക്ക് നേടി



*പി.ഒ.സി. യിൽ വച്ചുനടന്ന ലോഗോസ് ക്വിസ് 2008 -ന്റെ സംസ്ഥാനതല മൽസരപരീക്ഷാ ദിനത്തിൽ നിന്ന് ഒരുനിമിഷം.*

സംസ്ഥാനതലത്തിൽ ലോഗോസ് പ്രതിഭ എന്ന സ്ഥാനം കരസ്ഥമാക്കിയ ഡി പ്രായവിഭാഗത്തിൽ ശ്രീമതി ലീനാ മാത്യ പുത്തേത്തുകുന്നേലിന് പാലയ്ക്കൽ കുടും ബയോഗം ഏർപ്പെടുത്തിയ പാലയ്ക്കൽ തോമാ മല്പാൻ മെമ്മോറിയൽ ക്യാഷ് അവാർഡും, (10000 രൂപ) സർട്ടിഫിക്കറ്റും കെ. സി. ബി. സി. ബൈബിൾ കമ്മീഷൻ ചെയർമാൻ ബിഷപ്പ് മാർ ജോർജ് പുന്നക്കോട്ടിൽ നൽകി. ലോഗോസ് പ്രതിഭയുടെ രുപതക്കുള്ള പാലയ്ക്കൽ തോമാ മല്പാൻ മെമ്മോറിയൽ എവർറോളിംഗ് ട്രോഫി എറണാകുളം അതിരൂപത നേടി. മത്സരവിജയികൾക്ക് ക്യാഷ് അവാർഡുകൾ, ഷീൽഡുകൾ, ട്രോഫികൾ, സ്വർണ്ണമെഡലുകൾ, പുസ്തകങ്ങൾ, ബൈബിൾ, ബൈബിൾ കമ്മീഷൻ സർട്ടിഫിക്കറ്റുകൾ തുടങ്ങിയ സമ്മാനങ്ങളും വിതരണംചെയ്തു.

സംസ്ഥാനതല വിജയികൾക്കു പുറമെ രൂപതാ അടിസ്ഥാനത്തിൽ ഏറ്റവും കൂടുതൽ അംഗങ്ങളെ ചേർത്ത് യഥാക്രമം ഒന്നാം സ്ഥാനവും ജനസംഖ്യാനുപാത ത്തിൽ മൂന്നും സ്ഥാനങ്ങൾ നേടിയ എറണാകുളം രൂപതയ്ക്കുവേണ്ടി ബൈബിൾ അപ്പോസ്തലേറ്റ് ഡയറക്ടർ റവ. ഡോ. ജോസ് പുതിയേടത്ത് പാലാ രൂപതയ്ക്കുവേണ്ടി ഡയറക്ടർ റവ. ഡോ. അഗസ്റ്റിൻകുട്ടിയാനയിൽ തൃശൂർ അതിരൂപതയ്ക്കുവേണ്ടി ഫാ ലിജോ ചിററിലപ്പള്ളി എന്നിവർ ട്രോഫികൾ ഏററുവാങ്ങി. ഇടവക തലത്തിൽ ഏറ്റവും കൂടുതൽ അംഗങ്ങളെ ചേർത്ത് യഥാക്രമം ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങൾ കരസ്ഥമാക്കിയ സെന്റ്. ജോർജ്ജ് ഫോറോനപ്പള്ളി അങ്കമാലി (എറണാകുളം അതിരൂപത), സെൻറ് മേരീസ് ഫൊറോനപ്പള്ളി കുറവിലങ്ങാട് (പാലാ രൂപത), സെൻറ് ജോസഫസ് പള്ളി പാവർട്ടി (തൃശൂർ അതിരൂപത) എന്നി പള്ളികൾക്കുമുള്ള ക്യാഷ് അവാർഡും ട്രോഫിയും വിതരണം ചെയ്തു റവ.ഡോ. സ്റ്റീഫൻ ആലത്തറ, റവ. ഡോ. സൈറസ് വേലംപറമ്പിൽ, ശ്രീ. ജോൺസൺ കാഞ്ഞിരത്തിങ്കൽ, ശ്രീ. സബൂജോസ് എന്നിവർ പ്രസംഗിച്ചു.




*കേരള കാത്തലിക് ബൈബിൾ സൊസൈറ്റി തയാറാക്കിയ ബൈബിൾ കലണ്ടറിന്റെ പ്രകാശനം പാലാരിവട്ടം പിഒസിയിൽ വച്ച് കെ. സി. ബി. സി. ബൈബിൾ കമ്മീഷൻ ചെയർമാൻ ബിഷപ്പ് മാർ ജോർജ് പുന്നക്കോട്ടിൽ സൗത്ത് ഇൻഡ്യൻ ബാങ്ക് ജനറൽ മാനേജർ, ശ്രീ. അലക്സ് മാത്യുവിന് നൽകി ചെയ്യുന്നു. ഡോ. സ്റ്റീഫൻ ആലത്തറ, ഡോ. സൈറസ് വേലംപറമ്പിൽ, ഫാ. ജോസഫ് കല്ലറയ്ക്കൽ, ശ്രീ. ജോൺസൺ കാഞ്ഞിരത്തിങ്കൽ, ശ്രീ. സാബൂജോസ് എന്നിവർ സമീപം.*

തദവസരത്തിൽ സൊസൈറ്റി തയാറാക്കിയ ബൈബിൾ കലണ്ടറിന്റെ പ്രകാശനം സൗത്ത് ഇൻഡ്യൻ ബാങ്ക് ചെയർമാൻ, ശ്രീ അലക്സ് മാത്യുവിനും റവ ഫാ. സൈറസ് വേലംപറമ്പിൽ എഴുതിയ ദിവ്യവായന എന്നപുസ്തകത്തിന്റെ പ്രകാശനം ഫാ.ജോസ് കോട്ടയിലിനും വി. അൽഫോസാമ്മയുടെ ചിത്രം ഫാ ലിജോ ചിററിലപ്പള്ളിയ്ക്കും നൽകി ബിഷപ്പ് നിർവഹിച്ചു.



*സംസ്ഥാന തലത്തിൽ ലോഗോസ് പ്രതിഭ എന്ന സ്ഥാനം കരസ്ഥമാക്കിയ ഡി പ്രായവിഭാഗ ത്തിലുള്ള ശ്രീമതി ലീനാ മാത്യു പൂത്തേത്തുകുന്നേലിന്റെ രൂപതയ്ക്കുള്ള പാലയ്ക്കൽ തോമാ മല്പാൻ മെമ്മോറിയൽ എവർറോളിംഗ് ട്രോഫി എറണാകുളം അതിരൂപതയ്ക്ക് ബിഷപ്പ് മാർ ജോർജ്ജ് പുന്നക്കോട്ടിൽ നല്കിയപ്പോൾ*



*ലോഗോസ് ക്വിസ് 2008-ന് രൂപതാ തലത്തിൽ ഏറ്റവും കൂടുതൽ അംഗങ്ങളെ പങ്കെടുപ്പിച്ച് ഒന്നാം സ്ഥാനം നേടിയ എറണാകുളം അങ്കമാലി അതിരൂപതയ്ക്കുള്ള ട്രോഫി ബിഷപ്പ് മാർ ജോർജ്ജ് പുന്നക്കോട്ടിൽ നിന്ന് ഡോ. ജോസ് പുതിയേടത്ത് ഏറ്റുവാങ്ങുന്നു.*



*ലോഗോസ് ക്വിസ് 2008–ന് രൂപതാ തലത്തിൽ ഏറ്റവും കൂടുതൽ അംഗങ്ങളെ പങ്കെടുപ്പിച്ച് രണ്ടാം സ്ഥാനം നേടിയ പാല രൂപതയ്ക്കുള്ള ട്രോഫി ബിഷപ്പ് മാർ ജോർജ്ജ് പുന്നക്കോട്ടിൽ നിന്ന് ഡോ. അഗസ്റ്റിൻ കുട്ടിയാനി ഏറ്റുവാങ്ങുന്നു.*




*ലോഗോസ് ക്വിസ് 2008–ന് രൂപതാ തലത്തിൽ ഏറ്റവും കൂടുതൽ അംഗങ്ങളെ പങ്കെടുപ്പിച്ച് മൂന്നാം സ്ഥാനം നേടിയ തൃശ്ശൂർ അതിരൂപതയ്ക്കുള്ള ട്രോഫി ബിഷപ്പ് മാർ ജോർജ്ജ് പുന്നക്കോട്ടിൽ നിന്ന് ഫാ.ലിജോ ചിറ്റിലപ്പള്ളി ഏറ്റുവാങ്ങുന്നു.*



*ഇടവകാതലത്തിൽ ഏറ്റവും കൂടുതൽ അംഗങ്ങളെ പങ്കെടുപ്പിച്ച് ഒന്നാം സ്ഥാനം നേടിയ അങ്കമാലി സെന്റ് ജോർജ്ജ് പള്ളിയ്ക്കുള്ള ട്രോഫി ബിഷപ്പ് മാർ ജോർജ്ജ് പുന്നക്കോട്ടിൽ നിന്ന് വികാരി ഫാ. ജോസ് കല്ലറയ്ക്കൽ ഏറ്റുവാങ്ങുന്നു*



*ലോഗോസ് ക്വിസ് 2008-ന് ഇടവകാ തലത്തിൽ ഏറ്റവും കൂടുതൽ അംഗങ്ങളെ പങ്കെടുപ്പിച്ച് രണ്ടാം സ്ഥാനം നേടിയ പാലാ രൂപതയ്ക്കുള്ള ട്രോഫി ബിഷപ്പ് മാർ ജോർജ്ജ് പുന്നക്കോട്ടിൽ നിന്ന് ഫാ. അഗസ്റ്റിൻ കൂട്ടിയാനി ഏറ്റുവാങ്ങുന്നു.*



*ലോഗോസ് ക്വിസ് 2008-ന് ഇടവകതലത്തിൽ ഏറ്റവും കൂടുതൽ അംഗങ്ങളെ പങ്കെടുപ്പിച്ച് മൂന്നാം സ്ഥാനം നേടിയ സെൻറ് ജോസഫ്സ് പാരിഷ് ഷ്റൈൻ പാവറട്ടി (തൃശൂർ അതിരൂപത) ക്കുവേണ്ടി ട്രോഫി ബിഷപ്പ് മാർ ജോർജ്ജ് പുന്നക്കോട്ടിൽ നിന്ന് ഫാ.ലിജോ ചിറ്റിലപ്പള്ളി ഏറ്റുവാങ്ങുന്നു.*

# LOGOS QUIZ – 2008

**( A group - Answer Key – October 5, 2008)**

| | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|
| 1 | C | 1:1 | 26 | A | 3:13 | 51 | B | 18:19 | 76 | C | 25:26 |
| 2 | C | 1:3-13 | 27 | D | 4:12 | 52 | A | 8:20, 12:7-8,13:18 22:9,26:25 | 77 | B | 13:7 |
| 3 | A | 1:20 | 28 | A | 6:5-7 | 53 | B | 24:14 | 78 | D | |
| 4 | C | 11:31 | 29 | A | 6:15 | 54 | D | 22:18 | 79 | D | 25:20 |
| 5 | B | 1:28 | 30 | C | Heb 12:24 | 55 | C | 23:16 | 80 | B | 22:2 |
| 6 | D | 3:10 | 31 | D | 8:14 | 56 | A | 24:50 | 81 | A | Eph 3:1 |
| 7 | A | 3:15 | 32 | D | 9:20-21 | 57 | A | 25:18 | 82 | A | Eph 5:31 |
| 8 | B | | 33 | D | 14:18-20 | 58 | B | | 83 | B | Eph 1:4 |
| 9 | D | 2:3 | 34 | D | | 59 | B | 8:20 | 84 | C | Eph 1:16 |
| 10 | A | 2:11 | 35 | A | 5:23-24 | 60 | D | 11:1-9 | 85 | A | Eph 1:22 |
| 11 | A | 2:24 | 36 | D | 25:25 | 61 | C | 20:1-7 | 86 | D | Eph 2:13 |
| 12 | C | 2:5 | 37 | C | 5:27 | 62 | B | 9:17 | 87 | A | Eph 3:3-6 |
| 13 | B | 3:7 | 38 | B | 16:1-11 | 63 | D | 8:7 | 88 | B | Eph 3:19 |
| 14 | A | 3:20 | 39 | B | 18:32 | 64 | A | 21:8-21 | 89 | A | Eph 4:7 |
| 15 | B | 9:14-15 | 40 | A | 5:20 | 65 | B | 4:23-24 | 90 | B | Eph 3:13 |
| 16 | D | 3:22-23 | 41 | B | 4:4-5 | 66 | B | 14:18 | 91 | A | Eph 4:18 |
| 17 | C | 3:20-21 | 42 | B | 4:26 | 67 | C | 2:11-12 | 92 | B | Eph 4:24 |
| 18 | B | 1:29 | 43 | A | 15:1-21 | 68 | B | 20:6 | 93 | A | Eph 2:19 |
| 19 | D | 3:24 | 44 | B | 18:12 | 69 | A | 21:6 –Lk2:10 | 94 | D | Eph 4:28 |
| 20 | C | 14:21 | 45 | D | 12:13 | 70 | C | 22:1-13 | 95 | A | Eph 5:5 |
| 21 | D | 22:1-12 | 46 | B | 9:6 | 71 | B | | 96 | A | Eph 1:1-8 |
| 22 | D | 9:18 | 47 | A | 15:6 | 72 | D | | 97 | C | Eph 5:22-33 |
| 23 | B | 8:4 | 48 | A | 19:22 | 73 | B | 26:28 | 98 | B | Eph 5:26 |
| 24 | D | 11:1 | 49 | C | 22:14 | 74 | C | 21:17-18 | 99 | A | Eph 5:4 |
| 25 | B | 8:21 | 50 | A | 20:6 | 75 | D | 9:10 | 100 | B | Eph 6:18-20 |

# LOGOS QUIZ – 2008

(B, C, D, E groups - Answer Key – October 5, 2008)

| | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|
| 1 | C | 1:1 | 26 | A | 3:13 | 51 | B | 18:19 | 76 | C | 25:26 |
| 2 | C | 1:3-13 | 27 | D | 4:12 | 52 | A | 8:20,12:7,13:18 22:9, 26:25 | 77 | B | 13:7 |
| 3 | A | 1:20 | 28 | A | 6:5-7 | 53 | B | 24:14 | 78 | D | |
| 4 | C | | 29 | A | 6:15 | 54 | D | 22:18 | 79 | D | 25:20 |
| 5 | B | 1:28 | 30 | C | Heb 12:24 | 55 | C | 23:16 | 80 | B | 22:2 |
| 6 | D | 3:10 | 31 | D | 8:14 | 56 | A | 24:50 | 81 | A | Eph 3:1 |
| 7 | A | 3:15 | 32 | D | 9:20-21 | 57 | A | 25:18 | 82 | A | Eph 5:31 |
| 8 | B | | 33 | D | 14:18-20 | 58 | B | 25:28 | 83 | B | Eph 1:4 |
| 9 | D | 2:3 | 34 | D | | 59 | B | 5:4 | 84 | C | Eph 1:16 |
| 10 | A | 2:11 | 35 | A | 5:23-24 | 60 | D | 11:1-9 | 85 | A | Eph 1:22 |
| 11 | A | 2:24 | 36 | D | 25:25 | 61 | C | 20:1-7 | 86 | D | Eph 2:13 |
| 12 | C | 2:5 | 37 | C | 5:27 | 62 | B | | 87 | A | Eph 3:3-6 |
| 13 | B | 3:7 | 38 | B | 16:1-11 | 63 | D | | 88 | B | Eph 3:19 |
| 14 | A | 3:20 | 39 | B | 18:32 | 64 | A | 21:8-21 | 89 | A | Eph 4:7 |
| 15 | B | 9:14-15 | 40 | A | 5:20 | 65 | B | 4:23-24 | 90 | B | Eph 3:13 |
| 16 | D | 3:22-23 | 41 | B | 4:4-5 | 66 | B | 14:18 | 91 | A | Eph 4:18 |
| 17 | C | 3:20-21 | 42 | B | 4:26 | 67 | C | 15:17 | 92 | B | Eph 4:24 |
| 18 | B | 1:29 | 43 | A | 15 : 1-21 | 68 | B | 20:6 | 93 | A | Eph 2:19 |
| 19 | D | 3:24 | 44 | B | 18:12 | 69 | A | 21:6 –Lk2:10 | 94 | D | Eph 4:28 |
| 20 | C | 14:21 | 45 | D | 12:13 | 70 | C | 22:1-13 | 95 | A | Eph 5:5 |
| 21 | D | 22:1-12 | 46 | B | 9:6 | 71 | B | | 96 | A | Eph 1:1-8 |
| 22 | D | 9:18 | 47 | A | 15:6 | 72 | D | | 97 | C | Eph 5:22-33 |
| 23 | B | 8:4 | 48 | A | 19:22 | 73 | B | 26:28 | 98 | B | Eph 5:26 |
| 24 | D | 11:1 | 49 | C | 22:14 | 74 | C | 18:14 | 99 | A | Eph 5:4 |
| 25 | B | 4:4 | 50 | A | 20:6 | 75 | D | 9:10 | 100 | B | Eph 6:18-20 |

## പത്താം അഖിലകേരള ലോഗോസ് ക്വിസ് – 2009

| | |
|---|---|
| പാഠഭാഗം | : ഉൽപത്തി 27 – 50 അദ്ധ്യായങ്ങളും ഫിലപ്പിയർക്ക് എഴുതിയ ലേഖനവും |
| റജിസ്ട്രേഷൻ ആരംഭിക്കുന്നത് | : 2009 ജൂൺ 1 |
| രജിസ്ട്രേഷൻ അവസാനിക്കുന്നത് | : 2009 ജൂലൈ 31 |
| രൂപതാതല പരീക്ഷ | : 2009 ഒക്ടോബർ 11 2.00 p.m മുതൽ 3.30 p.m വരെ |
| സംസ്ഥാനതല പരീക്ഷ | : 2009 നവംബർ 22 |
| പങ്കെടുക്കുന്നവർ | : A,B,C,D,E എന്നീ അഞ്ച് പ്രായവിഭാഗങ്ങൾ |

A വിഭാഗം : 1- 1 -1998 ന് ശേഷം ജനിച്ചവർ

B വിഭാഗം : 1- 1- 1993 നും 1- 12- 1997 നും ഇടയ്ക്ക് ജനിച്ചവർ

C വിഭാഗം : 1- 1 1978നും 1- 12 -1992 നും ഇടയ്ക്ക് ജനിച്ചവർ

D വിഭാഗം : 1- 1- 1958നും 31 -12 -1977 നും ഇടയ്ക്ക് ജനിച്ചവർ

E വിഭാഗം : 31 -12- 1957നു മുമ്പ് ജനിച്ചവർ

മുൻവർഷങ്ങളിലെ ലോഗോസ് ക്വിസിന്റെ ചോദ്യോത്തരങ്ങൾക്ക് സന്ദർശിക്കുക
website: www.keralabiblesociety.com

സമ്മാനങ്ങൾ അഖിലകേരളതലത്തിലും രൂപതാതലത്തിലും ഇടവകതലത്തിലും ആകർഷകമായ ക്യാഷ് അവാർഡുകൾ, ഷീൽഡുകൾ, പുസ്തകങ്ങൾ, സ്വർണ്ണമെഡലുകൾ, ട്രോഫികൾ, ബൈബിൾ, കെ.സി.ബി.സി. ബൈബിൾ കമ്മീഷൻ സർട്ടിഫിക്കറ്റുകൾ

ലോഗോസ് പ്രതിഭയ്ക്ക് പാലയ്ക്കൽ **തോമാ മല്പാൻ മെമ്മോറിയൽ ക്യാഷ് അവാർഡ് 10000 രൂപ** ലോഗോസ് പ്രതിഭയുടെ രുപതക്ക് **പാലയ്ക്കൽ തോമാ മല്പാൻ മെമ്മോറിയൽ എവർറോളിംഗ് ട്രോഫി**

സംഘാടകർ : കേരള കാത്തലിക് ബൈബിൾ സൊസൈറ്റി

---

### ക്രിസ്തീയ ഭക്തിഗാന സിഡി ലോഗോസ് പ്രകാശനം ചെയ്തു

കെ.സി.ബി.സി. ബൈബിൾ കമ്മീഷന്റെ ആഭിമുഖ്യത്തിൽ ദൈവവചനത്തെപ്പറ്റി തെരഞ്ഞെടുത്ത 11 ഗാനങ്ങളടങ്ങിയ ക്രിസ്തീയ ഭക്തിഗാന സിഡി യാണ് ലോഗോസ്.

പ്രസിദ്ധ ഗായകർ പാടിയ ഇതിലെ ഗാനങ്ങൾ, ദൈവവചനത്തെക്കുറിച്ച് കേരള സഭയക്ക് ഒരു നല്ല വചനവർഷസ്മരണികയാണ്.

പ്രസിദ്ധീകരണം : കേരള കാത്തലിക് ബൈബിൾ സൊസൈറ്റി

വില : Rs 50/-

For Copies: Secretary, Kerala Catholic Bible Society, POC, Palarivattom, Cochin -682025. Ph. 0484. 2805897

# 2008 അഖില കേരള ലോഗോസ് ക്വിസ് മത്സരപ്പരീക്ഷയിൽ സമ്മാനാർഹരായവരുടെ പേരു വിവരം

**A, B, C, D, E പ്രായവിഭാഗങ്ങളിൽ ഒന്നാം സ്ഥാനം നേടി സ്വർണ്ണ മെഡലിനും, 3000 രൂപയ്ക്കും, Certificate നും അർഹരായവരുടെ പേരുകൾ**

E മേരി വർഗ്ഗീസ് പറമ്പി - എറണാകുളം അതിരൂപത
D ലീനമാത്യു പുത്തേത്തുകുന്നേൽ - എറണാകുളം അതിരൂപത
C ആന്റണി ആൻഡ്രൂസ് - കൊല്ലം രൂപത
B അലീനറോസ് ജോയ് ചൂരക്കുഴിയിൽ - എറണാകുളം അതിരൂപത
A ആന്റണി ഷാജി ചിലമ്പിൽ - തലശ്ശേരി അതിരൂപത

**A, B, C, D, E പ്രായവിഭാഗങ്ങളിൽ രണ്ടാം സ്ഥാനം നേടി സ്വർണ്ണ മെഡലിനും, 2000 രൂപയ്ക്കും, Certificate നും അർഹരായവരുടെ പേരുകൾ**

E സി.ക്ലെയർലറ്റ് എഫ്.സി.സി - കോതമംഗലം രൂപത
D മോളി മാത്യു ചെട്ടിപ്പറമ്പിൽ - വിജയപുരം രൂപത
C നിതാ വർഗ്ഗീസ് തെക്കനാട്ട - പാലാ രൂപത
B ജോയ്സി ജോയ് കല്ലേലി - ഇരിങ്ങാലക്കുട രൂപത
A കൃപാ മരിയ ജോസ - പാലാ രൂപത

**A, B, C, D, E പ്രായവിഭാഗങ്ങളിൽ മൂന്നാം സ്ഥാനം നേടി സ്വർണ്ണ മെഡലിനും, 1000 രൂപയ്ക്കും, Certificate നും അർഹരായവരുടെ പേരുകൾ**

E റോസിലി ദേവസ്സിക്കുട്ടി മാളിയേക്കൽ - എറണാകുളം അതിരൂപത
D വത്സമ്മ സ്കറിയ അമ്പലത്തട്ടേൽ - ചങ്ങനാശ്ശേരി അതിരൂപത
C സി. എൽസിൻ എസ്.എച്ച - പാലാ രൂപത
B റോസ് സ്വീറ്റി റാഫേൽ - പാലക്കാട് രൂപത
A എമിലിൻ തോമസ് പിണക്കാട്ട - പാലാ രൂപത

**A പ്രായവിഭാഗത്തിൽ നാലാം സ്ഥാനം നേടി വെള്ളി മെഡലിനും, 500 രൂപയ്ക്കും, Certificate-നും അർഹരായവരുടെ പേരുകൾ**

1 എൽസബത്ത് തോമസ് മടപ്പള്ളിൽ - പാലാ രൂപത
2 മാത്യു ജോഷി അഴിക്കാനിക്കൽ - കോതമംഗലം രൂപത
3 ബ്ലെസ്സി കുന്നേൽ - കൊല്ലം രൂപത
4 കൃപാ മരിയ കട്ടക്കകത്ത - താമരശ്ശേരി രൂപത
5 മീനു റോബിൻ - പുനലൂർ രൂപത
6 ജിസ്മി ജോൺസൻ ചിറയത്ത - തൃശൂർ അതിരൂപത
7 റോസ് മുട്ടത്ത - തൃശൂർ അതിരൂപത

**B പ്രായവിഭാഗത്തിൽ നാലാം സ്ഥാനം നേടി വെള്ളി മെഡലിനും, 500 രൂപയ്ക്കും, Certificate-നും അർഹരായവരുടെ പേരുകൾ**

| | | |
|---|---|---|
| 1 | ശീതൾ റോസ് ചാക്കോ വരയിലാൻ | – എറണാകുളം അതിരൂപത |
| 2 | സൗമ്യ ചെറിയാൻ മൂലയിൽ | – എറണാകുളം അതിരൂപത |
| 3 | സുസ്മിത ആന്റണി | – ഇരിങ്ങാലക്കുട രൂപത |
| 4 | ജാസ്മിൻ തോമസ് അറയ്ക്കൽ | – ഇരിങ്ങാലക്കുട രൂപത |
| 5 | നിജുമോൻ സെബാസ്റ്റ്യൻ മാവേലിക്കുന്നേൽ | – ഇടുക്കി രൂപത |
| 6 | ജിനോ ജോസ് പൊരിയത്ത | – പാലാ രൂപത |
| 7 | മാർട്ടിൻ ജോണി | – പാലാ രൂപത |

**C പ്രായവിഭാഗത്തിൽ നാലാം സ്ഥാനം നേടി വെള്ളി മെഡലിനും, 500 രൂപയ്ക്കും, Certificateനും അർഹരായവരുടെ പേരുകൾ**

| | | |
|---|---|---|
| 1 | ഡിസ്മി ദേവസ്സി കരിപ്രമ്പാട്ട | – എറണാകുളം അതിരൂപത |
| 2 | ലിറ്റി സേവ്യർ പാണാട്ടിൽ | – ഇടുക്കി രൂപത |
| 3 | സീന.റ്റി.ജെ | – കോഴിക്കോട് രൂപത |
| 4 | ജൂലിയറ്റ് ക്രൂസ് | – കോഴിക്കോട് രൂപത |
| 5 | ബിന്ദു ഫിലിപ്പ് | – തിരുവല്ല അതിരൂപത |
| 6 | സിമി തേനംമാക്കൽ | – മാനന്തവാടി രൂപത |
| 7 | ഗീതു ജോസ് | – കാഞ്ഞിരപ്പിള്ളി രൂപത |

**D പ്രായവിഭാഗത്തിൽ നാലാം സ്ഥാനം നേടി വെള്ളി മെഡലിനും, 500 രൂപയ്ക്കും, Certificateനും അർഹരായവരുടെ പേരുകൾ**

| | | |
|---|---|---|
| 1 | സി. മേഴ്സി അബ്രാഹം മലയിൽ | – ചങ്ങനാശ്ശേരി അതിരൂപത |
| 2 | ജെയ്നി ബിജു | – താമരശ്ശേരി രൂപത |
| 3 | ജെസി വട്ടക്കാട്ട | – തലശ്ശേരി അതിരൂപത |
| 4 | റോസി ചാണ്ടി പള്ളിവാതുക്കൽ | – പാലക്കാട് രൂപത |
| 5 | സോഫി ജോസഫ് അരീക്കൽ | – എറണാകുളം അതിരൂപത |
| 6 | ഷേർളി സെബാസ്റ്റ്യൻ | – ചങ്ങനാശ്ശേരി അതിരൂപത |
| 7 | സി. റിനി മരിയ | – കോതമംഗലം രൂപത |

**E പ്രായവിഭാഗത്തിൽ നാലാം സ്ഥാനം നേടി വെള്ളി മെഡലിനും, 500 രൂപയ്ക്കും, Certificateനും അർഹരായവരുടെ പേരുകൾ**

| | | |
|---|---|---|
| 1 | ജാനറ്റ്. ഐ.സി | – തിരുവനന്തപുരം – ലത്തീൻ |
| 2 | മേരി സേവ്യർ ആറ്റുപുരം | – ഇരിങ്ങാലക്കുട രൂപത |
| 3 | സി. താർസിയൂസ് സി.എം.സി | – പാലാ രൂപത |
| 4 | മാത്യു. റ്റി | – താമരശ്ശേരി രൂപത |
| 5 | സി. അനിറ്റ് സി.എം.സി | – പാലാ രൂപത |
| 6 | സി. മേരി സെബാസ്റ്റ്യൻ | – പുനലൂർ രൂപത |
| 7. | എൽസി ജോസ് | – തൃശൂർ അതിരൂപത |

# ലോഗോസ് ക്വിസ് 2008-ലെ
# സംസ്ഥാനതല ജേതാക്കൾ

## A വിഭാഗം

ഒന്നാം സമ്മാനം

**ആൻറണി ഷാജി ചിലമ്പിൽ**
തലശ്ശേരി അതിരൂപത

രണ്ടാം സമ്മാനം

**കൃപാ മരിയാ ജോസ്**
പാലാ രൂപത

മൂന്നാം സമ്മാനം

**എമിലിൻ തോമസ് പിണക്കാട്ട്**
പാലാ രൂപത

## B വിഭാഗം

ഒന്നാം സമ്മാനം

**അലീന റോസ് ജോയ് ചൂരക്കുഴിയിൽ**
എറണാകുളം അതിരൂപത

രണ്ടാം സമ്മാനം

**ജോയ്സി ജോയ് കല്ലേലി**
ഇരിങ്ങാലക്കുട രൂപത

മൂന്നാം സമ്മാനം

**റോസ് സ്വീറ്റി റാഫേൽ**
പാലക്കാട് രൂപത

## C വിഭാഗം

ഒന്നാം സമ്മാനം

**ആന്റണി ആൻഡ്രൂസ്**
കൊല്ലം രൂപത

രണ്ടാം സമ്മാനം

**നിതാ വർഗ്ഗീസ് തെക്കനാട്ട്**
പാലാ രൂപത

മൂന്നാം സമ്മാനം

**സി. എൽസിൻ എസ്.എച്ച്.**
പാലാ രൂപത

## D വിഭാഗം

ഒന്നാം സമ്മാനം

**ലീന മാത്യു പുത്തേത്തുകുന്നേൽ**
എറണാകുളം അതിരൂപത

രണ്ടാം സമ്മാനം

**മോളി മാത്യു ചെട്ടിപ്പറമ്പിൽ**
വിജയപുരം രൂപത

മൂന്നാം സമ്മാനം

**വത്സമ്മ സ്കറിയ അമ്പലത്തട്ടിൽ**
പാലക്കാട് രൂപത

## E വിഭാഗം

ഒന്നാം സമ്മാനം

**മേരി വർഗ്ഗീസ് പറമ്പി**
എറണാകുളം അതിരൂപത

രണ്ടാം സമ്മാനം

**സി. ക്ലെയർലറ്റ് എഫ്.സി.സി.**
കോതമംഗലം രൂപത

മൂന്നാം സമ്മാനം

**റോസിലി ദേവസിക്കുട്ടി മാളിയേക്കൽ**
എറണാകുളം അതിരൂപത

## 2008 അഖില കേരള ലോഗോസ് ക്വിസിൽ സംസ്ഥാനതലത്തിൽ രൂപതകൾക്കും ഇടവകകൾക്കും സമ്മാനങ്ങൾക്ക് അർഹരായവർ

### ഏറ്റവും കൂടുതൽ അംഗങ്ങളെ ചേർത്ത് സമ്മാനം കരസ്ഥമാക്കിയ ഇടവകകൾ

1. 4181 അംഗങ്ങളെ പങ്കെടുപ്പിച്ച് 3000/- രൂപയ്ക്കും Shield- നും എറണാകുളം അതിരൂപതയിലെ അങ്കമാലി സെൻറ് ജോർജ്ജ് ഫൊറോനപ്പള്ളി ഒന്നാം സ്ഥാനത്തിന് അർഹമായി.
2. 2762 അംഗങ്ങളെ പങ്കെടുപ്പിച്ച് 2000/- രൂപയ്ക്കും Shield- നും പാലാ രൂപതയിലെ കുറവിലങ്ങാട് മർത്ത മറിയം ഫൊറോനപ്പള്ളി രണ്ടാം സ്ഥാനത്തിന് അർഹമായി.
3. 2421 അംഗങ്ങളെ പങ്കെടുപ്പിച്ച് 1000/- രൂപയ്ക്കും Shield- നും തൃശൂർ അതിരൂപതയിലെ സെൻറ് ജോസഫ്സ് പാരിഷ് ഷ്റൈൻ പാവറട്ടി, മൂന്നാം സ്ഥാനത്തിന് അർഹമായി.

### ജനസംഖ്യക്ക് ആനുപാതികമായി ഏറ്റവും കൂടുതൽ അംഗങ്ങളെ ചേർത്ത രൂപതകൾ

1. 19.94% അംഗങ്ങളെ പങ്കെടുപ്പിച്ച് 3000/- രൂപയ്ക്കും Shield- നും പാലക്കാട് രൂപത ഒന്നാം സ്ഥാനത്തിന് അർഹമായി.
2. 18.31% അംഗങ്ങളെ പങ്കെടുപ്പിച്ച് 2000/- രൂപയ്ക്കും Shield- നും കണ്ണൂർ രൂപത രണ്ടാം സ്ഥാനത്തിന് അർഹമായി.
3. 12.38% അംഗങ്ങളെ പങ്കെടുപ്പിച്ച് 1000/- രൂപയ്ക്കും Shield- നും എറണാകുളം അതിരൂപത മൂന്നാം സ്ഥാനത്തിന് അർഹമായി.

### ലോഗോസ് ക്വിസ് പരീക്ഷയ്ക്ക് ഏറ്റവും കൂടുതൽ ആളുകളെ പങ്കെടുപ്പിച്ച രൂപതകൾ

1. 57839 അംഗങ്ങളെ പങ്കെടുപ്പിച്ച് 3000/- രൂപയ്ക്കും Shield- നും എറണാകുളം അതിരൂപത ഒന്നാം സ്ഥാനത്തിന് അർഹമായി.
2. 40105 അംഗങ്ങളെ പങ്കെടുപ്പിച്ച് 2000/- രൂപയ്ക്കും Shield- നും പാലാ രൂപത രണ്ടാം സ്ഥാനത്തിന് അർഹമായി.
3. 40001 അംഗങ്ങളെ പങ്കെടുപ്പിച്ച് 1000/- രൂപയ്ക്കും Shield- നും തൃശൂർ അതിരൂപത മൂന്നാം സ്ഥാനത്തിന് അർഹമായി

**ലോഗോസ് ക്വിസ് 2008-ല ആകെ രജിസ്റ്റർ ചെയ്തവർ – 3,85,501**

# കേരള കാത്തലിക് ബൈബിൾ സൊസൈറ്റി സംഘടിപ്പിച്ച ദൈവവചനഗാനമത്സരത്തിന്റെ ഫലം പ്രഖ്യാപിച്ചു

കൊച്ചി: കെ.സി.ബി.സി. ബൈബിൾ കമ്മീഷനും കേരള കാത്തലിക് ബൈബിൾ സൊസൈറ്റിയും സംയുക്തമായി വചനാധിഷ്ഠിത ചിന്തയ്ക്കും സംസ്കാരത്തിനും പ്രോത്സാഹനം നൽക്കുക എന്ന ലക്ഷ്യത്തോടെ ഈ വചനവർഷത്തിൽ ദൈവവചന ഗാനരചനാമത്സരം സംഘടിപ്പിച്ചു. ഒന്നും, രണ്ടും, മൂന്നും സ്ഥാനത്തെത്തിയ സമ്മാനാർഹർക്ക് മുൻകൂട്ടി അറിയിച്ചിരുന്നതുപോലെ സർട്ടിഫിക്കറ്റും, ക്യാഷ് അവാർഡും നാല് മുതൽ പത്ത് വരെ സ്ഥാനക്കാർക്ക് പ്രോത്സാഹനസമ്മാനവും നൽകി. ഡിസംബർ 28–ാം തീയതി ഉച്ചകഴിഞ്ഞ് 5 മണിക്ക് പി.ഒ.സി.യിൽ ചേർന്ന ബൈബിൾ കലോത്സവസമാപനസമ്മേളനത്തിൽവച്ച് ബൈബിൾ കമ്മീഷൻ ചെയർമാൻ ബിഷപ്പ് മാർ ജോർജ്ജ് പുന്നക്കോട്ടിൽ സമ്മാനങ്ങൾ വിതരണം ചെയ്തു.

സമ്മാനാർഹരായവരുടെ പേരു വിവരം സ്ഥാനക്രമമനുസരിച്ച് താഴെ ചേർക്കുന്നു



1. ആർ. രാജപുഷ്പം പീറ്റർ
എൽസി ഭവൻ
റ്റി.സി.9/836,
വി.ജെ.ലെയിൻ
വെള്ളയമ്പലം,
തിരുവനന്തപുരം-10



2. സിജി സണ്ണി
മംഗലത്ത്കരോട്ട്
വട്ട്യന്തോട്.പി.ഒ
മട്ടാറ - 670705



3. ബ്രദർ.അജോ ജോസ് രാമച്ചനാട്ട്
തിയോളജി രണ്ടാം വർഷം
സെന്റ്.തോമസ് അപ്പ. സെമിനാരി
വടവാതൂർ.പി.ഒ, കോട്ടയം - 10.

**പ്രോത്സാഹനസമ്മാനത്തിന് അർഹരായവർ**

1. അഭിലാഷ് ജോൺ
കൂരളിൽ ഹൗസ്
മണീട് പി.ഒ, പിറവം
686 726

2. ഡേവിഡ് കല്ലൂർ
കല്ലൂർ ഹൗസ്
ഘണ്ഠകർണ്ണൻ വെളി
എൻ. പറവൂർ - 683513

3. റാഫേൽ.കെ.സി
കുറുങ്ങാടൻ ഹൗസ്
ചേരാനല്ലൂർ. പി.ഒ.
കൂവപ്പടി - 683544
പെരുമ്പാവൂർ

4. ജീസ്.പി.പോൾ
പ്ലാപ്പള്ളിൽ
അച്ചിനകം, കുടവെച്ചൂർ
വൈക്കം - 686144
കോട്ടയം

5. കെ.റ്റി.ജോബ്
കൊച്ചുകുന്നേൽ ഹൗസ്
വാഴാനി.പി.ഒ, വിരുപ്പക
തൃശൂർ - 680589

6. റെയ്നോൾഡ്.റ്റി
സെന്റ്. ആന്റണീസ് നിവാസ്
റ്റി.സി.34/617
വെട്ടുകാട്,
തിരുവനന്തപുരം-695007

7. ജോർജ്ജ് പയസ്
പെരിങ്ങാട്ട് ഹൗസ്
മേരി മാതാ റോഡ്
കൊച്ചി- 682021.

# ലോഗോസ്

## ആത്മാവിനെ ഉണർത്തുന്ന ഔഷധമായി വചനസംഗീത സിഡി പ്രസിദ്ധീകരിച്ചു

കേരള കാത്തലിക് ബൈബിൾ സൊസൈറ്റി പ്രസിദ്ധീകരിച്ച ക്രിസ്തീയ ഭക്തിഗാന സി.ഡി. യാണ് ലോഗോസ്. ദൈവവചനത്തെക്കുറിച്ച് തിരഞ്ഞെടുത്ത 10 ഗാനങ്ങൾക്ക് ഈണവും താളവും നൽകി പ്രസിദ്ധരായ ഗായകരുടെ സ്വരത്തിലൂടെ ആവിഷ്ക്കരിച്ചപ്പോൾ കേരളീയർക്കായി ഒരു നല്ല വചനവർഷസ്മരണിക തയ്യാറാക്കാൻ സാധിച്ചു. വചനത്തിന്റെ മാഹാത്മ്യവും മധുരിമയും ഈ സി.ഡി. ഗാനങ്ങളിലൂടെ നമ്മുടെ സിരകൾക്ക് ഒരു അനുഭവമായെത്തുന്നു. ആത്മാവിനെ ഉണർത്തുന്ന ഔഷധമായി ഈ വചനസംഗീതധാര പ്രവഹിക്കുന്നു.

ദൈവവചനത്തിന് പ്രചാരവും മഹിമയും നൽകുന്നതിനും ദൈവവചനത്തെക്കുറിച്ച് ധ്യാനിക്കുന്നത് ദൈവജനത്തിനിടയിൽ പ്രോത്സാഹിപ്പിക്കുന്നതിനും ദൈവവചനചിന്തകൾ ഗാനരൂപത്തിലാക്കുന്നതിനുമായി കെ.സി.ബി.സി. ബൈബിൾ കമ്മീഷൻ അഖില കേരള തലത്തിൽ ഒരു ഗാനരചനാമത്സരം ദൈവവചനവർഷത്തിൽ നടത്തിയിരുന്നു. മത്സരത്തിനു ലഭിച്ച ഇരുന്നൂറോളം ഗാനങ്ങളിൽനിന്നും ആശയങ്ങൾകൊണ്ടും താളാത്മകതകൊണ്ടും യോഗ്യത നേടിയ 11 ഗാനങ്ങൾ തിരഞ്ഞെടുത്ത് ശ്രാവ്യാവിഷ്കാരം നൽകിയതാണ് ലോഗോസ്. തിരുവനന്തപുരം ആർ. രാജപുഷ്പം പീറ്റർ രചന നിർവഹിക്കുകയും



കെ.സി.ബി.സി. ബൈബിൾ കമ്മീഷന്റെ ആഭിമുഖ്യത്തിൽ ദൈവവചനത്തെപ്പറ്റി സംഘടിപ്പിച്ച ഗാനരചനാമത്സരത്തിൽ നിന്ന് തെരഞ്ഞെടുത്ത 11 ഗാനങ്ങളടങ്ങിയ ലോഗോസ് എന്ന സി.ഡിയുടെ പ്രകാശനം കെ.സി.ബി.സി. പ്രസിഡന്റും വരാപ്പുഴ അതിരൂപത ആർച്ച് ബിഷപ്പുമായ ഡോ. ഡാനിയേൽ അച്ചാരുപറമ്പിൽ പി.ഒ.സി. ഡയറക്ടർ ഡോ. സ്റ്റീഫൻ ആലത്തറയ്ക്ക് നൽകികൊണ്ട് നിർവഹിന്നു. ബൈബിൾ കമ്മീഷൻ സെക്രട്ടറി റവ. ഡോ. സൈറസ് വേലംപറമ്പിൽ, ഫാ. ജോസ് കോട്ടയിൽ, ഫാ. ജയ്സൺ കൊള്ളന്നൂർ, തോപ്പിൽ ആന്റോ എന്നിവർ സമീപം.

കെസ്റ്റർ പാടുകയും ചെയ്ത "വചനം വചനം തിരുവചനം ജീവൻ പകരും തിരുവചനം ........." എന്ന ആദ്യഗാനം സി.ഡി. യിലെ മറ്റെല്ലാ ഗാനങ്ങൾക്കും മകുടം ചാർത്തുന്ന ഒരു മനോഹര ആമുഖഗാനമാണ്. പിറവം അഭിലാഷ് ജോൺ രചിച്ച് കെ. എസ്. സുജാത പാടിയ 'യേശുനാഥന്റെ തിരുവചനം .............." എന്ന രണ്ടാം ഗാനം വചനത്തിന്റെ ഓരോ നൻമകളെ നമ്മുടെ മുമ്പിലവതരിപ്പിക്കുന്നു. വചനം മാംസമായ യേശുവിന്റെ ജനനത്തിന്റെ ഓർമ്മകളുണർത്തുന്ന മൂന്നാം ഗാനം ''വിണ്ണിൽ മിന്നി ........" രചിച്ചത് റെയ്നോൾഡ് ടി. (തിരുവനന്തപുരം) യും നാലാം ഗാനം "അപൂർവ്വ ദർശനം .........." രചിച്ചത് ജോർജ്ജ് പയസു (എറണാകുളം) മാണ്. ഈ ഗാനങ്ങൾ പാടിയത് യഥാക്രമം മധുബാലകൃഷ്ണനും ദുർഗഗയുമാണ്. 'പാരിടമൊന്നാകെ. ......." എന്ന ഗാനം രചിച്ചത് – ബ്ര. അജോ. ജോസും (വടവാതൂർ) പാടിയത് ബിജു നാരായണനുമാണ്. ഡേവിസ് കലൂർ (പറവൂർ) രചിച്ച 'ആശ്വസിക്കാൻ. ........" എന്ന ഗാനം പാടിയത് ഗായത്രിയാണ്. സിജി സണ്ണി (കണ്ണൂർ) യുടെ 'ദൈവവചനം ......" പാടിയത് മർക്കോസ്ാണ്. കെസ്റ്റർ പാടിയ മററു ഗാനങ്ങളാണ് 'തിരുസവിധേ ........" (ജിസ്.പി. പോൾ വൈക്കം) 'വചനങ്ങൾ .........." (കെ. ടി. ജോബ് തൃശൂർ) എന്നിവ. റാഫേൽ (പെരുമ്പാവൂർ) രചിച്ച 'വചനം .........' പാടിയത് ഗായക ദലീമയാണ്. ഈ സി.ഡി. യിലെ 11–ാമത്തെ ഗാനമായ ഡോ. സി. കുനിയന്തോടത്ത് സി.എം.ഐ 'ദൈവവചനമാശ്രയം .......' എന്ന ഗാനം ആലപിച്ചത് സണ്ണി സെബാസ്റ്റ്യൻ ആന്റ് കോറസ് ആണ്. നമ്മുടെ ചേതന നിറയുന്ന ഈ ഗാനങ്ങൾ ജീവാമൃതുമായെത്തുന്ന ഒരു വചനത്തേൻമഴ തന്നെയെന്നു പറയാം.

വേറിട്ടു നിൽക്കുന്ന ഈണവുമായി ഓരോ ഗാനങ്ങളും ഒരു സ്വർഗഗീയ സംഗീതധാരയുടെ പ്രവാഹമൊരുക്കുന്നു. ഈ ഗാനങ്ങളുടെ ശ്രവണം ദൈവവചനത്തിൻ ധ്യാനനിർലീനരാകാൻ നമ്മെ കൈപിടിച്ചുയർത്തി സഹായിക്കുന്നു. ഹൃദയങ്ങൾ വചനത്തിന്റെ നന്മയുടെ വിളനിലമാകാൻ നമ്മെയെല്ലാം മാടിവിളിക്കുന്ന ഗാനങ്ങൾ കർണ്ണപുടങ്ങൾക്കും ശ്രുതിമധുരവും ഹൃദയങ്ങൾക്കും ഇമ്പകരവും തന്നെ. ദൈവവചനവർഷത്തിൽ കേരള സഭ ആപ്തവാക്യമായി സ്വീകരിച്ച ദൈവവചനം ജീവന്റെ നിറവിന് എന്നത് നിവർത്തിയാക്കുവാൻ അല്പമെങ്കിലും ശേഷിക്കുന്നുണ്ടെങ്കിൽ ഈ ഗാനങ്ങളുടെ ശ്രവണം അതിന് വളരെ ഉപകരിക്കും. അവ നമ്മുടെ അസ്ഥികളിലും മജ്ജകളിലും ജീവനുണർത്തുന്ന പുനരുജ്ജീവനി മന്ത്രങ്ങളായി നമ്മെ ത്രസിപ്പിക്കുമെന്നതിൽ സംശയമില്ല.

ഈ സി.ഡി. ഗാനങ്ങൾക്ക് മുഴുവൻ ഈണം നൽകിയത് ഡോ. ചെറിയാൻ കുനിയന്തോടത്തും ശ്രീ. തോപ്പിൽ ആന്റോയും, കെ. എൻ. രാജേന്ദ്രനുമാണ്. മേരിദാസും, പ്രേംസാഗറും ഓർക്കസ്ട്രേഷൻ നിർവഹിച്ച് അവരുടെ കഴിവും മികവും തെളിയിച്ചിട്ടുണ്ട്. റെക്കോർഡിംഗും മിക്സിംഗും നിർവഹിച്ച നിഖിൽ കാക്കോച്ചൻ നൽകിയിരിക്കുന്ന സ്റ്റീരിയോ എഫക്ട് വളരെ ഇമ്പകരം തന്നെ. സ്റ്റുഡിയോകൾ കൊച്ചിയിലെ ഫ്രെഡിസ് എ. വിജിയും ചെന്നൈയിലെ കൃഷ്ണാ ഡിജിറ്റൽ ഡിസൈനും. വിതരണാവകാശം കെ.സി.ബി.സിയുടെ കൊച്ചിയിലെ കേരള കാത്തലിക് ബൈബിൾ സൊസൈറ്റിയക്കാണ്.

“പത്രോസാകട്ടെ,
ഞാൻ ആ മനുഷ്യനെ അറിയുകയില്ല എന്നു പറഞ്ഞ്
ശപിക്കാനും തടയിടാനും തുടങ്ങി.
ഉടനെ കോഴി കൂവി.
യേശു പറഞ്ഞ വാക്കുകൾ അപ്പോൾ പത്രോസ് ഓർത്തു.
അവൻ പുറത്തുപോയി ഹൃദയം നൊന്ത് കരഞ്ഞു”

(മത്തായി 26: 74-75)

കരുണക്ക് ഞാനെന്തു പകരം തരും;
സ്വന്തജീവൻ സമർപ്പിക്കും സ്നേഹത്തിനും

# *ഓർമ്മകൾ ഒടുങ്ങുന്നില്ല*

*കെ.സി.ബി.സി. ബൈബിൾ കമ്മീഷൻ 2008ൽ അഖിലകേരളാടിസ്ഥാനത്തിൽ സംഘടിപ്പിച്ച സാഹിത്യ രചനാമത്സരത്തിൽ ഒന്നാം സമ്മാനം നേടിയ കവിത*

**-സജി എം.എ.**

കോഴി കൂവിത്തുറന്ന മിഴികൾ നിറച്ചു-
മോർമ്മകൾ കടലാവുമ്പോൾ,
കരയാതെന്തുചെയ്യും പത്രോസ്;
വെളിച്ചത്തിനൊപ്പമിരുളിൽ നടന്നവൻ

മൂന്നാണ്ടു മുമ്പിലീ മുക്കുവഹൃദയം
സ്നേഹത്തിന്റെ വലയിൽ പിടച്ചതും
ഗിരിപ്രഭാഷണത്തിന്റെ കനലേറ്റവർ
കാറ്റിനെപ്പേടിച്ചലമുറയിട്ടതും

വയലിലൂടലസം ചലിക്കെ, ഗോതമ്പു-
സാബതമോർക്കാതെ തിന്നതും
കപടനിയമത്തിന്റെ തടവിൽ നിന്നാ
ദിനം നന്മയാൽ ശുദ്ധമായതും

കാനായിലമ്മയുടെ വാക്കിൽ പാനപാത്രവും
ഗൃഹസ്ഥന്റെയകവും നിറഞ്ഞതും
മരക്കൊമ്പിൽ കാത്തിരുന്ന രക്ഷ
ഭവനത്തിന്റെ വിരുന്നാവുന്നതും

ആഴിക്കുമീതെ നടന്നാഴമില്ലാത്ത
വിശ്വാസം വെളിവാർന്നതും
ജ്വരപീഡിതയാം ശ്വശ്രു
സൗഖ്യത്താലനുഗ്രഹീതയാവുന്നതും

മൃതിതീരത്തു നിന്നു ലാസറുയിർത്തതും
കല്ലേറിനാളില്ലാതെ പാപിനി നിന്നതും
താതഗേഹത്തിന്റെ തീവ്രത വിഴുങ്ങി,
ക്ഷുഭിതയൗവനം വാണിഭമൊഴിപ്പിച്ചതും

ശിശുതുല്യരാവുക പറുദീസ വേണ്ടവർ;
സ്നേഹമാണടയാള മനുചരർക്കെന്ന്-
പാദം കഴുകി, പ്രമാണത്തിന്റെ
പുതിയ ശീലുകൾ പകർന്നതും. . .

കോഴികൂവിത്തുറന്ന മിഴികൾ നിറച്ചു-
മോർമ്മകൾ കടലാവുമ്പോൾ,
കരയാതെന്തുചെയ്യും പത്രോസ്;
വെളിച്ചത്തിനൊപ്പമിരുളിൽ നടന്നവൻ.

മരിക്കാം നമുക്കവനൊത്തെന്ന വമ്പുകൾ
സന്നദ്ധമെങ്കിലുമാത്മാവു ദുർബലം
ഇലതിങ്ങും മരം, വഴിതെറ്റി വീണ വിത്തുകൾ. . . .
തികയില്ലുപമകൾ; തീരില്ല സങ്കടം

മൂന്നു കൂടാരങ്ങളൊരുക്കാമുള്ളിൽ;
കഠിനപാതയിലിടറില്ല ശിഷ്ടജീവിതം
കരുണയ്ക്കു ഞാനെന്റെ ഹൃദയം തരും;
വഴിവിളക്കായ് സ്വയമെരിഞ്ഞു തീരും.

***കെ.സി.ബി.സി. ബൈബിൾ കമ്മീഷൻ 2008-ൽ സംഘടിപ്പിച്ച അഖില കേരള രചനാമത്സരത്തിൽ അൽമായ വിഭാഗത്തിൽ ഒന്നാം സമ്മാനം നേടിയ ലേഖനം***

# സാമൂഹ്യതിന്മയ്ക്കെതിരെയുള്ള പോരാട്ടത്തിൽ ദൈവവചനത്തിന്റെ പരിവർത്തനശക്തി

***സിനി ജോസ്***

"ഞാൻ നിങ്ങളോടു പറഞ്ഞ വചനങ്ങൾ ആത്മാവും ജീവനുമാണ്"(യോഹ 6:63) "ഞാൻ വന്നിരിക്കുന്നത് ജീവനുണ്ടാകുവാനും, അത് സമൃദ്ധമായി ഉണ്ടാകുവാനുമാണ്" (യോഹ 10:10)

പ്രശ്ന സങ്കീർണ്ണമായ ഒരു കാലഘട്ടത്തിലൂടെയാണ് ആധുനിക മനുഷ്യജീവിതം ഇന്ന് കടന്നുപൊയ്കൊണ്ടിരിക്കുന്നത്. പ്രപഞ്ചത്തിന്റെ ഉത്പത്തി രഹസ്യവും, ജീവന്റെ കണികയും തേടിയുള്ള ജനീവയിലെ ശാസ്ത്രപരീക്ഷണങ്ങൾ കോടികൾ ചിലവഴിച്ച് പുരോഗമിക്കുമ്പോഴും, ശാസ്ത്രസത്യങ്ങൾക്ക് ഉത്തരം കിട്ടാത്ത പ്രകൃതിക്ഷോഭങ്ങളും, ഭൂകമ്പങ്ങളും ഒരു വശത്തും, ശിഥിലമാകുന്ന കുടുംബബന്ധങ്ങളും, തകർന്നടിയുന്ന രാഷ്ട്രങ്ങളും സ്ഫോടനങ്ങളും മറുവശത്ത് അരങ്ങ് തകർക്കുകയാണ്. ആഗോള സംസ്ക്കാരത്തിൽ മൂല്യങ്ങളേക്കാൾ, ദൈവത്തിനേക്കാൾ പ്രാധാന്യം പണത്തിനും, ഉപഭോഗ സംസ്ക്കാരത്തിനും, നൽകിയതിന്റെ തിരിച്ചടികളാണ് പലവിധ സമൂഹ തിന്മകളായി സമൂഹം ഇന്ന് ഏറ്റ് വാങ്ങികൊണ്ടിരിക്കുന്നത്.

ആത്മഹത്യകളും, കൊലപാതകങ്ങളും ഇന്ന് സാധാരണ പത്രവാർത്തയാണ്. മൂല്യബോധം നഷ്ടപ്പെട്ട ആധുനിക ലോകത്തിന് പ്രകാശത്തിന്റെ സദ്വാർത്തയായി, കാരുണ്യത്തിന്റെ ദൈവഗീതമായി വി. ഗ്രന്ഥം മാറുന്നതും ഇവിടെയാണ്. ലോകത്തിൽ എന്തെല്ലാം മാറ്റങ്ങൾ സംഭവിച്ചാലും, മാറ്റപ്പെടാത്തതായി ഒന്നേയുള്ളൂ അത് തിരുവചനങ്ങളാണ്. വചനം സജീവവും ഊർജ്ജസ്വലവും ആണ്. ദൈവവചനങ്ങൾക്ക് നമ്മുടെ മനസ്സിനെ പ്രകാശിപ്പിക്കുന്നതിനും, ഹൃദയത്തെ രൂപാന്തരപ്പെടുത്തുന്നതിനും വലിയ ശക്തിയുണ്ട്. ഈശോ നമ്മോടു പറഞ്ഞ വാക്കുകൾ ആത്മാവും ജീവനുമാണ് (യോഹ 6:63).

അതിനാൽ ധാർമ്മികത നഷ്ടപ്പെട്ട ആധുനിക ലോകത്തിന് സത്യസന്ധത, നീതിനിഷ്ഠ, മാന്യത, സഹിഷ്ണുത, സേവനതല്പരത, പരസ്പരസ്നേഹം, പരോപകാരം, തിന്മയ്ക്കെതിരെ പോരാടാനുള്ള ശക്തിയും, ഊർജ്ജവും വീണ്ടെടുക്കാനാണ് ദൈവസ്നേഹം ജീവന്റെ നിറവിന് എന്ന ആപ്തവാക്യത്തോടെ ഈ വചനവർഷത്തിൽ നാം പ്രാധാന്യം നൽകുന്നത്.

വചനം ശ്രവിക്കുമ്പോൾ ആത്മാവിന്റെ ശക്തിയാൽ നാം നിറയുന്നു. പരിശുദ്ധാത്മ ഫലങ്ങളായ സമാധാനം, ക്ഷമ, ദയ, വിശ്വസ്തത, ആത്മസംയമനം, സൗമ്യത എന്നിവ നമ്മിൽ നിന്ന് പുറപ്പെടുന്നു. ദൈവവചനം കേട്ടുകൊണ്ടിരുന്ന വിജാതീയർ പോലും പരിശുദ്ധാത്മാവിനാൽ നിറഞ്ഞു. (അപ്പ.10:45) നമ്മൾ അനുഭവിച്ചറിഞ്ഞ് സ്വന്തമാക്കിയദൈവവചനം നാം മറ്റുള്ളവരിലും പകർത്തണം. വചനമാകുന്ന വിത്ത് വിതയ്ക്കേണ്ട വിതക്കാരാണ് നമ്മൾ. അപ്പോഴാണ് നമ്മുടെ കുടുംബവും, ഇടവകയും, സമൂഹവും ദൈവവചനത്താൽ നിറയുന്നത്.

ഞാൻ ലോകത്തിന്റെ പ്രകാശമാകുന്നു. വചനം നിത്യപ്രകാശമാണ്. എല്ലാ മനുഷ്യരുടെയും ഹൃദയത്തിന്റെ ഇരുൾ നീക്കാൻ കഴിയുന്ന യഥാർത്ഥ പ്രകാശം യേശുവാണ്. യേശുവിന്റെ വചനം ഉൾക്കൊണ്ടവർ ജോലി സ്ഥലത്തും, സ്വന്തം

ഭവനത്തിലും അതിന്റെ പ്രകാശം പരത്തും. വചനം നമുക്ക് പാദങ്ങൾക്ക് വിളക്കും വഴിയിൽ പ്രകാശവുമാണ്. (സങ്കീർത്തനം)

**വചനം നമ്മെ പുതിയ സൃഷ്ടികളാക്കുന്നു**

എന്താണ് ദൈവവചനത്തിന്റെ പരിവർത്തനശക്തി ?

“ വചനം സജീവവും ഊർജ്ജസ്വലവും ഇരുതലവാളിനേക്കാൾ മൂർച്ചയുള്ളതുമാണ്. ആത്മാവിലും ചേതനയിലും സന്ധിബന്ധങ്ങളിലും തുളച്ചു കയറി ഹൃദയത്തിന്റെ വികാരവിചാരങ്ങളെയും, നിയോഗങ്ങളെയും വിവേചിക്കുന്നതുമാണ് (ഹെബ്രായ 4:12)

നമ്മുടെ നിത്യജീവിതത്തിൽ നാം ധാരാളം ചിന്തകന്മാരുടെയും, കവികളുടെയും വചനങ്ങളും, കവിതകളും വായിക്കുകയും ഉരുവിടുകയും ചെയ്യാറുണ്ട്. ജീവദായകമല്ലാത്ത ആ വാക്യങ്ങൾ കുറച്ചു നാളുകൾക്കകം നാം മറന്നു പോകുന്നു. അവയുടെ ശക്തി നമ്മിൽ നിന്ന് മറയുന്നു. എന്നാൽ ദൈവവചനമാകട്ടെ എല്ലാവർക്കും എല്ലാ സമയത്തും എല്ലാറ്റിനും ഉപകരിക്കുകയും ജീവൻ പ്രദാനം ചെയ്യുകയും ചെയ്യുന്നു. (തിമോ 3: 16-17). ദൈവവചനങ്ങൾക്ക് ഒരുവനെ വിശുദ്ധീകരിക്കാനുള്ള കഴിവുണ്ട്. കർത്താവിന്റെ വചനങ്ങൾ എന്നും നിലനിൽക്കുന്നതുമാണ്. (1 പത്രോ. 23:25) യേശുക്രിസ്തു ഇന്നലെയും ഇന്നും എന്നും ഒരാൾ തന്നെയാണ് (ഹെബ്രാ. 13:8) കാരണം വചനം സത്യമാണ്.

ദൈവവചനം ആദ്യമായി സ്വീകരിച്ചത് പരിശുദ്ധ അമ്മയാണ്. “ ഇതാ കർത്താവിന്റെ ദാസി നിന്റെ വാക്ക് എന്നിൽ നിറവേറട്ടെ (ലൂക്കാ 1:38). വചനം മാംസമായി അമ്മയുടെ ഉദരത്തിൽ ഉരുവായി. വചനം സ്വീകരിക്കാൻ ഈ താഴ്മയാണ് വേണ്ടത്. അതിന് വചനദാതാവായ പരിശുദ്ധാത്മാവിന്റെ പ്രവർത്തനം വേണം. യേശുവും പരിശുദ്ധാത്മാവും, സ്വർഗ്ഗസ്ഥനായ പിതാവും ചേർന്ന ത്രീത്വസാന്നിധ്യമാണ് വചനത്തിന്റെ പരിവർത്തനശക്തി.

ദൈവവചനങ്ങൾ ആത്മാവിൽ നിറയുമ്പോൾ ആ വചനങ്ങൾ നമ്മെ ശുദ്ധീകരിക്കുന്നു. “ ഞാൻ നിങ്ങളോടു പറഞ്ഞ വചനങ്ങൾ നിമിത്തം നിങ്ങൾ ശുദ്ധിയുള്ളവരായിരിക്കുന്നു (യോഹ.15:3) വചനമാകുന്ന യേശു സകല പാപങ്ങളിൽ നിന്നും നമ്മെ ശുദ്ധീകരിക്കുന്നു. നാം വചനത്തിൽ നിലനിന്നാൽ യേശുവിലും പരിശുദ്ധ ത്രീത്വത്തിലും നിലനിൽക്കാനുള്ള കൃപ ദൈവവചനം നൽകുന്നു.

ദൈവവചനങ്ങൾ നന്മതിന്മകളെക്കുറിച്ചുള്ള തിരിച്ചറിവ് നൽകുന്നു. ഈ ലോകം നൽകുന്ന സുഖസൗകര്യങ്ങൾ നശ്വരമാണ്. പിതാവിനെയും നമ്മെയും തമ്മിൽ ബന്ധിപ്പിക്കുന്ന ശക്തി കേന്ദ്രം യേശുവാണെന്ന് വചനങ്ങൾ നമുക്ക് തിരിച്ചറിവു നൽകുന്നു. ഈശോ നമ്മോടു പറഞ്ഞ ഓരോ വാക്കും ആത്മാവും, ജീവനുമായിരിക്കുന്നതും അതുകൊണ്ടാണ്. നിത്യജീവന്റെ വചനങ്ങൾ ഉള്ളതും യേശുവിന്റെ വചനങ്ങളിലാണ്. (യോഹ. 6:68) വഴിയും, സത്യവും ജീവനും യേശുവാണെന്നും മറ്റൊരിടത്തും രക്ഷയില്ലാ എന്നും വചനങ്ങൾ നമ്മെ ഉൽബോധിപ്പിക്കുന്നു. (യോഹ 14:6) നിത്യജീവനുണ്ടാകു വാനും, അത് സമൃദ്ധമായി ഉണ്ടാകുവാനും ഈശോയുടെ വചനങ്ങൾ നമ്മെ സഹായിക്കുന്നു (യോഹ. 10:10) ദൈവവചനം നമ്മുടെ ഭക്ഷണവും പാനീയവുമാകുമ്പോൾ നമ്മിൽ വലിയ മാറ്റം വരുന്നു. പരിവർത്തനം വരുന്നു.

ദൈവവചനത്തിന്റെ ഏറ്റവും വലിയ പരിവർത്തനശക്തി വചനത്തിലൂടെ നാം പുതിയ സൃഷ്ടികളായി തീരുന്നതാണ്. വചനം നമുക്ക് തരുന്ന പ രിശുദ്ധാത്മാവിലൂടെ നാം ദൈവസ്നേഹം അറിയുന്നു. അനുഭവിയ്ക്കുന്നു. (റോമ 5:5) നാം പുതിയ

സൃഷ്ടികളായി മാറുന്നു. അസാന്മാർഗ്ഗിക ജീവിതം നയിക്കുന്നവരും, ചുങ്കക്കാരും, പാപികളും, വേശ്യകളും, സക്കേവൂസിനും ആത്മാവിൽ മാറ്റം വന്നപ്പോഴാണ് തങ്ങളുടെ പാപം ഏറ്റുപറഞ്ഞ് പുതിയ സൃഷ്ടികളായി മാറിയത്. അവർ പിന്നീട് ദൈവാന്വേഷികളായി മാറുന്നു. വചനങ്ങൾ നിർമ്മലമാണ്. വചനങ്ങൾ നമ്മെ ശുദ്ധീകരിക്കുന്ന അഗ്നിയായും, നിർമ്മലമാക്കുന്ന ജലമായും നമ്മുടെ ഹൃദയത്തെ മാറ്റി പരിവർത്തനം ചെയ്യുന്നു. വചനങ്ങൾ കേൾക്കുമ്പോൾ നമ്മുടെ ഹൃദയങ്ങൾ ജ്വലിയ്ക്കുന്നു. എമ്മാവൂസിലേക്ക് പോയ ശിഷ്യന്മാരുടെ ഹൃദയങ്ങൾ വചനം കേട്ടപ്പോൾ ജ്വലിച്ചത് പോലെ അഗ്നിയായ വചനത്തിനു മാത്രമേ ആത്മാവ് നഷ്ടപ്പെട്ട ഈ ലോകത്തിൽ നമ്മെ വീണ്ടും വീണ്ടെടുക്കുവാനും, പാപത്തെ ഉൻമൂലനം ചെയ്യാനും കഴിയൂ.

വചനം അനുഗ്രഹദായകമാണ്. വചനം അനുസരിച്ച് ജീവിക്കുന്നവർക്ക് അനവധി അനുഗ്രഹങ്ങൾ വചനം പ്രദാനം ചെയ്യുന്നു. അവിടുത്തെ വചനം ശ്രവിച്ചാൽ നിരവധി അനുഗ്രഹങ്ങൾ നിന്റെ മേൽ ചൊരിയും. (നിയമാ. 23:2) മാത്രവുമല്ല വചനം സൗഖ്യദായകമാണ്. മനുഷ്യമനസ്സുകളിൽ കുമിഞ്ഞു കൂടിയിരിക്കുന്ന വിദ്വേഷം, വെറുപ്പ്, അസൂയ, കോപം എന്നീ അശുദ്ധാത്മാക്കളെ ദൈവവചനത്താൽ വിശുദ്ധീകരിക്കപ്പെടുമ്പോൾ കാലങ്ങൾ പഴക്കമുള്ള രോഗങ്ങളിൽ നിന്നു വിടുതൽ നൽകുന്നു. അവൻ അശുദ്ധാത്മാക്കളെ വചനം കൊണ്ട് പുറത്താക്കുകയും രോഗികളെ സുഖപ്പെടുത്തുകയും ചെയ്തു. (മത്താ 8:16) മരുന്നോ, ലേപനമോ, ഔഷധമോ അല്ല അവിടത്തെ വചനമാണ് എല്ലാവരേയും സൗഖ്യപ്പെടുത്തിയത്. (ജ്ഞാന. 16:12) യേശുവിന്റെ മുറിവിനാൽ നമ്മുടെ മുറിവുകളിൽ വചനതൈലം പുരട്ടി ആത്മീയ മുറിവുകൾ സൗഖ്യപ്പെടുമ്പോഴാണ് വചനകേന്ദ്രങ്ങളിലും മറ്റും സൗഖ്യങ്ങൾ സംഭവിക്കുന്നത്. വിശ്വാസവും, പ്രാർത്ഥനയും മൂലമാണ് ഇവിടെ അദ്ഭുതങ്ങളും, സൗഖ്യങ്ങളും സംഭവിക്കുന്നത്. ഈ പരിവർത്തനം നടത്താൻ ലോകത്തിൽ സാധിക്കുന്നത് ദൈവത്തിന്റെ ആവിഷ്കാരമായ ദൈവവചനത്തിന് മാത്രമാണ്.

**വചനമെന്ന വജ്രായുധം ധരിക്കുക**

"വചനങ്ങൾ നമുക്ക് സംരക്ഷണം തരുന്ന കോട്ടയാണ്."

സാമൂഹികതിന്മകൾക്കെതിരായ പോരാട്ടത്തിൽ ഏറ്റവും ശക്തമായ വജ്രായുധമാണ് തിരുവചനങ്ങൾ. കാരണം തിരുലിഖിതങ്ങൾ മാനുഷിക ശക്തിയാൽ രൂപപ്പെട്ടതല്ല മറിച്ച് പരിശുദ്ധാത്മ ശക്തിയാൽ രൂപപ്പെട്ടവയാണ്. ദൈവത്തിന്റെ മനുഷ്യർ സംസാരിച്ചവയാണ്.(2 പത്രോസ് 21) പ്രഘോഷിക്കപ്പെട്ട കാര്യങ്ങൾ പ്രാവർത്തികമാക്കാൻ തിരുവചനങ്ങൾക്ക് കഴിയുന്നത് അതുകൊണ്ടാണ്. എന്റെ വചനം അഗ്നി പോലെയും പാറയെ തകർക്കുന്ന കൂടം പോലെയുമാണ് (ജെറമിയ 23:29) ഇന്ന് സമൂഹത്തിൽ നടമാടുന്ന, അനീതി, സ്വജനപക്ഷപാതം, അക്രമസംസ്കാരം, ക്രൂരകൃത്യങ്ങൾ, മയക്കുമരുന്ന്, ഉപഭോഗസംസ്ക്കാരം, ആത്മഹത്യ, സാമ്പത്തികമായ അസന്തുലിതാവസ്ഥ എന്നിവ വർദ്ധിച്ച് വരുമ്പോൾ ഇവയോട് പോരാടാൻ പണമോ, ആയുധങ്ങളോ അല്ല അഭികാമ്യം. വി.ഗ്രന്ഥവും, സഭാപ്രബോധനങ്ങളുമായിരിക്കണം ഓരോ ക്രിസ്ത്യാനിയുടെയും മതനേതാക്കന്മാരുടെയും കൈമുതൽ. ദൈവത്തിന്റെ തിരുവചനങ്ങൾക്ക് ഒരു കാലത്തും പ്രസക്തി നഷ്ടപ്പെടുന്നില്ല. ആ തിരുവചനങ്ങളാണ് നാം അരയിൽ ധരിക്കേണ്ടത്. അതിനാൽ സമൂഹവിപത്തുകൾ, തിന്മയുടെ ശക്തികളായി നമ്മെ ആക്രമിക്കുമ്പോൾ, ഹൃദയങ്ങളെ തൊടുന്ന യേശുവിന്റെ വചനങ്ങളിൽ നമുക്കഭയം തേടാം. ഏശയ്യാപ്രവാചകൻ പറഞ്ഞതുപോലെ അവിടുത്തെ

അധരങ്ങളിൽ നിന്ന് പുറപ്പെടുന്ന വചനവും ഫലരഹിതമായി തിരിച്ച് വരികയില്ല.

കലഹങ്ങളുടെ മധ്യേ സമാധാനത്തിന്റെ സന്ദേശം പകരാൻ, അടിച്ചമർത്തപ്പെട്ടവർക്ക് നീതി ലഭ്യമാക്കാൻ, അഴിമതി നിറഞ്ഞ സമൂഹത്തിൽ സത്യസന്ധത കാട്ടാൻ, ജാതി–മത–വർഗ്ഗ വർണ്ണവിവേചനം കൊടുമ്പിരി കൊള്ളുമ്പോൾ (ഒറീസ്സാ, കർണ്ണാടകം) സമത്വവും ആത്മസംയമനവും പാലിക്കാൻ, അക്രമരാഹിത്യമാർഗ്ഗം സ്വീകരിച്ച് കൂടുതൽ സഹനവും, ഉപവാസവും പ്രാർത്ഥനയും നടത്താൻ ദരിദ്രർക്കും വിശക്കുന്നവർക്കും ഭക്ഷണവും സഹായവും നൽകാൻ ദൈവവചനങ്ങളാണ് നമ്മെ പ്രാപ്തരാക്കുന്നത്. ഇവിടെ ദൈവത്തിന്റെ വചനത്തിന്റെ ശക്തിയിൽ മാത്രമാണ് മനുഷ്യമനസ്സുകൾക്ക് പരിവർത്തനം ഉണ്ടാകുന്നതും, സ്പർശിക്കാൻ സാധിക്കുന്നതും. അതാണ് വചനത്തിന്റെ ശക്തി. വചനം മനുഷ്യവ്യക്തിയെ രക്ഷിക്കാനും, ശിക്ഷിക്കാനും കഴിയുന്ന ഇരുതല വാളാണ്. വലിയ ശക്തിയോടെ അത് മനുഷ്യന്റെ ചേതനയിലും (ആത്മാവിലും) വലിയ മാറ്റങ്ങൾ സൃഷ്ടിക്കാൻ സാധിക്കുന്നതും ദൈവവചനങ്ങൾക്ക് കഴിയും. ദൈവവചനങ്ങൾ ഒരു വ്യക്തിയുടെ ബോധമ നസ്സിലും, വികാരവിചാരങ്ങളിലും, ആത്മാവിലും മാറ്റങ്ങൾ വരുത്തുന്നു. നമ്മുടെ ഹൃദയത്തിന്റെ അതീവരഹസ്യങ്ങളിലേക്ക് ഇറങ്ങിചെന്ന് മാനസാന്തര ത്തിന്റെ സൽഫലങ്ങൾ നൽകുന്നതും വചനമെന്ന വജ്രായുധമാണ്. ജഡത്തിന്റെ പ്രവൃത്തികളും, ആത്മാവിന്റെ ഫലങ്ങളും നമുക്ക് വചനങ്ങൾ വ്യക്തമാക്കി തരുമ്പോൾ സമൂഹത്തിൽ വലിയ മാറ്റങ്ങൾ വരുത്താൻ സാധിക്കും.

### മരണസംസ്ക്കാരത്തിൽ നിന്നും ജീവന്റെ സംസ്ക്കാരത്തിലേക്ക് മാറ്റുന്ന പരിവർത്തനായുധം

“മരിക്കുന്നതിനു വേണ്ടിയല്ല ജീവിക്കുന്നതിനുവേണ്ടിയാണ് ദൈവം മനുഷ്യനെ സൃഷ്ടിച്ചത്” (ജ്ഞാനം 1: 13–14) വി. ഗ്രന്ഥം പറയുന്നു ഇതാ ഞാൻ നിന്റെ മുമ്പിൽ ജീവനും, മരണവും തിന്മയും നന്മയും വെച്ചിരിക്കുന്നു. നീയും നിന്റെ സന്തതികളും ജീവിക്കേണ്ടതിന് ജീവൻ തിരഞ്ഞെടുക്കുക. (നിയമ. 30: 15–19)

ഇന്നിന്റെ സംസ്ക്കാരം നേരിടുന്ന ഏറ്റവും വലിയ വെല്ലുവിളിയാണ് ജീവന്റെ സംരക്ഷണം. മാതാപിതാക്കളുടെ ഉദരത്തിൽവെച്ചും, പെൺകുഞ്ഞാണെങ്കിൽ ജനിച്ചശേഷവും നടക്കുന്ന നരഹത്യകൾ, കൂട്ടാത്മഹത്യകൾ, കൊല പാതകങ്ങൾ, ദയാവധം, കാരുണ്യവധം ഒരു മരണസംസ്ക്കാരത്തിലേക്കാണ് മനുഷ്യനെ കൊണ്ടെത്തിച്ചിരിക്കുന്നത്. ദൈവവചനത്തിന്റെ അനിഷേധ്യശക്തിയിൽ ഈ മാരകവിപത്തിന് തടയിടാൻ ആത്മീയ പിതാക്കന്മാരുടെ പ്രബോധനങ്ങൾമൂലം സാധിച്ചിട്ടുണ്ട്. “ മാതാപിതാക്കന്മാരും, സമൂഹവും ജീവന്റെ ഉടമസ്ഥരല്ല വെറും സംരക്ഷകരും സൂക്ഷിപ്പുകാരും മാത്രമാണ്. അതിനാലാണ് മനുഷ്യജീവൻ (ജോൺപോൾ 6–ാമൻ), ജീവന്റെ സുവിശേഷം (ജോൺപോൾ II) എന്നീ ചാക്രികലേഖനങ്ങളിലൂടെ ലോകത്തിന് ശക്തമായ താക്കീത് നൽകിയത്.

ജീവനുനേരെയുള്ള വെല്ലുവിളികളെ അതീവ ഗൗരവത്തോടെയാണ് സഭ നോക്കികാണുന്നത്. ഒരു ജീവൻ പോലും നശിച്ച് പോകാതെ സംരക്ഷി ക്കാൻ വേണ്ട ക്രമീകരണങ്ങൾ നടത്താനും, സുരക്ഷിതത്വം ഉറപ്പാക്കാനും കഴിയുന്നതും ഇത് മൂലമാണ്. കാരണം ജീവൻ അമൂല്യമാണ്. ജീവന്റെ ദാതാവ് ദൈവമാണ്. മനുഷ്യജീവൻ ലോകത്തിൽ ദൈവത്തിന്റെ അടയാളമാണ്.

അതുകൊണ്ട് മനുഷ്യജീവനെ ഹനിക്കുന്ന എന്തും ഗർഭഛിദ്രം മുതൽ ക്ലോണിങ്ങ്

വരെയും സഭ നിശിതമായി എതിർക്കുന്നത്. ഇവ 5-ാം പ്രമാണ ത്തിന്റെ നഗ്നമായ ലംഘനമാണെന്ന് സഭാമക്കൾക്ക് മുന്നറിയിപ്പ് നൽകുന്നു. മനുഷ്യന് ദൈവം നൽകിയ വിലയേറിയ സമ്മാനമാണ് ജീവൻ. വചനം മാംസം ധരിച്ചതാണ് ഈശോയുടെ ജനനം. ജീവനെതിരെയുള്ള ഏത് പ്രവർത്തനവും ദൈവത്തിനെതിരെയുള്ള പ്രവർത്തനങ്ങളാണ്. മരണത്തെ മറികടക്കുന്ന ഈ ജീവന്റെ സംസ്ക്കാരത്തിലേക്കാണ് യേശു മനുഷ്യനെ നയിക്കുന്നത്. വചനം പറയുന്നു "ഞാൻ പുനരുത്ഥാനവും ജീവനുമാകുന്നു എന്നിൽ വിശ്വസിക്കുന്നവൻ ഒരിക്കലും മരിക്കില്ല. (യോഹ. 11:25).

മരണത്തിലും, പുനരുത്ഥാനത്തിലും വിശ്വസിക്കുകയും, ജീവന്റെ അധിനാഥൻ ദൈവം മാത്രമാണെന്ന തിരുവചനസത്യം സഭ നമ്മളെ പഠിപ്പിക്കുന്നതുകൊണ്ടാണ് നമ്മുടെ സമൂഹത്തിൽ ജീവന് ഇത്രയെങ്കിലും മൂല്യം കൈവന്നത്. മാറാരോഗികൾക്കുപോലും ദയാവധവും, കാരുണ്യവധവും നാം അനുവദിക്കാത്തത് ജീവൻ തന്നവനു മാത്രമേ അത് തിരികെ എടുക്കാൻ അവകാശമുള്ളൂ എന്ന തിരുവചനബോധ്യം ഉള്ളതുകൊണ്ടാണ്. ജീവന്റെ സംസ്ക്കാരം നിലനിർത്തുന്നതിൽ തിരുവചനങ്ങൾക്ക് ശ്ലാഘിനീയമായ സ്ഥാനമുണ്ട്.

**തിരസ്ക്കരിക്കപ്പെട്ടവരുടെ ജീവിതത്തിന് നവജീവൻ പ്രദാനം ചെയ്യാൻ**

"എന്റെ ഏറ്റവും എളിയ ഈ സഹോദരരിൽ ഒരുവന് നിങ്ങൾ ഇത് ചെയ്തുകൊടുത്തപ്പോൾ എനിക്ക് തന്നെയാണ് ചെയ്ത് തന്നത് (മത്താ. 25:40)

ഇന്ന് സമൂഹം നേരിടുന്ന വലിയ വെല്ലുവിളിയാണ് അനാഥരും, ആർത്തരുമായവരുടെ പുനരധിവാസവും, തൊഴിലാളികളോടുള്ള ചൂഷണവും. മത്താ. 25:40 വാക്യത്തിന്റെ മാസ്മരികശക്തിയാണ് കൽക്കട്ടയിലെ തെരുവു കളിൽ സ്നേഹത്തിന്റെ നിർമ്മലതൈലം പുരട്ടുവാൻ മദറിന് കഴിഞ്ഞത്. ഓരോ അനാഥരിലും ക്രൂശിതനായ ഈശോയുടെ മുഖമാണ് മദർ ദർശിച്ചത്. ഇന്ന് ധാരാളം സമർപ്പിതരും, അല്മായരും ഈ അനാഥരുടെ സങ്കടമൊപ്പാൻ കടന്നുവരുന്നുണ്ടെങ്കിൽ തീർച്ചയായും ദൈവത്തിന്റെ വചനം അവരിൽ പ്രവർത്തിക്കുന്നതുമൂലമാണ്.

ഈ ചെറിയവരിൽ ഒരുവന് ചെയ്തപ്പോഴെല്ലാം എനിക്ക് തന്നെയാണ് ചെയ്തത് എന്ന ദൈവവചനത്തിന്റെ അലയടികളിലാണ് ഈശോയുടെ കാരുണ്യപ്രവർത്തനങ്ങളുടെ പൊരുൾ നാം അറിയുന്നത്. വിശക്കുന്നവർക്ക് ഭക്ഷണവും, നഗ്നർക്ക് വസ്ത്രവും, അഗതികൾക്ക് വാസസ്ഥാനവും നൽകി ദാഹിക്കുന്നവർക്ക് ജീവജലവും സാന്ത്വനവും നൽകാൻ കഴിയുന്ന അനേകം സ്ഥാപനങ്ങൾ ഇന്ന് പ്രവർത്തിക്കുന്നത് ദൈവവചനങ്ങളിൽ നിന്ന് ശക്തി സ്വീകരിക്കുന്നതുകൊണ്ടാണ്. ദൈവം വചനം മറ്റുള്ളവരെ സഹായിക്കാൻ തക്കവിധം അവരുടെ ഹൃദയങ്ങളെ മാംസളവും, കരുണാർദ്രവുമാകുന്നതിനാലാണ്.

സമൂഹം അവഗണിച്ച നിരാലംബരും, അവശരുമായ വൃദ്ധജനങ്ങൾ, ജനിക്കുമ്പോഴെ ഉപേക്ഷിക്കപ്പെടുന്ന കുഞ്ഞുങ്ങൾ എല്ലാവരും ഭയക്കുന്ന എയ് ഡ്സ് രോഗികൾ എന്നിവരെ സംരക്ഷിക്കാൻ ക്രിസ്തീയ സംഘടനകൾക്കും, അല്മായർക്കും സാധിക്കുന്നതും, സ്നേഹത്തിന്റെ നീരുറവകൾ അവർക്ക് സമ്മാനിക്കാൻ സാധിക്കുന്നതും ദൈവവചനം നൽകുന്ന വലിയ ശക്തികൊണ്ടാണ് അവർ വചനത്തിന്റെ ജീവിക്കുന്ന അടയാളങ്ങളാണ്. സമൂഹത്തിലെ ആർത്തരേയും രോഗം മൂലം വേദനിക്കുന്നവരേയും ആശ്വസിപ്പിക്കാനും, സഹായിക്കാനും നമുക്ക് കടമയുണ്ട്. അവർക്ക് വേദനകളിൽ ആശ്വാസമായി ഈശോയുണ്ട് എന്ന് നാം ബോധ്യപ്പെടുത്തുമ്പോളാണ് ഈശോ വിഭാവനം ചെയ്ത സാമൂഹ്യനീതി യഥാർത്ഥ്യമാകുന്നത്.

സമൂഹത്തിലെ അവശതയനുഭവിക്കുന്ന, ദാരിദ്ര്യം മൂലം, തൊഴിലില്ലാതെ കഷ്ടപ്പെടുന്നവരേയും കുടുംബങ്ങളേയും സഹായിക്കുക, പഠിക്കാൻ ബു ദ്ധിമുട്ടുന്ന കുട്ടികളേയും, വഴി തെറ്റുന്ന കുഞ്ഞുങ്ങളേയും ഉചിതമായ രീതിയിൽ സഹായിക്കുന്ന പല സംഘടനകളും ഇന്ന് സമൂഹത്തിൽ വളർന്നുവരുന്നു ണ്ടെന്നുള്ളത് ആശാവഹമാണ്. ആദിമക്രൈസ്തവ സമൂഹത്തെപ്പോലെ പങ്കുവെച്ച് കഴിയാനും മറ്റുള്ളവരെ സഹായിക്കാനും ഒരുൾവിളി ഇന്ന് സമൂഹത്തിൽ കാണുന്നത് ഒരു പുത്തനുണർവ് നൽകുന്നു.

ഈശോനാഥന്റെ തിരസ്ക്കരിക്കപ്പെട്ടവരോടുള്ള കരുണാർദ്രഭാവം, പ്രവൃത്തിയിൽ കൊണ്ടുവരുന്ന അനേകം വിദ്യാഭ്യാസസ്ഥാപനങ്ങളും, ആതു രാലയങ്ങളും, തൊഴിൽ സംഘടനകളും ഈ സാമൂഹ്യനീതി സംജാതമാക്കാൻ ശ്ലാഘിനീയ പ്രവർത്തനം കാഴ്ച വെയ്ക്കുന്നുണ്ട്. ഈശോനാഥന്റെ വചനങ്ങൾ വളരെ അർത്ഥവത്താണ് "സ്നേഹിതനുവേണ്ടി ജീവൻ ബലികഴിക്കു ന്നതിനേക്കാൾ വലിയ സ്നേഹമില്ല" മറ്റുള്ളവർക്ക് വേണ്ടി ഉരുകിതീരുമ്പോഴാണ് ഈശോയുടെ പ്രകാശം നമ്മുടെ ചുറ്റും പരത്താൻ നമുക്ക് കഴിയുക. അധ്വാനിക്കുന്നവരേയും ഭാരം വഹിക്കുന്നവരേയും, ആശ്വസിപ്പിക്കാൻ സാധിക്കുമ്പോഴാണ് (മത്താ 1:28) യഥാർത്ഥ സാമൂഹ്യസേവനം യാഥാർത്ഥ്യമാകു ന്നത്. ആകാശവും ഭൂമിയും കടന്നുപോകും എന്നാൽ എന്റെ വചനങ്ങൾ കടന്നു പോകുകയില്ല (ലൂക്കാ 21.33)

**സുവിശേഷവത്ക്കരണത്തിൽ വചന സാക്ഷികളും മുന്നണി പോരാളികളു മാകും**

"നിങ്ങൾ ലോകമെങ്ങും പോയി എല്ലാ സൃഷ്ടികളോടും സുവിശേഷം പ്രസംഗിക്കുവിൻ" (മർക്കോ. 16.15)

യേശുനാഥൻ അവസാനമായി തന്റെ ശിഷ്യന്മാർക്ക് നൽകിയ കൽപനകളിൽ ഏറ്റവും പ്രധാനപ്പെട്ട ഈ വചനങ്ങൾക്ക് ഈ ജീവന്റെ വചസ്സുകൾക്ക് വചനവർഷത്തിൽ വളരെയേറെ പ്രാധാന്യമുണ്ട്. സമർപ്പിതർക്കും സന്യസ്ത ർക്കും, വൈദീകർക്കും മാത്രമുള്ള വേദിയല്ല വചനപ്രഘോഷണവും സുവി ശേഷവൽക്കരണവും. അല്മായരായ നാമും ഈ പ്രവർത്തനത്തിൽ പങ്കുകാരാ വുമ്പോഴെ അതിൽനിന്നും സാമൂഹ്യപരിവർത്തനം ഉണ്ടാകുന്നുള്ളൂ. കുടുംബ ത്തിലും സമൂഹത്തിലും ജീവിക്കുന്ന നാം നമ്മുടെ ജീവിതത്തിൽ ഒന്നാം സ്ഥാനം ബൈബിളിനു നൽകണം. വി. ഗ്രന്ഥത്തെ ബഹുമാനിക്കണം, ആദരിക്കണം. വചനഭാഗങ്ങൾ കുടുംബാംഗങ്ങൾക്കായി വായിച്ചു നൽകുകയും, അത നുസരിച്ച് ജീവിക്കുകയും ചെയ്യുമ്പോൾ നമ്മുടെ കുടുംബത്തിൽ മാറ്റം വരും. അനേകം വീടുകൾ ദൈവാനുഗ്രഹത്താൽ നിറയും. ലോകസുവിശേഷവത്ക്കരണത്തിൽ പങ്കാളികളാകാൻ ഈശോയ്ക്കുവേണ്ടി രക്തസാക്ഷിത്വം വരിക്കാൻ തയ്യാറുള്ള മക്കളെ നല്കി ഈശോ അനുഗ്രഹിക്കും.

അനോകരുടെ മുമ്പിൽ നാം ദൈവസാക്ഷികളാകുമ്പോൾ ദൈവവി ശ്വാസമില്ലാത്തവരെ വിശ്വാസത്തിലേക്ക് നയിക്കാനും സ്വയം അപമാനം സഹി ക്കുവാനും (ദൈവനാമത്തെപ്രതി) അനേകം വേദികളിൽ ദൈവനാമം പ്രഘോ ഷിക്കാനും ദൈവവചനങ്ങൾ ശക്തി നൽകും. അരൂപിയാൽ നയിക്കപ്പെടുന്ന വ്യക്തികൾക്ക് മാത്രമേ, വിശുദ്ധി നിറഞ്ഞ ജീവിതത്തിലൂടെ യേശുവുമായി ഉ ൾചേരാനും മുറിവുകൾ സഹിച്ച് സഭയെ കൂടുതൽ ശക്തിപ്പെടുത്താനും സാധിക്കൂ. ഒറീസ്സയിലും, കർണ്ണാടകയിലും സഭാമക്കളും, സഭയും പീഢിപ്പിക്കപ്പെട്ടപ്പോൾ ക്രൈസ്തവസഭ രക്തസാക്ഷിത്വത്തിൽ നിന്നു കൂടുതൽ

ശക്തിയാർജ്ജിക്കുകയായിരുന്നു. കുരിശിൽ കിടന്നുകൊണ്ടുപോലും ശത്രുക്കൾക്ക് വേണ്ടി പ്രാർത്ഥിച്ച യേശുനാഥനാണ് നമുക്ക് മാതൃക. സമൂഹത്തെ ശുദ്ധീകരിക്കാനും, സാമൂഹ്യതിന്മകൾക്കെതിരെ പോരാടാനും നാം ഈ നിന്ദനങ്ങളും, കുരിശുമരണങ്ങളും സഹിച്ചേ പറ്റൂ. എങ്കിലേ മുറിവുകൾ ഏറ്റാലും ഉയിർത്തെഴുന്നേൽക്കുന്ന ഒരു ധീര സഭയിൽ അംഗങ്ങളായിരിക്കുന്നതിൽ നമുക്കഭിമാനിക്കാൻ സാധിക്കൂ.

ലോകം മുഴുവനും, ഓരോ വീട്ടിലും നിർബന്ധമായി ബൈബിൾ എത്തിക്കുക, ബൈബിൾ റാലി, സെമിനാറുകൾ, പ്രഭാഷണങ്ങൾ, മതബോധനം, ബൈബിൾ ക്വിസ്, സാഹിത്യകലാരൂപങ്ങൾ, ആധുനിക മീഡിയകളായ സിനിമ, റേഡിയോ ഇന്റർനെറ്റും വഴി ഈശോയുടെ സുവിശേഷം അറിയിക്കുന്ന മുന്നണിപോരാളികളായി നാം മാറണം. സുവിശേഷം നൽകുന്ന സന്തോഷം പൂർണ്ണമാകണമെങ്കിൽ അത് നാം മറ്റുള്ളവരായി പങ്കുവെയ്ക്കണം (യോഹ1:4)എത്ര വലിയ പ്രതിസന്ധികളിലും, മതഭ്രാന്തന്മാരുടെയും, നിരീശ്വരവാദികളുടെയും, അവിശ്വാസികളുടെ ഇടയിലും നമുക്ക് ഭീരുത്വം അനുഭവപ്പെടുകയില്ല.

**സാമൂഹ്യതിന്മകളെ നന്മയാക്കി പരിവർത്തനം ചെയ്യുന്ന ദൈവാനുഭവ പ്രവർത്തനങ്ങളിൽ പങ്കാളികളാവുക**

വചനം പറയുന്നു. "നമുക്ക് അന്ധകാരത്തിന്റെ പ്രവൃത്തികൾ പരിത്യജിച്ച് പ്രകാശത്തിന്റെ ആയുധങ്ങൾ ധരിക്കാം. പകലിനു യോജിച്ചവിധം നമുക്ക് പെരുമാറാം. സുഖലോലുപതയിലോ മദ്യലഹരികളിലോ, വിഷയാസക്തിയിലോ, കലഹങ്ങളിലോ, അസൂയയിലോ വ്യാപരിക്കരുത്. പ്രത്യുത കർത്താവായ യേശുക്രിസ്തുവിനെ ധരിക്കുവിൻ (റോമ. 13: 12–14)

സമൂഹതിന്മകളെക്കുറിച്ച് നൂറ്റാണ്ടുകൾക്ക് മുമ്പ് നമ്മെ ബോധവാന്മാരാക്കി, ഈ തിന്മകളെ നന്മയാക്കി മാറ്റാനുള്ള ഏക പോംവഴി കർത്താവായ യേശുക്രിസതുവിനെ ധരിക്കുക എന്നുള്ളതാണ് വ്യക്തമായ അവബോധം ഈ വചനങ്ങൾ നമുക്ക് നൽകുന്നു. ലോകം നൽകുന്ന സുഖലോലുപതയും, മായികകാഴ്ചകളും നിമിഷസുഖം മാത്രമേ പകരുന്നുള്ളൂ എന്നും അതുമൂലം ഉണ്ടാകുന്ന ആത്മീയ മരണത്തിൽ നിന്ന് വിടുതൽ നൽകി നന്മയുടെ സൽഫലങ്ങൾ വർഷിക്കാൻ സാധിക്കണമെങ്കിൽ കുടുംബവും, ഇടവകയും, സഭയും ഒരേ മനസ്സോടെ ദൈവാനുഭവപ്രവർത്തനങ്ങളിൽ ഊർജ്ജസ്വലതയോടെ പങ്കാളികളാകണം എന്നും ഈ വചനങ്ങൾ നമുക്ക് ശക്തമായ മുന്നറിയിപ്പ് നൽകുന്നു.

നമ്മുടെ നാട്ടിൽ വർദ്ധിച്ച് വരുന്ന ക്രിമിനൽ സംഭവങ്ങൾ, ആൾ ദൈവങ്ങളാകുന്ന സന്തോഷ് മാധവൻ, തട്ടിപ്പ് നടത്തിയ ശബരീനാഥ്, ഭൂമി കച്ചവടങ്ങൾ, കൊലപാതകങ്ങൾ, ധനമോഹം, മദ്യം, മയക്കുമരുന്ന്, അഴിമതി, കെടുകാര്യസ്ഥത ഇവ വർദ്ധിച്ചിരിക്കുന്നു. ന്യൂനപക്ഷധ്വംസനവും, ബലഹീനരെ ചൂഷണം ചെയ്യലും നിർബാധം തുടരുന്നു. ഇതിന്റെയെല്ലാം പിന്നിൽ അമിതധനമോഹവും ലോകം തകരുന്ന നൈമഷീക സുഖവുമാണെന്ന് നമുക്ക് മനസ്സിലാക്കാൻ കഴിയണം. ഒരു വിഭാഗം ആളുകൾ നീതിമാൻമാരും ഔദാര്യമതികളുമായി നല്ല ജീവിതം നയിക്കുന്നതിന്റെ പിന്നിലെ പ്രേരകശക്തി വി. ഗ്രന്ഥവും, കൂദാശജീവിതവുമാണ്. ഉപവാസവും, പ്രാർത്ഥനയും സഹനവുമാണ് ആമേറിയ വിശ്വാസം അവർക്ക് നൽകുന്നത്.

ഏറ്റവും കൂടുതൽ മദ്യം ഉപയോഗിക്കുന്ന, മയക്കുമരുന്നിന് അടിമകളായി ഒരു പറ്റം വിദ്യാർത്ഥികളും, യുവജനങ്ങളും നശിക്കുന്ന ഈ നാട്ടിൽ മദ്യവിരുദ്ധസമിതിയുടെ

ഇടവകാ, രൂപതാതലത്തിലുള്ള ബോധവൽക്കരണ കൂട്ടായ്മയിൽ നാം സജീവമായി പങ്ക് ചേരണം. ദൈവാനുഭവ ധ്യാനങ്ങളിലേക്ക് വഴിതെറ്റിപോയവരെ നയിക്കണം. വചനം പറയുന്നു മദ്യപാനി ഛർദ്ദിച്ചതിൽ തെന്നിനടക്കുന്നു. മദ്യപർ വിചിത്രകാഴ്ചകൾ കാണുകയും വികടത്തം ജൽപിക്കുകയും ചെയ്യുന്നു. (സുഭാ 23:33) വിഷയാസക്തിയിൽ ഭ്രമിക്കുന്നവരേയും, അമിതധനമോഹം മൂലം സ്വർഗ്ഗത്തിൽ നിക്ഷേപം ഉണ്ടാക്കാതെ ഭൂമിയിൽ സമ്പാദിച്ച് കൂട്ടുന്നവരെയും നേർവഴി നയിക്കുവാൻ മാസ്മരിക ശക്തിയുള്ളത് തിരുവചനങ്ങൾക്കും കൂദാശകൾക്കും മാത്രമാണ്. അതാണ് ഈ ലോകത്തിൽ കുറെയെങ്കിലും നന്മ ചെയ്യുന്ന മനുഷ്യർ ഉണ്ടാകുന്നത്.

വഴിതെറ്റിപോയ ഒരാടിനെയും നേർവഴിക്ക് കൊണ്ടുവരുമ്പോഴാണ് നല്ലയിടയനായ ഈശോയുടെ യഥാർത്ഥ രാജ്യവും നീതിയും സംജാതമാ കുന്നത. തിന്മയ്ക്കെതിരെ പ്രതികരിക്കുന്ന ഒരു സമൂഹവും നമ്മുടെയിടയിൽ ഉണ്ടായികൊണ്ടിരിക്കുന്നു. മാറികൊണ്ടിരിക്കുന്ന സാഹചര്യങ്ങൾക്കനുസരിച്ച് ദൈവമക്കൾ തെറ്റിൽ വഴുതി വീഴാതിരിക്കാൻ പ്രലോഭനങ്ങളിൽ അകപ്പെടാ തിരിക്കാൻ മരുന്നായി, ഔഷധമായി കൂദാശജീവിതം നേരാനേരങ്ങളിൽ യഥാസമയം നൽകണം. ഉചിതമായ പാപമോചനവും അരൂപിക്കടുത്ത കൂദാശ സ്വീകരണവും ഒരു വ്യക്തിയെ തെറ്റിൽനിന്ന് പിന്തിരിപ്പിക്കും. ഉപവാസം പിശാചിന്റെ ഗൂഢതന്ത്രങ്ങളിൽ നിന്ന് നമ്മെ അകറ്റും. വചനമുപയോഗിച്ചാണ് ഈശോ പോലും പിശാചുക്കളെ പുറത്താക്കിയത് (മത്താ. 4) എല്ലാ ആഘോഷങ്ങളിലും ദൈവത്തെ മഹത്വപ്പെടുത്തുന്ന ഒരു മനോഭാവം നാം വ ളർത്തിയെടുക്കണം. വി. കുർബ്ബാനയിൽ നിന്ന് നമുക്ക് ലഭിക്കുന്ന ശക്തിയും ഓജസ്സും, ദു:ഖവും അസ്വസ്ഥതയും ഉണ്ടാകുമ്പോൾ ദൈവവചനം പ്രാർത്ഥി ക്കുന്നതും അരൂപിയുടെ പ്രവർത്തനം കൊണ്ടാണ്.

ഈ വചനവർഷത്തിൽ നാം വചനം കേൾക്കുക മാത്രം ചെയ്യുന്നവരാകാതെ, വചനം ജീവിക്കുന്നവരും, പങ്കുവെയ്ക്കുന്നവരുമായി മാറുമ്പോൾ വചനത്തിന്റെ അനുഗ്രഹമാരികൾ നമ്മുടെ ഭവനത്തിൽ സൗഖ്യമായും, അനുഗ്രഹമായും നിറയും.

കുഞ്ഞുനാൾ മുതലേ വി. ഗ്രന്ഥമായിരിക്കണം നമ്മുടെ കുഞ്ഞുങ്ങളുടെ വഴികാട്ടി. അതിലെ വചനങ്ങൾ നടക്കേണ്ട വഴി കുഞ്ഞുങ്ങളെ അഭ്യസിപ്പിക്കും. അത് വാർദ്ധക്യംവരെ തെറ്റിൽ ഇടറി വീഴാതെ അവരെ സംരക്ഷിക്കും. ദൈവത്തിന്റെ പരിശുദ്ധാത്മാവ് ശരിയും തെറ്റും തിരിച്ചറിയാൻ കുഞ്ഞുങ്ങളേയും വളർച്ചയുടെ പടവുകളിലും അവരെ നയിക്കും. ആഴമേറിയ വിശ്വാസവും, പ്രാർത്ഥനയും തിരുവചനങ്ങൾ നൽകും. ആ കുടുംബങ്ങളുടെ നിയന്ത്രണം ഈശോ ഏറ്റെടുക്കുമ്പോൾ വിശുദ്ധർ ജന്മമെടുക്കും. വി. അൽഫോൻസ യെ പോലെ ആ സമൂഹം വിശുദ്ധീകരിക്കപ്പെടും.

**ഈശ്വരോന്മുഖ വിദ്യാഭ്യാസം – സമൂഹനന്മയുടെ അടിത്തറ**

"സകലതും രൂപപ്പെടുത്തുന്ന ജ്ഞാനമാണ് എന്നെ അഭ്യസിപ്പിച്ചത്. അവളുടെ ചൈതന്യം വിവേകമുള്ളതും, വിശുദ്ധവും, അതുല്യവും, സൂക്ഷ്മവും, ചലനാത്മകവും, നന്മയെ സ്നേഹിക്കുന്നതും, ആർദ്രവും സകലതിനെയും നിയന്ത്രിക്കുന്നതും, ബുദ്ധിയും നൈർമ്മല്യവും ചേതനകളിലേക്ക് ചുഴി ഞ്ഞിറങ്ങുന്നതുമാണ്. (ജ്ഞാനം 7: 22–24)

ജ്ഞാനത്താൽ നിറയുന്ന വിദ്യാഭ്യാസം വെള്ളിയേക്കാളും, സ്വർണ്ണത്തേക്കാളും ശ്രേഷ്ഠമാണ്. ആത്മീയ ഋഷിവര്യന്മാരും, ഗുരുക്കന്മാരും, മനുഷ്യനെ മൂല്യങ്ങളിൽ വളർത്തിയ ആർഷഭാരതസംസ്ക്കാരവും, ക്രിസ്ത്യൻ മിഷണറിമാർ പടുത്തുയർത്തിയ

വിദ്യാഭ്യാസത്തിലും ഈശ്വരവിശ്വാസം പ്രകടമായിരുന്നു. സത്യസന്ധത, ഈശ്വരവിശ്വാസം, മനുഷ്യത്വം, സഹവർത്തിത്വം, പരസ്പരസഹകരണം എന്നിവയുടെ പരിശീലനക്കളരിയായി വിദ്യാലയങ്ങൾ മാറുന്നതും ഈ ഈശ്വരോന്മുഖ വിദ്യാഭ്യാസത്തിന്റെ സൽഫലങ്ങളായിരുന്നു. പള്ളിയോട് ചേർന്ന് പള്ളിക്കൂടങ്ങൾ നിർമ്മിച്ച ചാവറ കുര്യാക്കോസ് ഏലിയാനസച്ചനും, മക്കൾക്ക് ദൈവ അറിവ് പകർന്നുനൽകാൻ വേണ്ടി വിദ്യാലയങ്ങൾ സ്ഥാപിച്ച വാ: മദർ മറിയം ത്രേസ്യയുമെല്ലാം ജ്ഞാനത്തിലൂടെ സമൂഹനന്മയാണ് പ്രചരിപ്പിച്ചത്. അതോടൊപ്പം ഈശ്വരവിശ്വാസത്തിലുള്ള വളർച്ചയും, നല്ല മൂല്യങ്ങളിൽ വളർന്ന് സമൂഹത്തിന് ഉപയുക്തരായ വ്യക്തികളാക്കി കുട്ടി കളെ മാറ്റി. സാങ്കേതിക ജ്ഞാനവും, ഭാഷയും മാത്രം പഠിപ്പിക്കുന്ന പാഠശാലകളല്ല വിദ്യാലയങ്ങൾ. സത്യവും നീതിയും, സൽചിന്തകളും, അധർമമ ത്തിനെതിരെ ധർമ്മം പ്രവർത്തിക്കുന്ന കളരി കേന്ദ്രങ്ങളുമായി വിദ്യാലയങ്ങൾ മാറുമ്പോൾ സമൂഹനന്മ വർദ്ധിക്കുന്നു.

ഈശ്വരചിന്തയ്ക്ക് പകരം ദൈവനിഷേധം അഭ്യസിപ്പിക്കാൻ മതമില്ലാത്ത ജീവൻ ഭരണാധികാരികൾ ശ്രമിച്ചപ്പോൾ ഇടയലേഖനങ്ങളിലൂടെയും, പ്രതിഷേധ സമരങ്ങളിലൂടെയും മതനേതാക്കൾ പ്രതികരിച്ചത് വിദ്യാഭ്യാസം മനുഷ്യനന്മ രൂപപ്പെടുത്തുന്നതിന്റെ പൊരുൾ മനസ്സിലാക്കിയതുകൊണ്ടാണ്.

**മതബോധനത്തിലൂടെ വചനമൂല്യങ്ങൾ പ്രചരിപ്പിക്കുക**

"ബൈബിളിനെക്കുറിച്ചുള്ള അജ്ഞത ക്രിസ്തുവിനെക്കുറിച്ചുള്ള അജ്ഞതയാണ്." വി. ജെറോം

വചനത്തിന്റെ ഭോജനശാലകളാണ് മതബോധനകേന്ദ്രങ്ങൾ. സഭയുടെ വിശ്വാസം അഭംഗുരം കാത്തുസൂക്ഷിക്കാനും നമ്മുടെ മക്കളെ സമൂഹത്തോടും, ക്രിസ്തുവിനോടും, സഭയോടും ഒന്നുചേർന്ന് വളർത്തുന്ന ഈ പരിശീലനകേന്ദ്രങ്ങളാണ് വചനപരിശീലനത്തിന്റെ അഭ്യാസകളരികളാണ്. ആരാധനാക്രമങ്ങളോടും, കൂദാശജീവിതത്തോടും, സഭാനിയമങ്ങളോടും അനുസരണ പുലർത്തുവാനുള്ള വിവേകവും, പക്വതയും സഭാധികാരികൾക്ക് ഇവിടെ പകർന്ന് നൽകാൻ കഴിയും. വെല്ലുവിളികളും, തിന്മകളും നിറഞ്ഞ ഈ സമൂഹത്തിൽ വളർന്ന് വരുന്ന നമ്മുടെ കുട്ടികൾക്ക് ജ്ഞാനവും അറിവും ലഭിക്കുന്നതും ഇവിടെ നിന്നാണ്. അവശരിലും, സഹജീവികളിലും കരുണ നിറയാനും സഹായിക്കാനും സഹജീവികളെ ഉപദ്രവിക്കാതെ, ചുറ്റുമുള്ളവരേയും, അനുകമ്പ അർഹിക്കുന്നവരേയും ഉയർത്തുക എന്ന ഉത്തരവാദിത്വമാണ് മതബോധനത്തിൽ നിന്ന് ലഭിക്കേണ്ടത്. ഇങ്ങനെ ലഭിക്കുന്ന ശിക്ഷണമാണ് മൂല്യബോധമുള്ള തലമുറയെ സൃഷ്ടിക്കുന്നത്

**ദൈവവചനം നമുക്ക് സംരക്ഷണം തരുന്ന കോട്ട (സുരക്ഷിത താവളം)**

"ദൈവവചനത്തിന്റെ ആദ്ധ്യാത്മികതയെ രണ്ടാം വത്തിക്കാൻ കൗൺസിൽ ഇപ്രകാരം അവതരിപ്പിക്കുന്നു. പ്രാർത്ഥന വി. ഗ്രന്ഥ വായനയോടുകൂടിയായിരിക്കണം. ദൈവവും മനുഷ്യനും ഒന്നിച്ച് സംസാരിക്കുന്നതിന് വേണ്ടിയാണിത്. എന്തെന്നാൽ പ്രാർത്ഥിക്കുമ്പോൾ അവിടന്ന് നമ്മോട് സംസാരിക്കുന്നു (D.V. 25)

ലോകം നൽകുന്ന മായാകാഴ്ചകളിൽ ഭ്രമിക്കാതെ, നമ്മുടെ കുടുംബത്തിനും, ഇടവകയ്ക്കും രാഷ്ട്രത്തിനും സംരക്ഷണം നൽകുന്ന ശക്തമായ കോട്ടകളായി ദൈവവചനങ്ങൾ നമ്മെ സംരക്ഷിക്കുന്നു. തെറ്റിൽ വീഴാതെ കാക്കുന്നു. സാമൂഹ്യതിന്മകളിൽ നിന്നും അകറ്റുകയും തിന്മയ്ക്കെതിരെ പ്രതികരിക്കാൻ ദൈവമക്കളെ സുസജ്ജരാക്കുകയും ചെയ്യുന്നു. വി. ഗ്രന്ഥം ഒരു പ്രാർത്ഥനാ ഗ്രന്ഥം

കൂടിയായതിനാൽ അതിലെ സങ്കീർത്തനങ്ങളും, വായനകളും, ആരാധനാഗീതങ്ങളും, സ്തോത്രങ്ങളും വായിക്കുമ്പോൾ വി. കുർബ്ബാനയുടെ മഹാരഹസ്യമായി നമ്മുടെ ഹൃദയങ്ങളെ ജ്വലിപ്പിക്കുന്നു. മറ്റെന്തിനും നൽകാനാവാത്ത ശക്തിയും, ഓജസ്സുംകൊണ്ടും നാം നിറയുന്നു. അതിനാൽ വി. ഗ്രന്ഥവായന നമ്മുടെ അനുദിനജീവിതശൈലിയും, വിശിഷ്ടമായ ഭോജ്യവും ആകണം. തിരുവചനഭാഗങ്ങൾ ആഴത്തിൽ പഠിക്കാനും, പ്രാർത്ഥിക്കാനും, പ്രവർത്തിക്കാനും സാധിക്കുമ്പോൾ നാം വചനത്തിൽ ജീവിക്കുമ്പോൾ സാത്താന്റെ ഉപദ്രവങ്ങളിൽ നിന്ന് തിരുവചനങ്ങൾ കോട്ടയായി നമ്മെയും ഭവനത്തെയും സംരക്ഷിക്കുമെന്ന് അനേകം ഉപമകളിലൂടെയും, ജീവിതസാക്ഷ്യങ്ങളിലൂടെയും വി. ഗ്രന്ഥം പഠിപ്പിക്കുന്നു.

വി. ഗ്രന്ഥപാരായണം (സമൂഹം, വ്യക്തിപരം) കൂദാശകൾ, സഭാനിയമങ്ങൾ ഇവയുടെ ആവരണമാണ് തിന്മ നിറഞ്ഞ വെല്ലുവിളി നിറഞ്ഞ ഈ സമൂഹത്തിന് നേരെയുള്ള നമ്മുടെ ശക്തമായ ആയുധം. സഹനത്തിന്റെ നിമിഷങ്ങളിൽ നിരാശയുടെ വേളകളിൽ ജീവിതം മടുക്കുമ്പോൾ നാം എങ്ങനെ ജീവിക്കണമെന്ന് നമ്മെ പഠിപ്പിക്കുന്ന ഈ അമൂല്യഗ്രന്ഥം സ്നേഹം തന്നെയായ പിതാവ് തന്റെ മക്കൾക്ക് പിതൃസ്വത്തായി നൽകിയ അമൂല്യമായ പിതൃസ്വത്താണ്. ഈ വചനങ്ങളെ നാം സദാ കൂടെ കൊണ്ടു നടക്കണം. "വചനം നമുക്ക് സമീപസ്ഥമാണ് അത് നിന്റെ അധരത്തിലും ഹൃദയത്തിലും ഉണ്ട്. അത് പ്രാവർത്തികമാക്കാൻ നിനക്ക് കഴിയും. (നിയമാ. 30:14) രണ്ടാം വത്തിക്കാൻ സുനഹദോസ് നമ്മെ പഠിപ്പിക്കുന്നതും ഇതാണ്. വി. ഗ്രന്ഥത്തിലൂടെയാണ് സ്വർഗ്ഗസ്ഥനായ പിതാവ് തന്റെ മക്കളെ അതീവ സ്നേഹത്തോടെ ഉറ്റ് നോക്കുന്നതും അവരുമായി സംഭാഷണം ചെയ്യുന്നതും. (D.V. 21)

മാനവജീവിതത്തെയും, മഹാന്മാരേയും, വിശുദ്ധരേയും ഇത്രമേൽ സ്വാധീനിച്ചിട്ടുള്ള ഉത്തമവും ഉദാത്തവുമായ വചനധാരയാണ് ബൈബിൾ. ദൈവത്തിന്റെ അക്ഷയമായ കാരുണ്യം, അചഞ്ചലമായ വിശ്വാസം, അത്യുദാരമായ സ്നേഹം നമ്മെ പുതിയ സൃഷ്ടിയാക്കി മാറ്റുന്നു. " ഒരുവൻ ലോകം മുഴുവൻ നേടിയാലും ആത്മാവ് നഷ്ടപ്പെടുത്തിയാൽ എന്ത് ഫലം." (ഫ്രാ. സേവ്യർ) ആത്മാവും ജീവനും നമുക്ക് തരുന്നത് വചനങ്ങളാണ്.



പി.ഒ.സി.യിൽ ചേർന്ന എക്സിക്യൂട്ടീവ് മാനേജിംഗ് കൗൺസിൽ യോഗത്തിൽ കേരള കാത്തലിക് ബൈബിൾ സൊസൈറ്റിയുടെ ട്രഷറർ സ്ഥാനത്തുനിന്നും വിരമിക്കുന്ന സി.ആഗ്നസ് ജോർജ് സി.ടി.സി. മറുപടി പ്രസംഗം നടത്തുന്നു.

## List of KCBS Books and Publications

| ക്രമ നമ്പർ | പുസ്തകത്തിന്റെ പേര് | വില |
|---|---|---|
| 1 | ലോഗോസ് സഹായി | 100 |
| 2 | മർക്കോസ് എഴുതിയ സുവിശേഷം - വ്യാഖ്യാനം | 150 |
| 3 | ആമോസിന്റെ ഗർജ്ജനങ്ങൾ | 50 |
| 4 | ദൈവത്തിന്റെ ഭോഷത്തം | 80 |
| 5 | യേശു ക്രിസ്തു | 50 |
| 6 | ബൈബിൾ കൂട്ടുകാർ | 60 |
| 7 | ബൈബിൾ കൂട്ടുകാർ | 45 |
| 8 | പഴയ നിയമത്തിന് ഒരു ആമുഖം | 70 |
| 9 | പാലസ്തീനയുടെ മാപ്പ് | 30 |
| 10 | യേശുവിന്റെ ഗലീലി അത്ഭുതങ്ങൾ | 10 |
| 11 | നമ്മുടെ മാർപാപ്പമാർ | 25 |
| 12 | വചനവർഷ പ്രഭാഷണ സഹായി | 5 |
| 13 | ദൈവവചനം ദൈവദാനം | 5 |
| 14 | ദിവ്യവായന | 10 |
| 15 | വി. പൗലോസ് | 20 |
| 16 | വി. അൽഫോൻസാമ്മയുടെ പടം | 10 |
| 17 | ലോഗോസ് ക്വിസ് 2000-2008 ചോദ്യങ്ങളും ഉത്തരങ്ങളും | 40 |
| | ദൈവവചനവും ദിവ്യവായനയും | 50 |

## നന്ദി



5 വർഷക്കാലത്തെ സ്തുത്യർഹമായ സേവനത്തിനുശേഷം കേരള കാത്തലിക് ബൈബിൾ സൊസൈറ്റിയുടെ ട്രഷർ, കെ.സി.ബി.സി. ബൈബിൾ കമ്മീഷന്റെ ഓഫീസ് സെക്രട്ടറി എന്ന സ്ഥാനങ്ങളിൽനിന്ന് വിരമിച്ച സി. ആഗ്നസ് ജോർജ്ജ് സി.ടി.സി. യ്ക്ക് കൃതജ്ഞതാനിർഭരമായ കൂപ്പുകൈ. ആലുവ, സെന്റ് സേവ്യർസ് ഹൈസ്ക്കൂളിന്റെ അക്കൗണ്ടന്റായി നിയമിതയായ സിസ്റ്ററിന് സൊസൈറ്റി അംഗങ്ങളുടെ വിജയാശംസകൾ പ്രാർത്ഥനാപൂർവ്വം നേരുന്നു.

## സ്വാഗതം



കെ.സി.ബി.സി. ബൈബിൾ കമ്മീഷന്റെ ഓഫീസ് സെക്രട്ടറി, കേരള കാത്തലിക് ബൈബിൾ സൊസൈറ്റിയുടെ ട്രഷറർ എന്നീ സ്ഥാനങ്ങളിലേക്ക് സി. ടീനാ സി.ടി.സി. പുതിയതായി നിയമിതയായി. പുതിയ ശുശ്രൂഷയിൽ സിസ്റ്ററിന് സൊസൈറ്റി അംഗങ്ങളുടെ പ്രാർത്ഥനകളും വിജയാശംസകളും നേരുന്നു.

# അഖിലകേരള ബൈബിൾ കലോത്സവവും ദൈവവചനവർഷ സമാപനവും

## ഡിസംബർ 27, 28 തിയതികളിൽ

ദൈവവചനവർഷത്തിന്റെ സംസ്ഥാനതലത്തിലുള്ള സമാപനം ഡിസംബർ 27, 28 തിയതികളിൽ പാലാരിവട്ടത്തുള്ള പാസ്റ്ററൽ ഓറിയന്റേഷൻ സെന്ററിൽ നടന്നു.

വചനവർഷത്തിന്റെ ഭാഗമായി, ബൈബിൾ സന്ദേശങ്ങളും മൂല്യങ്ങളും കലാരൂപങ്ങളിലൂടെ അവതരിപ്പിക്കുന്നതിനും യുവപ്രതിഭകളെ കണ്ടെത്തി പ്രോത്സാഹിപ്പിക്കുന്നതിനും വേണ്ടി രണ്ടുദിവസത്തെ അഖിലകേരള ബൈബിൾ കലോത്സവം സംഘടിപ്പിച്ചുകൊണ്ടാണ് ദൈവവചനവർഷം സമാപിച്ചത്. ബൈബിൾ കമ്മീഷന്റെ നേതൃത്വത്തിൽ പാസ്റ്ററൽ ഓറിയന്റേഷൻ സെന്ററിൽവച്ചു ഡിസംബർ 27, 28 തീയതികളിലാണ് ബൈബിൾ കലോത്സവം നടന്നത്. 27 -ാം തിയതി രാവിലെ 9-ന് പിഒസി ഓഡിറ്റോറിയത്തിൽ ചേരുന്ന പൊതുസമ്മേളനം കെസിബിസി പ്രസിഡന്റ് റൈറ്റ്. റവ ഡോ. ഡാനിയേൽ അച്ചാരുപറമ്പിൽ ദൈവവചനവർഷ സമാപനപരിപാടികളും ബൈബിൾ കലോത്സവവും ഉദ്ഘാടനം ചെയ്തു. ആർച്ച്ബിഷപ്പ് വചനവർഷജ്യോതി തെളിച്ചു. കേരളത്തിലെ 29 കത്തോലിക്കാ രൂപതകളിൽ നിന്നുള്ളവർ വചനവർഷജ്യോതി ഏറ്റുവാങ്ങി. വചനഗീതം ആലപിച്ചു .




*ബൈബിൾ കമ്മീഷന്റെ ആഭിമുഖ്യത്തിൽ പി.ഒ.സി. യിൽ സംഘടിപ്പിച്ച ബൈബിൾ കലോത്സവം 2008 കെ.സി.ബി.സി. പ്രസിഡന്റ് ആർച്ച് ബിഷപ്പ് ഡാനിയേൽ അച്ചാരുപറമ്പിൽ ഉത്ഘാടനം ചെയ്തപ്പോൾ, ഡോ. സൈറസ് വേലംപറമ്പിൽ, ഡോ. സ്റ്റീഫൻ ആലത്തറ, അഡ്വ. ചാർലിപോൾ, ഫാ. ജെയ്സൻ കൊള്ളന്നൂർ, ഫാ. ജോസ് കോട്ടയിൽ, ഫാ. മരിയാൻ അറയ്ക്കൽ, ശ്രീ. തോപ്പിൽ ആന്റോ, സി. ആഗ്നസ് ജോർജ്ജ് സി.ടി.സി. എന്നിവർ സമീപം.*

രണ്ടുദിവസം ദീർഘിക്കുന്ന കലോത്സവത്തിൽ ആയിരത്തിലധികം കലാപ്രതിഭകൾ ഇരുപത്തിയൊന്ന് ഇനങ്ങളിലായി പങ്കെടുത്തു.

അവതരണ മത്സരങ്ങൾ ലളിതഗാനം, കവിതാപാരായണം, ശാസ്ത്രീയ സംഗീതം, പ്രസംഗം, സിംഗിൾ ഡാൻസ്, ബൈബിൾ ക്വിസ്, കഥാപ്രസംഗം, സമൂഹനൃത്തം, മാർഗ്ഗംകളി, തെരുവുനാടകം, നാടകം എന്നിവയാണ്. ഓരോ ഇനത്തിലും വിജയികളാകുന്നവർക്ക് ക്യാഷ് അവാർഡും സർട്ടിഫിക്കററും നൽകി. ഒന്നാം സമ്മാനാർഹർക്ക് ട്രോഫിയും ലഭിച്ചു. ഏററവും കൂടുതൽ പോയിൻറുകൾ നേടി ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങൾ നേടുന്ന രൂപതകൾക്ക് എവർ റോളിംഗ് ട്രോഫികളും നൽകി കലോത്സവ നടത്തിപ്പിനായി രൂപതാ ബൈബിൾ അപ്പോസ്റ്റലേറ്റ് ഡയറക്ടറർമാർ കോ ഒർഡിനേറ്റർമാരായി വിവിധ കമ്മറ്റികൾ പ്രവർത്തിച്ചിരുന്നു.

28 -ാം തീയതി വൈകുന്നേരം 5 മണിക്ക് പിഒസി ഓഡിറ്റോറിയത്തിൽ ചേർന്ന സമ്മേളനത്തോടെ ദൈവവചനവർഷത്തിനും കലോത്സവത്തിനും സംസ്ഥാനതല സമാപനമായി. പ്രസ്തുത സമ്മേളനത്തിൽ കെ.സിബി.സി ബൈബിൾ കമ്മീഷൻ ചെയർമാൻ ബിഷപ്പ് മാർ ജോർജ്ജ് പുന്നക്കോട്ടിൽ സമാപനസന്ദേശം നൽകി. ബിഷപ്പ് ദൈവവചനവർഷപ്രതിജ്ഞ ചൊല്ലിക്കൊടുത്തു. 29 രൂപതകളിൽനിന്ന് പ്രതിനിധികൾ വചനവർഷജ്യോതികളേന്തി പ്രതിജ്ഞ ഏറ്റുചൊല്ലി. തുടർന്ന് കലോത്സവ ജേതാക്കൾക്കുള്ള സമ്മാനങ്ങളും ബിഷപ്പ് വിതരണം ചെയ്തു. തദവസരത്തിൽ കെസി.ബി.സി ബൈബിൾ കമ്മീഷൻ വചനവർഷത്തിൽ നടത്തിയ സാഹിത്യ രചനാമത്സരങ്ങൾക്കും അവതരണമത്സരങ്ങൾക്കും വചനവർഷഗാനരചനാ മത്സരങ്ങൾക്കുമുള്ള സമ്മാനങ്ങളും ബിഷപ്പ് വിതരണം ചെയ്യുന്നതോടെ ദൈവവചനവർഷത്തിന് തിരശ്ശീല വീണു.




*വചനവർഷസമാപനത്തോടനുബന്ധിച്ച് പി.ഒ.സി. യിൽ നടത്തിയ അഖില കേരള ബൈബിൾ കലോത്സവ ഉത്ഘാടനവേദിയിൽ വചനവർഷജ്യോതികളേന്തി വിശിഷ്ടാതിഥികൾ വചനവർഷഗീതം ആലപിച്ചപ്പോൾ.*



2008
വചനവർഷത്തിൽ
പി.ഒ.സി. യിൽ
സംഘടിപ്പിച്ച
ബൈബിൾ കലോ
ത്സവത്തിലെ വിവിധ
ദൃശ്യങ്ങൾ.









2008 വചനവർഷത്തിൽ പി.ഒ.സി. യിൽ സംഘടിപ്പിച്ച ബൈബിൾ കലോത്സവത്തിലെ
വിവിധ ദൃശ്യങ്ങൾ



# കലകൾ ദൈവവചനം മനുഷ്യരിലെത്തിക്കാനുള്ള ഉപാധി: ഡോ. അച്ചാരുപറമ്പിൽ

കൊച്ചി : ബൈബിൾ സന്ദേശങ്ങൾ കലകളിലൂടെ ആവിഷ്കരിക്കുന്നതുവഴി ദൈവ സന്ദേശം എളുപ്പത്തിൽ മനുഷ്യഹൃദയങ്ങളിൽ പ്രതിഷ്ഠിക്കാൻ സാധിക്കുമെന്ന് കെ.സി.ബി.സി. പ്രസിഡന്റും വരാപ്പുഴ അതിരൂപത ആർച്ച് ബിഷപ്പുമായ ഡോ.ഡാനിയേൽ അച്ചാരുപറമ്പിൽ പറഞ്ഞു. ദൈവവചനവർഷത്തിന്റെ സംസ്ഥാനതല സമാപനപരിപാടികളുടെയും അഖില കേരള ബൈബിൾ കലോത്സവത്തിന്റെയും ഉദ്ഘാടനം പാലാരിവട്ടം പി.ഒ.സി. യിൽ നിർവഹിച്ചു സംസാരിക്കുകയായിരുന്നു അദ്ദേഹം.




പി.ഒ.സി. ഓഡിറ്റോറിയത്തിൽ നടന്ന പൊതുസമ്മേളനത്തിൽ ആർച്ച് ബിഷപ് വചനവർഷജ്യോതി തെളിയിച്ചു. കേരളത്തിലെ 29 രൂപതകളിലെ പ്രതിനിധികൾ വചനജ്യോതി ഏറ്റുവാങ്ങി. കെ.സി.ബി.സി. ബൈബിൾ കമ്മീഷന്റെ ആഭിമുഖ്യത്തിൽ ദൈവ വചനവർഷത്തെപ്പറ്റി സംഘടിപ്പിച്ച ഗാന രചനാമത്സര ത്തിൽ നിന്ന് തെരഞ്ഞെടുത്ത 10 ഗാനങ്ങളടങ്ങിയ സി.ഡി. (ലോഗോസ്) യുടെ പ്രകാശനം പി.ഒ.സി. ഡയറക്ടർ ഡോ. സ്റ്റീഫൻ ആലത്തറയ്ക്ക് നൽകി കൊണ്ട് ബിഷപ് നിർവഹിച്ചു.

പി.ഒ.സി. ഡയറക്ടർ റവ. ഡോ. സ്റ്റീഫൻ ആലത്തറ, ബൈബിൾ കമ്മീഷൻ സെക്രട്ടറി റവ. ഡോ. സൈറസ് വേലംപറമ്പിൽ, ഫാ. ജോസ് കോട്ടയിൽ, ഫാ.ജയ്സൺ കൊള്ളന്നൂർ, ഫാ. മരിയാൻ അറയ്ക്കൽ, അഡ്വ. ചാർളി പോൾ, തോപ്പിൽ ആന്റോ എന്നിവർ പ്രസംഗിച്ചു.

# ദൈവവചന വർഷവും അഖില കേരള ബൈബിൾ കലോത്സവവും സമാപിച്ചു

കൊച്ചി : അഖില കേരള ബൈബിൾ കലോത്സവത്തിനും വചനവർഷ സമാപനത്തിനും കേരള കത്തോലിക്കാ സഭയുടെ ആസ്ഥാനകാര്യാലയമായ പി.ഒ.സി.യിൽ ഇതൾ വിരിഞ്ഞു. ദൈവവചനവർഷത്തിന്റെ ഭാഗമായി ബൈബിൾ സന്ദേശങ്ങളും, മൂല്യങ്ങളും കലാരൂപങ്ങളിലൂടെ അവതരിപ്പിക്കുന്നതിനും യുവപ്രതിഭകളെ കണ്ടെത്തി പ്രോത്സാഹിപ്പിക്കുന്നതിനുംവേണ്ടി സംഘടിപ്പിച്ച അഖില കേരള ബൈബിൾ കലോത്സവത്തിന് പി.ഒ.സി ഡയറക്ടർ ഡോ.സ്റ്റീഫൻ ആലത്തറ പതാക ഉയർത്തി ആരംഭം കുറിച്ചു. തുടർന്ന് റവ.ഫാ.ജെയ്സന്റെ നേതൃത്വത്തിൽ ബൈബിൾ ശുശ്രൂഷയും ബൈബിൾ പ്രതിഷ്ഠയും നടന്നു. വരാപ്പുഴ അതിരൂപതാ മേലധ്യക്ഷനും കെ.സി.ബി.സി പ്രസിഡണ്ടുമായ ആർച്ച് ബിഷപ്പ് റൈറ്റ്.റവ.ഡോ. ഡാനിയേൽ അച്ചാരുപറമ്പിൽ വചനജ്യോതി തെളിയിച്ചുകൊണ്ട് ഔദ്യോഗികമായി മേള ഉദ്ഘാടനം ചെയ്തു. തുടർന്ന് ഏഴോളം സ്റ്റേജുകളിൽ പ്രസംഗം, ലളിതഗാനം, ശാസ്ത്രീയ സംഗീതം, സമൂഹനൃത്തം, കഥാപ്രസംഗം, മാർഗ്ഗം കളി, നാടകം, കവിതാപാരായണം, സിംഗിൾ ഡാൻസ് ബൈബിൾ ക്വിസ്, പെയിന്റിംഗ്, തെരുവുനാടകം,എന്നീ ഇനങ്ങളിൽ ജൂനിയർ, സീനിയർ തിരിച്ച് മത്സരങ്ങൾ അരങ്ങേറി.

കലോത്സവത്തിൽ എറണാകുളം അങ്കമാലി അതിരൂപത ഒന്നാം സ്ഥാനവും, വരാപ്പുഴ അതിരൂപത രണ്ടാം സ്ഥാനവും, പാലക്കാട് രൂപത മൂന്നാം സ്ഥാനവും കരസ്ഥമാക്കി. കെ.സി.ബി.സി ബൈബിൾ കമ്മീഷൻ ചെയർമാൻ ബിഷപ്പ് മാർ ജോർജ്ജ് പുന്നക്കോട്ടിൽ വചനജ്യോതി തെളിയിച്ചുകൊണ്ട് ഉദ്ഘാടനം ചെയ്ത



കെ.സി.ബി.സി ബൈബിൾ കമ്മീഷൻ ചെയർമാൻ ബിഷപ്പ് മാർ ജോർജ്ജ് പുന്നക്കോട്ടിൽ വചനജ്യോതി തെളിയിച്ചുകൊണ്ട് വചനവർഷ കലോൽസവ സമാപന സമ്മേളനം ഉദ്ഘാടനം ചെയ്തപ്പോൾ.

സമാപനസമ്മേളനത്തിൽ കേരളത്തിലെ 29 രൂപതകളിലെ പ്രതിനിധികൾ വചനജ്യോതി ഏറ്റുവാങ്ങി വചനഗീതം ആലപിച്ചു. തുടർന്ന് ബിഷപ്പ് മാർ ജോർജ്ജ് പുന്നക്കോട്ടിൽ വചനവർഷ പ്രതിജ്ഞ ചൊല്ലിക്കൊടുത്തു. വിശ്വാസസമൂഹം വചനവർഷ പ്രതിജ്ഞ ഏറ്റുചൊല്ലി വചനവർഷത്തിന് ഔദ്യോഗികമായി സമാപനം കുറിച്ചു. വചനവർഷഗാനരചന, സാഹിത്യരചന, അവതരണം എന്നീ മത്സരങ്ങളിൽ വിജയികളായവർക്ക് ബിഷപ്പ് ട്രോഫിയും സർട്ടിഫിക്കറ്റും സമ്മാനിച്ചു. സംസ്ഥാനതലത്തിൽ നടത്തപ്പെട്ട ഈ കലോത്സവത്തിൽ കേരളത്തിലെ എല്ലാ കത്തോലിക്കാ രൂപതകളിൽ നിന്നുള്ള ആയിരത്തോളം കലാപ്രതിഭകൾ 23 ഇനങ്ങളിലായി പങ്കെടുത്തു.



ദൈവവചനവർഷത്തിന്റെ സമാപനച്ചടങ്ങിൽ കെ.സി.ബി.സി. ബൈബിൾ കമ്മീഷൻ ചെയർമാൻ ബിഷപ്പ് മാർ ജോർജ്ജ് പുന്നക്കോട്ടിൽ ദൈവവചനവർഷ പ്രതിജ്ഞ സദസ്സിന് ചൊല്ലിക്കൊടുക്കുന്നു.



വചനവർഷത്തോടനുബന്ധിച്ച് പി.ഒ.സി. യിൽ നടത്തിയ വചനവർഷ - ബൈബിൾ കലോൽസവ സമാപനസമ്മേളന സദസ്സ്.






കെ.സി.ബി.സി ബൈബിൾ കമ്മീഷന്റെ ആഭിമുഖ്യത്തിൽ
2008 ഡിസംബർ 27, 28 തീയതികളിൽ പാലാരിവട്ടം പി.ഒ.സി യിൽ വച്ച് നടന്ന

# അഖില കേരള ബൈബിൾ കലോത്സവത്തിൽ

## വിജയികളായവർ

**ലളിതഗാനം (ജൂനിയർ ബോയ്സ്)**

I. ജിമ്മി ഫ്രാൻസിസ് - കണ്ണൂർ - B
II. ജെയിംസ് ബിനു - എറണാകുളം -B
III. ജെഫിൻ ജെയിംസ് - ഇടുക്കി - B

**ലളിതഗാനം (ജൂനിയർ ഗേൾസ്)**

I. അനു മരിയ റോസ് - വരാപ്പുഴ - A
II. നീന റോയി - കോഴിക്കോട് - B
III.സ്നേഹ ജോസഫ് - ഇടുക്കി - C

**ലളിതഗാനം (സീനിയർ ബോയ്സ്)**

I. ജോസ് പീറ്റർ - എറണാകുളം - A
II. ജോസ് പീറ്റർ - വിജയപുരം - A
III. അമൽ ടോജിൻ തോമസ് - ഇടുക്കി - B

**ലളിതഗാനം (സീനിയർ ഗേൾസ്)**

I. അൽഫോൻസ രാജു - എറണാകുളം - A
II. അഞ്ജു എബ്രഹാം - ഇടുക്കി - A
III.ആൻഡ്രിയ സൂസൻ ജോബ് -വിജയപുരം - B

**പ്രസംഗം (ജൂനിയർ)**

I. ദിയ ജോർജ്ജ് - പാലക്കാട് - A
II. രാഗി റപ്പായി - ഇരിങ്ങാലക്കുട - B
III.റിനു ജോസഫ് - ഇടുക്കി - B

**പ്രസംഗം (സീനിയർ)**

I. അനിറ്റ ചിന്നു സെൻ - പാലക്കാട് - A
II. ആൽവിൻ ജോസ് - ഇടുക്കി - A
III. ആഷിത അന്ന സാജു - കോട്ടയം - A

**കഥാപ്രസംഗം (ജൂനിയർ)**

I. ബെജല ബിജോയ് - എറണാകുളം - A
II. പ്ര ാഷ് ജോസ് - വരാപ്പുഴ - A
III. അരുൺ രാജ് - നെയ്യാറ്റിൻകര - A

**കഥാപ്രസംഗം (സീനിയർ)**

I. എയ്ഞ്ചൽ ഗ്രേഷ്യസ് - വരാപ്പുഴ - A
II. എലിസബത്ത് ജോസ് - കോട്ടയം - A
III. ആൻമേരി സെബാസ്റ്റ്യൻ - കോഴിക്കോട് - A

**സമൂഹനൃത്തം (ജൂനിയർ)**

I. അലീന സെബാസ്റ്റ്യൻ & ടീം - എറണാകുളം - A
II. സെറാ മോഹൻ & ടീം - കോട്ടയം - A
III. ആമി ടീസ ജെയിംസ് & ടീം - ഇരിങ്ങാലക്കുട - A

**മാർക്ഷംകളി**

I. അഞ്ജലി തോമസ് & ടീം - കോട്ടയം - A
II. നീനു എലിസബത്ത് ബാബു & ടീം - പാലാ - A
III. ശീതൾ റോമിയോ & ടീം - എറണാകുളം- A

**നാടകം**

I. സോളമൻ ജോൺ & ടീം - എറണാകുളം - A
II. ബൈജു തോമസ് & ടീം - കണ്ണൂർ - A
III. സെബാസ്റ്റ്യൻ (സാജോ) & ടീം - പുനലൂർ - A

**പെയിന്റിംഗ് (സീനിയർ)**

I. ജോർജ്ജ് വർഗീസ് - എറണാകുളം - A
II. വിൽസൺ വിജയൻ - കണ്ണൂർ - A
III. ജെയ്സൺ തോമസ് - എറണാകുളം - A

**സിംഗിൾ ഡാൻസ് (ജൂനിയർ)**

I. അലീന സെബാസ്റ്റ്യൻ - എറണാകുളം - A
II. അനിറ്റ .സി. - കൊല്ലം - A
III. സഞ്ജന ബിറോസ് - കൊച്ചി - A

**സിംഗിൾ ഡാൻസ് (സീനിയർ)**

I. ദില്യം പൗലോസ് - എറണാകുളം - A
II. അശ്വതി ജുഗേഷ് - കൊച്ചി - A
III. ഗ്രെറ്റ ജോസഫ് - വരാപ്പുഴ - A

**ബൈബിൾ ക്വിസ് (ജൂനിയർ)**

I. സുസ്മിത ആന്റണി & ജോയ്സി ജോയ് - ഇരിങ്ങാലക്കുട - A
II. അലീന റോസ് ജോയി & റോസ് തോരേസ ജോൺ - എറണാകുളം - A
III. അനിറ്റ പൗലോസ് & ജാസ്മിൻ തോമസ് - ഇരിങ്ങാലക്കുട - A

**ബൈബിൾ ക്വിസ് (സീനിയർ)**

I. ആന്റണി ആൻഡ്രൂസ് & ആൽഡ്രിൻ നോർബർട്ട് - കൊല്ലം - A
II. സീന .ടി. ജെ. & മെർലിൻ .പി. ജെയിംസ് - കോഴിക്കോട് - A
III. ബ്ലസി തോമസ് & ജോസഫ് തോമസ് -എറണാകുളം - A

**കവിതപാരായണം (ജൂനിയർ)**

I. അരുൺ രാജ് - നെയ്യാറ്റിൻകര - A
II. ലിബിൻ നോബി - കോഴിക്കോട് - A
III. ശാന്തി മരിയ ബിനോയ് - കോട്ടയം - A

**കവിതപാരായണം (സീനിയർ)**

I. സൽജിത് വർഗീസ് - എറണാകുളം - A
II. മിഥുൻ ചാക്കോ - എറണാകുളം - A
III. ഫ്ളമിൻ ഗ്രേഷ്യസ് - വരാപ്പുഴ - A

**ശാസ്ത്രീയ സംഗീതം (ജൂനിയർ)**

I. അനു മരിയ റോസ് - വരാപ്പുഴ - A
II. സെറിൻ ബെർണ്ണി - വരാപ്പുഴ - B
III. നിയാ ജിയോ -എറണാകുളം - B

**ശാസ്ത്രീയ സംഗീതം (സീനിയർ)**

I. ജ്യോതി തോമസ് - എറണാകുളം - A
II. അന്ന ലാസ്മിയ - കൊച്ചി - B
III. കാതറിൻ ജേക്കബ് - എറണാകുളം - B

**സമൂഹനൃത്തം (സീനിയർ)**

I. അനു ടീസ ജോർജ്ജ് & ടീം - എറണാകുളം - A
II. സെംസി .സി. കെ. & ടീം - പാലക്കാട് - A
III. ജ്യോതി സാബു & ടീം - കോട്ടയം - A

**തെരുവുനാടകം**

I. വർഗീസ് ജോണി & ടീം - പാലക്കാട് - A
II. ബൈജു തോമസ് & ടീം - കണ്ണൂർ - A
III. ജിയോ ബാവകാട് & ടീം - കൊച്ചി - A

**പെയിന്റിംഗ് (ജൂനിയർ)**

I. ദ്രുപ ചാൾസ് - എറണാകുളം - A
II. ആത്മ ചാൾസ് - എറണാകുളം - B
III. ബെൻ ജോയി - എറണാകുളം - C




*വചനവർഷ സമാപനത്തോടനുബന്ധിച്ച് പി.ഒ.സി. യിൽ നടത്തിയ ബൈബിൾ കലോത്സവത്തിന് ഏറ്റവും കൂടുതൽ പോയിന്റ് നേടി ഒന്നാം സ്ഥാനം കരസ്ഥമാക്കിയ എറണാകുളം അതിരൂപതാംഗങ്ങൾ ബിഷപ്പ് മാർ ജോർജ്ജ് പുന്നക്കോട്ടിൽനിന്നും ട്രോഫി ഏറ്റുവാങ്ങിയപ്പോൾ.*



*വചനവർഷസമാപനത്തോടനുബന്ധിച്ച് പി.ഒ.സി.യിൽ നടത്തിയ ബൈബിൾ കലോത്സവത്തിന് രണ്ടാം സ്ഥാനം കരസ്ഥമാക്കിയ വരാപ്പുഴ അതിരൂപതാംഗങ്ങൾ ബിഷപ്പ് മാർ ജോർജ്ജ് പുന്നക്കോട്ടിൽനിന്ന് ട്രോഫി ഏറ്റുവാങ്ങിയപ്പോൾ.*



*വചനവർഷത്തോടനുബന്ധിച്ച് പി.ഒ.സി. യിൽ നടത്തിയ ബൈബിൾ കലോത്സവത്തിന് മൂന്നാം സ്ഥാനം കരസ്ഥമാക്കിയ പാലക്കാട് രൂപതാംഗങ്ങൾ ബിഷപ്പ് മാർ ജോർജജ് പുന്നക്കോട്ടിലിൽനിന്ന് ട്രോഫി ഏറ്റുവാങ്ങിയപ്പോൾ.*

# കെ.സി.ബി.സി. ബൈബിൾ കമ്മീഷൻ സംഘടിപ്പിക്കുന്ന സാഹിത്യമത്സരങ്ങൾ – 2009

കെ.സി.ബി.സി. ബൈബിൾ കമ്മീഷൻ വചനാധിഷ്ഠിത ചിന്തയ്ക്കും സംസ്കാരത്തിനും പ്രോത്സാഹനം നൽകുക എന്ന ലക്ഷ്യത്തോടെ രചനാമത്സരങ്ങൾക്കുള്ള കൃതികളെ ക്ഷണിക്കുന്നു. എല്ലാ രചനകളുടേയും പ്രതിപാദനവിഷയം ബൈബിൾ പ്രമേയങ്ങളായിരിക്കണം. മത്സരങ്ങൾ സംബന്ധിച്ച നിയമങ്ങൾ താഴെചേർക്കുന്നു.

കവിത, കഥ, ലേഖനം, ഏകാങ്കനാടകം എന്നീ ഇനങ്ങളിലാണ് മത്സരം. പ്രതിപാദനവിഷയം ബൈബിളിലെ ഏതു ഭാഗമാണെന്ന് വ്യക്തമാക്കിയിരിക്കണം. എന്നാൽ അവയുടെ ആനുകാലികാവിഷ്ക്കരണങ്ങൾ അനുവദനീയമാണ്. ചെറുകഥ ആറുപേജിലും, ലേഖനം പത്തു പേജിലും കവിത അറുപതു വരികളിലും കവിയരുത്. ഏകാങ്കം മുപ്പതുമിനിട്ടു കൊണ്ട് അവതരിപ്പിക്കാവുന്നതായിരിക്കണം. അനുകരണമോ വിവർത്തനമോ, മുമ്പ് പ്രസിദ്ധീകരിച്ചിട്ടുള്ളതോ പ്രസിദ്ധീകരണത്തിന് എവിടെയെങ്കിലും ഏൽപ്പിച്ചിട്ടുള്ളതോ ആയിരിക്കരുത്. ജൂനിയർ, സീനിയർ തിരിവോ പ്രായപരിധി നിബന്ധനകളോ രചനാ മത്സരങ്ങൾക്കില്ല.

ലേഖനമത്സരം അത്മായർ, സെമിനാരി വിദ്യാർത്ഥികൾ, സന്യാസിനികൾ എന്നീ ഗ്രൂപ്പുകൾക്ക് വെവ്വേറെയായിരിക്കും. ഓരോ ഗ്രൂപ്പിലുമുള്ള വിഷയം താഴെ കൊടുക്കുന്നു.

ഗ്രൂപ്പ്നമ്പർ 1: അല്മായർ

വിഷയം : പുരോഹിതരുടെ വർഷവും പൗരോഹിത്യധർമ്മാനുഷ്ഠാനങ്ങളും: അവയുടെ ആനുകാലിക പ്രാധാന്യം.

ഗ്രൂപ്പ്നമ്പർ 2: സെമിനാരി വിദ്യാർത്ഥികൾ

വിഷയം : ക്രിസതുവിന്റെ വിശ്വസ്തത പുരോഹിതരുടെ വിശ്വസ്തതയ്ക്ക് മാതൃക

ഗ്രൂപ്പ്നമ്പർ 3 : സന്യാസിനികൾ

വിഷയം: ദൈവരാജ്യത്തിന്റെ ഈ ലോകത്തിലെ സാന്നിദ്ധ്യമായ സഭാഗാത്രത്തെ പടുത്തുയർത്തുന്നതിൽ സന്യസ്തരുടെ പങ്ക്.

മത്സരത്തിനയയ്ക്കുന്ന കൃതികളോടൊപ്പം 50/–രൂപ വീതം രജിസ്ട്രേഷൻ ഫീസും (MO/DD) വികാരിയുടെയോ/സുപ്പീരിയറിന്റെയോ സാക്ഷ്യപത്രവും

അയയ്ക്കേണ്ടതാണ്.. ഇവ രണ്ടും ലഭിക്കാത്ത രചനകൾ സ്വീകരിക്കുന്നതല്ല. മത്സരത്തിനയയ്ക്കുന്ന കൃതികൾ തിരിച്ചു നൽകുന്നതല്ല. കോപ്പികൾ ആവശ്യമുള്ളവർ മത്സരത്തിയയ്ക്കുന്നതിനുമുൻപ് വേറെ കരുതേണ്ടതാണ്. സമ്മാനാർഹമാകുന്ന കൃതികൾ ആദ്യം പ്രസിദ്ധീകരിക്കാനുള്ള അവകാശം കെ.സി.ബി.സി ബൈബിൾ കമ്മീഷനായിരിക്കും. കൃതികൾ ലഭിക്കേണ്ട അവസാന തീയതി 2009 ഒക്ടോബർ 30 ആണ്. വൈകിയെത്തുന്ന കൃതികൾ സ്വീകരിക്കുന്നതല്ല.

ഒന്നും, രണ്ടും, മൂന്നും സ്ഥാനത്തെത്തുന്ന സമ്മാനാർഹർക്ക് സർട്ടിഫിക്കറ്റും, ബൈബിളും താഴെ കൊടുത്തിരിക്കുന്നതനുസരിച്ച് ക്യാഷ് അവാർഡും നൽകുന്നതാണ്.

| **മത്സരഇനം** | **രജി.ഫീസ്** | **1** | **2** | **3** |
|---|---|---|---|---|
| 1. കവിത | 50 | 2000 | 1500 | 1000 |
| 2. ചെറുകഥ | 50 | 2000 | 1500 | 1000 |
| 3. ഏകാങ്കനാടകം | 50 | 2000 | 1500 | 1000 |
| 4. ലേഖനം - 1 | 50 | 2000 | 1500 | 1000 |
| 5. ലേഖനം - 2 | 50 | 2000 | 1500 | 1000 |
| 6. ലേഖനം - 3 | 50 | 2000 | 1500 | 1000 |

കൃതികൾ അയയ്ക്കേണ്ട വിലാസം: സെക്രട്ടറി, ബൈബിൾ കമ്മീഷൻ, പി.ഒ.സി, പി.ബി.നമ്പർ 2251, പാലാരിവട്ടം, കൊച്ചി-682025

---

# കെ.സി.ബി.സി. ബൈബിൾ കമ്മീഷൻ സംഘടിപ്പിച്ച 2008 – സാഹിത്യമത്സരങ്ങളുടെ ഫലം പ്രഖ്യാപിച്ചു

കെ.സി.ബി.സി. ബൈബിൾ കമ്മീഷൻ 2008-ൽ സംഘടിപ്പിച്ച സാഹിത്യമത്സരത്തിൽ പങ്കെടുക്കുവാൻ വളരെപേർ താല്പര്യം കാണിച്ചതിന് സന്തോഷമുണ്ട്. സമ്മാനാർഹർക്ക് ഡിസംബർ 28-ാം തീയതി ഉച്ചകഴിഞ്ഞ് 5 മണിക്ക് പി.ഒ.സി.യിൽ ചേർന്ന സമ്മേളനത്തിൽവച്ച് അഖില കേരള ബൈബിൾ കലോത്സവം 2008 -ന്റെ സംസ്ഥാനതല വിജയികൾക്കുള്ള സമ്മാനങ്ങളോടൊപ്പം സാഹിത്യ രചനാമത്സര വിജയികൾക്കുള്ള സമ്മാനങ്ങളും കെ.സി.ബി.സി. ബൈബിൾ കമ്മീഷൻ ചെയർമാൻ ബിഷപ്പ് മാർ ജോർജ്ജ് പുന്നക്കോട്ടിൽ വിതരണം ചെയ്തു. സാഹിത്യ രചനാ മത്സരത്തിൽ സമ്മാനാർഹരായവരുടെ പേരു വിവരം 1, 2, 3, സ്ഥാനക്രമമനുസരിച്ച് താഴെ ചേർക്കുന്നു.

**കവിത**

1. സജി.എം.എ,“ ഹരിതം, തച്ചമ്പാറ.പി.ഒ, പാലക്കാട് - 678593
2. ബ്ലെയ്സി ഹ്യൂബർട്ട്, ശ്രീരാഗം, കൊട്ടിയം, കൊല്ലം - 691571
3. സി.ജ്യോതി. ട.ഉ. എസ്.ഡി.കോൺവെന്റ്, നടേൽ, വൈക്കം

**ചെറുകഥ**

1. സാബു പുളിക്കത്തറ, ഗോതുരുത്ത്.പി.ഒ, കോട്ടപ്പുറം
2. ഡേവിഡ് കല്ലൂർ,കല്ലൂർ ഹൗസ്, ഘണ്ഠകർണ്ണൻവെളി, നോർത്ത് പറവൂർ -683513
3. ജോസ് പാലത്തിങ്കൽ, പാലത്തിങ്കൽ ഹൗസ്, മുളകുവള്ളി പി.ഒ, ഇടുക്കി - 685602

**ഏകാങ്കനാടകം**

1. ബാബു പള്ളാശ്ശേരി, പട്ടേരിപ്പുറം, ടൗൺ ലിമിറ്റഡ് റോഡ്, ആലുവ
2. ഷിബു പൗലോസ്, അറയ്ക്കൽ പുതുക്കാട്ടുകാരൻ, നോർത്ത് ചാലക്കുടി -680307
3. ബ്രദർ തോമസ് കുഴിക്കോടിൽ, സെന്റ് തോമസ് അപ്പ. സെമിനാരി, വടവാതൂർ പി.ഒ. കോട്ടയം

**ലേഖനം ( അത്മായർ)**

1. സിനി ജോസ്, പുളിക്കൻ ഹൗസ്, താലോർ പി.ഒ, തൃശൂർ
2. ടെസ്സി സേവ്യർ, പാലാകുന്നേൽ, പാലക്കയം, പാലക്കാട്
3. ജോസഫ് പടമാടൻ, പരനാട്ടുകുന്ന്, മാള.പി.ഒ, - 680732


**ലേഖനം (സന്യാസിനികൾ)**

1. സി. ഷാൻ മരിയ പാല്യക്കര, എസ്.എ.ബി.എസ് നിർമ്മലമാതാ കോൺവെന്റ്, തൃശൂർ
2. സി. ജോയ്സ് എസ്.ഐ.സി, ബഥനി സിസ്റ്റേഴ്സ് ജനറലേറ്റ്, കളത്തിപ്പടി, കോട്ടയം
3. സി. സിൽവിയ ജോസ്. സി.എം.സി, പുഷ്പാരാം സ്റ്റഡി ഹൗസ്,ചാമംപതാൽ പി. ഒ, കോട്ടയം.

**ലേഖനം (വൈദിക വിദ്യാർത്ഥികൾ)**

1. ബ്രദർ സിബി ജോൺ ചന്ദ്രോത്ത്, അമലോത്ഭവ ആശ്രമം, മഞ്ഞുമ്മൽ, എറണാകുളം
2. ബ്രദർ ജിൻസ് നെല്ലിക്കാട്ടിൽ, സെന്റ്.സ്റ്റൻസിലാവുസ് സെമിനാരി, എസ്.എച്ച്. മൗണ്ട്,കോട്ടയം
3. ബ്രദർ വർഗ്ഗീസ് അമേഷ് അലോഷ്യസ്, സെന്റ് ജോസഫ്സ് മൈനർ സെമിനാരി, കളമശ്ശേരി

***കെ.സി.ബി.സി. ബൈബിൾ കമ്മീഷൻ 2008ൽ സംഘടിപ്പിച്ച അഖിലകേരള സാഹിത്യ രചനാ മത്സരത്തിൽ സെമിനാരി വിദ്യാർത്ഥികൾക്കായുള്ള വിഭാഗത്തിൽ ഒന്നാം സമ്മാനം നേടിയ ലേഖനം***



# ദൈവവചനം ജീവന്റെ നിറവിന്

**ബ്ര. സിബി ജോൺ**
**ഒ.സി.ഡി.**

## ആമുഖം

"എടുത്ത് വായിക്കുക". . . .അവന്റെ ഉള്ളിൽ നിന്നും ഇങ്ങനെ ഒരു സ്വരമുണ്ടായി. ഉടനെ അവൻ വിശുദ്ധ ഗ്രന്ഥം തുറന്നു വായിച്ചു. "രാത്രി കഴിയാറായി; പകൽ സമീപിച്ചിരിക്കുന്നു. ആകയാൽ നമുക്ക് അന്ധകാരത്തിന്റെ പ്രവൃത്തികൾ പരിത്യജിച്ച് പ്രകാശത്തിന്റെ ആയുധങ്ങൾ ധരിക്കാം. . . ."(റോമ. 13,12). അങ്ങനെ ആഗോള കത്തോലിക്കാ സഭയിൽ ദൈവവചനത്തിന്റെ ശക്തി യിൽ ആകൃഷ്ടനായി മഹാനായ വി. അഗസ്റ്റിൻ ജന്മം കൊള്ളുകയാണ്. ആഗോ ള കത്തോലിക്കാ സഭ ദൈവവചനവർഷമായി ഈ വർഷം ആചരിക്കുമ്പോൾ മുകളിൽ ഉദ്ധരിച്ച വി. പൗലോസിന്റെ ലേഖനഭാഗം നെഞ്ചോട് ചേർത്തു വയ്ക്കുന്നത് വളരെ നല്ലതായിരിക്കും. നിദ്ര വിട്ട് ഉണരാം നമുക്ക് . . . .ദൈവ വചനത്തിന്റെ ശക്തിയിൽ നമ്മുടെ ജീവിതത്തെ മാറ്റാം. ജീവന്റെ പരിപൂർണ്ണതയ്ക്കായി നമുക്ക് ദൈവവചനത്തെ മുറുകെ പിടിക്കാം. . . . .കാ രണം "ഞാൻ നിങ്ങളോട് പറഞ്ഞ വചനങ്ങൾ ആത്മാവും ജീവനു മാണെന്ന്" (യോഹ.6, 63) ക്രിസ്തു തന്നെ നമ്മെ ഓർമ്മിപ്പിക്കുന്നു. ഇനിയുള്ള പ്രയാണം ക്രിസ്തുവിനൊപ്പം.

## വചനം. . . . . . തിരുവചനം

'ദബാർ' എന്ന ഹീബ്രുവാക്ക് അർത്ഥമാക്കുന്നത് 'വെളിപ്പെടുത്തുന്ന ദൈവവചനം' എന്നാണ്. ദൈവത്തിന്റെ പദ്ധതികളും ദൈവത്തിന്റെ സ്നേഹവും ജനങ്ങളെ അറിയിക്കാൻ ദൈവം കണ്ടുപിടിച്ച മാർഗ്ഗം. തിരുവചനം അതു പഠിക്കാനുള്ളതാണ്; പ്രഘോഷിക്കാനുള്ളതാണ്; സ്വന്തം ജീവിതത്തിൽ പകർത്താനുള്ളതാണ്; ആമോസിന്റെ പുസ്തകത്തിൽ വായിക്കുന്നു: "സിംഹം ഗർജ്ജിച്ചു; ആരാണ് ഭയപ്പെടാതിരിക്കുക? ദൈവമായ കർത്താവ് സംസാരിച്ചു; ആർക്ക് പ്രവചിക്കാതിരിക്കാൻ കഴിയും? (ആമോസ് 3,8). പ്രവാചകരിൽ ദൈവവചനത്തിന്റെ ശക്തമായ സ്വാധീനമാണ് ഇവിടെ നാം മനസ്സിലാക്കുന്നത്. വചനം ഇവരിൽ പ്രവർത്തിക്കുമ്പോൾ 'ലോഗോസ്' ആയ ക്രിസ്തു പ്രവാചകരിലൂടെ അന്നും പ്രവർത്തിച്ചിരുന്നു എന്ന വ്യക്തമായ സത്യത്തിലേക്കാണ് വിരൽ ചൂണ്ടുന്നത്. ദൈവത്തിന്റെ വചനം മനുഷ്യനായി മാറിയതാണ് ക്രിസ്തു അങ്ങനെയിരിക്കെ ക്രിസ്തു മൊഴിയുന്നതെല്ലാം ദൈവവചനങ്ങൾ തന്നെ. ദൈവിക വെളിപാടിന്റെ പൂർണ്ണതയാണ് ക്രിസ്തു വെന്നും അവന്റെ വചനങ്ങൾ സത്യമാണെന്നും വിശ്വാസികൾ മനസ്സിലാക്കു ന്നു.

മോശയിലൂടെയും മറ്റു പ്രവാചകരിലൂടെയും പിതാവായ ദൈവത്തിന്റെ വെളിപ്പെടുത്തൽ കൂടുതൽ വ്യക്തമായ രൂപത്തിൽ അല്ലെങ്കിൽ അതിന്റെ പൂർ ണ്ണമായ അവസ്ഥയിൽ ക്രിസ്തുവിൽ നമുക്ക് അനുഭവിക്കുവാൻ സാധിക്കുന്നു.

തിരുവചനത്തിന്റെ മറ്റൊരു പ്രത്യേകതയാണ് 'തിരുസഭയോടൊപ്പം വളരുന്ന തിരുവചനം' എന്നത്. തിരുവചനങ്ങൾ ചരിതങ്ങളിലൂടെ കടന്നുവന്ന് വർത്തമാനകാലങ്ങളിലെത്തി ഭാവിയിലേക്ക് അതിന്റെ പ്രയാണം ആരംഭിച്ചിരിക്കുകയാണ. വചനം ചിലപ്പോൾ ഉപമകൾ ആകുന്നു, താലന്തുകളുടെ മൂല്യം അവകാശപ്പെടുന്നു, മരണത്തിൽ നിന്നും തിരികെ കൊണ്ടുവരുന്നു. അവസാനം ഇതു നിങ്ങൾക്കായി ചിന്തപ്പെടാനിരിക്കുന്ന എന്റെ രക്തവും മുറിക്കപ്പെടാനിരിക്കുന്ന എന്റെ ശരീരവും എന്ന് വാഴ്ത്തി നമുക്കായി പങ്കിട്ടു നൽകുന്നു. മനുഷ്യന്റെ ആവശ്യങ്ങളിലേക്ക് അങ്ങനെ ദൈവവചനം താങ്ങും തണലുമായി ഇപ്പോഴും നിലനിൽക്കുന്നു. അങ്ങനെ സ്വർഗ്ഗരാജ്യം ഭൂമിയിൽ സ്ഥാപിക്കുന്നതിനുള്ള ലക്ഷ്യത്തിലേക്ക് ദൈവവചനം നീങ്ങിക്കൊണ്ടിരിക്കു കയാണ്. . . അപരന്റെ ദു:ഖങ്ങളിലേക്കും ആവശ്യങ്ങളിലേക്കും തുറന്നുവച്ച സഭയുടെ കണ്ണുകളാണ് തിരുവചനം.

**ജീവൻ. . . . .വചനത്തിന്റെ ബാഹ്യരൂപം**

'പ്രബലൻമാരുടെ അതിജീവനം' എന്ന തത്വം പഴഞ്ചനായി. പകരം 'വേഗതയുള്ളവന്റെ അതിജീവനം' എന്നായി മാറി. കമ്പ്യൂട്ടറുകളും റിമോട്ടുകളും മനുഷ്യജീവിതത്തെ നിയന്ത്രിക്കുന്ന കാലഘട്ടമാണിപ്പോൾ. അവിടെ മനുഷ്യജീവിതത്തിന് ചൂതുപലകയിലെ ദുർബല കരുക്കളുടെ നിയോഗം മാത്രം. ഇവിടെയാണ് ഒഴുക്കിനെതിരെ നീന്തുന്നവന്റെ ആവശ്യം. . . .മുകളിൽ വിവരിച്ച 'ഇന്നത്തെ ലോകം' നൂറ്റാണ്ടുകൾക്കുമുമ്പേ ഹോസിയായുടെ പുസ്തകത്തിൽ പ്രവാചകന്റെ അധരങ്ങളിലൂടെ ഏഴും, എ ട്ടും അധ്യായങ്ങളിൽ ദൈവം മൊഴിഞ്ഞിട്ടുണ്ട്. ഇവരുടെ ഉത്സവദിനങ്ങൾ തന്നെ അവരുടെ നാശത്തിന്റെ ദിനങ്ങളായി ദൈവം തെരഞ്ഞെടുക്കുന്നു. കാരണം, തിരസ്ക്കരിക്കപ്പെടുന്ന ദൈവമായിരുന്നു പഴയനിയമത്തിലെ ദൈവം. അനുതാപത്തിന്റെ ചെറിയ ലക്ഷണങ്ങൾക്കും നൂറിരട്ടി സമ്മാനം ദൈവം നൽകുന്നു. കോപത്തിന്റെ അഗ്നിയായി മാറിയ ദൈവം അവരിലേക്ക് നിത്യജീവന്റെ തുഷാരബിന്ദുവായി മാറുന്നതായി ഹോസിയായുടെ അവസാന അധ്യായത്തിൽ നാം വായിക്കുന്നു.

ജീവിതങ്ങളെ പരിപോഷിപ്പിക്കുന്നതാണ് തിരുവചനം. മാനവജീവി തത്തിലെ മാർഗ്ഗദീപങ്ങളായി തിരുവചനങ്ങൾ നാം കാണുന്നു. മനുഷ്യന്റെ ഭാഷയിൽ എഴുതപ്പെട്ട ദൈവത്തിന്റെ തിരുഹിതമാണ് തരുവചനം. ആയതിനാൽ ദൈവത്തിന്റെ സഹായം ഇല്ലാതെ വചനത്തിന്റെ ആന്തരാർത്ഥങ്ങളിലേക്ക് സഭയ്ക്ക് കടന്നുചെല്ലാൻ കഴിയില്ല. അതുകൊണ്ടാണ് യേശുനാഥൻ ഇങ്ങനെ അരുൾ ചെയ്തത്: "സത്യാത്മാവ് വരുമ്പോൾ നിങ്ങളെ സത്യത്തിന്റെ പൂർണ്ണതയിലേക്ക് നയിക്കും" (യോഹ. 16,13) ഇതൊരു വാഗ്ദാനമാണ്. സത്യത്തിന്റെ പൂർണ്ണതയിലേക്ക് അഥവാ 'ജീവന്റെ നിറവിലേക്ക്' നമ്മെ തിരുവചനത്തിന്റെ അകമ്പടിയോടെ പരിശുദ്ധാത്മാവ് നയിക്കും എന്ന വാഗ്ദാനം. അതിനാൽ സഭയുടെ ദൗത്യം എന്നത്, പരിശു ദ്ധാത്മാവിന്റെ സഹായത്താൽ തിരുവചനത്തെ വിഭജിച്ചു നൽകുക. അഹ്ങനെ സങ്കീർത്തകൻ പറയുന്നതുപോലെ: "അവൻ അവർക്ക് സ്വർഗ്ഗ ത്തിലെ അപ്പം നൽകി, മനുഷ്യർ മാലാഖമാരുടെ അപ്പം

ഭക്ഷിച്ചു"(സങ്കീ. 78,24) എന്താണ് മാലാഖമാരുടെ ഭക്ഷണം? ആദിയിൽ വചനം ഉണ്ടായിരുന്നു. വചനം ദൈവത്തോടുകൂടെയായിരുന്നു. വചനെ മാംസമായി നമ്മുടെ ഇടയിൽ വസിച്ചു. (യോഹ.1, 1-14) അങ്ങനെ സ്വർഗ്ഗവും ഭൂമിയും കൂട്ടിയിണക്കുന്ന കണ്ണി; ലോഗോസ് (Logos) അഥവാ വചനമായ ക്രിസ്തു ഭൂമിയിൽ നിത്യജീ വന്റെ ഭക്ഷണമായി തീർന്നു. ജീവന്റെ നിറവായി മാറി.

**കാലത്തിന്റെ അടയാളങ്ങൾ തേടുന്ന വചനം**

യേശു പറയുന്നു, കാലത്തിന്റെ അടയാളങ്ങൾ വായിക്കണമെന്ന്. ജീവതത്തിൽ അടയാളങ്ങൾ കാത്തുവയ്ക്കുന്നവരാണ് നമ്മൾ. പ്രവാചകൻമാർ തെറ്റിനെതിരെ ശബ്ദമുയർത്തി. അനാചാരങ്ങൾക്കും അനീതിക്കുമെതിരെ ദൈവത്തിന്റെ ശബ്ദം കടമെടുത്ത് കലഹിച്ചു. പക്ഷേ, ഭരണകൂടങ്ങൾക്കും നീതിന്യായാസനങ്ങൾക്കും അത് മനസ്സിലാക്കാൻ കഴിഞ്ഞില്ല. ഫലമോ പ്രവചിക്കപ്പെട്ട മഹാമാരികൾക്ക് അവർ പാത്രമായി തീർന്നു. എന്നാൽ ഏറ്റവും വലിയ ദുരന്തമെന്നത് വചനങ്ങൾ അനുസരിക്കാതിരിക്കുകയല്ല, മറിച്ച് ആമോസ് പ്രവാചകന്റെ പുസ്തകത്തിൽ പറയുന്നതുപോലെ: "ദൈവമായ കർത്താവ് അരുൾചെയ്യുന്നു: ദേശത്ത് ക്ഷാമം അയക്കുന്ന നാളുകൾ വരുന്നു. ഭക്ഷണക്ഷാമമോ ദാഹജലത്തിനുള്ള വറുതിയോ അല്ല, കർത്താവിന്റെ വചനം ലഭിക്കാത്തതുകൊണ്ടുള്ള ക്ഷാമമായിരിക്കും അത്"(ആമോസ് 8,11). ഇത് വ്യക്തമായ ഒരു അടയാളം തന്നെയായിരിക്കും. ആധുനിക ലോകത്തിന്റെ സുഖസൗകര്യങ്ങളിൽ മുഴുകി ദൈവത്തിൽ നിന്ന് അകന്നു ജീവിക്കുന്ന ഒരു ജനസഞ്ചയത്തെ ദൈവം മുൻകൂട്ടി കാണുന്നു. ലാഭം, പ്രതികാരം, ചതി, ലൗകിക തൃഷ്ണ ഇവയായിരിക്കും ഇവരുടെ ബാൽ ദൈവങ്ങൾ. പരസ്പരം പോരാടിയും കൊല ചെയ്തും ജീവിക്കുന്ന ഇവർ "ഒരു ദിവസം കടൽ മുതൽ കടൽ വരെയും വടക്കുമുതൽ കിഴക്കുവരെയും അലഞ്ഞു നടക്കും, കർത്താവിന്റെ വചനത്തിനായി" (ആമോസ് 8,12). എന്നാൽ അവർ കണ്ടെ ത്തുകയില്ല. ലാഭങ്ങളുടെയും ലൗകികസുഖം, ധനം, സ്ഥാനം - മൃഗ തൃഷ്ണകളുടെയും നടുവിൽ അവർ മൂർഛിച്ചുവീഴും. പിന്നെ അവർ എഴു ന്നേൽക്കുകയില്ല. . . .വചനത്തിന്റെ അഥവാ ക്രിസ്തുവിന്റെ അഭാവം മനുഷ്യരിൽ ഉണ്ടാക്കുന്ന ഭീകരമായ അവസ്ഥയെ ചൂണ്ടികാണിക്കുകയാണി വിടെ.

കാലത്തിന്റെ അടയാളങ്ങൾ ചേർത്തുവായിക്കാൻ വലതുകൈയ്യിൽ ബൈബിളും ഇടതുകൈയ്യിൽ ദിനപത്രവും കരുതണം. കാരണം, എന്നും ജീവിക്കുന്ന വചനം, നമ്മെ നയനങ്ങൾകൊണ്ട് ദർശിച്ച് വർണ്ണങ്ങൾകൊണ്ട് ശ്രവിക്കുന്ന ലൗകിക ജീവിതത്തിലെ അവ്യക്തതകളെ വ്യക്തമാക്കിത്തരും. അപ്പസ്തോലൻമാരുടെ പ്രഘോഷണങ്ങളി ലൂടെയാണ് നാം വചനത്തിന്റെ അന്ത:സ്സത്ത മനസ്സിലാക്കുന്നത് (Apostolic Kerygma).ഉപമകളിലെ ഗോതമ്പു മണികൾക്കും സാരോപദേശ കഥകളിലെ ലില്ലിപുഷ്പങ്ങൾക്കും എത്രവർഷം കഴിഞ്ഞിട്ടും അതിന്റെ പവിത്രത നഷ്ടപ്പെട്ടുപോകാത്തത് ഇവരുടെ പരിശുദ്ധാത്മാവിനാൽ നിറഞ്ഞ പ്രബോധനങ്ങൾ കൊണ്ടാണ്. അതിനാൽ വചനങ്ങൾ വിഭജിക്കുമ്പോൾ പരിശുദ്ധാത്മാവിന്റെ സഹായം നമുക്ക് ആവ ശ്യമാണ്.

**വചനം - സഹനത്തിലെ പാഥേയം**

വിശ്വമനസ്സാക്ഷിയെ തട്ടിയുണർത്തുകയും പുതിയ വിപ്ലവത്തിന് പാഞ്ചജന്യം മുഴക്കുകയുമാണ് തിരുവചനങ്ങളുടെ ധർമ്മം. ജീവനുള്ള ദൈവത്തിന്റെ സജീവ

ശബ്ദമായ വചനം മനുഷ്യമനസ്സാക്ഷിയിലേക്ക് ഒരു വിശുദ്ധമായ പ്രയാണം ആരംഭിക്കുകയാണ്. സഹനവും ആശ്വാസവും ദൈവവചനത്തിന്റെ രണ്ടു പുറങ്ങളാണ്. മർക്കോസിന്റെ സുവിശേഷത്തിൽ സഹനത്തെ സുവിശേഷകൻ വചനമായിട്ടാണ് കരുതുന്നത് (മർക്കോസ് 8, 31-32). അതായത്, ക്രിസ്തുവിനെ അറിയണമെങ്കിൽ ദൈവവചനം മനസ്സിലാക്കണം. ദൈവവചനം നമ്മിൽ ആഴപ്പെടുന്നത് സഹനത്തിലൂടെയും. ദൈവവചനമായ ക്രിസ്തുവിനെ അനുഗമിക്കാൻ സമാന്തരസുവിശേഷങ്ങൾ നൽകുന്നത് മൂന്ന് വ്യവസ്ഥകളാണ്: സ്വയം പരിത്യജിക്കുക (ലൂക്ക. 9,23), കുരിശെടുക്കുക (മർക്കോസ് 10, 30), ഉള്ളത് വിറ്റ് ദരിദ്രർക്കു കൊടുക്കുക (മത്താ 19, 21). അപ്പോൾ ദൈവവചനത്തെ അനുഗമിക്കുക എന്നാൽ സഹനത്തിന്റെ മാർഗ്ഗത്തിലേക്ക് നീങ്ങിനിൽക്കുക എന്നതാണ്.

കത്തിക്കരിഞ്ഞ മുഖവുമായി നിന്ന നമ്രത എന്ന ഒറീസ്സ പെൺ കുട്ടി യുടെ കവർചിത്രത്തിന് ലേഖകൻ ഇങ്ങനെ അടിക്കുറിപ്പ് എഴുതി: വികലമായ ഒറീസ്സ സഭ. അടിക്കുറിപ്പിനെതിരെ നിഷേധാത്മക മനോഭാവം ഇവിടെ തുറന്നു കാട്ടുന്നില്ല. പകരം നൂറ്റാണ്ടുകൾക്കു മുമ്പുള്ള സഭയിലേക്ക് നമുക്ക് മടങ്ങിപ്പോകാം. നീറോയുടെ പൂന്തോട്ടത്തിൽ വിളക്കുമരമാകാനും സിംഹങ്ങളുടെ മുന്നിൽ സങ്കീർത്തനമാലപിക്കാനും ധൈര്യം കാട്ടിയ നമ്മുടെ ധീരരായ മുൻഗാ മികൾ. ഇവരുടെ ആശ്രയവും പാഥേയവും തിരുവചനങ്ങൾ ആയിരുന്നു. ജറെമിയ പ്രവാചകനിലൂടെ പിതാവായ ദൈവം ഇങ്ങനെ അരുൾചെയ്യുന്നു: "എന്റെ വചനം ലഭിച്ചിട്ടുള്ളവർ അത് വിശ്വസ്തതയോടെ പ്രഖ്യാപിക്കട്ടെ"(ജറെ. 23,28). തീർച്ചയായും ഇവർ പ്രഖ്യാപിച്ചു. ഒറീസ്സയുടെ മുഖം കത്തിക്കരിഞ്ഞെങ്കിൽ അത് വിശ്വാസത്തെ പ്രതിയാണെങ്കിൽ നൂറിര ട്ടിയായി ദൈവം അതിന് കണക്കു പറയും. സഹനങ്ങൾ ദൈവവചനത്തിന്റെ പ്രതിഫലമാണ്. സഹനമില്ലാതെ വചനങ്ങൾ ഒരിക്കലും ഭൂമിയിൽ പുഷ്പിക്കില്ല. എല്ലാ സഹനങ്ങൾക്കും ഒടുവിൽ ഉയിർത്തെഴുന്നേറ്റ 'ലോഗോ സ്'അഥവാ വചനമായ ക്രിസ്തുവിന്റെ പ്രതീക്ഷയുടെ മുഖം നാം ദർശിക്കണം. "നീതി ജലം പോലെ ഒഴുകട്ടെ, സത്യം ഒരിക്കലും വറ്റാത്ത നീർച്ചാലു പോലെയും" (ആമോസ് 5, 24).

**വിഭജിക്കപ്പെടുന്ന വചനവും മാംസവും**

വചനം, അതു ജീവദായകമാണ്. നാം യഹൂദചരിത്രങ്ങളിൽ നിന്ന് അറിയുന്നതും ഈ സത്യത്തെക്കുറിച്ചാണ്. വചനം ഒരിക്കൽ ഉച്ചരിക്കപ്പെട്ടാൽ അത് സ്വയം ജീവൻ സമ്പാദിക്കുകയും പ്രവർത്തനക്ഷമമാവുകയും ചെയ്യുന്നു (ഏശ.55, 10-11). ക്രിസ്തുവാണ് ഈ ഉച്ചരിക്കപ്പെട്ട വചനം (യോഹ. 1, 1-5). അവനിലാണ് വചനത്തിന്റെ പൂർത്തീകരണം. ജീവന്റെ നിറവ് അവനിലാണ് കുടികൊള്ളുന്നത്. ദൈവവചനം മനുഷ്യന്റെ ചിന്തകൾ കീറിമുറിക്കുന്ന ഇരുതലവാളാണ് എന്ന സത്യം നാം മനസ്സിലാക്കുന്നതും ക്രിസ്തുവിന്റെ പ്രബോധനങ്ങളിൽ നിന്നാണ്. ധനവാൻ പാപിയാകുന്നത് അവൻ ധനവാനാ യതുകൊണ്ടല്ല, മറിച്ച്, ധനത്തോടുള്ള മനോഭാവം അനുസരിച്ചാണ്. അതു കൊണ്ടാണ് 'വചനം' ഇങ്ങനെ പഠിപ്പിക്കുന്നത്. 'പുറത്തിനിന്നുവരുന്നതല്ല മനുഷ്യനെ അശുദ്ധനാക്കുന്നത് (മർക്കോ. 7, 15-16). ഈ പ്രബോധനങ്ങളിലെല്ലാം മനുഷ്യന്റെ സമഗ്രമായ ഒരു 'നിറവ്' ക്രിസ്തുനാഥൻ മുൻകൂട്ടി കാണുന്നുണ്ട്. ധൂർത്തപുത്രന്റെ ഉപമയിൽ സ്നേഹത്താൽ അന്ധനായ പിതാവും തന്റെ ഭരണം ഇഷ്ടപ്പെടാത്തവരെ നശിപ്പിക്കാൻ ആജ്ഞാപിക്കുന്ന രാജാവും വചനമായ ക്രിസ്തുവിന്റെ വ്യത്യസ്തതലങ്ങൾ മാത്രം.

വചനമായവൻ ജീവന്റെ നിറവായി മാറുന്നത് ഭൂമിയിലെ വാസം കൊണ്ടാണ്. “ദൈവവചനം അഗ്നി പോലെയും പാറ തകർക്കുന്ന കൂടം പോലെയുമാണെന്ന്” പഴയനിയമത്തിൽ നാം വായിക്കുന്നു(ജറെ. 23, 29). അതുപോലെ ഇസ്രായേൽ ജനതയുടെ ചരിത്രത്തിലെ നിർണ്ണായക ഘട്ടങ്ങളിലെ പ്രചോദനവും ദൈവവചനം തന്നെയായിരുന്നു. എന്നാൽ, പുതിയ നിയമത്തിൽ പ്രവാചകശബ്ദത്തിൽ വന്ന വചനം മാംസം ധരിച്ച് അവരിൽ ഒരാളായി മാറി. “സർവ്വത്ര പ്രശാന്ത മൂകത വ്യാപിച്ചപ്പോൾ, അർദ്ധരാത്രിയായപ്പോൾ അങ്ങയുടെ ആജ്ഞയുടെ മൂർച്ചയുള്ള ഖഡ്ഗം ധരിച്ച ധീരയോദ്ധാവ്, അങ്ങയുടെ സർവ്വശക്തമായ വചനം, സ്വർഗ്ഗസിംഹാസനത്തിൽ നിന്ന് ആ ശാപഗ്രസ്തമായ രാജ്യത്തിന്റെ മധ്യേ വന്നു”(ജ്ഞാനം 18, 14). എന്തിനാണവൻ വന്നത്? ജീവന്റെ നിറവിന്. എങ്ങനെ? ശാപഗ്രസ്തമായ രാജ്യത്തിനുവേണ്ടി സ്വയം വിഭജിച്ചു നൽകി. അവസാന അത്താഴ മേശയിൽ പഴയനിയമത്തിന്റെ പൂർത്തീകരണമായ വിഭജിച്ചു നൽകൽ അരങ്ങേറുകയാണ്. ദൈവാവിഷ്ക്കരണം (Dei Verbum) എന്ന പ്രമാണരേഖയിൽ നാം ഇപ്രകാരം വായിക്കുന്നു. “സംപൂജ്യമായ ആരാധനക്രമത്തിൽ ജീവന്റെ അപ്പം ക്രിസ്തുവിന്റെ ശരീരമാകുന്ന മേശയിൽ നിന്നെപ്പോലെ ദൈവവചനമാകുനന് മേശയിൽ നിന്നും വിശ്വാസികൾ സ്വീകരിക്കുന്നു (D.V. 21). ഇവിടെ ജീവന്റെ നിറവിന് വിശുദ്ധ മേശയിലെ വിഭജിക്കപ്പെടുന്ന ശരീരവും വചനവും അത്യാവശ്യമാണെന്ന് സഭ കരുതുന്നു. എല്ലാ അറിവു നേടുന്നതിന്റെയും ലക്ഷ്യം ജീവിതത്തിന്റെ നിറവാണെന്നിരിക്കെ, ദൈവവചനത്തെ വിശ്വാസികൾക്ക് ആത്മീയ ഭോജനമായി നൽകുന്ന വചനപ്രഘോഷണം കുറ്റമറ്റതും ചൈതന്യം നിറഞ്ഞു തുളുമ്പുന്നതുമാകണമെന്ന് സഭ ആഗ്രഹിക്കുന്നു. ഇവിടെ ദൈവവചനം ദൈവത്താൽ വിഭജിക്കപ്പെടുന്നവന്റെ ഉള്ളിൽ വിശുദ്ധിയിലേക്കുള്ള സാധ്യത നിറയ്ക്കുന്നു. അത് അവനെ ജീവന്റെ നിറവിലേക്ക് ആനയിക്കുന്നു. ഒരു വ്യക്തിയുടെ ആത്മീയ നിറവിന് യേശുവിന്റെ ശരീര-രക്തങ്ങളുടെ സ്ഥാനം വളരെ വലുതാണ്. അതുകൊണ്ടാണ് ദൈവവചനമടങ്ങുന്ന വേദപുസ്തകത്തിനും യേശുവിന്റെ ശരീരരക്തങ്ങൾക്കും ഒരേ തരത്തിലുള്ള ബഹുമാനം സഭ നൽകുന്നത്.

**ഉപസംഹാരം**

ദൈവവചനം ഇരുതലവാളിനേക്കാൾ മൂർച്ചയേറിയതും നമ്മുടെ ചിന്തകളിലും ചേതനയിലും ഇളക്കം സൃഷ്ടിക്കുന്നതുമാണ് (ഹെബ്രാ 4, 12). എന്നും ജീവിക്കുന്നവനായ ദൈവം നമ്മെ നിത്യജീവിതത്തിലേക്ക് നയിക്കുന്നു. ‘Zoe’ ആണ് ജീവൻ എന്ന പദം ദ്യോതിപ്പിക്കുവാൻ ഗ്രീക്ക് ഭാഷയിൽ ഉപയോഗിക്കുന്നത്. പ്രപഞ്ചസൃഷ്ടിയുടെ മകുടമായി ജീവനെ ദൈവം സൃഷ്ടിക്കുന്നു. എന്നാൽ ദൈവവചനം ലംഘിച്ച് അവർ പ്രവർത്തിച്ചപ്പോൾ ദൈവം അവരെ ജീവന്റെ വൃക്ഷത്തിൽ നിന്ന് അകറ്റി. എന്നാൽ, കരുണാമയനായ ദൈവം സ്വപുത്രന്റെ മരണം വഴി അവരെ ജീവന്റെ നിറവിലേക്ക് കൂട്ടിക്കൊണ്ടുവന്നു.

ഒരു യഥാർത്ഥ ക്രൈസ്തവന്റെ ജീവിതം വരാനിരിക്കുന്നേയുള്ളൂ. അത് കല്ലറയുടെയും സങ്കടത്തിന്റെയും അപ്പുറത്താണ്. നിത്യജീവന്റെ വാക്കുകളിൽ അഭയം തേടുന്നതുവഴി മരണത്തെ തോൽപ്പിച്ച് ജീവന്റെ നിറവിലേക്ക് നമ്മൾ പ്രവേശിക്കുന്നു. ദൈവ വചനം അനുസരിക്കുക എന്നത് നാം വചനമായ ക്രിസ്തുവിനെ അനുകരിക്കുക എന്നതാണ്. ആകയാൽ, നമുക്ക് ജീവന്റെ നിറവിനുവേണ്ടി വചത്തിനായി ദാഹിക്കാം; വചനം ഉൾക്കൊള്ളാം;  വചനത്താൽ പരിവർത്തനം ചെയ്യപ്പെടാം; വചനമായി മാറാം; വചനത്തിന്റെ ജീവിക്കുന്ന സാക്ഷ്യമായിത്തീരാം.

**കെ.സി.ബി.സി. ബൈബിൾ കമ്മീഷൻ 2008 സംഘടിപ്പിച്ച സാഹിത്യ രചനാ മത്സരത്തിൽ ഒന്നാം സമ്മാനം നേടിയ കഥ**

# പച്ചകുത്തിയ അക്ഷരങ്ങൾ



*സാബു പുളിക്കത്തറ*

തുറന്നിട്ട ജനൽപാളികൾ, മഞ്ഞുവീണ് നനഞ്ഞിട്ടും സിസ്റ്റർ കുസുമം ജനലുകൾ അടച്ചില്ല. പുറത്ത് മഞ്ഞുവീഴുമ്പോഴും മുറിക്കുള്ളിൽ വല്ലാത്തൊരു ചൂട് അനുഭവപ്പെട്ടു. ദൈവസ്നേഹാഗ്നിക്ക് ചുറ്റും വലം വയ്ക്കുന്നവരുടെ മനസ്സിന് മരവിപ്പല്ല; അണയാത്ത ശാന്തതയാണെന്നറിഞ്ഞിട്ട് ഇപ്പോൾ വർഷം എത്ര കഴിഞ്ഞു...

യൗവനത്തിന്റെ പൂക്കൾ വിടർന്ന കാലത്ത് ഒരു കുയിലിനെപ്പോലും സ്വപ്നം കണ്ടില്ല. കുതിരപ്പുറത്ത് കുതിച്ചുവരുന്ന മണവാളന്റെ ചിത്രം മനസ്സിൽ തെളിഞ്ഞു വന്നില്ല... പകരം കുരിശ് പൂക്കുന്ന മലമുകളിൽ നോക്കിനിൽക്കുന്ന കുട്ടിയായി. എന്തുകൊണ്ടാണ് അങ്ങനെയൊക്കെ ആയതെന്ന് ഈ എഴുപതാം വയസ്സിന്റെ നട്ടപ്പാതിരയ്ക്കും ഓർക്കാറുണ്ട് സിസ്റ്റർ കുസുമം. .. അപ്പോഴൊക്കെ ആരോടെന്നില്ലാതെ സിസ്റ്റർ പറഞ്ഞു, “ക്രിസ്തുവിനെ പ്രതി ജീവിതം നഷ്ടപ്പെടുത്തുന്നവർ അത് നേടും...” മേശയ്ക്ക് മുകളിലെ തിരുഹൃദയ രൂപത്തിനു മുന്നിൽ, ഒരു മെഴുകുതിരി കത്തി അമർന്നു കിടന്നു. മഠത്തിനുള്ളിലെ ചെറിയ അൾത്താരയ്ക്കു മുന്നിൽ, യാമപ്രാർത്ഥന കഴിഞ്ഞുവന്ന് കത്തിച്ച മെഴുകുതിരി... ഇപ്പോൾ സമയം അധികമായിക്കാണും. ഇരുന്നിരുന്ന കസേരയ്ക്കു പുറകിലെ ഭിത്തിയിൽ ഘടികാരം ഉണ്ടായിരുന്നെങ്കിലും സിസ്റ്റർ അതിൽ നോക്കിയില്ല.

പുതിയ മിഷൻ മേഖലയിലേക്ക് സ്ഥലമാറ്റം വാങ്ങി വന്നതിൽപിന്നെ സിസ്റ്ററിന്റെ ചിന്തയിലും സംസാരത്തിലും, കുരിശുകളുടെ ഉപമകൾ അറിയാതെ കടന്നു വരാറുണ്ട്. ഈ പ്രായത്തിൽ ഇങ്ങനെ സ്ഥലംമാറ്റം വാങ്ങി പോകുന്നതെന്തിനാണെന്ന്, എല്ലാവരും ചോദിച്ചതാണ്.

“സിസ്റ്റർ ഇത്രയുംകാലം അനാഥകുഞ്ഞുങ്ങളെ ശുശ്രൂഷിച്ച് കഴിഞ്ഞതല്ലേ... ഇനിയും ഇവിടെത്തന്നെ...” മദർ സുപ്പീരിയറിനു മുന്നിൽ, മൗനിയായി നിന്നു സിസ്റ്റർ സാന്ത്വന.

“ഏറ്റവും കൂടുതൽ പ്രശ്നങ്ങൾ ഉള്ള സ്ഥലമാണ് സിസ്റ്ററിപ്പോൾ തെരഞ്ഞെടുത്തിരിക്കുന്നത്... ഈശ്വരനിശ്ചയം ഇതാണെങ്കിൽ പിന്നെ....”

മദർ സുപ്പീരിയറിന് നന്ദി പറഞ്ഞ് ഇറങ്ങി. രണ്ട് രാത്രികൾ ട്രെയിനിലിരുന്നു സ്ഥലത്തെത്താൻ. കൂട്ടിന് സിസ്റ്റർ നിർമല ഉണ്ടായിരുന്നു. സിസ്റ്റർ നിർമല ‘ക്രിസ്ത്വാനുകര’ണത്തിൽ കുമ്പിട്ടിരിക്കുമ്പോൾ, പുറത്തെ വിശാലമായ ചോളവയലുകളിലേക്കും, ചുണ്ണാമ്പു കുന്നുകളിലേക്കും വെറുതെ നോക്കിയിരുന്നു. ഇടയ്ക്ക് ഒറ്റപ്പെട്ട് കാണുന്ന മനുഷ്യരൂപങ്ങൾ.

“ഇവിടെ മനുഷ്യർ കുറവാണോ?”

“അടിമകളാണ്. ഒരു നേരത്തെ ഭക്ഷണത്തിനായ് കന്നുകാലികളെപ്പോലെ പണിയെടുക്കുന്നവർ. അക്ഷരങ്ങളും അവകാശങ്ങളും ഇവർക്കന്യമാണ്. ഇവർക്കിടയിലാണ് നമ്മുടെ മിഷൻ പ്രവർത്തിക്കുന്നത്”.

സംസാരിക്കുമ്പോഴും സിസ്റ്റർ നിർമല പുസ്തകത്തിൽനിന്നും മുഖമുയർത്തിയിരുന്നില്ല. മഠത്തിലേക്കുള്ള വഴിക്കവലയിൽ ബസ്സിൽ വന്നിറങ്ങുമ്പോൾ നിർമ്മല പറഞ്ഞു, “ഇനി കുറച്ച് നടക്കണം”.

ശരീരം നീരുവന്ന് തളർന്നിരിക്കുന്നു. മനസ്സ് പക്ഷേ സ്വസ്ഥവും ശക്തവുമാണ്. ചെറിയൊരു കെട്ടിടത്തിനു മുന്നിൽ കാത്തുനിന്ന സിസ്റ്റേഴ്സിന് നിർമ്മല പരിചയപ്പെടുത്തി, “ഇത് സിസ്റ്റർ കുസുമം”.

“നേരിൽ കാണുന്നത് ആദ്യമാണെങ്കിലും കേട്ടിട്ടുണ്ട്, അനാഥകുഞ്ഞുങ്ങളുടെ....”

ശാന്തമായൊരു ചിരി അവരുടെ മുഖത്തെ കൂടുതൽ പ്രകാശമുള്ളതാക്കിയിരുന്നു. ഇവിടെ വന്നിട്ടിപ്പോൾ ആറ് മാസങ്ങൾ കഴിഞ്ഞിട്ടും അവരുടെ വാക്കുകൾ മസ്സിൽ മായാത്ത സുഖം തരുന്നു. ‘അനാഥകുഞ്ഞുങ്ങളുടെ അമ്മ..’

അനാഥരാക്കപ്പെട്ട കുഞ്ഞുങ്ങളുടെ അമ്മയാവാൻ കഴിഞ്ഞത്, അവരെ സ്നേഹിക്കാൻ കഴിഞ്ഞത്, ഒരു സ്ത്രീക്ക് ഇതിൽപരം മറ്റെന്ത് സന്തോഷിക്കാനുള്ളത്. എന്നിട്ടും എന്തിനായിരുന്നു ജീവിതത്തിന്റെ അവസാനതാളുകളിൽ മറ്റൊരു യാത്ര കുറിച്ചുവച്ചത്... ഉത്തരമില്ല... അല്ലെങ്കിലും സന്തോഷങ്ങളിൽ തങ്ങിനില്ക്കേണ്ടവളല്ലല്ലോ ഒരു ക്രിസ്തുശിഷ്യയും... സന്തോഷങ്ങളിൽ തങ്ങിനില്ക്കാൻ ഏത് സാധാരണപെണ്ണിനും കഴിയും...

സിസ്റ്റർ കുസുമം ശിരോവസ്ത്രം ഊരി ഭിത്തിയിലെ കൊളുത്തിൽ തൂക്കിയിട്ടു. നീളൻ കുപ്പായത്തിന്റെ അരപ്പട്ടയിൽ തൂക്കിയിട്ടിരുന്ന കൊന്ത കയ്യിലെടുത്ത് കട്ടിലിൽ കണ്ണുകൾ അടച്ചിരുന്നു. വിശുദ്ധ ജപങ്ങൾ മനസ്സിൽ ഓർമ്മകളായ് ചുണ്ടനക്കി...

അവൻ മാത്രമായിരുന്നല്ലോ തന്റെ സ്നേഹത്തിൽനിന്നും ഒളിച്ചോടിയ ഒരേ ഒരു കുട്ടി... നൂറിൽനിന്നും ഒന്ന് നഷ്ടം വന്ന ഇടയന്റെ നൊമ്പരമാണ് ഇപ്പോഴും നെഞ്ചിൽ. തെരുവിൽനിന്ന് കണ്ടെടുക്കുമ്പോൾ അവന് ഒരു വയസ് കഴിഞ്ഞിട്ടുണ്ടാവും. കഴുത്തിൽ കറുത്ത ചരടിൽ കോർത്ത, ഒരു ദേവന്റെ കാശുരൂപം ഉണ്ടായിരുന്നു. അവന്റെ അമ്മ അവനു നല്കിയ ഒരേ ഒരു സമ്മാനമായിരിക്കാം അത്...!

‘ഉണ്ണീ...’ എന്ന് വിളിക്കുമ്പോഴൊക്കെ ഓടിവരുമായിരുന്നു. ഉറക്കത്തിന് കൂട്ടിരുന്ന എത്ര രാത്രികൾ... വളർന്ന് വലുതാകുംതോറും ഉണ്ണിയുടെ സംസാരങ്ങളിൽ, അലട്ടുന്ന ചിന്തകൾ നിറഞ്ഞു വരാൻ തുടങ്ങി.

“ഈ ജീവിതംകൊണ്ട് നമുക്കെന്ത് നേടാനാണ്?” വർഷാന്ത്യത്തിൽ നടത്തിയ ഒരു വിനോദയാത്രക്കിടയിൽ, ഇലകൾ കൊഴിഞ്ഞു തീർന്ന ചില്ലകളെ നോക്കിയിരുന്ന് അവൻ ചോദിച്ചു.

“നീ എന്താ ഇങ്ങനെയൊക്കെ... നമ്മൾ ജീവിക്കുന്നത് പരലോകത്തിനു വേണ്ടിയല്ലേ... സ്വർഗ്ഗത്തിനായുള്ള ആത്മീയ സമ്പത്ത് സ്വരുക്കൂട്ടാനാണ് ഈ ജീവിതം”.

"അതിന് സന്യാസിനിയാവുന്നതെന്തിനാ?"

"വഴികളിൽ ഒന്നുമാത്രമാണത്".

"അപ്പോൾ പിന്നെ കൂടുതൽ സന്തോഷം തരുന്ന വഴി മതിയല്ലോ..."

"സന്യാസം സന്തോഷം പ്രദാനം ചെയ്യില്ലെന്ന് ഉണ്ണിയോടാരാ പറഞ്ഞത്. അത് തരുന്ന സന്തോഷം ആത്മാവിന്റേതാണ്...."

വർണ്ണത്തൂവൽ തൊപ്പിവച്ച കുഞ്ഞുങ്ങൾ കൂട്ടത്തോടെ സിസ്റ്റർ കുസുമത്തിന്റെ അടുത്തേക്ക് ഓടിവന്നു. മലയടിവാരത്തെ നാടോടി വൃദ്ധയെക്കുറിച്ചും അവർക്കുമുന്നിൽ പച്ച കുത്താനിരുന്ന മുതിർന്ന കുട്ടികളെക്കുറിച്ചും അവർ പരാതി പറഞ്ഞു.... മലയടിവാരത്തേക്ക് ഇറങ്ങിചെല്ലുമ്പോൾ, പച്ച കുത്തിയ കൈകൾ നീട്ടി കുട്ടികൾ സിസ്റ്റർ കുസുമത്തിന് ചുറ്റും നിന്നു. ദൈവങ്ങളുടെ പേരുകളും ചിത്രങ്ങളും അവരുടെ കൈത്തണ്ടകളിൽ തടിച്ചുകിടന്നു. ആ തടിപ്പിനു മുകളിൽ വിരലുകൾ ഓടിച്ച് സിസ്റ്റർ കുസുമം സങ്കടപ്പെട്ടു.

"വേദനിച്ചോ മക്കൾക്ക്..."

"ഇല്ല സിസ്റ്റർ...." കുട്ടികളെല്ലാം സിസ്റ്ററിനെ പറ്റിച്ചേർന്ന് നിന്നു. സ്നേഹത്തിന്റെ തണുപ്പ് കുടിച്ച ഒരു കാറ്റ് സിസ്റ്ററിന്റെ നെഞ്ചിൽ വീണു.

"ഞാനും പച്ചകുത്തുന്നുണ്ട്". താഴ്വാരത്തെ മഞ്ഞപ്പൂ വീഴുന്ന വാകമരച്ചുവട്ടിലിരുന്ന നാടോടിത്തള്ളയുടെ അടുത്തേക്ക് ഉണ്ണി നടന്നു. എന്താണ് പച്ചകുത്തേണ്ടത്?.... ഈ ജന്മം മുഴുവൻ ശരീരത്തിൽ മായാതെ കിടക്കേണ്ടതല്ലേ... അപ്പോൾ, ഏറ്റവും ഇഷ്ടപ്പെട്ടതും, ഒരിക്കലും വെറുക്കില്ലെന്ന് ഉറപ്പുള്ളതുമാവണം...

"ഏതെങ്കിലുമൊരു ദേവന്റെ പേരെഴുത്".

"എനിക്ക് ദേവന്മാരില്ലല്ലോ"

"ഇങ്ങനെ പറയാൻ നിനക്കെന്താണ് സംഭവിച്ചത്..."

"ഒന്നും സംഭവിച്ചിട്ടല്ലല്ലോ, ഓരോരുത്തരും എന്തെങ്കിലുമൊക്കെ ആയിത്തീരുന്നത്. ആയിത്തീരുന്നു, അത്രമാത്രം...." പച്ചകുത്തിത്തീർത്ത്, ഉണ്ണി അവന്റെ കൈത്തണ്ട സിസ്റ്ററിനു മുന്നിൽ നീട്ടിപ്പിടിച്ചു. പച്ചനിറത്തിൽ വീർത്തുകിടന്ന അക്ഷരങ്ങളിൽ തൊട്ട് സിസ്റ്റർ വായിച്ചു.

"സിസ്റ്റർ കുസുമം".

കുസുമത്തിന്റെ കണ്ണുകൾ നിറഞ്ഞു. തൊണ്ട വരണ്ടുപോകുംപോലെ.... എല്ലാ ഓർമ്മകളും ഇങ്ങനെയാണ്. തൊണ്ടയിലെ അവസാനതുള്ളി ജലവും വറ്റിച്ചു കളയും...

ഭ്രാന്തു പിടിച്ച ചിന്തകൾക്കു പുറകെ നടന്ന്, ഉണ്ണി മാഞ്ഞുപോയിട്ട് ഇപ്പോൾ വർഷം എത്ര കഴിഞ്ഞു.... അവനറിയുന്നുണ്ടോ വഴിതെറ്റിയതിനുവേണ്ടി അലയുന്ന നല്ലിടയയാണ് ഈ സിസ്റ്ററെന്ന്. സിസ്റ്റർ കട്ടിലിൽനിന്ന് എഴുന്നേറ്റ്, മുറിക്കുള്ളിലെ ലൈറ്റ് തെളിക്കാൻ സ്വിച്ചിട്ടു.

"കരണ്ട് പോയോ..." സിസ്റ്റർ കുസുമം ആരോടെന്നില്ലാതെ ചോദിച്ചു. വാതിൽതുറന്ന് ഇടനാഴിയിലെ ഇരുട്ടിൽ പിടിച്ച് അടുത്ത മുറിയിലേക്ക് നടന്നു.

"സിസ്റ്റർ നിർമ്മലാ... ദയാ... എസ്തേർ..."

ആരും വിളി കേൾക്കുന്നില്ലല്ലോ. എവിടെപ്പോയി ഈ ഇരുട്ടത്ത് എല്ലാവരും. കാലിൽ എന്തോ തടഞ്ഞു. ജനൽ ചില്ലിന്റെ പാളികൾ തറയിൽ ഉരയുന്ന സ്വരം... സിസ്റ്റർ തട്ടി മറിഞ്ഞു വീണു. വീണത് മനുഷ്യശരീരത്തിന്റെ മൃദുലതയിലേക്കാണെന്ന് സിസ്റ്റർ അറിഞ്ഞു. രണ്ട് കൈകൊണ്ടു അറിയാതെ മുഖംപൊത്തിപ്പോയി. ചോരയുടെ മണം. വരാന്തയിലേക്ക് അപ്പോൾ തെറിച്ചു വീണ ആകാശവെട്ടത്തിന്റെ ഇത്തിരിയിൽ ചോര പുരണ്ട മുഖം തിരിച്ചറിഞ്ഞ് സിസ്റ്റർ കുസുമം നിലവിളിച്ചു, "നിർമ്മലാ..."

സിസ്റ്റർ നിർമലയുടെ തളർന്നകൈകൾ നെഞ്ചിലേക്ക് എടുത്ത് കുസുമം തേങ്ങി.

"പരാജയമല്ല പരിഹാരമാണിത്. മറ്റുള്ളവർക്കുവേണ്ടി മരിക്കാൻ പറഞ്ഞവന്റെ... സന്യാസത്തിന്റെ അർത്ഥം തേടുന്നവർക്കുള്ള ഉത്തരങ്ങളല്ലേ നാമൊക്കെ... സിസ്റ്റർ രക്ഷപ്പെട്ടോളൂ..."

സിസ്റ്റർ നിർമലയുടെ വാക്കുകൾ മിഴിച്ച കണ്ണുകളിൽ കണ്ണുനീരായ് പറ്റിക്കിടന്നു.. നെഞ്ചിൽ അടക്കിപ്പിടിച്ചിരുന്ന സിസ്റ്റർ നിർമ്മലയുടെ കൈവിരലുകളിലെ തണുപ്പ് സിസ്റ്റർ കുസുമത്തിന്റെ നെഞ്ചിൽ സൂചിമുനപോലെ തറഞ്ഞു.

സിസ്റ്റർ കുസുമം അൾത്താരയിലേക്ക് ഓടി... സക്രാരിയുടെ തിരശ്ശീല കത്തി ഉരുകുന്നു.... ചിതറിക്കിടക്കുന്ന തിരുവോസ്തികൾ... വിശുദ്ധഗ്രന്ഥത്തിന്റെ താളുകൾ തുറന്നു കിടന്നു. അതിലെ അക്ഷരങ്ങൾ തീനാളങ്ങൾപോലെ തെളിഞ്ഞു.... "ചെന്നായ്ക്കളുടെ അടുത്തേയ്ക്ക് ആട്ടിൻപറ്റത്തെ എന്നപോലെ....."

വായിച്ചുതീരുംമുമ്പേ സിസ്റ്റർ കുസുമം തറയിലേക്ക് മറിഞ്ഞു വീണു. സിസ്റ്റർ ചുറ്റും നോക്കി, വ്യക്തമാകാത്ത മുഖങ്ങളിലെ ചുടുനിശ്വാസം മുഖത്ത് തട്ടി. നെഞ്ചിനു മുന്നിൽ, ഉയർന്നുതാണ കഠാരയിൽ നിന്നും തെറിച്ച ചോരയിൽ 'ഈശോയെ...' എന്ന സിസ്റ്റർ കുസുമത്തിന്റെ സ്വരം സ്നാനപ്പെട്ടു. നെഞ്ചിൽ കുത്തിയവന്റെ കണ്ണുകൾ മാത്രം സിസ്റ്റർ കണ്ടു. അതിന്റെ ഏതോ ഒരു ബിന്ദുവിൽ കുസുമത്തിന്റെ കണ്ണുകൾ കൊളുത്തിക്കിടന്നു. അവസാനിക്കുന്നവന്റെ ഒടുക്കത്തെ പിടിവള്ളിപോലെ, അയാളുടെ കൈത്തണ്ടയിൽ സിസ്റ്റർ ചുറ്റിപ്പിടിച്ചു. ജീവനോടൊപ്പം വിരലുകൾ താഴേയ്ക്ക് ഒഴുകിവീഴുമ്പോൾ, പച്ചകുത്തിയ അക്ഷരങ്ങളുടെ തടിപ്പ് അയാളുടെ കൈത്തണ്ടയിൽ സിസ്റ്റർ കുസുമം തൊട്ടറിഞ്ഞു... അപ്പോൾ ആട്ടിൻ കുഞ്ഞുങ്ങൾ കൂട്ടത്തോടെ മലമുകളിൽനിന്നും മനസ്സിലേക്ക് ഓടിവന്നു... കത്തിയാളുന്ന വിശുദ്ധ ഗ്രന്ഥത്തിന്റെ വെളിച്ചം ഇരുട്ട് കയറിത്തുടങ്ങിയ കണ്ണുകളിൽ പ്രതിഫലിച്ചപ്പോൾ അക്ഷരങ്ങൾ സിസ്റ്റർ വായിച്ചു.

"സിസ്റ്റർ കുസുമം..."

നഷ്ടപ്പെട്ട ആടിനെ കണ്ടുകിട്ടുംപോലെ സിസ്റ്റർ കുസുമത്തിന്റെ മനസ്സ് നിലവിളിച്ചു. "ഉണ്ണീ..."

മനസ്സിലെ സ്വരം പുറത്തുവരുംമുമ്പേ, നിലത്ത് ഇറ്റുവീണ കണ്ണുനീർത്തുള്ളികൾ തിരുഹൃദയചിത്രം വരച്ച് സ്വർഗ്ഗത്തിലേക്ക് അലിഞ്ഞുപോയിരുന്നു....

*(കെ.സി.ബി.സി. ബൈബിൾ 2008-ൽ സംഘടിപ്പിച്ച അഖിലകേരള സാഹിത്യ രചനാമത്സരത്തിൽ സന്ന്യാസിനി വിഭാഗത്തിൽ ഒന്നാം സമ്മാനം നേടിയ ലേഖനം)*

# ദൈവവചനം നീതിയുടെയും സമാധാനത്തിന്റെയും ഉറവിടം



**സി. ഷാൻ മരിയ**
SABS, ത്രിശൂർ

ദൈവവചനം എഴുതപ്പെട്ട മൂകമായ വചനമല്ല, പ്രത്യുത അവതാരം ചെയ്ത ജീവിക്കുന്ന വചനമാണ്. പഴയനിയമ കാലഘട്ടത്തിലെന്നപോലെ ഇന്നും നീതിയുടെയും സമാധാനത്തിന്റെയും ഉറവിടമായി ദൈവം തരുന്ന സുന്ദര സമ്മാനമാണ് ദൈവവചനം. മനുഷ്യനും മനുഷ്യനും തമ്മിലുള്ള, മുനുഷ്യനും പ്രകൃതിയും തമ്മിലുള്ള, മനുഷ്യനും ദൈവവും തമ്മിലുള്ള അനുരഞ്ജനത്തിന്റെയും ശാന്തിയുടെയും വിമോചനത്തിന്റെയും സദ്വാർത്തയാണത് (ഉൽപ 9:8-17. ഏശ:61/1-11). വെളിപാടിൽ വെള്ളക്കുറതിരയുടെ പുറത്ത് സഞ്ചരിക്കുന്നനവനെ ദൈവവചനമെന്ന് വിളിച്ചിരുന്നു (വെളി 19/11-16). ദൈവവചനം മനുഷ്യവതാരം ചെയ്ത ക്രിസ്തു തന്നെ (യോഹ 1/1). താൻ പങ്കു പറ്റുന്ന ദൈവമഹത്വം വെളിപ്പെടുത്തുന്ന വചനമാണ് ക്രിസ്തു (യോഹ 1/14). വചനമാകുന്ന ക്രിസ്തു നൽകിയ, ഇന്നു നൽകുന്ന രക്ഷയാകുന്നു നീതി. ഈശോയുടെ രക്ഷാകര പ്രവൃത്തിയുടെ ഫലമായി ക്രൈസ്തവരിൽ നീതികുടി കൊള്ളുന്നു (2പത്രോ: 3/13). നീതി പ്രവർത്തിയ്ക്കുന്ന ക്രൈസ്തവൻ ഈശോയെപ്പോലെ നീതിമാനാണ്. വചനം അനുസരിച്ച് ജീവിയ്ക്കുന്നവനാണ് (1 യോഹ 3/7). ദൈവത്തിന്റെയും മനുഷ്യരുടെയും മുമ്പിലുള്ള നീതിയാണ് സമാധാനത്തിന്റെ യഥാർത്ഥ അടിത്തറ. കാരണം എല്ലാ ഭിന്നതകളുടെയും അടിസ്ഥാനമായ പാപത്തെ നിർമ്മാർജ്ജനം ചെയ്യുന്നത് ഈ നീതിയാകുന്നു. നീതിയുടെ (സങ്കീ: 85/9-13) അടയാളവും ഫലവുമാണ് സമാധാനമെങ്കിൽ ദൈവവചനം സ്വാംശീകരിക്കാതതവന് എങ്ങനെ സമാധാനമുണ്ടാകും. (സങ്കീ 73/1). മനഷ്യാസ്തിത്വത്തിൽ അലിഞ്ഞുചേർന്നിട്ടുള്ള ഒരു അഭിവാഞ്ചയാണ് സമാധാനം. വചനമാകുന്ന ക്രസ്തുവിലുള്ള സമാധാനമെന്ന ദാനം നീതിക്ക് ലഭിക്കുന്ന പ്രതിഫലങ്ങളുടെ ആകെ തുകയാണ്. ഈ ദാനത്തെ അവലംബിക്കാൻ വചനശത്ത ഉറ്റുനോക്കണം, അയവിറക്കണം, അനുഭവിക്കണം. പ്രവാചകന്മാരുടെയും ഋഷിമാരുടെയും പ്രീക്ഷ പൂവണിഞ്ഞത് ക്രിസ്തുവിലാണ്. എന്തുകൊണ്ടെന്നാൽ പാപത്തെ കീഴടക്കി നീതിയും സമാധാനവും പരിശുദ്ധാതാവിലുള്ള സന്തോഷവും നിറഞ്ഞ ദൈവരാജ്യം പുന:സ്ഥാപിച്ചത് ക്രിസ്തു തന്നെയാണ് (റോമ: 14/17). ഈ പുതിയ നീതി നിയമത്തിന്റെ അനുസരണത്തിൽ നിന്നല്ല ലഭിക്കുക. അത് പാപത്തിൽ നിന്നുള്ള വിമോചനമാണ് (റോമ: 8/10).

## ദൈവവചനം ശക്തിദായകം

അങ്ങയുടെ ആജ്ഞയുടെ മൂർച്ചയുള്ള ഖഡ്ഗം ധരിച്ച ധീരയോദ്ധാവ്, അങ്ങയുടെ സർവ്വശക്തമായ വചനം സ്വർഗ്ഗസിംഹാസനത്തിൽ നിന്ന് ശാപഗ്രസ്തമായ രാജ്യത്തിന്റെ മധ്യേ വന്നു (ജ്ഞാനം 18/15)

ദൈവവചനം സർവ്വശക്തമാണ്, ഫലപ്രദവും ജീവിക്കുന്നതുമായ ഒരു യഥാർത്ഥ്യമാണ് (ഹെബ്രാ 4/12-13). ദൈവജനം വചനത്തിൽ നിന്ന് അവിരാമം അതിന്റെ ഊർജ്ജം നുകരുന്നു. വചനം നിശ്ചലമല്ല. വചനം മുമ്പോട്ട് കുതിയ്ക്കുന്നു (2തെസ :3/1). ഒരു കല്ലിൽപോലും ദൈവവചനത്തിന്റെ മുദ്ര പതിഞ്ഞിട്ടുണ്ട് ഒരു എറുമ്പിനെപ്പറ്റിയും ഒരു ഈച്ചയെപ്പറ്റിയും ഒരു കൊതുകിനെപ്പറിയും ഇതു പരമാർത്ഥമാണ്. എത്ര ചെറിയ ജീവി ആയാലും ഇത് സാദ്ധ്യമാണ്. എന്തുകൊണ്ടെന്നാൽ ദൈവം വിശാലമായ ആകാശം വിരിച്ചിട്ടിരിക്കുന്നു. അതിവിശാലമായ സമുദ്രങ്ങൾ സൃഷ്ടിച്ചിരിക്കുന്നു. അതെല്ലാം സൃഷ്ടിച്ച അവിടുന്നുതന്നെയാണ് തേനീച്ചയുടെ മൂർച്ചയുള്ള കുത്തിക്കയറുന്ന കൊമ്പും സൃഷ്ടിച്ചത്. താൻ ഉദ്ദേശിച്ച കാര്യങ്ങൾ നിറവേറ്റുന്ന വചനത്തിന്റെ ശക്തിയാൽ മാത്രമെ നീതിയും സമാധാനവും സാദ്ധ്യമാകൂ. മഴയും മഞ്ഞും ആകാശത്തു നിന്ന് വരുന്നു. അങ്ങോട്ട് മടങ്ങാതെ ഭൂമിയെ നനയ്ക്കുന്നു. അത് സസ്യങ്ങൾ മുളപ്പിച്ച് ഫലം നൽകി വിതയ്ക്കാൻ വിത്തും ഭക്ഷിക്കാൻ ആഹാരവും ലഭ്യമാക്കുന്നു. എന്റെ അധരങ്ങളിൽ നിന്ന് പുറപ്പെടുന്ന വാക്കും അങ്ങനെതന്നെ. എന്റെ ഉദ്ദേശ്യം അത് നിറവേറ്റും. ഞാൻ ഏല്പിക്കുന്ന കാര്യം വിജയപ്രദമായി ചെയ്യും (ഏശ :55/10-11). ജീവിത വിജയത്തിന് ഒഴിച്ചു കൂടാനാവാത്ത സുഹൃത്തും വഴികാട്ടിയുമാണ് ദൈവവചനം. വചനത്തോടൊന്നിച്ചുള്ള സഹവാസം വ്യക്തി ജീവിതത്തിൽ വസന്തം വിരിയ്ക്കും. ദൈവസാന്നിദ്ധ്യത്തിന്റെ സജീവ അടയാളമായ ദൈവവചനം പുസ്തകതാളല്ല, ജല്പനങ്ങളല്ല പതിന്മടങ്ങ് ശക്തിയുള്ള ഒരു ആത്മീയ ബോംബാണ്. ആലയിൽ ചുട്ടുപഴുപ്പിച്ച ഇരുമ്പു പോലെയാണത്. എടുക്കുന്ന ആളെത്തന്നെ ദഹിപ്പിക്കുന്നതിന് ശക്തിയുണ്ട്. (സങ്കീ 30/3, ജെറ 8/9) സൂര്യനെക്കൂടാതെ ലോകത്തിന് മുന്നോട്ടുപോവുക അസാദ്ധ്യമായിരിക്കുന്നത് പോലെയാണ് മനുഷ്യന് വചനം. വചനം വഴി ദൈവഭക്തനായ മനുഷ്യൻ പൂർണ്ണത കൈവരിക്കുകയും എല്ലാ നല്ല പ്രവൃത്തികളും ചെയ്യുന്നതിന് കഴിവുള്ളവനാകുകയും ചെയ്യുന്നു (2തിമോ: 3/7).

## ദൈവവചനം - സമാധാനത്തിന്റെ സുവിശേഷം

അങ്ങയിൽ ഹൃദയമർപ്പിച്ചിരിക്കുന്നവനെ അങ്ങ് സമാധാനത്തിൻെറ തികവിൽ സംരക്ഷിക്കുന്നു (ഏശ 26/3)

ബൈബിളിലെ ദർശനമനുസരിച്ച് ശാലോം - സമാധാനം എന്നാൽ സന്തോഷവും , സുസ്ഥിരവും നിറഞ്ഞൊരു ജീവിതമാണ്. സമാധാനമെന്നത് തന്നോടുതന്നെ, മറ്റുള്ളവരോട്, ദൈവത്തോട്, പ്രകൃതിയോടുള്ള ഐക്യമാണ്. ദൈവവും മനുഷ്യനും തമ്മിലുള്ള ഹൃദയൈക്യം അല്ലെങ്കിൽ ഒരു സംസർഗ്ഗമാണ് സമാധാനം. എല്ലാ ആദ്ധ്യാത്മീക നന്മക്കുമുപരി നിൽക്കുന്നതാണ് സമാധാനം. അതിനാൽതന്നെ അത് മനുഷ്യവർഗ്ഗത്തിനുതന്നെ നേരെയുള്ള ദൈവത്തിന്റെ കൃപാകടാക്ഷമാണ് (സങ്കീ 37:37, 122: 6). ദൈവവചനമാണ് സമാധാനത്തിന്റെ പ്രാഥമിക ഉറവിടം. ദൈവത്തിന്റെ യേശുക്രിസ്തുവിലൂടെയുള്ള വെളിപ്പെടുത്തലിന്റെ ആധികാരികമായിട്ടുള്ള പ്രകടനമാണ് ദൈവവചനം. ദൈവിക സമാധാനം പ്രഘോഷിക്കുന്ന ദൈവിക സംഗീതം വെളിപ്പെടുത്തപ്പെട്ടത് യേശുവിന്റെ ജനനത്തോടുകൂടെയാണ്. അത്യുന്നതങ്ങളിൽ ദൈവത്തിന് മഹ

ത്വം; ഭൂമിയിൽ ദൈവകൃപ ലഭിച്ചവർക്ക് സമാധാനം (ലൂക്ക 2:14). സമാധാനത്തിന്റെ രാജാവിന്റെ വചനത്തിലൂടെ ലോകത്തിലെ സമാധാനത്തിന്റെ പ്രാർത്ഥന രക്ഷയുടെ പ്രഖ്യാപനമാകുകയാണ്. വചനമായ യേശുവിന്റെ നാമം തന്നെ സമാധാനമാണ്. അതിനാൽ പ്രതീക്ഷയുടെ, സമാധാനത്തിന്റെ ഉറവിടമായ ദൈവവചനത്തിലേയ്ക്ക്, അവനിലേയ്ക്ക് നാം തിരിയണം. കാരണം അവൻ നമ്മുടെ സമാധാനമാണ്. ഇരുകൂട്ടരെയും അവൻ ഒന്നിപ്പിക്കുകയും ശത്രുതയുടെ മതിലുകൾ തകർക്കുകയും ചെയ്യുന്നു (എഫേ:2/14). യേശു വിഭാവനം ചെയ്ത സമാധാനം യേശുവിലൂടെ സംജാതമായ ദൈവരാജ്യം തന്നെയാണ്. വി.പൗലാസിന്റെ വീക്ഷണത്തിൽ ഹൃദയങ്ങളെ ഭരിക്കേണ്ടത് ക്രിസ്തുവിന്റെ സമാധാനമത്രേ. ഈ സമാധാനത്തിലേക്ക് നാം ഏക ശരീരമായി വിളിക്കപ്പെട്ടിരിക്കുന്നു. രക്ഷിക്കപ്പെട്ട ഓരോ വിശ്വാസിയും ഈശോമിശിഹായിലൂടെ സ്നേഹത്തിന്റെയും സമാധാനത്തിന്റെയും ദൈവവുമായി സമാധാനത്തിൽ കഴിയണം. അനന്തമായ സമാധാനം (ഏശ: 9/7) നലകുന്നവനും താൻ സമാധാനം തന്നെയായതുകൊണ്ട് (മിക്ക: 5/5) പുതിയ പറുദീസ തുറക്കുന്നവനുമായ സമാധാനത്തിന്റെ രാജാവിനെ (ഏശ: 9/6. സഖ: 9/10) ഏശയ്യ പ്രവാചകൻ സ്വപ്നം കാണുന്നു. സമാധാനത്തിൽ പോവുക, ഇതേ വചനത്തിലൂടെ രക്തസ്രാവക്കാരി സ്ത്രീയ്ക്ക് പാപമോചനം നലകുകയും ചെയ്യുന്നു (ലൂക്ക 8/48). നമ്മുടെ ഹൃദയങ്ങൾക്ക് ഈശോ നൽകുന്ന സമാധാനത്താൽ ഭൂമിയിലെങ്ങും സമാധാനമുണ്ടാകും (കൊളോ 3/15).

## സമാധാനവും നീതിയും

നീതിയുടെ ഫലം സമാധാനമായിരിക്കും. നീതിയുടെ പരിണതഫലം പ്രശാന്തതയും എന്നേക്കുമുള്ള പ്രത്യാശയുമായിരിക്കും (ഏശയ്യ 32:17)

വി.ഗ്രന്ഥം സമാധാനത്തെയും നീതിയെയും ഒരുമിച്ചാണ് അവതരിപ്പിക്കുന്നത്. സമാധാനം നീതിയുടെ ഫലമാണ്. പൂർണ്ണതയുടെ വേർതിരിക്കാൻ പറ്റാത്ത രണ്ടു ഘടകങ്ങളാണ് അവ. ഈ രണ്ടുതലങ്ങളെക്കുറിച്ചുള്ള വ്യക്തമായ ദർശനം സങ്കീർത്തനത്തിൽ കാണാം. കാരുണ്യതയും വിശ്വസ്തതയും തമ്മിൽ ആശ്ലേഷിക്കും. നീതിയും സമാധാനവും പരസ്പരം ചുംബിക്കും. (സങ്കീ: 85/10). വി. ഗ്രന്ഥത്തിന്റെ വെളിച്ചത്തിൽ സമധാനമെന്നത് വ്യക്തികളിലുള്ള പിരിമുറുക്കമില്ലായ്മയും ശാന്തതും മാത്രമല്ല, പിന്നയോ ദൈവവും മനുഷ്യനുമായിട്ടും, മനുഷ്യനും മനുഷ്യനും തമ്മിലും നിലനിൽക്കേണ്ട നീതി പൂർവ്വമായ ഉടമ്പടി ബന്ധമാണ്. അങ്ങനെ അതിന് വ്യക്തിപരവും, വ്യക്തികൾ തമ്മിൽ തമ്മിലും, സാമൂഹ്യപരവും, ദൈവമനുഷ്യപരവുമായ തലങ്ങളുണ്ട്. ദൈവത്തിന്റെയും മനുഷ്യരുടെയും മുമ്പിലുള്ള നീതിയാണ് സമാധാനത്തിൻെർ അടിത്തറ. കാരണം എല്ലാ ഭിന്നതകളുടെയും അടിസ്ഥാനമായ പാപത്തെ നിർമ്മാർജ്ജനം ചെയ്യുന്നത് ഈ നീതിയാകുന്നു. ഭൂമിയിൽ വിശ്വസ്തത മുളയെടുക്കും, നീതി ആകാശത്തുനിന്ന് ഭൂമിയെ കടാക്ഷിക്കും. കർത്താവ് നന്മ പ്രദാനം ചെയ്യും. നമ്മുടെ ദേശം സമുദ്ധമായി വിളവു നൽകും. നീതി അവിടുത്തെ മുമ്പിൽ നടന്ന് അവിടത്തേയ്ക്കും വഴിയൊരുക്കും (സങ്കീ: 85/9-14) എന്ന സങ്കീർത്തനം ഉരുവിട്ടുകൊണ്ട് സമാധാനത്തിന്റെ ഏക ദാതാവായ ദൈവവചനത്തെ ആശ്ലേഷിച്ചുകൊണ്ട് ക്രിസ്ത്യാനി സമാധാന സംസ്ഥാപന പരിശ്രമത്തിൽ നിലനിൽക്കണം.

## ദൈവവചനം - നീതിയുടെ പൂർണ്ണത

അങ്ങയെ അറിയുന്നതാണ് നീതിയുടെ പൂർണ്ണത (ജ്ഞാനം: 15/2). നീതിയും വിശ്വസ്തതയും ദൈവത്തിന്റെ ഗുണങ്ങളാണ് (സങ്കീ: 85/11-14). വിശ്വാസമുള്ള ഏതൊരാളും അവൻ വഴി നീതികരിക്കപ്പെടുന്നു (റോമ: 10/1-6). ദൈവം തന്റെ ക്ഷമയിൽ പഴയ പാപങ്ങളെ അവഗണിച്ചുകൊണ്ട് തന്റെ നീതി വെളിപ്പെടുത്തുവാനും, അങ്ങനെ താൻ നീതിമാനാണെന്നും ഈശോയിൽ വിശ്വസിക്കുന്നവനെ നീതികരിക്കുന്നവനാണെന്നും തെളിയിക്കുന്നു (റോമ: 3/22-25). ദൈവവചനമാകുന്ന ക്രിസ്തു വഴി മനുഷ്യനു പുതിയ നീതി ലഭിക്കുനു. പഴയ നിയമത്തിൽ വചനം അനുസരിച്ച് ജീവിച്ച നോഹയെ ദൈവം നീതിമാനായി കണ്ടു. ദൈവം നൽകുന്ന രാജ്യം സ്വന്തമാക്കാൻ നീതിയോടെ വർത്തിച്ച നോഹയെ ജലപ്രളയത്തിൽനിന്നു രക്ഷിക്കുന്നു. നീതി ദൈവദാനമാണ്. അത് ലഭിക്കുന്നത് കർത്താവിൽ നിന്നാണ്. (സുഭാ: 29/26, ബാറൂ 1/15). ദൈവത്തിന്റെ മഹത്വത്തിനും സ്തുതിയ്ക്കും വേണ്ടി വചനമാകുന്ന ക്രിസ്തുവിലൂടെ ലഭിക്കുന്ന നീതിയുടെ ഫലങ്ങൾകൊണ്ട് ക്രൈസ്തവൻ നിറയണം. നല്ല വൃക്ഷം നല്ല ഫലവും ചീത്ത വൃക്ഷം ചീത്ത ഫലവും നൽകുന്നു. അനീതി പ്രവർത്തിക്കുന്നവൻ വിഛേദിക്കപ്പെുന്നു. നീതിക്കുവേണ്ടി വിശക്കുകയും ദാഹിക്കുകയും ചെയ്യുന്നവർ ഭാഗ്യവാൻ, അവർക്കു സംതൃപ്തി ലഭിക്കും. (മത്താ: 5/6) ക്രൈസ്തവന്റെ നീതി ഉത്തമമായ ജീവിതമത്രേ. അത് ഈശോയുടെ മരണത്തിലും പുനരുത്ഥാനത്തിലുമുള്ള പങ്കാളിത്തമാണ്. അതുവഴി അവൻ വിരൂപിയിൽ ഒരു പുതിയ ജീവിതം ആരംഭിക്കുന്നു. ക്രിസ്തുവിന്റെ അരൂപിയാണ് ഈ പുതിയ ജീവിതത്തിന്റെ ആത്മാവ് വചനമാകുന്ന ക്രിസ്തു അവനിലും അവൻ ക്രസ്തുവിലും ജീവിച്ചുകൊണ്ടാണ് ഇത് സാധിക്കുക. ഈ നീതി നിയമത്തിന്റെ അനുഷ്ഠാനം വഴി നേടാൻ കഴിയുന്ന ഒന്നല്ല. വചനത്തിൽ നിന്നൊഴുകുന്ന കൃപയാണ്. ഈ കൃപയിൽ കുളിക്കുന്നവന് ഒരിക്കലും ഇളക്കം തട്ടുകയില്ല. അവന്റെ സ്മരണ എന്നേയ്ക്കും നിലനിൽക്കും. ദുർവാർത്തകളെ അവൻ ഭയപ്പെടില്ല. അഭിമാനത്തോടെ ശിരസ്സുയർത്തി നിൽക്കും. (സങ്കീ: 112/1-10). പരിശുദ്ധനായ ദൈവം നീതിനിഷ്ഠയിലൂടെ തന്റെ പരിശുദ്ധി വെളിപ്പെടുത്തുന്നു. ദൈവത്തിൻെറ 10 കല്പനകളെ സംബന്ധിക്കുന്നവയാണ് നീതി. ദൈവത്തോടും മനുഷ്യ സമൂഹത്തോടും തന്നോടുതന്നെയും ഉള്ള ചുമതലകൾ നിറവേറ്റാൻ നീതി ആവശ്യപ്പെടുന്നു. നീതിയുടെ പരിണതഫലം പ്രശാന്തതയും എന്നേക്കുമുള്ള പ്രത്യാശയും ആയിരിക്കും. ഹൃദയ പരമാർത്ഥത ഇല്ലാത്തവൻ പരാജയപ്പെടും. എന്നാൽ നീതിമാൻ തന്റെ വിശ്വസ്തതമൂലം ജീവിക്കും (ഹബക്കുക് 2/4).

## ദൈവവചനം - ദൈവരാജ്യ നിർമ്മിതിക്ക്

ദൈവരാജ്യമെന്നാൽ ഭക്ഷണവും പാനീയവുമല്ല. പ്രത്യുത നീതിയും സമാധാനവും പരിശുദ്ധാത്മാവിലുള്ള സന്തോഷവുമാണ് (റോമ 14/17)

ദൈവവചന പ്രഘോഷണത്തിന്റെ കാതൽ ദൈവരാജ്യമാണ് (മർക്കോസ് 1:14/15). ദൈവരാജ്യമുള്ളിടത്ത് നീതിയും സമധാനവുമുണ്ട്. ദൈവവചനത്തിന്റെ ലക്ഷ്യം ദൈവത്തിന്റെ രാജ്യം രൂപീകരിക്കുക എന്നതാണ്. പഴയ നിയമത്തിൽ ദൈവവചനത്തിന്റെ കേന്ദ്രമായി നിൽക്കുന്നതാണ് തോറ. തോറയുടെ ഹൃദയമാണ് സീനായിലെ കല്പനകൾ. തോറയുടെ പത്തു കല്പനകളുടെയും ലക്ഷ്യം നീതിയും സമാധാനവും നി

